## ധനാഭ്യർത്ഥന XLVI ന്റെ പേര് മാറ്റം

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ധനകാര്യം എന്ന ഇനത്തിൽ ചർച്ചയ്ക്കെടുക്കുന്നത് ഗവൺമെന്റിന്റെ മുമ്പിലില്ലാത്ത ഒരു വകുപ്പിനെക്കുറിച്ചാണ്. സാമൂഹിക സുരക്ഷിതത്വവും ക്ഷേമവും എന്നുപറയുന്ന ഒരു വകുപ്പ് ഇപ്പോൾ കേരള സർക്കാരിന്റെ മുമ്പിലില്ല. ഞാൻ മനസ്സിലാക്കിയത്, സാമൂഹിക സുരക്ഷിതത്വവും നീതിയും വകുപ്പ് എന്നാണ് ഇപ്പോൾ ആ വകുപ്പിന്റെ പേര് എന്നാണ്. അങ്ങനെയില്ലാത്ത ഒരു വകുപ്പിനെക്കുറിച്ച് ഒരു ചർച്ച നടക്കുന്നത് ശരിയായ രീതിയല്ല. ഈ ചർച്ച മാറ്റിവച്ച് വകുപ്പിന്റെ പേര് തിരുത്തി മറ്റൊരു തരത്തിൽ കൊണ്ടുവരേണ്ടതാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട എ. കെ. ശശീന്ദ്രൻ പറഞ്ഞത് ഒരു തരത്തിൽ ശരിയാണ്. സാമൂഹിക സുരക്ഷിതത്വവും ക്ഷേമവും എന്ന പേര് സാമൂഹിക നീതി വകുപ്പ് എന്ന് മാറ്റിയിട്ടുണ്ട്. അങ്ങനെ മാറ്റിയെങ്കിലും നമ്മുടെ ബഡ്ജറ്റ് ഡോക്യുമെന്റിൽ പഴയ പേര് തന്നെയാണ് കൊടുത്തിരിക്കുന്നത്. അത് മാറ്റാത്തതുകൊണ്ടാണ് അജണ്ടയിൽ ഇങ്ങനെ അച്ചടിച്ചു വന്നത്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അങ്ങനെയാണെങ്കിൽ അത് തിരുത്തേണ്ടതല്ലേ?

മി. സ്പീക്കർ: അത് തിരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. പക്ഷെ ബഡ്ജറ്റിൽ കിടക്കുന്നത് അങ്ങനെയാണ്. അതുകൊണ്ടാണ് അത് പ്രിന്റ് ചെയ്തുവന്നത്. ഇത് നമ്മുടെ ഓഫീസിൽ പറ്റിയ തെറ്റല്ല. ബഡ്ജറ്റിൽ വന്നിരിക്കുന്നത് നമ്മൾ പ്രിന്റ് ചെയ്തിരിക്കുന്ന രീതിയിൽത്തന്നെയാണ്. ബഡ്ജറ്റിൽ മാറ്റം വരുത്തേണ്ടതായിരുന്നു. അതിൽ മാറ്റം വരുത്താതെ ഈ രീതിയിൽ കിടക്കുന്നതുകൊണ്ടാണ് ഇത്തരത്തിൽ പ്രിന്റ് ചെയ്തത്. പേര് മാറ്റേണ്ടതായിരുന്നു.

## ധനകാര്യം

## 2015-2016 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2015-2016 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ

അവതരിപ്പിക്കുന്നു.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, പഞ്ചായത്തുകൾ എന്ന XXXV- ാം നമ്പർ ധനാഭ്യർത്ഥനയുടെയും സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്ക് നേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2015-2016 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ബഡ്ജറ്റ് എസ്റ്റിമേറ്റ് 2015-16 | | | | | | |
|---|---|---|---|---|---|---|
| ധനാ ഭ്യർത്ഥ ന നമ്പർ | ധനാഭ്യർത്ഥ ന യുടെ പേര് | 23-03-2015-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | ആകെ (രൂപ) |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | |
| (1) | (2) | (3) | (4) | (5) | (6) | (7) |
| XXXII | ക്ഷീരവികസനം | 63,12,87,000 | .. | 126,25,73,000 | .. | 126,25,73,000 |
| XXXVI | ഗ്രാമവികസനം | 818,68,15,000 | 16,67,000 | 1637,36,31,000 | 33,33,000 | 1637,69,64,000 |
| XXX | പഞ്ചായത്ത് | 183,88,8 | 112,15,6 | 367,77,6 | 224,31,3 | 592,08,95 |

| | | | | | | |
|---|---|---|---|---|---|---|
| V | | 0,000 | 7,000 | 2,000 | 3,000 | ,000 |
| XLVI | സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും | 1211,91,07,000 | 28,83,44,000 | 2423,82,15,000 | 57,66,86,000 | 2481,49,01,000 |

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്കുവേണ്ടി കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയേയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയേയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയേയും സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റികളുടെ ശിപാർശകളിന്മേൽ ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

## ഖണ്ഡനോപക്ഷേപങ്ങൾ

ധനാഭ്യർത്ഥന നമ്പർ XXXII - ക്ഷീരവികസനം

ധനാഭ്യർത്ഥന നമ്പർ XXXVI - ഗ്രാമവികസനം

ധനാഭ്യർത്ഥന നമ്പർ XXXV - പഞ്ചായത്ത്

ധനാഭ്യർത്ഥന നമ്പർ XLVI - സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും

(ഖണ്ഡനോപക്ഷേപത്തിന് നോട്ടീസ് നൽകിയ ശ്രീ. കെ. ബി. ഗണേഷ് കുമാർ സീറ്റിലില്ലാതിരുന്നതിനാൽ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല).

ശ്രീമതി പി. അയിഷാ പോറ്റി: സർ, കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സ്വയംഭരണ സംവിധാനങ്ങളാക്കി മാറ്റുന്നതിൽ ചരിത്രപരമായിട്ടുള്ള പങ്കുവഹിച്ചിട്ടുള്ളത് ഇടതുപക്ഷ സർക്കാരുകളാണ്. അധികാരത്തിൽ വന്ന എല്ലാ ഘട്ടങ്ങളിലും അധികാരവികേന്ദ്രീകരണത്തെ അട്ടിമറിക്കുന്ന നിലപാടുകളാണ് യു.ഡി.എഫ് സർക്കാർ ഏതുകാലത്തും സ്വീകരിച്ചിട്ടുള്ളത്. 1996-ൽ നായനാർ സർക്കാർ അധികാരവികേന്ദ്രീകരണം യാഥാർത്ഥ്യമാക്കുന്നതിന് ആരംഭിച്ച ജനകീയാസൂത്രണ പ്രസ്ഥാനം വഴി കൈവരിച്ച നേട്ടങ്ങളും അധികാര വികേന്ദ്രീകരണത്തിന് അനുകൂലമായി താഴെത്തട്ടിൽ വളർത്തിയെടുത്ത പൊതുജനാഭിപ്രായവും ജനകീയ ഐക്യവും വമ്പിച്ച മാറ്റങ്ങൾ നമ്മുടെ സമൂഹത്തിലുണ്ടാക്കി എന്നുള്ളത് നമുക്ക് കാണാൻ കഴിയും. എന്നാൽ എന്നും യു.ഡി.എഫ് സർക്കാർ വികേന്ദ്രീകൃതാസൂത്രണത്തിലൂടെ ഒരു ചിറ്റമ്മ നയമാണ് സ്വീകരിച്ചിട്ടുള്ളത്. ജനകീയാംശം ചോർത്തിക്കളഞ്ഞ് ഉദ്യോഗസ്ഥ കേന്ദ്രീകരണത്തിന് കളമൊരുക്കുന്ന

നടപടിയാണ് എന്നും സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അധികാരവികേന്ദ്രീകരണം വ്യവസ്ഥാപിതമാക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച വിവിധ പദ്ധതികൾ അട്ടിമറിക്കുകയും ജനപങ്കാളിത്തം ദുർബലപ്പെടുത്തുകയും അഴിമതി വ്യാപകമാക്കുകയും ചെയ്യുന്നതിനുമാത്രമെ ഇത് സഹായിക്കുകയുള്ളൂ. ഇത് മറികടക്കുന്നതിനുള്ള അശ്രാന്തപരിശ്രമമാണ് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ നടത്തിയത്. എന്നാൽ വീണ്ടും യു.ഡി.എഫ് -ന്റെ നേതൃത്വത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ അവരുടെ നയം ഉടൻതന്നെ വ്യക്തമാക്കി. അതാണ് ഇന്നുരാവിലെ ബഹുമാനപ്പെട്ട മുൻമന്ത്രി ഡോ. ടി. എം. തോമസ് ഐസക് ഇവിടെ അടിയന്തരപ്രമേയം അവതരിപ്പിച്ചുകൊണ്ട് സംസാരിച്ചത്. അധികാര വികേന്ദ്രീ കരണത്തിനായി ഈ സർക്കാർ തദ്ദേശസ്വയംഭരണ ഭാഗങ്ങളെ മൂന്നായി വെട്ടിമുറിച്ചു. എന്തിനാണ് അങ്ങനെ ചെയ്തത്? കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഒരു മന്ത്രിയുടെ കീഴിൽ ഒറ്റ വകുപ്പായി നഗരവികസനവും തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഒരു ഉദ്യോഗസ്ഥ സംവിധാനത്തിൽക്കൂടെ കൊണ്ടുപോയ സ്ഥാനത്ത് ഇത് മൂന്നാക്കി വിഭജിച്ച് മൂന്നുമന്ത്രിമാരുടെ പേരിലാക്കി, മൂന്നുവകുപ്പുകളാക്കി എന്നിട്ട് ഒരു ഏകോപനസമിതിയെ ഉണ്ടാക്കേണ്ട വല്ല ആവശ്യമുണ്ടോ? ഇത് യഥാർത്ഥത്തിൽ വികേന്ദ്രീകൃതാസൂത്രണത്തിന്റെ അംശത്തെയെല്ലാം നശിപ്പിക്കുന്ന നടപടിയാണ്

സ്വീകരിച്ചിട്ടുള്ളത്. ഇവിടെ നിരവധി തവണ ഇത് ചർച്ച ചെയ്തിട്ടുള്ളതാണ്. ഏകോപന സമിതി എന്നുപറയുന്ന ഒരു സംഗതി യഥാർത്ഥത്തിൽ ഇവിടെയുണ്ടോ? ഒരു അടിയന്തരപ്രമേയത്തിന് സാധാരണ ഒരു വകുപ്പുമന്ത്രിയാണ് മറുപടി പറയുന്നത്. എന്നാൽ ഇന്നിവിടെ മൂന്നു വകുപ്പുമന്ത്രിമാർ മറുപടി പറഞ്ഞത് നമ്മൾ കേട്ടു. അതുപോലെ മൂന്നു മന്ത്രിമാരുടെ പ്രവർത്തനം ഏകോപിപ്പിക്കാൻ ഒരു ഏകോപന സമിതിയുണ്ടാക്കി. ഇതൊക്കെ ഒറ്റ വകുപ്പിന്റെ കീഴിലാക്കിയാൽ ഈ പ്രശ്നമൊന്നും ഉണ്ടാകില്ലല്ലോ. അത് ഈ സർക്കാർ ചെയ്തിട്ടില്ല. മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള ഏകോപന സമിതി ഒന്നോ രണ്ടോ പ്രാവശ്യമാണ് യോഗം ചേർന്നത്. അതിന്റെ കാലാവധി തീരാൻ പോവുകയാണ്. അതാണ് ഏകോപനം. എന്നാൽപ്പിന്നെ ഏകോപനത്തിന്റെ ആവശ്യമില്ലല്ലോ. അതുപോലെ തന്നെ തുടർച്ചയായ വികേന്ദ്രീകരണം അവിടംകൊണ്ടും നിന്നിട്ടില്ല. രാഷ്ട്രീയ ലാഭത്തിനും തെരഞ്ഞെടുപ്പിൽ മേൽക്കൈ ഉണ്ടാക്കുന്നതിനും വേണ്ടിയിട്ടല്ലേ ഇപ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഇഷ്ടാനുസരണം പലതരത്തിൽ വെട്ടിമുറിച്ചത്. അതാണ് രാവിലത്തെ അടിയന്തരപ്രമേയം. ഒരു ഉദാഹരണം പറയാം. എത്രയോ കാലമായിട്ടുള്ള ആഗ്രഹമാണ് എന്റെ മണ്ഡലത്തിലെ പുത്തൂർ പഞ്ചായത്തിൽ ടൗൺ പഞ്ചായത്ത് രൂപീകരിക്കണമെന്നുള്ളത്. എന്റെ മണ്ഡലത്തിലെ കുളക്കട,

നെടുവത്തൂർ പഞ്ചായത്തുകളിൽനിന്നുള്ള ആറ് വാർഡുകളും കുന്നത്തൂർ മണ്ഡലത്തിൽനിന്നുള്ള ഏഴ് വാർഡുകളുംകൂടി ചേർത്ത് ഒരു പഞ്ചായത്തുണ്ടാക്കി. പഞ്ചായത്ത് ആസ്ഥാനത്തേയ്ക്ക് വരണമെങ്കിൽ അങ്ങേയറ്റത്തെ ഉപ്പൂട് എന്ന സ്ഥലംമുതൽ നീളത്തിലുള്ള ഏരിയയാക്കിയാണ് ടൗൺ പഞ്ചായത്ത് രൂപീകരിച്ചിരിക്കുന്നത്. എന്തിനാണ് ഇങ്ങനെയൊരു ടൗൺ പഞ്ചായത്ത് രൂപീകരിച്ചത് ? ഇത് രാഷ്ട്രീയക്കാരുടെ താല്പര്യം സംരക്ഷിക്കാനും ഭരിക്കുന്ന വകുപ്പുകൾക്ക് അനുകൂലമായി നിൽക്കുന്ന രാഷ്ട്രീയക്കാരെ സഹായിക്കാനും വേണ്ടി കാണിച്ചിട്ടുള്ള നടപടിയാണ്. നിരവധി തവണ ഞാൻ ബഹുമാന്യനായ മുഖ്യമന്ത്രിയോടും അതിന്റെ വകുപ്പുമന്ത്രിമാരോടുമൊക്കെ സംസാരിച്ചിട്ടുള്ള വിഷയമാണിത്. പക്ഷെ ഒരു പരിഹാരവുമുണ്ടായില്ല. പുത്തൂർ ടൗണിൽ സ്ഥലവും കെട്ടിടവും കൊടുക്കാനുണ്ടായിട്ട് അത് കൊടുക്കാതെ ഒരു റൂറൽ ഏരിയായിൽ അതിന്റെ ആസ്ഥാനം മാറ്റി സ്ഥാപിച്ചത് ആരാണെന്ന് ഇവിടെ പരസ്യമായി പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. രാഷ്ട്രീയ ഇടപെടൽകൊണ്ടുമാത്രമാണ് ഇങ്ങനെ യുണ്ടായിട്ടുള്ളത്. ജനങ്ങളുടെ പ്രശ്നമല്ല ഇവിടെ നോക്കിയത്. എൽ.ഡി.എഫ്./ യു.ഡി.എഫ് ഭേദമന്യേ അവിടെ മുഴുവൻ ആൾക്കാരും അതിന്റെ ആസ്ഥാനം പുത്തൂർ ടൗണിലുള്ള നെടുവത്തൂർ പഞ്ചായത്തിന്റെ കെട്ടിടത്തിലാക്കണമെന്ന് പറഞ്ഞിട്ട്

ഒരുവിലയും കല്പിക്കാതെ ചില ശിപാർശകൾ മാത്രം പരിഗണിച്ചുകൊണ്ട് ജനങ്ങളെ മറന്ന് ചെയ്തിട്ടുള്ള ഒരു പ്രവൃത്തിയാണത്. ബ്ലോക്ക് പഞ്ചായത്തുകളുടെ കാര്യങ്ങളൊക്കെ രാവിലെ പറഞ്ഞുകഴിഞ്ഞു. രാഷ്ട്രീയ ലാഭത്തിനുവേണ്ടി ഇത്തരത്തിലുള്ള കാര്യങ്ങൾ ചെയ്യാൻ പാടില്ല. ഇതൊരു ജനകീയ മാനദണ്ഡം പരിഗണിച്ചിട്ടില്ലായെന്നതാണ് യാഥാർത്ഥ്യം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ച് പറയുകയാണെങ്കിൽ കഴിഞ്ഞ സാമ്പത്തിക വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ് പരിശോധിച്ചാൽ ഇത് വ്യക്തമായിട്ടറിയാൻ കഴിയും. ഒരു ചെലവും നടത്താൻ കഴിഞ്ഞിട്ടില്ല. 65% മാത്രമാണ് പദ്ധതിചെലവ് വന്നിട്ടുള്ളത്. 5900 കോടി രൂപ അനുവദിച്ചതിൽ 3900 കോടി രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. ബാക്കി 2000 കോടി രൂപ ചെലവഴിക്കാൻ ഈ വർഷം സമയംകൊടുക്കുമെന്നാണ് പറഞ്ഞിരിക്കുന്നത്. അടുത്തമാസം പെരുമാറ്റച്ചട്ടം വരികയാണ്. ഒരു പൈസയും കൊടുക്കില്ല. എപ്പോഴാണ് ഇത് ചെലവഴിക്കാൻ കഴിയുന്നത് ? കഴിഞ്ഞതവണ ചെലവഴിക്കാനുള്ള പണം മുഴുവൻ ഗഡുക്കളായി മാർച്ച് മാസത്തിനകം കൊടുക്കാതിരുന്നിട്ട് അവസാനത്തെ മൂന്നുഗഡു ഒറ്റയടിക്ക് മാർച്ച് മാസത്തിൽ കൊടുത്തിട്ട് ധനകാര്യവകുപ്പ് അതൊന്നും ചെലഴിക്കാൻ കഴിയാത്തതരത്തിലുള്ള നിർദ്ദേശങ്ങൾ കൊടുത്തു. ട്രഷറിയിൽ

നിന്ന് പണം പിൻവലിക്കാൻ കഴിയാതെ, സാധാരണ രീതിയിൽ ഒരു നടപടിയും ചെയ്യാൻ കഴിയാതെ, സർക്കാരിന്റെ ട്രഷറി നിയന്ത്രണം ആരുമറിയാതെ അദൃശ്യമായി പഞ്ചായത്തുകളുടെ കഴുത്ത് ഞെരിച്ചുകൊണ്ടാണ് ആ പണം ചെലവഴിക്കാൻ സമ്മതിക്കാതെവന്നത്. അത് എല്ലാ പത്രങ്ങളും ഇവിടെ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. പത്തു തുല്യഗഡുക്കളായി ജനുവരി മാസത്തോടെ മുഴുവൻ തുകയും കൊടുക്കേണ്ടതാണ്. അതൊന്നും ചെയ്തിട്ടില്ല. അതുപോലെ പണം ഖജനാവിൽനിന്നും മാറാൻ ധനകാര്യവകുപ്പിന്റെ പ്രത്യേക ക്ലിയറൻസ് വേണമെന്ന് ട്രഷറി ഡയറക്ടറുടെ ഉത്തരവും വന്നു. മറ്റൊരുത്തരവ് ഉണ്ടാകുംവരെ പണം മാറിനൽകേണ്ടായെന്നാണ് ജില്ലാ ട്രഷറി ഓഫീസർമാർക്ക് കൊടുത്ത നിർദ്ദേശം. പിന്നെയെങ്ങനെയാണ് പണം ചെലവഴിക്കുന്നതും പദ്ധതികൾ നടപ്പാക്കുന്നതും. ഇതല്ലേ ഈ സർക്കാരിന് പഞ്ചായത്തുകളോടുള്ള സമീപനം. പണമില്ലാതെ നട്ടംതിരിഞ്ഞ സർക്കാരിനെ രക്ഷിക്കാനും ട്രഷറി സ്തംഭിപ്പിക്കാതിരിക്കാനും ജനങ്ങളുടെ മുമ്പിൽ എല്ലാം ഭദ്രമാണെന്ന് കാണിക്കാനുംവേണ്ടി തദ്ദേശസ്വയം ഭരണവകുപ്പിനെ ബലിയാടാക്കിക്കൊണ്ട് കാണിച്ച പ്രവർത്തിയാണത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പണം ലഭ്യമാക്കുന്നതിനെക്കുറിച്ചാണ് ഇപ്പോൾ പറഞ്ഞത്. എന്നാൽ പണം ചെലവഴിക്കുന്നതിലും ഗുരുതരമായ വീഴ്ച

വന്നിട്ടുണ്ട്. സംസ്ഥാനത്ത് എത്ര പഞ്ചായത്തുകളിലാണ് സെക്രട്ടറിയില്ലാതിരിക്കുന്നത്. അത് പരിശോധിക്കണ്ടേ? ഇരുന്നൂറിൽപ്പരം സെക്രട്ടറിമാരുടെ ഒഴിവുകളുണ്ട്. 11.04.2015-ലെ മാതൃഭൂമി പത്രത്തിൽ ഇത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മറ്റെല്ലാ പത്രങ്ങളിലും ഈ വാർത്ത വന്നിട്ടുണ്ട്. അതെന്തുകൊണ്ട് പരിഹരിക്കുന്നില്ല? ചില ആവശ്യമില്ലാത്ത നിയമക്കുരുക്കുകൾ ഉണ്ടാക്കിയിട്ടാണ് ഈ ഒഴിവുകൾ നികത്താതിരിക്കുന്നത്. പദ്ധതി നിർവ്വഹണത്തിനും നികുതി പിരിവിനും തദ്ദേശസ്ഥാപനങ്ങൾ ഗുരുതരവീഴ്ച വരുത്തിയിട്ടുണ്ട്. നികുതി നിർണ്ണയത്തിനു വേണ്ടിയുള്ള ആധുനിക സംവിധാനങ്ങളൊന്നും പഞ്ചായത്തിലില്ല. അതുപോലെ 50 കോടിയിലധികം രൂപയാണ് കെട്ടിടനികുതിയുടെ കുടിശ്ശിക. കഴിഞ്ഞതവണ അശാസ്ത്രീയമായി കെട്ടിടനികുതി വർദ്ധിപ്പിച്ചു. ബഡ്ജറ്റിനെ അധികരിച്ചുകൊണ്ട് മന്ത്രിസഭായോഗം കൂടി ഓർഡിനൻസിറക്കിക്കൊണ്ടാണ് കെട്ടിട നികുതി വർദ്ധിപ്പിച്ചത്. പിന്നീട് എതിർപ്പിനെത്തുടർന്ന് അത് പിൻവലിച്ചു. പക്ഷെ വർദ്ധിപ്പിച്ച നികുതി ഭൂരിപക്ഷം പഞ്ചായത്തും പിരിച്ചശേഷമാണ് വർദ്ധനവ് പിൻവലിച്ചത്. അപ്പോൾ അടച്ച രൂപയ്ക്ക് ഇനി എന്തുചെയ്യും. ചെറിയ തുക അടച്ചുകൊണ്ടിരുന്ന പാവപ്പെട്ട ആളുകൾക്ക് എത്രയോ ഇരട്ടി തുക അടയ്ക്കേണ്ടി വന്നു. ഈ സർക്കാർ ഇതുവല്ലതും പരിശോധിക്കുന്നുണ്ടോ? കുടിശ്ശിക പിരിച്ചെടുക്കാൻ

ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. പദ്ധതി നടത്തിപ്പിലെ ക്രമക്കേടുകൾ തടയുന്നതിനും ഈ സർക്കാർ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. പൊതുമരാമത്ത് വകുപ്പിലെ കരാറുകാർക്ക് മാത്രമല്ല കുടിശ്ശിക കൊടുക്കാനുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക 125 കോടി രൂപയാണ്. ഇത് ഈ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; കുടിശ്ശിക തീർക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാനും ഒരു വകുപ്പിൽകൊണ്ടുവരാനുമുള്ള പ്രവർത്തനങ്ങൾ ഒരിക്കലും ഈ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകില്ല . അതിന്റെ ദുരിതഫലങ്ങളാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. ഇപ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൊക്കെ സ്ത്രീകൾ ധാരാളമുണ്ടല്ലോ. അതുകൂടി ഇക്കൂട്ടത്തിൽ പറയാം. കഴിഞ്ഞപ്രാവശ്യം ഈ ഗവൺമെന്റാണ് അധികാരത്തിലിരുന്നതെങ്കിൽ ഒരു കാരണവശാലും സ്ത്രീകൾക്ക് 50 ശതമാനം സംവരണമുണ്ടാകില്ലായിരുന്നു. സ്ത്രീകളുമായി ബന്ധപ്പെട്ട വിഷയമാണിത്. ഇന്നുരാവിലെ ശ്രീമതി കെ. എസ്. സലീഖ സ്ത്രീകൾക്കെതിരായിട്ടുള്ള അതിക്രമങ്ങളെക്കുറിച്ച് ഒരു സബ്മിഷൻ ഇവിടെ അവതരിപ്പിച്ചു. സ്ത്രീകൾക്കെതിരായിട്ടുള്ള പ്രവർത്തനങ്ങളെ എന്നും പ്രോത്സാഹിപ്പിക്കുന്നവരാണ് യു.ഡി.എഫ് ഗവൺമെന്റ്. കഴിഞ്ഞ സർക്കാരായതുകൊണ്ടാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ

പ്രസിഡന്റ്, വൈസ് പ്രസിഡന്റ് തുടങ്ങിയിട്ടുള്ള എല്ലാ സ്ഥാനത്തും സ്ത്രീകൾക്ക് 50 ശതമാനം സംവരണം കൊടുത്തിട്ടുള്ളത്. പക്ഷെ ഈ സർക്കാർ അതിന് എതിരായിരുന്നു. ഈ നിയമസഭയിൽ തന്നെ നടന്നിട്ടുള്ള കാര്യങ്ങൾ നമുക്കറിയാം. അതിലേക്കൊന്നും ഞാൻ ദീർഘിപ്പിക്കു ന്നില്ല. ചിറ്റമ്മ നയമാണ് കാണിച്ചിട്ടുള്ളത്. സ്ത്രീകളെ കൈകാര്യം ചെയ്യുന്നതിന് ഇവിടെ ആർക്കെങ്കിലും അധികാരം കൊടുത്തിട്ടുണ്ടോ? ഞങ്ങൾ വിചാരിച്ചത് സമരം ചെയ്താൽ ഞങ്ങളെ വനിതാ വാച്ച് ആന്റ് വാർഡ് പിടിച്ചുമാറ്റുമെന്നാണ്. അതിന് വിരുദ്ധമായി ലോകത്തിനുമുന്നിൽ നിയമസഭയെ നാണംകെടുത്തുന്ന തരത്തിലുള്ള നടപടികളല്ലേ ബഹുമാനപ്പെട്ട സ്പീക്കറും മന്ത്രിമാരും ചെയ്തിട്ടുള്ളത്. ഇത് ആർക്കെങ്കിലും യോജിച്ചതാണോ നിയമസഭയുടെ പവിത്രത നിലനിർത്താനുള്ള ബാധ്യത ആർക്കാണുള്ളത്. ഒരു സമരം പ്രഖ്യാപിച്ചാൽ ആ സമരത്തെ നേരിടാൻ എന്തെല്ലാം നിയമാനുസൃത മാർഗ്ഗങ്ങളുണ്ട്. നിങ്ങൾക്ക് അത് അവതരിപ്പിച്ചേ മതിയാകൂ എങ്കിൽ അറുന്നൂറോളം പോലീസ് ഇവിടെ വന്നില്ലേ, അവരെ ഉപയോഗിച്ച് സമരക്കാരെ അറസ്റ്റ് ചെയ്തുമാറ്റിയിട്ട് അവതരിപ്പിക്കണമായിരുന്നു. അല്ലാതെ പ്രകോപനം ഉണ്ടാക്കിക്കൊണ്ട് നാണക്കേടാക്കിയെന്നും ഇടതുപക്ഷം മോശമാക്കിയെന്നും പറഞ്ഞാൽ ഈ നാട്ടിലെ ജനങ്ങൾ അത് വിലയിരുത്തും. അത്രയേ അതിനെ

സംബന്ധിച്ച് ഞാൻ പറയുന്നുള്ളൂ.

മറ്റൊരുകാര്യം പറയുവാനുള്ളത് കുടുംബശ്രീയെ സംബന്ധിച്ചാണ്. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങൾക്കു മാത്രമല്ല പല അവികസിത രാജ്യങ്ങൾക്കും മാതൃകയായിത്തീർന്ന പ്രസ്ഥാനമാണ് കുടുംബശ്രീ. അതിനെ പ്രോത്സാഹിപ്പിച്ച് കൊണ്ടുവന്നത് നായനാർ സർക്കാരിന്റെ കാലത്താണ്. അന്ന് സംഘങ്ങളായി രൂപീകരിച്ചശേഷമാണ് അതിനെ കുടുംബശ്രീ യാക്കിയത്. സ്ത്രീശക്തി രൂപീകരിച്ചുകൊണ്ട് അതിനെ പേരു മാറ്റിയാണ് കുടുംബശ്രീയാക്കി മാറ്റിയത്. സ്ത്രീ ശാക്തീകരണത്തിന്റെ അത്ഭുത മാതൃകയാണ് കുടുംബശ്രീ. കുടുംബശ്രീ സ്ഥാപനങ്ങളുടെ അതിർവരമ്പ് സ്വപ്നങ്ങളുടെ അതിർവരമ്പായ ആകാശം മാത്രമാണെന്ന് ബഹുമാനപ്പെട്ട പഞ്ചായത്തു വകുപ്പുമന്ത്രി എഴുതിയ ലേഖനത്തിൽ വായിക്കുകയുണ്ടായി. എന്നാൽ സ്വപ്നങ്ങളുടെ ആകാശത്തേയ്ക്ക് സഞ്ചരിക്കാനുള്ള കുടുംബശ്രീയുടെ ചിറകുകൾ അരിയുകയാണ് യു.ഡി.എഫ് സർക്കാർ ചെയ്തിട്ടുള്ളതെന്ന് മനസ്സിലാക്കണം. കുടുംബശ്രീയോടൊപ്പം എന്തിനാണ് കോൺഗ്രസിന്റെ നേതൃത്വത്തിൽ ജനശ്രീ രൂപീകരിച്ചിട്ടുള്ളത്. ജനശ്രീയുടെ പേരിലുള്ള തട്ടിപ്പിന്റെ വാർത്തകൾ പത്രങ്ങളിൽ വരുന്നു. കോൺഗ്രസിന്റെ മണ്ഡലം കമ്മിറ്റി പ്രസിഡന്റിനെതിരെ, കോൺഗ്രസ് ഓഫീസ്‌വഴി പണമടയ്ക്കണം. കൃത്യമായി

ജനശ്രീ മിഷൻ വഴി കൊടുത്ത തുകയടച്ചു. പക്ഷെ കോൺഗ്രസുകാർ അത് വാങ്ങിക്കൊണ്ടുപോയി. അവസാനം ജപ്തി നടപടി വന്നത് പാവപ്പെട്ടവരുടെ പേരിൽ. ക്യാൻസർ രോഗിയായ സ്ത്രീ ആത്മഹത്യ ചെയ്യുമെന്ന് പറഞ്ഞ വാർത്തവരെ പത്രങ്ങളിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതാണ് സ്ത്രീകളെ ശാക്തീകരിക്കാൻ കുടുംബശ്രീ വഴി ഈ സർക്കാർ ചെയ്തുകൊണ്ടിരിക്കുന്നത്. ഇതിനെയെല്ലാം അട്ടിമറിച്ച് രാഷ്ട്രീയ ലാഭമുണ്ടാക്കി എല്ലാത്തിനെയും രാഷ്ട്രീയവത്ക്കരിക്കുകയാണ്. കുടുംബശ്രീ സംവിധാനത്തിൽ ഒരു രാഷ്ട്രീയവുമില്ലല്ലോ, എത്ര മാതൃകാപരമായാണ് അത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. നല്ല സംരംഭങ്ങളാണ് നമ്മുടെ നാട്ടിലുണ്ടാ കേണ്ടത്. ഇത്തരം കാര്യങ്ങളിൽ ജാഗ്രത പുലർത്തണം. വർത്തമാനത്തിൽ മാത്രമല്ല പ്രവൃത്തിയിലുംകൂടി അത് കാണിക്കേണ്ടതായിട്ടുണ്ട്. പുതിയ സമാന്തര സ്വയംസഹായ സംഘങ്ങൾ രൂപീകരിച്ചുകൊണ്ട് ഇത്തരം സംരംഭങ്ങളെ അടിച്ചമർത്തുന്ന നടപടി മാറ്റിവയ്ക്കേണ്ടതാണ്.

മറ്റൊരുകാര്യം പറയാനുള്ളത്, അംഗൻവാടി ജീവനക്കാരുടെ പ്രശ്നങ്ങളാണ്. അവരുടെ സ്ഥിതി അതീവദയനീയമാണ്. അവരുടെ ശമ്പളം പരിഷ്കരിക്കുവാനും ന്യായമായ അവകാശം സംരക്ഷിക്കുന്നതിനുംവേണ്ടി ഇന്ത്യയിലുള്ള അംഗൻവാടി ജീവനക്കാർ മുഴുവനും പതിനായിരക്കണക്കിന് സ്ത്രീകൾ പങ്കെടുത്തുകൊണ്ട്

റെയിൽവേ സ്റ്റേഷനിലേയ്ക്ക് മാർച്ച് നടത്തി. അംഗൻവാടി ടീച്ചർമാർക്കെന്തിനാണ് ഇതര ജോലികൾ കൊടുക്കുന്നത്? സർവ്വെ ജോലികൾ കൊടുക്കുന്നു, ഒരു വീടൊന്നിന് അഞ്ചുരൂപ നിശ്ചയിച്ച് ആ വീട്ടിൽപ്പോയി അവിടുത്തെ മുഴുവൻ ഡീറ്റെയിൽസും എടുക്കണം. അവർക്ക് കുട്ടികളെ പഠിപ്പിക്കണം, കുട്ടികൾക്ക് ഭക്ഷണം കൊടുക്കണം. അവർക്ക് അംഗൻവാടികളെ ശ്രദ്ധിക്കാൻ കഴിയുമോ? തുച്ഛമായ വരുമാനമല്ലേ കൊടുക്കുന്നത്. ഒരു മാസം അയ്യായിരം രൂപയാണ് കൊടുക്കുന്നത്. ഇത് പതിനയ്യായിരം രൂപയായി വർദ്ധിപ്പിക്കണം. കുട്ടികളെ പഠിപ്പിക്കുന്നതിനുള്ള സൗകര്യം അവർക്ക് കൊടുക്കണം. ഭാരിച്ച ജോലി അവരെ ഏൽപ്പിക്കാതെ വേറെ ആളുകളെ നിയോഗിക്കണം. അല്ലെങ്കിൽ ഇവർക്ക് പ്രത്യേക സമയം കൊടുക്കണം. അടിമകളെപ്പോലെ പണിയെടുപ്പിക്കുന്നത് അനുവദിക്കാൻ കഴിയില്ല. ഇവർക്ക് സ്ഥലംമാറ്റം കൊടുക്കുന്നില്ല. വീടിനടുത്ത് ഒഴിവുവന്നാൽ അങ്ങോട്ട് സ്ഥലംമാറ്റം കൊടുക്കുന്നില്ല. കേന്ദ്ര ഗവൺമെന്റിന്റെ നോംസ് ആണെന്നാണ് പറയുന്നത്. അതുമാറ്റാൻ എന്താണ് നടപടിയെടുക്കാത്തത്? ഇവർക്ക് ഇ.എസ്.ഐ, പി.എഫ് തുടങ്ങിയ ആനുകൂല്യങ്ങളൊന്നും തന്നെയില്ല. അത് അനുവദിപ്പിച്ചുകൊടുക്കണം. അതിനുവേണ്ടി സർക്കാർ ഇടപെടുകയും സർക്കാരിന്റെ വിഹിതം കൊടുക്കുകയും വേണം. ഇവരെ സ്ഥിരം സർക്കാർ ജീവനക്കാരായി

അംഗീകരിക്കണം. ഒരിക്കൽ ഇക്കാര്യം ഞാൻ സബ്മിഷനായി ഉന്നയിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രി അത് ചെയ്യാമെന്ന് പറഞ്ഞതാണ്. എന്നാൽ ചെയ്തിട്ടില്ല. വർക്കർമാർക്ക് 25 ശതമാനം പ്രൊമോഷൻ പോസ്റ്റ് ഉണ്ട്. എവിടെയാണ് അത് കൊടുക്കുന്നത്. എത്ര ഇടപെടലുകൾ നടത്തിയശേഷമാണ് സി.ഡി.പി.ഒ.യെല്ലാം അത് കൊടുക്കുന്നത്. ഭയങ്കരമായ അനാസ്ഥയാണ് അക്കാര്യത്തിലുള്ളത്. പല സ്ഥലങ്ങളിലും ഞങ്ങൾ പറയുമ്പോഴാണ് 25 ശതമാനം നികത്താൻ നോക്കുന്നത്. കൊല്ലം ജില്ലയിലെ ആദിച്ചനെല്ലൂരിൽ ഒരു വേക്കൻസിയുണ്ട്. എന്നാൽ അത് കൊടുക്കുകയില്ല. അത് 25 ശതമാനത്തിൽ വരുന്നതല്ലെന്നാണ് പറയുന്നത്. 25 ശതമാനം ഒഴിവുകൾ നികത്തിക്കഴിഞ്ഞാൽ പിന്നെ കൊടുക്കേണ്ട, അത് കൊടുക്കാത്തിടത്തോളം അവർക്ക് അതു ലഭിക്കാൻ എന്ത് അവകാശമില്ലായ്മയാണുള്ളത്. ഉദ്യോഗസ്ഥർ അക്കാര്യത്തിൽ വലിയ അനാസ്ഥ കാണിക്കുന്നു. സർക്കാർ അതിന് കൂട്ടുനിൽക്കുകയും ചെയ്യുന്നു. ക്രഷുകളിൽ ജോലി ചെയ്യുന്ന ആയമാരുടെ സ്ഥിതി അതിദയനീയമാണ്. 1500 രൂപയാണ് അവർക്ക് അലവൻസായി ലഭിക്കുന്നത്. അലവൻസ് വർദ്ധിപ്പിക്കുകയും ക്രഷുകൾ കുറച്ചുകൂടി സൗകര്യമുള്ളതാക്കുകയും വേണം. അംഗൻവാടിയിൽ ക്രഷുകൾ ലയിപ്പിക്കുന്നത് ഏറ്റവും നല്ലതായിരിക്കുമെന്നാണ് എനിക്ക് പറയാനുള്ളത്.

സാമൂഹ്യക്ഷേമവുമായി ബന്ധപ്പെട്ട് പറയുവാനുള്ളത്, വിവാഹധൂർത്തിനെക്കുറിച്ചാണ്. വനിതാകമ്മീഷനിൽ ഉള്ളത് സർക്കാരിന്റെ പ്രതിനിധികളാണ്. വിവാഹ ധൂർത്ത് ഒഴിവാക്കാൻ വേണ്ടി വനിതാ കമ്മീഷൻ നല്ല ഒരു പ്രൊപ്പോസൽ വച്ചിരുന്നു. എന്നാൽ ഈ സർക്കാർ അത് പരിഗണിച്ചതേയില്ല, നിഷ്ക്കരുണം തള്ളിക്കളഞ്ഞു. വിവാഹധൂർത്ത് തടയുന്നതുമായി ബന്ധപ്പെട്ട നിരവധി മാനദണ്ഡങ്ങൾ അവർ വച്ചു. എന്താണ് സർക്കാരിന് ഈ വിഷയത്തിൽ പറയുവാനുള്ളത്?

തൊഴിലുറപ്പ് പദ്ധതി, ഇന്ത്യയിലെ ഗ്രാമീണർക്ക് വർഷത്തിൽ നൂറ് ദിവസം തൊഴിൽ ഉറപ്പു വരുത്തുന്ന NREG പദ്ധതിയെ രക്ഷിക്കാൻ അടിയന്തര നടപടി വേണം. അക്കാര്യം ഞാൻ അതിന്റെ വിജിലൻസ് ആന്റ് മോണിട്ടറിംഗ് കമ്മിറ്റിയിൽ നിരവധി തവണ ആവശ്യപ്പെട്ടിട്ടുള്ളതാണ്. നിയമത്തിൽ നൂറ് ദിവസം തൊഴിൽ ഉറപ്പു വരുത്തുന്നുണ്ടെങ്കിലും 2014-15 ൽ രാജ്യത്തെ 15.5 ശതമാനം കുടുബംങ്ങൾക്ക് മാത്രമാണ് നൂറ് ദിവസം തൊഴിൽ കിട്ടിയത്. 2012-13 വർഷം 51.7 ശതമാനവും 2013-14 ൽ 46.6 ശതമാനവുമാണ്. ദേശീയ ശരാശരി ഇപ്പോൾ 37 ശതമാനമായി കുറഞ്ഞു. കേരളത്തിലും ശരാശരി കുറഞ്ഞു. അതിന്റെ മാനദണ്ഡങ്ങൾ മാറ്റിക്കഴിഞ്ഞു. സമയബന്ധിതമായ പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള സഹായം ഗവൺമെന്റ്

പഞ്ചായത്തുകൾക്ക് കൊടുക്കണം. കേന്ദ്ര ഗവൺമെന്റ് ഈ പദ്ധതിയെ തകർക്കാൻ ശ്രമിക്കുമ്പോൾ അതിനെ സംരക്ഷിക്കാൻ സംസ്ഥാനത്ത് നാഥനില്ലാത്ത അവസ്ഥയല്ലേ ? NREGP സംവിധാനത്തിന് സ്ഥിരം ഡയറക്ടർ സംസ്ഥാനത്തുണ്ടോ? ജില്ലകളിൽ തൊഴിലുറപ്പിന് ഓംബുഡ്സ്മാനെ നിയോഗിച്ചിരുന്നു. അവരെയെല്ലാം പിരിച്ചുവിട്ടു. തൊഴിലാളികളുടെ പ്രശ്നങ്ങൾ എവിടെയാണ് പരിഹരിക്കുക; അവർക്ക് പറയാൻ ഒരവസരം ഉണ്ടോ? കഴിഞ്ഞ വർഷം കേരളത്തിൽ മുൻവർഷത്തെക്കാൾ 2.83 കോടി തൊഴിൽദിനങ്ങളാണ് കുറഞ്ഞു വന്നത്. പദ്ധതിയിൽ ഏറ്റെടുക്കാവുന്ന തൊഴിൽ സംബന്ധിച്ച നിബന്ധനകൾ കർശനമാക്കിയതോടെ നേരത്തെ തയ്യാറാക്കിയ 96,000 ജോലികൾ ഗ്രാമ പഞ്ചായത്തിന് ഉപേക്ഷിക്കേണ്ടി വന്നു. ഇത്തരത്തിലുള്ള പ്രശ്നങ്ങളൊന്നും തന്നെ ഈ ഗവൺമെന്റ് കാണുന്നില്ല. അതിവേഗം ബഹുദൂരം എന്നു പറയുന്നതല്ലാതെ, ഓരോ ജില്ലകളിലും ജനസമ്പർക്ക പരിപാടി നടത്തുന്ന തല്ലാതെ, ഒരു പ്രശ്നങ്ങൾക്കും പരിഹാരം ഉണ്ടാക്കാതെ സമൂഹത്തിൽ മോശമായ രീതിയിൽ പലകാര്യങ്ങളും എത്തുന്നതിനും അഴിമതിയുടെ പേരിലും ഈ സർക്കാർ മോശപ്പെട്ടു നിൽക്കുന്നത് തിരുത്തണം. നല്ല പെരുമാറ്റത്തിലൂടെ നല്ല ഇടപെടലുകളിലൂടെ ജനങ്ങളുടെ മുന്നിൽ നമ്മുടെ കൈകൾ ശുദ്ധമാണ് എന്ന് തോന്നുന്ന തരത്തിൽ

ഇടപെടണം. അഴിമതി ആരോപണങ്ങൾ വന്നാൽ ആ നിമിഷം മാറിനിൽക്കാൻ തയ്യാറാകണം. അതല്ലേ കേരള നിയമസഭയുടെ പാരമ്പര്യം.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്....

ശ്രീമതി പി. അയിഷാ പോറ്റി: സർ, കെ. കരുണാകരൻ ഉൾപ്പെടെയുള്ളവർ, അന്ന് ആരും പരാതി എഴുതിക്കൊടുത്തില്ല. ആരോപണങ്ങൾ വന്നപ്പോൾ ജനങ്ങളുടെ മുന്നിൽ നല്ല വ്യക്തിത്വമായി നിൽക്കണമെന്ന് കരുതിയല്ലേ അന്ന് അദ്ദേഹം രാജിവച്ച് മാറിയത്. ഇടതുപക്ഷമുന്നണിയിലും മാറി, കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കാലത്ത് ഒറ്റഒരാളുടെ പേരിൽ ആരോപണം വന്നു, ഇപ്പോൾ അദ്ദേഹം യു.ഡി.എഫ്-ലാണ്. അദ്ദേഹവും മാറി നിന്നു. എന്താണ് ഈ സർക്കാരിന്റെ പേരിൽ ഇത്രയേറെ ആക്ഷേപങ്ങൾ പൊതുസമൂഹത്തിൽ ചർച്ച ചെയ്യുന്ന തരത്തിൽ വരുന്നത്? അവിടെ ഇരിക്കുന്ന ആര് എന്തുപറഞ്ഞാലും ഞങ്ങൾക്ക് സമ്മതിക്കാൻ കഴിയില്ല. ജനങ്ങളാണ് വലുത്. ജനങ്ങളുടെ പ്രതിനിധികളാണ് നമ്മൾ.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.

ശ്രീമതി പി. അയിഷാ പോറ്റി: നമ്മൾ ഇരിക്കേണ്ടിടത്ത് ഇരുന്ന് നല്ല രീതിയിൽ പ്രവർത്തിക്കണം. എന്തിനാണ് പ്രതിപക്ഷം അങ്ങോട്ടുചെന്നത് എന്നല്ല

ചോദിക്കേണ്ടത്. സമരം നടത്തുമ്പോൾ മഹാത്മാഗാന്ധിയും നിയമം ലംഘിച്ചു. അഴിമതിക്ക് കുറ്റാരോപിതനായ ആൾ ബഡ്ജറ്റ് അതരിപ്പിക്കരുത് എന്ന് പറയുന്നത് തെറ്റാണോ; സമരം ചെയ്യാനുള്ള അവകാശമില്ലേ? ഭരണഘടന അതൊക്കെ പറയുന്നില്ലേ? അങ്ങനെ സമരം ചെയ്യുമ്പോൾ അതിനെ നിയമാനുസൃതം തടയാനുള്ള ചങ്കൂറ്റം നിങ്ങൾക്കുണ്ടോയെന്നാണ് ചോദിക്കാനുള്ളത്. അല്ലാതെ പ്രതിപക്ഷത്തിരിക്കുന്ന എം.എൽ.എ.മാർ സ്ത്രീകളെയുൾപ്പെടെ കൈകാര്യം ചെയ്യുന്ന രീതിയിലേയ്ക്കല്ല പോകേണ്ടത്.

മി. ചെയർമാൻ: യെസ്...പ്ലീസ് കൺക്ലൂഡ്.

ശ്രീമതി പി. അയിഷാ പോറ്റി: സർ, സ്പീക്കറുടെ കസേര പോകാതിരിക്കാൻ അഞ്ചുമിനിട്ട് മുമ്പ് സ്പീക്കർ വരുമെന്ന് പറഞ്ഞ്...... ഇറങ്ങിപ്പോയിട്ട്.... എന്തെങ്കിലും ന്യായമായ കാര്യം സ്വീകരിച്ചുകൂടാ യിരുന്നോ.....(മൈക്ക് ഓഫ്)....... എന്നുപറഞ്ഞുകൊണ്ട് എന്റെ പ്രസംഗം ഞാൻ അവസാനിപ്പിക്കുകയാണ്.

ശ്രീ. എം. എ. വാഹീദ്:- സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. ഇവിടെ ഈ ചെറിയ ചെറിയ വകുപ്പുകളിൽ നടക്കുന്ന വലിയ വലിയ കാര്യങ്ങളെ തമസ്കരിച്ചുകൊണ്ട് ബഹുമാനപ്പെട്ട അംഗം പി. അയിഷാ പോറ്റി കടന്നുപോയത് മറ്റുപലതിലുമാണ്. വിഷയത്തിലേയ്ക്ക് കടന്നുവന്നിട്ടില്ല,

ഇതിനെയെല്ലാം തമസ്കരിക്കുകയാണ്. കഴിഞ്ഞ നാലരവർഷക്കാലം ഈ വകുപ്പുകളിൽ നടത്തിയ വിപ്ലവകരമായ നേട്ടങ്ങളെ തമസ്കരിക്കാൻ വേണ്ടി, അധികാരവികേന്ദ്രീകരണം കൊണ്ടുവന്നത് സി.പി.ഐ.(എം) ആണെന്ന് പറയുകയാണ്. 72, 73 എന്നീ ഭരണഘടനാ ഭേദഗതികൾ അനുസരിച്ച് അധികാര വികേന്ദ്രീകരണം കൊണ്ടുവന്നത് രാജീവ് ഗാന്ധിയാണ്. അത് അവർ മറക്കുക യാണ്. അതനുസരിച്ച് ശ്രീ. എ. കെ. ആന്റണി കേരളത്തിൽ തെരഞ്ഞെടുപ്പ് നടത്തിയത് 1995-ലാണ്. 1995 ഒക്ടോബർ 2-ാം തീയതിയാണ് അധികാര വികേന്ദ്രീകരണത്തിന്റെ ആദ്യത്തെ സഭ കേരളത്തിൽ എല്ലായിടത്തും ഒരേ സമയത്ത് ചേരുന്നത്. ശ്രീ. എ. കെ. ആന്റണിയുടെ ഭരണകാലത്ത് കോൺഗ്രസാണ് അത് കൊണ്ടുവന്നത്. അധികാരവികേന്ദ്രീകരണത്തിനുള്ള നാന്ദി കുറിക്കുവാനുള്ള എല്ലാ നടപടികളും കേരളത്തിൽ സ്വീകരിച്ചത് ശ്രീ. എ. കെ. ആന്റണിയാണ്. അത് തമസ്കരിക്കുന്ന ചില പ്രസ്താവനകളാണ് എന്റെ മാന്യ സഹോദരി ഇവിടെ അവതരിപ്പിച്ചത്. ഈ വകുപ്പുകൾ നടത്തിയ വികസന കാര്യങ്ങളും ക്ഷേമകാര്യങ്ങളും നേട്ടങ്ങളിൽ നിന്നുമെല്ലാം മറികടന്നുപോകുവാനാണ് ഇന്ന് രാവിലെ ഡോ. ടി. എം. തോമസ് ഐസക് വാർഡ് വിഭജനത്തിൽ എന്തോ ഉണ്ടെന്നുള്ള അടിയന്തരപ്രമേയം കൊണ്ടുവന്നത്. ഇത് മുൻകൂർ ജാമ്യമെടുപ്പാണ്.

അരുവിക്കര തെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ കേരളത്തിലെ ജനങ്ങളിലുണ്ടായിരിക്കുന്ന മനസ്സിന്റെ മാറ്റം, മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയെ ഉപേക്ഷിച്ച് യു.ഡി.എഫ്.-ലേയ്ക്ക് ജനങ്ങൾ വരുന്നതിന്റെ തുടക്കം മനസ്സിലാക്കിക്കൊണ്ട് വരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ ഒരുപക്ഷേ പരാജയപ്പെട്ടാൽ അതിന്റെ കാരണം വാർഡ് വിഭജനമാണ് എന്നു പറഞ്ഞുകൊണ്ട് അടുത്ത നിയമസഭാ തെരഞ്ഞെടുപ്പിനുമുമ്പ് തടിതപ്പുവാനുള്ള ഒരു വലിയ കുതന്ത്രമാണ് ഡോ. ടി. എം. തോമസ് ഐസക് രാവിലെ കൊണ്ടുവന്നത്, ഇപ്പോൾ ശ്രീമതി പി. അയിഷാ പോറ്റി കൊണ്ടുവന്നതും അതുതന്നെയാണ്. കടലുപോലെ കിടക്കുന്ന വകുപ്പാണെന്ന് വേണമെങ്കിൽ പറയാം.

സാമൂഹ്യനീതി വകുപ്പ് നാലരവർഷം കൊണ്ട് ഈ സംസ്ഥാനത്ത് ചെയ്ത നേട്ടങ്ങൾ ഇവർ കാണേണ്ടതല്ലേ. ഒരിക്കലും നടക്കാത്ത പല കാര്യങ്ങളും സാമൂഹ്യ നീതി വകുപ്പിൽ നടത്താൻ ഈ സർക്കാരിന് കഴിഞ്ഞു. ചരിത്ര നേട്ടമാണ്. അതെല്ലാം മനുഷ്യന്റെ ജീവനുമായി ബന്ധപ്പെട്ടതാണ്. അതുകൊണ്ടാണ് സാമൂഹ്യനീതി വകുപ്പിന്റെ പ്രവർത്തനം സർക്കാരിന്റെ മുഖമുദ്രയായ കാരുണ്യ സ്പർശത്തിലേയ്ക്ക് എത്തിയിരിക്കുന്നത്. 'കരുതലും വികസനവും' എന്ന മുഖ്യമന്ത്രിയുടെ അജണ്ട, അതിൽ ഏറ്റവും പ്രധാനപ്പെട്ട കരുതൽ നടത്തുന്നത് സാമൂഹ്യനീതി

വകുപ്പാണ്. സമൂഹത്തിലെ ഏറ്റവും പാവപ്പെട്ടവർക്കുവേണ്ടിയാണ് ഈ പദ്ധതിയെല്ലാം നടത്തുന്നത്. ആർ.സി.സി. യിൽ ചെന്നുനോക്കിയാൽ രണ്ടുമൂന്നു വാർഡുകളിൽ കൊച്ചുകുട്ടികൾ, പ്രസവിച്ചു മാസങ്ങളായ കുട്ടികളടക്കം ക്യാൻസർ ബാധിച്ച് കിടക്കുന്നതു കാണാൻ സാധിക്കും. അവിടെ പാവപ്പെട്ടവർക്ക് പോകുവാൻ ചില പരിമിതികളുണ്ട്. അങ്ങനെയുള്ള പാവപ്പെട്ടവർക്കു വേണ്ടിയാണ് 'ക്യാൻസർ സുരക്ഷാ പദ്ധതി' സാമൂഹ്യനീതി വകുപ്പ് കൊണ്ടുവന്നത്. സമൂഹത്തിലെ പാവപ്പെട്ട കുട്ടികളുടെ ചികിത്സാ സൗകര്യത്തിനുവേണ്ടിയുള്ള 'താലോലം പദ്ധതി', കിടപ്പിലായ രോഗികൾക്ക് സഹായം കൊടുക്കുന്നതിനുവേണ്ടിയുള്ള 'ആശ്വാസകിരണം പദ്ധതി', മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികളെ സർക്കാർ ഏറ്റെടുത്ത് 18 വയസ്സുവരെ അവർക്ക് വിദ്യാഭ്യാസവും ജോലി ലഭിക്കുന്നതുവരെ സാമ്പത്തിക സഹായവും നൽകുന്നതിനുവേണ്ടിയുള്ള 'സ്നേഹപൂർവ്വം പദ്ധതി', ലോകത്തിലെ ഏറ്റവും മനുഷ്യകാരുണ്യപരമായ പ്രവർത്തനമാണ്. ആരോരുമില്ലാത്തവർക്ക് പൂർണ്ണമായ സംരക്ഷണമാണ് സർക്കാർ നൽകുന്നത്. മനുഷ്യകാരുണ്യ പ്രവർത്തനങ്ങളെ വളരെ പുച്ഛത്തോടു കൂടിയാണ് ഇവർ കാണുന്നത്. അതുപോലെ 'സ്നേഹസ്പർശം പദ്ധതി' - അവിവാഹിതരായ അമ്മമാർക്ക് കൊടുക്കുന്ന സഹായം, മുതിർന്ന പൗരന്മാർക്കുവേണ്ടിയുള്ള 'വയോമിത്രം പദ്ധതി',

എൻഡോസൾഫാൻ ബാധിതർക്ക് കിട്ടുന്ന സാമ്പത്തിക സഹായം -'സ്നേഹസാന്ത്വനം പദ്ധതി', ഡയാലിസിസിന് വിധേയരാകേണ്ട വൃക്കരോഗികൾക്ക് സർക്കാർ കൊടുക്കുന്ന സഹായം - 'സമാശ്വാസ പദ്ധതി'. ഇതെല്ലാം സാമൂഹ്യനീതി വകുപ്പ് നടത്തുന്ന പദ്ധതികളാണ്. അതൊന്നും ഇവർ കാണുന്നില്ല. ഇവർ കാണുന്നത് വാർഡ് വിഭജനവും അതുപോലെ ഇ.എം.എസ്. നമ്പൂതിരിപ്പാട് അധികാരവികേന്ദ്രീകരണം കേരളത്തിൽ കൊണ്ടുവന്നു, ഇ. കെ. നായനാർ നടപ്പിലാക്കി എന്നുപറയാൻ വേണ്ടിയുള്ള ഒരു മലക്കം മറിച്ചിലാണ്. ഇത്തരത്തിലുള്ള നല്ല പദ്ധതികൾ അവരുടെ ശ്രദ്ധയിൽ വരുന്നില്ല. വിവാഹധനസഹായം കൊടുക്കുന്ന 'പ്രത്യാശ പദ്ധതി' - എത്രയോ പെൺകുട്ടികൾ വിവാഹപ്രായം കഴിഞ്ഞിട്ടും വീട്ടിൽ നിന്നു പുറത്തിറക്കാൻ കഴിയാതെ മാതാപിതാക്കൾ വിഷമിച്ച് കണ്ണീരും കൈയുമായി നടക്കുന്ന എത്രയോ സാധു കുടുംബങ്ങൾ. ആ സാധു കുടുംബങ്ങളെ സഹായിക്കാൻ ഈ സർക്കാർ കൊണ്ടുവന്ന 'പ്രത്യാശ പദ്ധതി'യെ അവർ കാണുന്നില്ല. അതിനേക്കാളും ഏറ്റവും പ്രധാനപ്പെട്ട താണ്, 'ശ്രുതിതരംഗം പദ്ധതി' - കേൾവി ശക്തിയില്ലാത്തവർ, സംസാരശേഷി ഇല്ലാത്തവർ ഇനി കേരളത്തിലുണ്ടാകാൻ പാടില്ല എന്ന് ഉമ്മൻ ചാണ്ടി സർക്കാർ തീരുമാനിച്ചു. അതിന്റെയടിസ്ഥാനത്തിൽ കേൾവി ശക്തിയില്ലാത്ത; സംസാരശേഷി

യില്ലാത്ത കേരളത്തിലെ മുഴുവൻ കുട്ടികൾക്കും സൗജന്യമായി കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ നടത്തി അതിന്റെ ചെലവ് മുഴുവനും സർക്കാർ വഹിക്കുന്നു, അത് ചെലവാക്കുന്നത് സാമൂഹ്യനീതി വകുപ്പാണ്. അതൊന്നും ശ്രീമതി പി. അയിഷാ പോറ്റിയും ഡോ. ടി. എം. തോമസ് ഐസകും കാണുന്നില്ല. ഇതൊക്കെ നിങ്ങൾ കാണണം. ഈ പദ്ധതികളെ നിങ്ങൾ appreciate ചെയ്തില്ലെങ്കിലും നുള്ളിനോവിക്കരുത്. താലോലിച്ചില്ലെങ്കിലും ഈ പദ്ധതികളെ നുള്ളിനോവിക്കാതിരിക്കാനെങ്കിലും സി.പി.ഐ.(എം) ഉം എൽ.ഡി.എഫ്.-ഉം തയ്യാറാവണം. അംഗനവാടികളിൽ സമ്പന്നരല്ല പോകുന്നത്, തൊഴിലാളികളുടെയും നിശ്ചിത വരുമാനക്കാരുടെയും തുച്ഛവരുമാനക്കാരുടെയും കുട്ടികളാണ് പോകുന്നത്. അംഗനവാടികൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കുവാൻ പൈസ കൊടുത്തത് സാമൂഹ്യനീതി വകുപ്പാണ്. കുട്ടികളുടെയും അമ്മമാരുടെയും സെക്രട്ടേറിയറ്റായിട്ടാണ് ഗ്രാമപ്രദേശങ്ങളിൽ ഈ അംഗനവാടികൾ പ്രവർത്തിക്കുന്നത്. ആ പ്രവർത്തനത്തെ ഇവർ കാണുന്നില്ല. കുട്ടികളുടെ ആരോഗ്യസംരക്ഷണത്തിന് പോഷകാഹാര പദ്ധതികൾ നടപ്പിലാക്കുന്നത് അംഗനവാടികൾ വഴിയാണ്. കൗമാരക്കാരായ കുട്ടികളുടെ ആരോഗ്യസംരക്ഷണത്തിനുള്ള കേന്ദ്രമായി ഇത് മാറിയിട്ടുണ്ട്. മുലയൂട്ടുന്ന അമ്മമാരുടെ ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നു;

ആരോഗ്യസംരക്ഷണം കൊടുക്കുന്ന സ്ഥലമായി അംഗനവാടികൾ മാറിയിട്ടുണ്ട്. പക്ഷേ ഈ പ്രവർത്തനങ്ങളൊന്നും കാണാൻ ഇവർക്ക് കണ്ണില്ലാതെ പോയി. ഇത് കണ്ണുള്ളവർ കാണട്ടെ, കാതുള്ളവർ കേൾക്കട്ടെ എന്നു മാത്രമേ ഐക്യജനാധിപത്യ മുന്നണിക്ക് പറയാൻ കഴിയൂ, ഒരിക്കലും ഇവർ കാണില്ല, ഇവർ കേൾക്കില്ല.

ഗ്രാമവികസന വകുപ്പ് എന്തെല്ലാം നല്ല പരിപാടികളാണ് നടത്തിയത്. ഗ്രാമവികസന വകുപ്പിലെ ഓരോ പരിപാടികളും നോക്കണം. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര സഡക് യോജന റോഡുകൾ പൂർത്തിയാക്കി. കണക്കുണ്ടോ? ഒറ്റ റോഡും ചെയ്യാൻ കഴിയാതെ നിങ്ങൾ ഫണ്ട് മുഴുവൻ ലാപ്സാകുന്ന സ്ഥിതിലേയ്ക്ക് പോയപ്പോഴാണ് യു.ഡി.എഫ്. സർക്കാർ വന്നത്. എന്താണ് സംഭവിച്ചത്? ഒരു റോഡ് പ്രോജക്ടിന് തരുന്ന തുകയിൽ ഒരു നയാ പൈസ കൂടുതൽ കേന്ദ്ര സർക്കാർ തരില്ല. ടെണ്ടർ വിളിച്ച് നടപ്പാക്കണമെന്നതാണ് നിബന്ധന. ടെണ്ടർ വിളിച്ച് നടപ്പാക്കണമെങ്കിൽ പി.ഡബ്ല്യു.ഡി. മാന്വൽ ഫോളോ ചെയ്യണം. പി.ഡബ്ല്യു.ഡി. മാന്വൽ അനുസരിച്ച് ടെണ്ടർ ചെയ്യുമ്പോൾ, ടെണ്ടർ എക്സസ് കൊടുക്കേണ്ടി വരും. അതുകൊടുക്കാൻ ഡോ. ടി. എം. തോമസ് ഐസകിന്റെ കഴിഞ്ഞ സർക്കാർ തയ്യാറായില്ല. ഒരു നയാപൈസ കൊടുത്തില്ല. ആ സ്ഥലത്ത് ഈ സർക്കാർ 42 ശതമാനം വരെ ടെണ്ടർ എക്സസ് കൊടുക്കുവാൻ

തയ്യാറായി മുന്നോട്ടുവന്നതുകൊണ്ട് എൽ.ഡി.എഫ്-ന്റെ കാലത്ത് മുടങ്ങിക്കിടന്ന റോഡുകൾ ഉൾപ്പെടെ യു.ഡി.എഫ്.-ന്റെ കാലത്ത് ഏറ്റെടുത്ത റോഡുകളുൾപ്പെടെ അനേകം റോഡുകൾ നമ്മുടെ ഗ്രാമപ്രദേശത്ത് ദേശീയനിലവാരമുള്ള റോഡുകളാക്കി മാറ്റാൻ കഴിഞ്ഞു. കണക്ടിവിറ്റിയില്ലാതെ, റോഡ് സൗകര്യങ്ങളില്ലാതെ റോഡ് ഗതാഗതം അന്യമായിക്കൊണ്ടിരുന്ന ഒരു പാട് ഗ്രാമപ്രദേശങ്ങളെ യോജിപ്പിക്കുന്ന സഡക് യോജന പദ്ധതി വളരെ ഭാവനാപൂർവ്വം നടത്താൻ കഴിഞ്ഞു. ഐ.എ.വൈ. പദ്ധതി - ഇന്ദിരാ ആവാസ് യോജന – ഇവരുടെ കാലത്ത് വീടുകൾക്ക് 75,000 രൂപയാണ് കൊടുത്തത്. 75000 രൂപ കൊണ്ട് അന്ന് എന്താണ് വാങ്ങാൻ സാധിക്കുന്നത്. ഒരു ലോഡ് മണൽ ഇറക്കണമെങ്കിൽ 75000 രൂപ കൊടുക്കണം. ഒരു ലോഡ് മണൽ ഇറക്കി ഒരു വീട് വയ്ക്കാൻ പറ്റുമോ? എത്രയോ പേർ കടക്കെണിയിലായി. പാതിവഴിയിൽ ഉപേക്ഷിച്ച കെട്ടിടങ്ങൾ, കൂരയില്ലാത്ത കെട്ടിടങ്ങൾ ഇതെല്ലാമായിരുന്നു എൽ.ഡി.എഫ്.-ന്റെ സംഭാവന. ആ സ്ഥലത്ത് യു.ഡി.എഫ്. ചെയ്തത് 2 ലക്ഷം രൂപ കിട്ടത്തക്ക രീതിയിൽ ഭാവനപൂർണ്ണമായ ഭവനനിർമ്മാണ പദ്ധതി ഐ.എ.വൈ. പദ്ധതി വഴി നടത്തി. അതുകൊണ്ട് കിട്ടിയ ഗുണമെന്താണ്? ഒരുപാട് വീടുകൾ നമ്മുടെ ഗ്രാമപ്രദേശങ്ങളിലുണ്ടായി. ഒരുപാട് പട്ടികജാതിക്കാർക്ക് വീട് കിട്ടി. പൊട്ടിപ്പൊളിഞ്ഞുകിടന്ന ലക്ഷം വീടുകളിൽ

പുതിയ കെട്ടിടങ്ങൾ കൊടുക്കാൻ കഴിഞ്ഞു. അങ്ങനെ ധാരാളം മാറ്റം ഗ്രാമവികസന വകുപ്പിൽ ഇതിൽ നിന്നുണ്ടായി. മഹാത്മാഗാന്ധി ഗ്രാമീൺ തൊഴിലുറപ്പ് പദ്ധതിയിൽ ഒരു പൈസ ഇവരുടെ കാലത്ത് വർദ്ധിപ്പിച്ചുനൽകിയില്ല. ഇവരുടെ കാലത്ത് അതിനെക്കുറിച്ച് ആലോചിച്ചിട്ടില്ല. യു.ഡി.എഫ്. ഗവൺമെന്റ് വന്നതിനുശേഷം മൂന്ന് പ്രാവശ്യമാണ് ഇതിന്റെ കൂലി വർദ്ധിപ്പിച്ചത്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ 500 രൂപ കൂലി കൊടുക്കണമെന്ന് പറഞ്ഞുകൊണ്ട് പോസ്റ്റർ ഒട്ടിച്ച രാഷ്ട്രീയ പാർട്ടികളുണ്ട്. ഒരു ദിവസം 500 രൂപ എന്നത് നടക്കാത്ത കാര്യമാണ്. ഈ വകുപ്പിൽ നിന്ന് കൂടുതൽ പൈസ കൊടുത്ത് ഘട്ടംഘട്ടംമായി 112, 175, 200, 212, 225 രൂപ വരെ കൊടുക്കുന്ന സ്ഥിതിയിലേയ്ക്ക് നമ്മുടെ ഗ്രാമീണ തൊഴിൽദാന പദ്ധതി എത്തിയിരിക്കുകയാണ്. അതുകൊണ്ടുള്ള നേട്ടം എന്താണ്? ഒരുപാട് കുടുംബങ്ങളെ പട്ടിണിയിൽനിന്ന് രക്ഷപ്പെടുത്താൻ കഴിഞ്ഞു. ഒരുപാട് ഗ്രാമപഞ്ചായത്തുകളിൽ സ്ഥായിയായ ആസ്തി ഉണ്ടാക്കാൻ കഴിഞ്ഞു. സ്ഥായിയായ ആസ്തിയുണ്ടാക്കി അതിലേയ്ക്ക് തൊഴിൽരഹിതരായവർക്ക് തൊഴിൽ കൊടുത്ത് അവരുടെ കുടുംബത്തെയും ഗ്രാമങ്ങളിലെ സ്ഥായിയായ ആസ്തിയും വികസിപ്പിച്ചെടുക്കുന്നതിന് ഇതുമൂലം കഴിഞ്ഞിട്ടുണ്ട്. അങ്ങനെ ഓരോന്നോരോന്ന് നോക്കിയാൽ ഗ്രാമവികസന പദ്ധതിയിൽ ആയാലും സാമൂഹ്യനീതി

വകുപ്പിലായാലും ക്ഷേമകരമായ പ്രവർത്തനങ്ങൾ മാത്രമാണ് നടത്തിയത്. ഇതുപോരാ, ഇനിയും കുറേക്കൂടി നടത്തണമെന്നുള്ളതാണ് ഞങ്ങളുടെ അഭിപ്രായം. ഒരുപാട് മാറ്റങ്ങൾ വരുത്തുവാൻ ക്ഷീര വികസനവകുപ്പിന് സാധിച്ചു. ക്ഷീര കർഷകർക്ക് ഒരുപാട് സാമ്പത്തിക സൗകര്യങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞു. അവർക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്താൻ സാധിച്ചു. അങ്ങനെ ഒരുപാട് കാര്യങ്ങൾ ക്ഷീരവികസന വകുപ്പിൽ ചെയ്തു. പഞ്ചായത്ത് വകുപ്പിൽ കമ്പ്യൂട്ടർ ശൃംഖല വഴി സമയബന്ധിതമായി പദ്ധതികൾ നടപ്പിലാക്കാനുള്ള ക്രമീകരണം ഉണ്ടാക്കാൻ കഴിഞ്ഞു. പണ്ടൊക്കെ ജനുവരി അവസാനം ആകുമ്പോൾ പദ്ധതി അംഗീകരിക്കുകയും ഫെബ്രുവരിയിൽ പണം കൊടുക്കുകയും മാർച്ച് ഒന്നാം തീയതി തുടങ്ങി മാർച്ച് 31-ാം തീയതി അവസാനിക്കുകയും ചെയ്യും. ഇന്ന്, ഏകദേശം ഒക്ടോബർ-നവംബർ മാസം ആകുമ്പോൾ പദ്ധതിക്ക് അംഗീകാരം വരുകയും ഡിസംബർ ആകുമ്പോൾ അവർക്ക് പണം കൊടുത്തുതുടങ്ങുകയും മാർച്ച് അവസാനം ആകുമ്പോൾ പൂർണ്ണമായും പണം എത്തുകയും ചെയ്യുന്നു. പൂർണ്ണമായും പണം വന്നാലെ പ്രോജക്ടുകൾ നടപ്പിലാക്കുവെന്ന് വാശിപ്പിടിച്ച ചില പഞ്ചായത്തുകളൊഴിച്ചാൽ പണം സർക്കാർ തരുമെന്നുറപ്പിൽ പണി ഏറ്റെടുത്ത് ജനകീയാസൂത്രണ പദ്ധതികളെല്ലാം പൂർത്തിയാക്കാൻ പല പഞ്ചായത്തുകൾക്കും

കഴിഞ്ഞിട്ടുണ്ട്. തിരുവനന്തപുരം നഗരസഭ 38 ശതമാനം തുകയാണ് ചെലവാക്കിയതെന്നാണ് കണക്ക്. ഇന്ന് പറഞ്ഞുകേട്ടത്, 50 ശതമാനം തുക ചെലവഴിച്ചുവെന്നാണ്. 100 രൂപ കൊടുത്താൽ 50 രൂപ ചെലവാക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഇവിടെയുണ്ട്. അതിനെല്ലാം മാറ്റം വരുത്തുവാൻ വേണ്ടിയാണ് ഈ ഒരു പ്രക്രിയ ഡോ. എം. കെ. മുനീറിന്റെ നേതൃത്വത്തിൽ നടത്തിയിരിക്കുന്നത്. പ്ലാൻ ഫണ്ട് വരുന്ന നവംബറിനുമുമ്പ് പണി ആരംഭിക്കത്തക്ക രീതിയിലുള്ള ക്രമീകരണങ്ങൾ നടത്തിയത് വളരെ ഭാവനാപൂർണ്ണമായാണ്. അതിന് കമ്പ്യൂട്ടറിന്റെയും ഇന്റർനെറ്റിന്റെയും സഹായവുമെല്ലാം പഞ്ചായത്ത് വകുപ്പ് സ്വീകരിച്ചിട്ടുണ്ട്.

എനിക്കൊരു പരാതിയുള്ളത്, ഞാൻ ഒരു പഴയ പഞ്ചായത്ത് മെമ്പറാണ്, ഞാൻ പഞ്ചായത്ത് പ്രസിഡന്റായിരുന്ന ആളാണ്. ഈ രാജ്യത്ത് എല്ലാവർക്കും പെൻഷനുണ്ട്. പാവപ്പെട്ട പഞ്ചായത്ത് മെമ്പർമാർക്കും കൗൺസിലർമാർക്കും പെൻഷനില്ല. അവർ ജീവിതകാലം മുഴുവൻ സാമൂഹിക പ്രവർത്തനവും പൊതു പ്രവർത്തനവും നടത്തിക്കൊണ്ടിരുന്നവരാണ്. അവർക്ക് പെൻഷൻ കൊടുക്കാൻ ഒരു സർക്കാരും തയ്യാറല്ല. ഞാൻ പറയുന്നത് എല്ലാവർക്കും കൊടുക്കണമെന്നല്ല. ഒരു പെൻഷൻപോലും കിട്ടാത്ത ആളുകളുണ്ട്. ഒരു ഡയാനിൽ ഗുളിക വാങ്ങി കഴിക്കാൻ

വയ്യാതെ, രണ്ടും മൂന്നും പെൺകുട്ടികളെ വിവാഹം കഴിപ്പിച്ച് ദാരിദ്ര്യത്തിന്റെ പടുകുഴിയിൽ കിടക്കുന്ന ധാരാളം പഞ്ചായത്ത് മെമ്പർമാരുണ്ട്. ഞാൻ അവരെ കാണുന്നുണ്ട്. പക്ഷേ, അവർക്കൊരു ഡയാനിൽ ഗുളിക വാങ്ങിച്ച് കഴിക്കാനുള്ള പൈസയെങ്കിലും ഈ വകുപ്പിൽനിന്നും കൊടുക്കണ്ടേ; അതിന് എന്തുകൊണ്ട് ഈ സർക്കാരുകൾ അമാന്തിക്കുന്നുവെന്നുള്ളതാണ്. സകലർക്കും പെൻഷനുണ്ട്.

<u>ശ്രീ. എ. പ്രദീപ് കുമാർ</u>: ഡയാനിൽ ഗുളിക നിരോധിച്ചതാണ്.

<u>ശ്രീ. എം. എ. വാഹീദ്</u>: ഡയാനിൽ ഗുളിക ഉദാഹരണത്തിന് പറഞ്ഞുവെന്നേയുള്ളൂ. ഡയാനിൽ അല്ലെങ്കിൽ അതിന് സമാന്തരമായ ഗുളിക. ഡയബെറ്റിക്കിന് ഏത് ഡോക്ടറുടെ അടുത്തുചെന്നാലും എഴുതിക്കൊടുക്കുന്ന ഗുളിക ഡയാനിലാണ്. അതുകൊണ്ട് അതിന് സമാനമായ ഗുളികയെന്നുവിചാരിച്ചാൽ മതി. അവിടത്തെ ഉടക്കൊല്ലി ഡോക്ടറാണ് ശ്രീ. എ. പ്രദീപ്കുമാർ. അദ്ദേഹത്തിന്റെ മരുന്നുകഴിച്ചാൽ ഉടനെ ചാകും, അങ്ങനത്തെ ഡോക്ടറാണ്. അതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ഒരു ഗുളിക വാങ്ങി കഴിക്കാനുള്ള പൈസയെങ്കിലും പാവപ്പെട്ട കൗൺസിലർക്ക് ലഭിക്കണ്ടേ? തിരുവനന്തപുരം നഗരസഭയിലെ നന്തൻകോട് കൗൺസിലറായിരുന്ന ആർ.സി. ദാസ് കടത്തിണ്ണയിൽ കിടന്നാണ് മരണപ്പെട്ടത്. അദ്ദേഹത്തിന് മക്കളും ഭാര്യയും വീട്ടുകാരുമില്ല. ജീവിതം മുഴുവനും

പൊതുപ്രവർത്തനത്തിനുവേണ്ടി മാറ്റിവയ്ക്കുകയും ഒന്നുരണ്ട് പ്രാവശ്യം നന്തൻകോട് വാർഡ് കൗൺസിലറായി തിരുവനന്തപുരം കോർപ്പറേഷൻ ഓഫീസിൽ പ്രവർത്തിക്കുകയും ചെയ്ത ആൾ, ജീവിതാവസാനംവരെ ഒരു നയാപൈസപോലും ആരിൽ നിന്നും കൈനീട്ടി വാങ്ങാതെ, മരുന്നു വാങ്ങി കഴിക്കാൻ നിവൃത്തിയില്ലാതെ കടത്തിണ്ണയിൽ കിടന്ന് മരിക്കുകയാണ് ഉണ്ടായത്. അങ്ങനെ ദുരന്തം അനുഭവിക്കുന്ന ഒരുപാട് മുൻ പഞ്ചായത്ത് മെമ്പർമാരും കൗൺസിലർമാരുമുണ്ട്. അവരെ നാം കാണുന്നുണ്ട്. അവർക്ക് ഒരു നീതികൊടുക്കണ്ടേ; ബ്ലോക്ക് പഞ്ചായത്തിനും ജില്ലാ പഞ്ചായത്തിനും തൽക്കാലം മാറ്റിവയ്ക്കട്ടേ; മുനിസിപ്പാലിറ്റികൾക്കും പഞ്ചായത്തുകൾക്കും കൊടുക്കാമല്ലോ; അവർ അവിടെ ഓൺ ഫണ്ട് ഉണ്ടാക്കുന്നുണ്ടല്ലോ; അവർ മറ്റ് ധനാഗമ മാർഗ്ഗങ്ങൾ ഉണ്ടാക്കുമല്ലോ; ഈ രണ്ട് വിഭാഗങ്ങൾക്കെങ്കിലും തൽക്കാലം കൊടുത്തുകൂടെ? അങ്ങനെ പെൻഷൻ കൊടുത്ത് അവരുടെ വേദനയെ അകറ്റാൻവേണ്ടി, കാരുണ്യസ്പർശത്തിൽ നിൽക്കുന്ന കാരുണ്യപ്രവർത്തനത്തിൽ നിൽക്കുന്ന യു.ഡി.എഫ്. സർക്കാരും അതിനേക്കാൾ കൂടുതൽ കാരുണ്യം നടത്തുന്ന ഡോ. എം. കെ. മുനീറും തയ്യാറാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽ കൂടി ഞാൻ പിന്തുണയ്ക്കുന്നു.

<u>ശ്രീ. കെ. അജിത്</u>: സർ, ഈ ഗവൺമെന്റിന്റെ അശാസ്ത്രീയമായ വാർഡ്

വിഭജനവും പഞ്ചായത്ത് വിഭജനവുമാണ് രാവിലെ അടിയന്തരപ്രമേയമായി പ്രതിപക്ഷം സഭയിൽ കൊണ്ടുവന്നത്. നമ്മുടെ നാട്ടിലെ ജനാധിപത്യ സംവിധാനങ്ങളെയാകെ അട്ടിമറിക്കുന്ന തരത്തിൽ രാഷ്ട്രീയ ലാഭത്തിനുവേണ്ടി ഒരു ഗവൺമെന്റിനെ എങ്ങനെ ഉപയോഗപ്പെടുത്താമെന്നതാണ് ഈ ഗവൺമെന്റിപ്പോൾ കാണിച്ചുകൊണ്ടിരിക്കുന്നത്. ചില പ്രത്യേക രാഷ്ട്രീയ കക്ഷികൾക്ക് ഭൂരിപക്ഷം ലഭിക്കുന്നതിനുവേണ്ടിയുള്ള നടപടിക്രമമാണ് വാർഡ് വിഭജനവും പഞ്ചായത്ത് വിഭജനവുമായി ബന്ധപ്പെട്ട് നടക്കുന്നത്. എന്റെ സുഹൃത്ത് മാവേലിക്കര എം.എൽ.എ. സൂചിപ്പിക്കുകയുണ്ടായി, മാവേലിക്കര നിയോജകമണ്ഡലം മാവേലിക്കര ബ്ലോക്കുമാണ്. പക്ഷേ, മാവേലിക്കര ബ്ലോക്കിൽ മാവേലിക്കര നിയോജകമണ്ഡലത്തിൽപ്പെട്ട ഒരു പഞ്ചായത്തും ഉൾപ്പെടുന്നില്ല. അദ്ദേഹം സൂചിപ്പിച്ചത്, ശ്രീ. പി.സി. വിഷ്ണുനാഥിന്റെ ചെങ്ങന്നൂർ മണ്ഡലത്തിൽനിന്ന് ഏതാണ്ട് 36 കി.മീറ്റർ യാത്ര ചെയ്തുവേണം മാവേലിക്കര ആസ്ഥാനമായുള്ള മാവേലിക്കര മണ്ഡലത്തിലെ ഒരു പഞ്ചായത്തിലെ ആളുകൾക്ക് അവിടെ എത്തിച്ചേരാൻ. ഇങ്ങനെ അശാസ്ത്രീയമായ രീതിയിലാണ് വാർഡ് വിഭജനം നടന്നത്. നമ്മുടെ ഗ്രാമപഞ്ചായത്തുകളാകെ അവതാളത്തിലായിരിക്കുകയാണ്. ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നത് എഞ്ചിനീയറിംഗ്

വിഭാഗമാണ്. നമ്മുടെ ഗ്രാമ പഞ്ചായത്തുകളിലെ എഞ്ചിനീയറിംഗ് വിഭാഗം നിശ്ചലമായിരിക്കുകയാണ്. ഏതാണ്ട് 50 ശതമാനത്തിലധികം വരുന്ന പ്രവർത്തനങ്ങളെ നിയന്ത്രിക്കേണ്ട എഞ്ചിനീയറിംഗ് വിഭാഗം ഇന്ന് പല പഞ്ചായത്തുകളിലുമില്ല. അതിന്റെ ഫലമായി ഡി.പി.സി.യിൽ അംഗീകാരം ലഭിക്കാതെ വികസന പ്രവർത്തനങ്ങൾ മന്ദീഭവിക്കുന്ന സ്ഥിതിയാണുണ്ടാകുന്നത്. എന്റെ നിയോജകമണ്ഡലത്തിലെ വൈക്കം ഉൾപ്പെടെയുള്ള പ്രദേശത്ത് ഒരു എ.എക്സ്.ഇ. വർക്ക് ചെയ്യുന്നുണ്ട്. വൈക്കം, ഏറ്റുമാനൂർ, കടുത്തുരുത്തി എന്നീ മൂന്ന് നിയോജകമണ്ഡലങ്ങളിലെ ചുമതല ഒരു എ.എക്സ്.ഇ.ക്കാണ്. എങ്ങനെ കൃത്യമായി അദ്ദേഹത്തിന് ജോലികൾ ചെയ്യാൻ സാധിക്കും; എങ്ങനെ കൃത്യമായി ഈ പഞ്ചായത്തുകളിലെ വികസന പ്രവർത്തനങ്ങൾ ക്രോഡീകരിച്ചുകൊണ്ടുപോകുവാൻ സാധിക്കും? ഇത് ഒരു പ്രദേശത്തെ മാത്രം പ്രത്യേകതയല്ല. എല്ലാ പ്രദേശത്തെയും പ്രശ്നമാണ്. ആവശ്യത്തിന് ഉദ്യോഗസ്ഥന്മാരെ നിയമിക്കുവാൻ ഗവൺമെന്റിന് കഴിയുന്നില്ല. ഉദ്യോഗസ്ഥന്മാരെ നിലയ്ക്കുനിർത്താനും അവരെക്കൊണ്ട് പണിയെടുപ്പിക്കാനും കഴിയുന്നില്ല. അതുകൊണ്ടുതന്നെ ഗവൺമെന്റോ ത്രിതല പഞ്ചായത്തുകളോ തീരുമാനിക്കുന്ന പ്രവർത്തനങ്ങളെല്ലാം അവതാളത്തിലേയ്ക്കുപോകുന്ന സവിശേഷതയാണ് ഇപ്പോൾ

ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

നമ്മുടെ ഗ്രാമപഞ്ചായത്തുകളെപ്പറ്റി പറഞ്ഞിരിക്കുന്ന മറ്റൊരു പ്രധാനപ്പെട്ട ആക്ഷേപം, തെരുവുനായ്ക്കളുടെ ശല്യമാണ്. തിരുവനന്തപുരത്ത്, എം.എൽ.എ. ക്വാർട്ടേഴ്സും നിയമസഭയും ഉൾപ്പെടെ കേരളത്തിന്റെ തെരുവോരങ്ങൾ മുഴുവൻ തെരുവുനായ്ക്കളുടെ ശല്യംകൊണ്ട് ആൾക്കാർ ബുദ്ധിമുട്ടുകയാണ്. ഇവിടെയൊരു നിയമസഭാംഗത്തിന്റെ സഹധർമ്മിണിയെ പട്ടി കടിച്ചതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ഇടപെട്ടുവെന്ന് പറഞ്ഞു. അങ്ങനെ നിയമസഭാംഗങ്ങളുടെ ഭാര്യമാരെ, അവരുടെ ബന്ധുക്കളെ മാത്രം പട്ടികടിച്ചാൽ ഇടപെടുന്ന ഗവൺമെന്റായി മാറിയിരിക്കുന്നു. ഈ നാട്ടിലെ സാധാരണക്കാരനെ തെരുവുനായ്ക്കൾ ആക്രമിച്ചാൽ ആവശ്യമായ മരുന്നുകൊടുക്കാനുള്ള സംവിധാനം ഉണ്ടാകണം. താലൂക്കാശുപത്രികളിൽ മാത്രമാണ് ഇന്ന് തെരുവുനായ്ക്കളുടെ ആക്രമണത്തിനിരയായവർക്ക് മരുന്നുകൊടുക്കാനുള്ള സംവിധാനമുള്ളതെങ്കിൽ ഇന്ന് താലൂക്കാശുപത്രിയിൽ പലപ്പോഴും മരുന്ന് ലഭ്യമാകുന്നില്ലായെന്നുള്ള പരാതിയാണ് ജനപ്രതിധിയെന്ന നിലയിൽ ഞങ്ങളുടെ മുന്നിൽ വരുന്നത്. ABC (Animal Birth Control System) നടപ്പിലാക്കാനാണ് ഇന്ന് ഗവൺമെന്റ് ത്രിതല പഞ്ചായത്തുകളോട് പറഞ്ഞിരിക്കുന്നത്. പക്ഷെ അതിനാവശ്യമായ

സംവിധാനങ്ങളെപറ്റിയൊന്നും ഗവൺമെന്റ് പറയുന്നില്ല. ഇതിനെ നിയന്ത്രിക്കുവാനും വന്ധ്യംകരണം നടത്തുവാനും ഡോക്ടർമാരടക്കമുള്ള സംവിധാനം വേണം, അതിനാവശ്യമായ പണവും മറ്റ് സംവിധാനങ്ങളും വേണം. ഇതൊന്നും കൊടുക്കാതെ പഞ്ചായത്തിന്റെ തലയിൽ കെട്ടിവച്ച് നിങ്ങൾ നടപ്പിലാക്കിക്കോയെന്ന് പറയുന്ന ഗവൺമെന്റിന്റെ ആ സിസ്റ്റം മാറ്റണം. ഗവൺമെന്റ് ഇതിനാവശ്യമായ രീതിയിലുള്ള സംവിധാനങ്ങൾ ഒരുക്കിക്കൊണ്ട് സാമ്പത്തിക സഹായങ്ങൾ കൊടുത്തുകൊണ്ട് അവർക്കാവശ്യമായ വിദഗ്ദ്ധ ഡോക്ടർമാരുടെ ടീമിനെ ഇതിനായി ഒരുക്കിക്കൊടുക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. തെരുവുനായ്ക്കളുടെ ആക്രമണവുമായി ബന്ധപ്പെട്ട് ഇന്ന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് ഒരു അവലോകന യോഗം നടക്കുന്നുണ്ട്. ഈ വിഷയത്തിൽ ശാശ്വതമായ പരിഹാരം കണ്ടെത്താൻ, ആവശ്യമായ രീതിയിൽ മരുന്നുകൾ ആശുപത്രിയിൽ ഉണ്ടോയെന്നും ഡോക്ടർമാരുടെ സേവനങ്ങൾ ലഭ്യമാകുന്നുണ്ടോയെന്നുള്ള കാര്യങ്ങൾ ഉറപ്പുവരുത്തുന്നതിനായി ജനപ്രതിനിധികളുടെ നേതൃത്വത്തിൽ നിയോജകമണ്ഡലങ്ങളിലേയ്ക്കും ബ്ലോക്ക് തലങ്ങളിലേയ്ക്കും ജില്ലാ തലങ്ങളിലേയ്ക്കും ഇതിന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കണമെന്നാണ് ഇതുമായി ബന്ധപ്പെട്ട്

സൂചിപ്പിക്കാനുള്ളത്.

സാമൂഹ്യക്ഷേമ പെൻഷനുകളെക്കുറിച്ച് സൂചിപ്പിച്ചു. സാമൂഹ്യക്ഷേമ പെൻഷനുകൾ പലതും ഇന്ന് നിശ്ചലമായികൊണ്ടിരിക്കുകയാണ്. അത് സമയബന്ധിതമായി ലഭ്യമാകുന്നില്ല. വാർദ്ധക്യ പെൻഷൻ, വിധവാ പെൻഷൻ, വികലാംഗ പെൻഷൻ, മുതിർന്ന പൗരന്മാർക്കുള്ള പെൻഷൻ ഉൾപ്പെടെ പലതും ഇന്നും ബാങ്കുകളിലൂടെ കിട്ടുന്നത് പലപ്പോഴും ലഭിക്കുമെങ്കിലും പോസ്റ്റോഫീസ് വഴി കിട്ടുന്നത് ലഭ്യമാകുന്നില്ല. പലപ്പോഴും നീണ്ട ക്യൂവും കാത്തിരിപ്പുമാണ്. ഇന്ന് വിധവ പെൻഷനുൾപ്പെടെയുള്ള പെൻഷനുകൾ ലഭ്യമാകുന്ന കാര്യത്തിൽ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ഏറെയാണ്. പഞ്ചായത്തുകളെ കേന്ദ്രീകരിച്ചുള്ള അധിക ഭാരങ്ങൾ അവരെ അടിച്ചേൽപ്പിക്കുമ്പോൾ അതിനാവശ്യമായ ഉദ്യോഗസ്ഥ ക്രമീകരണങ്ങൾ നടത്താൻ ഗവൺമെന്റ് മറന്നുപോകുന്നുവെന്നതാണ് ഇതുമായി ബന്ധപ്പെട്ട് ഞാൻ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നത്.

ക്ഷീരവികസനവുമായി ബന്ധപ്പെട്ട് നമ്മുടെ പ്രവർത്തനങ്ങൾ സൂചിപ്പിച്ചു. സംസ്ഥാനത്ത് ഇന്ന് ലഭ്യമാകുന്ന ക്ഷീരവികസന പ്രവർത്തനങ്ങളിൽ നമുക്ക് വലിയ വീഴ്ചകളുണ്ടാകുന്നു. കുറച്ച് മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞുവെന്ന് നമ്മൾ അവകാശപ്പെടുമ്പോഴും അതിനകത്ത് വീഴ്ചകൾ വന്നിട്ടുണ്ട്. കുളമ്പുരോഗം പടർന്നു

പന്തലിക്കുകയാണ്. നമ്മുടെ സംസ്ഥാനത്താകമാനം കുളമ്പുരോഗം പടർന്നുപിടിച്ചതുമൂലം പാൽ ഉത്പാദന മേഖലയിൽ ഗണ്യമായ രീതിയിലുള്ള കുറവുണ്ടായിട്ടുണ്ട്. ഇതുസംബന്ധിച്ചുള്ള പരാതി ആരോട് പറയും? പാലുത്പാദന രംഗത്ത് നമുക്കുണ്ടായ വീഴ്ചയെപ്പറ്റി ക്ഷീരവികസന വകുപ്പുമന്ത്രിയോട് പരാതി പറയുമ്പോൾ അദ്ദേഹം പറയും, അത് നോക്കുന്നത് മൃഗസംരക്ഷണ വകുപ്പുമന്ത്രിയാണെന്ന് പറയും. പഞ്ചായത്തിന്റെ വിഷയം പറയുമ്പോൾ അത് ഞാനല്ല നഗരവികസന വകുപ്പുമന്ത്രിയാണെന്ന് പറയും. അങ്ങനെ പഞ്ചായത്തുകളെയും ബ്ലോക്കുകളെയുംപോലെ വകുപ്പുകളെയും വികലമായി വെട്ടിമുറിച്ച് അശാസ്ത്രീയമായ രീതിയിലുള്ള സംവിധാനത്തിലേയ്ക്ക് പോവുകയാണ്. അതുകൊണ്ടുതന്നെ ഏകോപനം ഉണ്ടാകുന്നില്ല. കന്നുകാലി ഉൾപ്പെടെയുള്ള അനിമൽ ഹസ്ബന്ററി മേഖലയിലുള്ള നിരവധി ഉരുക്കളെ സംരക്ഷിക്കാനുള്ള നടപടികളിലേയ്ക്ക് നമുക്ക് ഒരു ഏകോപനം ഉണ്ടാകാതെ പോയി. പാൽ ഉത്പാദനരംഗത്ത് കേരളത്തിന് വളർച്ചയുണ്ടെന്ന് പറയപ്പെടുമ്പോൾ അത് എടുത്തുകാണിക്കാൻ കഴിയാത്ത തലത്തിലേയ്ക്ക് പോയി.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ഈ സർക്കാർ വരുമ്പോൾ ഒരു ദിവസം 8 ലക്ഷം

ലിറ്റർ പാലായിരുന്നു വാങ്ങിയിരുന്നത്. ഇന്ന് വാങ്ങുന്നത് ഒരു ലക്ഷം ലിറ്റർ പാലാണ്. ഇങ്ങനെ മുന്നോട്ടുപോയാൽ പാൽ ഉല്പാദനത്തിൽ നാം സ്വയം പര്യാപ്തത നേടും. ഇപ്പോൾ എക്സസ് പാൽ ചെലവഴിക്കാൻവേണ്ടി പാൽപ്പൊടി പോലുള്ള മറ്റ് പാലുല്പന്നങ്ങളുണ്ടാക്കാനുള്ള മാർഗ്ഗം അന്വേഷിച്ചു കൊണ്ടിരിക്കുകയാണ്. പാലുല്പാദനത്തിൽ കേരളത്തിൽ വലിയ നേട്ടം ഉണ്ടായിട്ടുണ്ട്. അതിൽ എല്ലാവരുടെയും സഹകരണവും ഉണ്ടായിട്ടുണ്ട്.

<u>ശ്രീ. കെ. അജിത്</u>: സർ, പാലുല്പാദന രംഗത്ത് മുന്നേറാൻ കഴിഞ്ഞെങ്കിൽ, കൂടുതൽ വിഭവങ്ങളുണ്ടാക്കാൻ കഴിയുന്നുവെങ്കിൽ അത് നല്ല കാര്യമാണ്.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, കഴിഞ്ഞ മൂന്ന് വർഷത്തെ അപേക്ഷിച്ച് പാലുൽപ്പാദനം കൂടിയോ, കുറഞ്ഞോ?

<u>ശ്രീ. കെ. സി. ജോസഫ്:</u> സർ, അങ്ങ് മന്ത്രിയായി സ്ഥാനം ഒഴിയുമ്പോൾ കർണ്ണാടകം, തമിഴ്നാട് എന്നിവിടങ്ങളിൽനിന്നും ഒരു ദിവസം 8 ലക്ഷം ലിറ്റർ പാലാണ് വാങ്ങിയിരുന്നത്. ഇന്ന് ഒരു ലക്ഷം ലിറ്റർ പാലാണ് വാങ്ങുന്നത്. ഉല്പാദനം വർദ്ധിച്ചു. മലബാറിൽ ഉല്പാദനം ആവശ്യത്തിലധികമായി.

<u>ശ്രീ. കെ. അജിത്</u> : സർ, എന്നിരുന്നാലും ഗ്രാമപ്രദേശങ്ങളിലും നഗര പ്രദേശങ്ങളിലുമുൾപ്പെടെ ആവശ്യമായ പാൽ ലഭ്യമാകുന്നില്ലെന്ന ആക്ഷേപം

നിലനിൽക്കുന്ന എന്നാണ് ഞാൻ സൂചിപ്പിച്ചത്. കൂടുതൽ വിഭവങ്ങളുണ്ടാക്കിക്കൊണ്ട് രാഷ്ട്രീയ വൈരുദ്ധ്യമില്ലാതെ നമുക്ക് ഈ മേഖലയെ സംരക്ഷിക്കാൻ കഴിയുന്നതാണ്.

മറ്റൊരു കാര്യം സൂചിപ്പിക്കാനുള്ളത്, ക്ഷീര കർഷകരുടെ മക്കളുടെ വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, വിദ്യാഭ്യാസ സഹായം എന്നിവയിൽ ഒരു ഏകീകരണമുണ്ടാകണം എന്നതാണ്. ഏറ്റവും കൂടുതൽ ആനുകൂല്യങ്ങൾ ഏത് ക്ഷേമ പെൻഷനുകൾക്കാണ് കൊടുക്കുന്നത് അതിന് തുല്യമായ തലങ്ങളിലേയ്ക്ക് ഈ ക്ഷീരകർഷകരെ കൊണ്ടെത്തിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കാലിത്തീറ്റയുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് ക്ഷീരകർഷകരുടെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. നമുക്കിടപെടാൻ കഴിയാത്ത തരത്തിൽ കാലിത്തീറ്റയുടെ വില വർദ്ധിച്ചിരിക്കുന്ന എന്നുള്ളത് പൊതുമേഖലയിൽ പ്രവർത്തിക്കുന്ന, ഇതിൽ താൽപ്പര്യമുള്ള ആളുകൾ ശ്രദ്ധിക്കേണ്ട വിഷയമാണ്. 50 കിലോയുടെ ഒരു ചാക്ക് കാലിത്തീറ്റയ്ക്ക് 900 മുതൽ 1200 രൂപ വരെയാണ് വില വരുന്നത്. പിണ്ണാക്കിന് 1700 രൂപയോളം വില വരുകയാണ്. ഇന്ന് കർഷകർക്ക് താങ്ങാൻ കഴിയാത്ത തരത്തിൽ ക്ഷീരമേഖലയിലെ കാലിത്തീറ്റകളുടെ വില വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. പാലിന് ആവശ്യമായ വില ലഭ്യമാക്കണം. പാലിന് പച്ചവെള്ളത്തെക്കാൾ വില കുറവാണെന്നുള്ള കാര്യം കേരള പൊതുസമൂഹം

മനസ്സിരുത്തി പഠിക്കേണ്ട വിഷയമാണ്. ബ്രാന്റ് നെയിം നോക്കി, ഏറ്റവും മുന്തിയതരം കമ്പനി ഏതാണെന്ന് നോക്കിയാണ് വെള്ളം വാങ്ങുന്നത്. പക്ഷേ പാൽ വാങ്ങുമ്പോൾ അങ്ങനെ നോക്കുന്നില്ല. അന്യ സംസ്ഥാനങ്ങളിൽനിന്നും വരുന്ന മായം ചേർന്ന ദിവസങ്ങളോളം ഒരു സംരക്ഷണവുമില്ലാതെ കേടുകൂടാതിരിക്കുന്ന പാൽ സുലഭമായി വാങ്ങി ഭക്ഷിക്കുകയും പാൽ കഴിക്കുന്നതിലൂടെ ആരോഗ്യം സംരക്ഷിക്കുമെന്ന് അവകാശവാദം ഉന്നയിക്കുന്ന കേരളത്തിന്റെ ആരോഗ്യ രംഗത്തിന് പാലിന്റെ ഗുണനിലവാരത്തെപ്പറ്റി പഠിക്കുവാനോ ഇടപെടാനോ ആവശ്യമായ സംവിധാനങ്ങളില്ല. അതുകൊണ്ട് അന്യസംസ്ഥാനങ്ങളെ കേന്ദ്രീകരിച്ചുവരുന്ന പാൽ മാഫിയകൾ കേരളത്തിലേയ്ക്ക് ഒഴുക്കുന്ന പാലിന്റെ ഗുണനിലവാരം നമ്മുടെ പൊതു ആരോഗ്യരംഗത്ത് ഗുരുതരമായ ഭവിഷ്യത്താണുണ്ടാക്കുന്നത്.

ശ്രീ. പി. തിലോത്തമൻ: സർ, മുമ്പ് നമ്മുടെ ഗവൺമെന്റുതന്നെ നിരോധിച്ച പല കമ്പനികളും ഇന്ന് വേറെ പേരിൽ പാൽ വിതരണം നടത്തുന്നതായി ശ്രദ്ധയിൽ വന്നിരിക്കുകയാണ്. ഗവൺമെന്റ് ഇതിനെക്കുറിച്ച് പഠിച്ചിട്ടുണ്ടോ? ക്ഷീരവികസന വകുപ്പുതന്നെ ഒരു ക്യാമ്പിൽ പതിനൊന്ന് കടകളിൽനിന്ന് വാങ്ങിയ പാൽ പരിശോധിച്ചപ്പോൾ പതിനൊന്നും പതിനൊന്ന് തരത്തിലാണ്. സംസ്ഥാനത്ത്

വിതരണം ചെയ്യുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കാൻ യാതൊരു സംവിധാനവും നിലവിലില്ലെന്നുള്ളതിനെ സംബന്ധിച്ച് വളരെ ആശങ്കയോടുകൂടിയാണ് ജനങ്ങൾ നോക്കിക്കാണുന്നത്. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. അജിത്: സർ, അത് പറയാൻതന്നെയാണ് ഞാൻ ഉദ്ദേശിച്ചത്. മായം ചേർന്ന പാലുകളെ നിയന്ത്രിക്കാനോ നിരോധിക്കാനോ ശ്രമം ആരംഭിക്കുമ്പോൾ അത് പുതിയ പേരിൽ വരികയാണ്. നമ്മുടെ ഗവൺമെന്റിന് അങ്ങനെ ഒരിടപെടൽ നടത്താനുള്ള സംവിധാനങ്ങൾ കുറവാണ്. ഇതിൽ വലിയ ലോബികൾ പ്രവർത്തിക്കുന്നുണ്ട്. ആവശ്യമായ പാൽ ഉൽപ്പാദിപ്പിക്കാൻ കഴിയുന്നുവെന്നും ആവശ്യത്തിലധികം പാൽ ഉണ്ടെന്നുമാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചത്. എന്നാലും അന്യസംസ്ഥാനങ്ങളിൽനിന്നുവരുന്ന പാൽ ലോബികളെ ആശ്രയിച്ചാണ് കേരളത്തിന്റെ പ്രഭാതങ്ങൾ കടന്നുപോകുന്നതെന്ന കാര്യം നമ്മൾ വിലയിരുത്തേണ്ടതുണ്ട്. നമ്മുടെ കുഞ്ഞുങ്ങളെ സംരക്ഷിക്കാനുള്ള ഉത്തരവാദിത്തമുണ്ടെങ്കിൽ അതിൽ കൃത്യമായും നാം ഇടപെടേണ്ടിയിരിക്കുന്നു. സാധാരണ ഒരു ദിവസത്തിൽ കൂടുതൽ പാൽ ഇരിക്കുകയില്ല. പക്ഷേ ഇന്ന് മാർക്കറ്റിൽ ലഭിക്കുന്ന പാലുകൾ ആഴ്ചകളോളം ഇരുന്നാലും പുളിക്കുകയോ

പിരിഞ്ഞുപോകുകയോ കേടാകുകയോ ചെയ്യുന്നില്ല. ഇത് ഗൗരവമായി പരിഗണിക്കണമെന്നാണ് ഞാൻ സൂചിപ്പിക്കുന്നത്.

ക്ഷീരകർഷകർക്ക് പാൽ കറക്കുന്നതിനുള്ള മെഷീൻ ചില സ്കീമുകളുടെ അടിസ്ഥാനത്തിൽ മാത്രമാണ് ലഭിക്കുന്നത്. എ.പി.എൽ., ബി.പി.എൽ. വ്യത്യാസമില്ലാതെ ഒറ്റ കർഷകരായിട്ടുള്ള, നാമമാത്ര കർഷകരായിട്ടുള്ളവർക്ക് പാൽ കറക്കുന്നതിനുള്ള ഉപകരണം സൗജന്യമായി കൊടുക്കാനും സബ്സിഡിയിലൂടെ അവർക്ക് കൂടുതൽ കാലിത്തീറ്റ ഉൾപ്പെടെയുള്ള സാധനങ്ങൾ കൊടുക്കാനും നടപടിയുണ്ടാകണമെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി</u>: സർ, വളരെ പ്രധാനപ്പെട്ട ഈ വകുപ്പുകളുടെ ചർച്ചയിൽ പങ്കെടുത്ത് സർക്കാരിന്റെ ബന്ധപ്പെട്ട ധനാഭ്യർത്ഥനകളെ പിന്തുണക്കുന്നതിൽ അഭിമാനമുണ്ട്. ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തമായി പിന്തുണയ്ക്കുകയാണ്. ഈ സർക്കാരിന്റെ വളരെ പ്രധാനപ്പെട്ട മുദ്രാവാക്യങ്ങളോട് നീതി പുലർത്തിക്കൊണ്ട് വളരെ പുരോഗമനോന്മുഖമായ നടപടികൾ സ്വീകരിച്ച വകുപ്പുകളെക്കുറിച്ചാണ് ചർച്ച ചെയ്യുന്നത്. ഈ വകുപ്പുകളുടെ ഏറ്റവും വലിയ പ്രത്യേകത, ഇത് സമൂഹത്തിന്റെ ഹൃദയവുമായി ബന്ധപ്പെട്ട വകുപ്പുകളാണ്. വിശേഷിച്ച് സാമൂഹിക നീതി സാമൂഹിക സുരക്ഷിതത്വ വകുപ്പും ഗ്രാമവികസനവും.

ഈ വകുപ്പുകളിൽ വളരെ അഭൂതപൂർവ്വമായ നേട്ടങ്ങൾ കൈവരിച്ച് ഇതിന് നേതൃത്വം കൊടുക്കുന്ന മന്ത്രിമാരെ അഭിനന്ദിക്കുന്നതിലും എനിക്ക് അഭിമാനമുണ്ട്. ഗ്രാമവികസനത്തിൽ കേന്ദ്രസർക്കാരിന്റെ പദ്ധതികൾ നടപ്പിലാക്കുന്നതിൽ ഗുണപരമായ മാറ്റമാണ് കഴിഞ്ഞ നാലരക്കൊല്ലം കാണപ്പെട്ടത്. ആ ഗുണപരമായ മാറ്റത്തിന്റെ സത്ഫലങ്ങൾ പൊതുവെ പലയിടത്തും പ്രകടമാണ്. അതോടൊപ്പം നേരത്തെ ബഹുമാനപ്പെട്ട മന്ത്രി ചർച്ചയിൽ ഇടപെട്ട് സൂചിപ്പിച്ചതുപോലെ, ക്ഷീരവികസന രംഗത്ത് വലിയ വിപ്ലവകരമായ, ഒരു ക്ഷീരവിപ്ലവം അതായത് കേരളം ക്ഷീരോല്പാദനരംഗത്ത് സ്വയംപര്യാപ്തത കൈവരിച്ചു എന്നുപറയുന്നത് നിസ്സാരമായി കാണാൻ കഴിയുന്ന ഒരു കാര്യമല്ല. ഗ്രാമവികസനത്തിൽ കാർഷിക രംഗത്ത് വളരെ പ്രധാനപ്പെട്ട ഒരു നീക്കമാണത്. അതുപോലെ ഡോ. എം. കെ. മുനീർ മന്ത്രിയായി ചുമതല ഏറ്റെടുത്തതിനുശേഷം സാമൂഹിക വികസന രംഗത്ത് ഏറ്റവും കൂടുതൽ അവശരെ സഹായിക്കാൻ സാധിക്കുന്ന വകുപ്പാണ് അദ്ദേഹത്തിന്റേത്. അഗതികൾ, അശരണർ, വയോവൃദ്ധന്മാരും വൃദ്ധകളുമായിട്ടുള്ളവർ ഇവരെയൊക്കെ പരിഗണിച്ചുകൊണ്ട് വളരെ സദുദ്ദേശപരമായി ദൂരവ്യാപകമായ ഗുണങ്ങൾ സൃഷ്ടിക്കുന്ന നീക്കങ്ങളാണ് ഈ വകുപ്പുകളിലുണ്ടായിട്ടുള്ളത്. സർക്കാരിന്റെ 'കരുതൽ' എന്ന മുദ്രാവാക്യത്തെ വളരെ അന്വർത്ഥമാക്കുന്ന

രീതിയിലുള്ള നടപടികൾ സ്വീകരിച്ചു. ഇതുമായി ബന്ധപ്പെട്ട് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് എനിക്ക് സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാനുള്ളത്. കേരളീയ സമൂഹം ഇന്ന് വൈകാരികമായി ദുർബ്ബലമായിക്കൊണ്ടിരിക്കുകയാണ്. ധാരാളം മേഖലകളിൽ വികസനമൊക്കെ കാണപ്പെടുന്നുണ്ടെങ്കിലും ആന്തരികമായി നാം അനുഭവിക്കുന്ന വലിയൊരു ശൂന്യതയുണ്ട്. സമൂഹത്തിന്റെ ശൂന്യത. പുറംമോടികൊണ്ട് വളരെ മെച്ചപ്പെട്ട രീതിയിലാണ്, പക്ഷേ കുടുംബങ്ങളിലും വ്യക്തികളിലും സമൂഹത്തിലും അകം ശൂന്യമാണ്. അതിന് ഇരയായിക്കൊണ്ടിരിക്കുന്നത് അശരണരായിട്ടുള്ളവരാണ്, പ്രത്യേകിച്ച് വാർദ്ധക്യത്തിലെത്തിയവരാണ്. അവരെ പരിഗണിക്കുക എന്നത് ആരോഗ്യമുള്ള സമൂഹത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട കടമയായി മാറിയിരിക്കുന്നു. അടുത്തകാലത്ത് അണുകുടുംബങ്ങളായി മാറിയ കേരളത്തിലെ കുടുംബങ്ങൾ പലതും...... കേരളത്തിലെ ചെറുപ്പക്കാർ careerist-കളായി മാറിക്കൊണ്ടിരിക്കുകയാണ്. തൊഴിലിലാണ് അവർ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. Careerist-കളാകുമ്പോൾ മാതാപിതാക്കൾ അവഗണിക്കപ്പെടുന്നതിന്റെ സ്വാഭാവിക പരിണിതിപോലെ ഒരു ദുരന്ത ഫലം നമ്മളിന്ന് അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ശിശുമരണ നിരക്ക് കുറഞ്ഞു, പൊതുജനാരോഗ്യ സംവിധാനം മെച്ചപ്പെട്ടു, മരണ നിരക്കും കുറഞ്ഞു.

സ്വാഭാവികമായും വയോധികരുടെ എണ്ണവും വർദ്ധിക്കും. ലോകത്താകെയുള്ള പ്രവണതയാണത്. 2050 ആകുമ്പോൾ ലോകത്ത് അഞ്ചിലൊരാൾ വയോധികരായിരിക്കുമെന്നാണ്. ആ രീതിയിലുള്ള വളർച്ചയാണ് ലോകത്ത് കാണപ്പെടുന്നത്. അത് കണക്കിലെടുത്തുകൊണ്ടുള്ള വലിയ നടപടികളുണ്ടാകണം. പക്ഷേ നിർഭാഗ്യകരമായിട്ടുള്ള കാര്യങ്ങളാണ് നടക്കുന്നത്. വൃദ്ധസദനങ്ങൾ, വൃദ്ധമന്ദിരങ്ങൾ എന്നിവ സമൂഹത്തിന് ആവശ്യമാണ്. പക്ഷേ മക്കൾ അവരെ പോറ്റാതെ കൊണ്ടുപോയി കന്നുകാലികളെ തള്ളുംപോലെ തള്ളുകയാണ്. അത് വളരെ ഗൗരവത്തോടുകൂടി ചർച്ച ചെയ്യപ്പെടേണ്ട ഒരു പ്രശ്നമാണ്. അൻപത് ശതമാനം വയോധികരുടെ ആരോഗ്യനില മോശമാണെന്ന് നാലഞ്ച് കൊല്ലംമുമ്പ് റിപ്പോർട്ട് വന്നതിനെത്തുടർന്നാണ് ഈ ഗവൺമെന്റ് അധികാരമേറ്റെടുത്തതിനുശേഷം നടപടികൾ സ്വീകരിക്കുന്നത്. വികസിത രാജ്യങ്ങളൊക്കെ വൻകിട ആസൂത്രണങ്ങളാണ് ഇന്ന് വയോധികരുടെ കാര്യത്തിൽ നടത്തുന്നത്. പാശ്ചാത്യ സമൂഹമൊന്നും 60 വയസ്സിനെ വാർദ്ധക്യമായി അംഗീകരിക്കുന്നില്ല. 60 വയസ്സിനെ നമ്മൾ വയോധികരെന്ന് വിളിക്കുമ്പോൾ അമേരിക്കയിൽ 65 വയസ്സ് കഴിയണം വയോധികർ എന്നുതന്നെ പരിഗണിക്കപ്പെടാൻ. അമേരിക്കയിൽ 60 വയസ്സ് വാർദ്ധക്യമല്ല. 65 നും 74-നും ഇടയിലുള്ളവരാണ് അവിടത്തെ നവവൃദ്ധർ.

അവരെയും വൃദ്ധരായി അംഗീകരിക്കുന്നില്ല. 80 വയസ്സ് കഴിഞ്ഞവരെമാത്രമാണ് അമേരിക്കൻ സമൂഹം വയോവൃദ്ധർ എന്ന് വിളിക്കുന്നത്. ആ രീതിയിൽ ഈ രംഗത്ത് മാറ്റമുണ്ടാകുന്നു. ഏത് യുവാവിനും നാളെ വരേണ്ട ഒരു പ്രതിഭാസമാണല്ലോ വാർദ്ധക്യം. ജഹാംഗീർ ചക്രവർത്തിയെക്കുറിച്ച് പറയപ്പെടുന്ന ഒരു സംഗതിയുണ്ട്. അദ്ദേഹം തന്റെ പണ്ഡിതയായ പത്നി നൂർജഹാനോട് ചോദിച്ചു, വാർദ്ധക്യത്തിലെത്തിയ ആളുകൾ വടിയെടുത്ത് നടുവൊടിഞ്ഞ് നടക്കുന്നത് എന്തുകൊണ്ടാണ് എന്ന്. അപ്പോൾ നൂർജഹാൻ കൊടുത്ത മറുപടി, അത് നഷ്ടപ്പെട്ടുപോയ യൗവ്വനം തിരഞ്ഞുനോക്കുകയാണ് എന്നാണ്. നഷ്ടപ്പെട്ടുപോയ യൗവ്വനം തിരഞ്ഞുനോക്കുന്ന അവസ്ഥ ഏതൊരു മനുഷ്യനും വരും. അത് മുൻകൂട്ടി കണക്കിലെടുത്തുകൊണ്ടുള്ള നടപടികളിലേക്ക് പോകണം. പാശ്ചാത്യ രാജ്യങ്ങളിൽ Assisted living centre, Acute caring centre എന്നിവയൊക്കെ വയോധികരുടെ സംരക്ഷണത്തിനുവേണ്ടി ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അവർക്ക് കൂടുതൽ ആരോഗ്യം കൊടുക്കുകയാണ്. പക്ഷെ, നമ്മൾ ഇന്ന് ഇവിടെ കാണുന്നത് എന്താണ്? കേരളീയ സമൂഹത്തിന്റെ മാനസികമായ/വൈകാരികമായ ആരോഗ്യനില വളരെ ദുർബലമാണ്. Morally bankrupt, culturally eroded എന്നു പറയാവുന്ന രീതിയിലുള്ള ശൂന്യാവസ്ഥയാണ് സമൂഹം ഇന്ന് അനുഭവിക്കുന്നത്. ക്വാലാലംപൂരിൽ

നിന്ന് നെടുമ്പാശ്ശേരിയിലേക്ക് അച്ഛനെ കയറ്റി അയച്ച മകൾ അച്ഛന്റെ ബാഗിൽ 5,550/- രൂപ കരുതി വച്ചിട്ട് 'ഈ വൃദ്ധനെ ആരെങ്കിലും കൊല്ലത്തേയ്ക്ക് ബസ്സ് കയറ്റി വിടണം' എന്ന് കുറിപ്പ് എഴുതിവച്ചിരിക്കുകയാണ്. നെടുമ്പാശ്ശേരിയിൽ വന്നിറങ്ങിയ അച്ഛൻ തെണ്ടിത്തിരിഞ്ഞു നടക്കുമ്പോൾ നല്ലൊരു ഉദ്യോഗസ്ഥനായ എ.എസ്.ഐ. മി. സുധീർ ഈ പാവപ്പെട്ട വൃദ്ധനെ ഊണകഴിപ്പിച്ചിട്ട് പറവൂരിലെ അശരണ അഗതി മന്ദിരത്തിൽ കൊണ്ടാക്കി. ആ വൃദ്ധൻ കൊടുത്ത നമ്പരിലേയ്ക്ക് ഫോൺ ചെയ്തപ്പോൾ മക്കൾക്കില്ലാത്ത താല്പര്യം ഞങ്ങൾക്ക് എന്തിനാണ് എന്നുള്ള മറുപടിയാണ് ആ വീട്ടിൽ നിന്ന് കിട്ടിയത്. കേരളത്തിൽ ഇത് വ്യാപകമാണ്. മലയാളത്തിലെ പ്രമുഖ പത്രങ്ങളൊക്കെ ഈ പ്രതിഭാസത്തെക്കുറിച്ച് ഗൗരവതരമായ ആഴത്തിലുള്ള പഠനങ്ങളും ഫീച്ചറുകളും പ്രസിദ്ധീകരിച്ചിരുന്നു. മലയാളികൾ അവരുടെ മക്കളോട് എന്തു ചെയ്യുന്നു? അത് മനസ്സിലാക്കുമ്പോൾ കേരളത്തിനെ 'God's own country' എന്നു വിളിക്കാൻ കഴിയില്ല. അച്ഛനെയും അമ്മയെയും കണ്ണീരു കുടിപ്പിക്കുന്ന നാട് ഒരിക്കലും ദൈവത്തിന്റെ നാട് ആവുകയില്ല. ആശുപത്രിയിലാക്കി മുങ്ങുന്ന മക്കൾ, തൊഴുത്തിൽ കെട്ടുന്ന മക്കൾ, അക്ഷരാർത്ഥത്തിൽ അച്ഛനും അമ്മയും പുഴു അരിച്ച് മരിക്കുകയാണ്. ഈ പറയുന്നത് ഏതെങ്കിലും ഒറ്റപ്പെട്ട കേസ് അല്ല. തിരുവനന്തപുരത്ത് പരേതനായ ഒരു മുൻ ഉദ്യോഗസ്ഥന്റെ പെങ്ങൾക്ക് ഈ

ദുർഗതിയുണ്ടായി. ഒരു മുൻ എം.എൽ.എ. വൃദ്ധസദനത്തിൽക്കിടന്നു മരിച്ചു. 400 സിനിമകളിൽ അഭിനയിച്ച കോഴിക്കോട്ടുകാരിയായ നടിക്ക് വളരെ ശോചനീയമായ അവസ്ഥയിൽ വൃദ്ധസദനത്തിൽ അഭയം തേടേണ്ടിവന്നു. ഫോർട്ട് കൊച്ചിയിൽ മക്കൾ അച്ഛനെ തിരസ്കരിച്ചതിന് ആർ.ഡി.ഒ. നോട്ടീസ് അയച്ചപ്പോൾ മകൻ കൊടുത്ത മറുപടി അച്ഛൻ കഷ്ടപ്പാടിലാണെങ്കിൽ അതിനെക്കാൾ വലിയ കഷ്ടപ്പാടിലാണ് ഞാൻ എന്നാണ്. തൊഴിലാളികളെക്കുറിച്ച് വലിയ ചർച്ച നടക്കുന്ന കാലമാണ്. ഈ സമൂഹത്തിൽ എന്നും ജോലിയെടുക്കുന്ന ആളുണ്ട് - അമ്മത്തൊഴിലാളി. അമ്മത്തൊഴിലാളിയെപ്പറ്റി ചർച്ചയില്ല. അമ്മ എന്നും പണിയെടുക്കാൻ വിധിക്കപ്പെട്ടവളാണ്. മക്കളെ നോക്കണം, ചെറുമക്കളെ നോക്കണം, വീട്ടിലുള്ള എല്ലാവരുടെയും വസ്ത്രം അലക്കണം. ലോകത്ത് എവിടെയുമില്ല ഈ സംവിധാനം. അമ്മ അങ്ങനെ കഷ്ടപ്പെടാനുള്ളതല്ല എന്നുള്ള രീതിയിലേക്ക് സമൂഹത്തെ കൊണ്ടുവരണം. എറണാകുളത്ത് കച്ചേരിപ്പടിയിൽ വിദ്യാഭ്യാസമുള്ളവരും ഉദ്യോഗസ്ഥരുമായ ആറുമക്കളുള്ള കൊച്ചുത്രേസ്യ എന്ന സ്ത്രീ 'House of the Providence' എന്നുപറയുന്ന അഗതിമന്ദിരത്തിലാണ്. ആരും അമ്മയെ നോക്കാൻ തയ്യാറല്ല; അമ്മ വീട്ടിലേക്ക് വരണ്ട. ഇപ്പോൾ പുതിയ ഒരു പ്രവണതയും കൂടി വന്നിട്ടുണ്ട്. രാത്രികാലത്ത് മക്കളുടെ പഠനത്തിന് ഇവർ

തടസ്സമാകുന്നു എന്നുള്ളതാണ്. അവശരും രോഗികളുമായിട്ടുള്ള മാതാപിതാക്കളുടെ ഞരക്കവും മൂളലും എന്റെ മോന്റെ എസ്.എസ്.എൽ.സി. പഠനത്തിന് തടസ്സമാണ്; അതുകൊണ്ട് കുട്ടിയുടെ പരീക്ഷ കഴിയുന്നതുവരെ അമ്മ ഒന്നു മാറിത്തരുമോ എന്നാണ് ചോദിക്കുന്നത്. ഇത് കേരളത്തിൽ നടക്കുന്നതാണ്. ഇതൊക്കെ വലിയ നാശത്തിലേക്കാണ് പോകുന്നത്. മഹാഭാരതത്തിൽ ഒരു യക്ഷ പ്രശ്നത്തെപ്പറ്റി പറയുന്നുണ്ട്. യക്ഷപ്രശ്നം എന്നു പറഞ്ഞാൽ ഒരു ക്വിസ് മത്സരം പോലെ തോന്നും. അതായത് പാണ്ഡവൻമാർ കാട്ടിൽ അലഞ്ഞുനടന്ന് ദ്വൈത വനത്തിലെത്തിയപ്പോൾ പൊയ്കയിൽനിന്ന് വെള്ളം കൊണ്ടുവരാൻ യുധിഷ്ഠിരൻ ആദ്യമായി അനുജനെയാണ് പറഞ്ഞയയ്ക്കുന്നത്. അദ്ദേഹം പോയി കുറെക്കഴിഞ്ഞിട്ടും കാണാനില്ല. കാണാതെയായപ്പോൾ ആദ്യം അന്വേഷിച്ച പോയത് നകുലനാണ്. അദ്ദേഹവും പോയിട്ട് കാണാതായപ്പോൾ അർജ്ജുനൻ, ഭീമൻ, എന്നിവർ പോയി. പോയവരാരും തിരിച്ചുവരുന്നില്ല. അവസാനം തന്റെ സഹോദരങ്ങൾക്ക് എന്തുപറ്റിയെന്ന് അറിയുവാൻ യുധിഷ്ഠിരൻതന്നെ അന്വേഷിച്ചുപോവുകയാണ്. തന്റെ സഹോദരങ്ങൾ പൊയ്കയുടെ വക്കത്ത് മരിച്ച കിടക്കുന്നതാണ് കണ്ടത്. അപ്പോൾ യക്ഷൻ സംസാരിക്കുകയാണ്. യക്ഷനാണ് ഇവിടത്തെ ക്വിസ് മാസ്റ്റർ. പുരതാനകാലത്തെ ഒരു ക്വിസ് മത്സരമാണെന്ന് വേണമെങ്കിൽ അതിനെ

വിശേഷിപ്പിക്കാം. യക്ഷൻ പറഞ്ഞു, യുധിഷ്ഠിരാ, നിന്റെ സഹോദരങ്ങളെ കൊന്നത് ഞാനാണ്. ഈ പൊയ്ക എന്റെ പൂർവ്വകാല സ്വത്താണ്. ഞാൻ ചോദിക്കുന്ന ചോദ്യങ്ങൾക്ക് മറുപടി തന്നില്ലെങ്കിൽ നിനക്കും ഈ ഗതി വരും. എന്നിട്ട് യക്ഷൻ ചോദിച്ചു, യക്ഷന്റെ ചോദ്യം, ഭൂമിയെക്കാൾ വലുത് എന്താണ്? യുധിഷ്ഠിരന്റെ മറുപടി അമ്മ, ആകാശത്തേക്കാൾ ഉയർന്നത് എന്താണ്? യുധിഷ്ഠിരന്റെ മറുപടി അച്ഛൻ, കാറ്റിനെക്കാൾ വേഗതയുള്ളത് എന്താണ്? യുധിഷ്ഠിരന്റെ മറുപടി മനസ്സ്, യക്ഷന്റെ അവസാനത്തെ ചോദ്യം, പുല്ലിനെക്കാൾ അധികമുള്ളത് എന്താണ്? യുധിഷ്ഠിരന്റെ മറുപടി ചിന്ത. ഇങ്ങനെ അമ്മയെ മനസ്സിലാക്കാത്ത രീതിയിലുള്ള, അമ്മ ഷേക്സ്പിയറുടെ കവിതകളിലൊന്നും ഉണ്ടായിരിക്കില്ല; കാളിദാസന്റെ ഭാവന അമ്മയ്ക്കുണ്ടായി എന്നുവരില്ല; ബീഥോവന്റെ, മൊസാർട്ടിന്റെ രാഗതന്ത്രികളുടെ ഈണം ആകാൻ അമ്മയ്ക്കു കഴിഞ്ഞുവെന്നുവരില്ല. പക്ഷെ, മൈക്കൽ ആഞ്ചലോയുടെ വിരലിന്റെ പുണ്യം, ലിയനാർഡോ ഡാവിഞ്ചിയുടെ വിരലിന്റെ കലാപരമായിട്ടുള്ള സൗഭഗം, കാളിദാസന്റെ കാവ്യഭാവനയുടെ ആത്മാവ്, ഷേക്സ്പിയറുടെ ഹൃദയത്തിൽ തുടിക്കുന്ന പ്രേരണയുടെ പ്രഭവകേന്ദ്രം ചരിത്രത്തിൽ എന്നും അമ്മയാണ്. അമ്മയാണ് സംസ്കാരം; അമ്മയാണ് സർവ്വകലാശാല; അമ്മയുടെ പാദാരവിന്ദങ്ങളിലാണ് എല്ലാം അർപ്പിക്കേണ്ടത്. ഞാൻ ഗൗരവത്തോടെ

പറയുകയാണ്, നിയമസഭയിൽ ഇതൊക്കെ ചർച്ച ചെയ്യേണ്ട വിഷയങ്ങളാണ്. കേരളത്തിൽ അമ്മ അവഗണിക്കപ്പെടുന്നു. അച്ഛനമ്മമാർ അവഗണിക്കപ്പെടുന്നു. നമ്മൾ ഈ പോക്ക് പോയാൽ എവിടെയെത്തും? ചിലപ്പോഴൊക്കെ മാതാപിതാക്കളോടുള്ള സ്നേഹം ഘനീഭവിച്ച ദുഃഖമായി തീരും. കവി രാവുണ്ണി എഴുതിയ ഒരു ലേഖനം ഉണ്ട്. അച്ഛന് കടുത്ത ക്യാൻസറായിരുന്നു. അച്ഛൻ മരിച്ചപ്പോൾ ഞാൻ ആശ്വസിച്ചു. അത്ര വലിയ രോഗമായിരുന്നു. വേദനിച്ച് കിടക്കുകയായിരുന്നു. മരിച്ചുകിടക്കുന്ന അച്ഛന്റെ ദേഹത്തിനരികെ ഞാൻ സുഖമായിട്ട് കിടന്നുറങ്ങി. അച്ഛന്റെ മൃതദേഹത്തോട് ചേർന്നുകിടന്നു. ഇത് രാവുണ്ണി എഴുതുമ്പോൾ അത് ഘനീഭവിച്ച മകന്റെ ദുഃഖമായിരുന്നു. കാരണം അത്ര വലിയ ആശ്വാസമാണ് അച്ഛനുണ്ടായത്. വലിയ രോഗത്തിൽ നിന്നുള്ള മോചനമായിട്ട് മാറുകയാണ് മരണം. ഇത് മനസ്സിലാക്കാതെ എങ്ങോട്ടാണ് നമ്മൾ കുപ്പുകുത്തുന്നത്; കേരളത്തിൽ ചെയ്തുകൂട്ടുന്നത് എന്താണ്? കിളിമാനൂരിലെ ഒരു പാവപ്പെട്ട സ്ത്രീയെ 69 സെന്റ് ഭൂമിയുണ്ടായിട്ടും മക്കൾ വീട്ടിൽനിന്ന് അടിച്ചുപുറത്താക്കി. അതിനിടയിൽ നടക്കുന്ന വേറൊരു പണിയുണ്ട്. മുദ്രക്കടലാസിൽ ഒപ്പിടീക്കുക. പാർലമെന്റ് 2006 ഓഗസ്റ്റ് 20-ാം തീയതിയാണ് വയോജന സംരക്ഷണ നിയമം പാസ്സാക്കിയത്. അത് അവർക്ക് രക്ഷയായി. അതുകൊണ്ട് പല മക്കളെയും പോലീസ് അറസ്റ്റ് ചെയ്യുന്നുണ്ട്.

ആ രീതിയിലുള്ള നിയമനടപടിയിലേക്ക് സമൂഹം എത്തി. ഞാൻ ഇവിടെ ഈ ചർച്ചയിൽ ഉന്നയിക്കുന്ന ഒരു നിർദ്ദേശം വയോജന സംരക്ഷണത്തിന് ഒരു വകുപ്പ് രൂപീകരിക്കണം; അതിനൊരു മന്ത്രിയുണ്ടാവണം. ഇന്നല്ലെങ്കിൽ നാളെ അത് വരും എന്നാണ് എന്റെ പ്രതീക്ഷ. ഇത് അത്ര ചെറിയ പ്രശ്നമല്ല; വലിയ പ്രശ്നമാണ്. അതുകൊണ്ട് 'വയോമിത്രം' പദ്ധതി രൂപീകരിച്ച മുനീർ സാഹിബിനെ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. ആയുർദൈർഘ്യം കൂടിയതിനെക്കുറിച്ച് ഞാൻ പറയുകയുണ്ടായി. അതുമാത്രമല്ല ഈ രീതിയിൽ സമൂഹത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റത്തെ നമുക്ക് ഒരിക്കലും നിസ്സാരമായിട്ട് കാണാൻ കഴിയില്ല. പ്രവാചക തിരുമേനിയോട് ഒരാൾ ചോദിച്ചു, ജീവിതത്തിൽ ഞാൻ ആരോടാണ് ഏറ്റവും കൂടുതൽ കടമ കാണിക്കേണ്ടത്? അതിന് പ്രവാചകൻ നല്കിയ മറുപടി, നിന്റെ മാതാവിനോട് എന്നാണ്. ചോദ്യം രണ്ടാമതും ആവർത്തിച്ചു, മാതാവ് കഴിഞ്ഞാൽ പിന്നെ ആരാണ്? അപ്പോഴും പറഞ്ഞു നിന്റെ മാതാവ്. മൂന്നാമതും ചോദ്യം ആവർത്തിച്ചു, അപ്പോഴും പറഞ്ഞു നിന്റെ മാതാവ്. ഒന്നും രണ്ടും മൂന്നും റാങ്ക് മാതാവ് കൊണ്ടുപോയി. നാലാമത് ശിഷ്യൻ ചോദിച്ചു അടുത്തത് ആരാണ്? അപ്പോൾ മാത്രം പറഞ്ഞു പിതാവ്. ഒന്നും രണ്ടും മൂന്നും സ്ഥാനം അടുക്കളയിലെ കരിപിടിച്ച ആ പാവപ്പെട്ട പെണ്ണ് കൊണ്ടുപോയി. അവളുടെ

ജീവിതപുണ്യം കൊണ്ടുപോയി. അവളുടെ മടിത്തട്ടിൽ വീണ സൗഭാഗ്യനക്ഷത്രം കൊണ്ടുപോയി. അവളുടെ മടിത്തട്ടിലെ സൗഭാഗ്യ നക്ഷത്രമാണ് സമൂഹങ്ങളെ നിർമ്മിച്ചത്; സംസ്കാരങ്ങളെ നിർമ്മിച്ചത്; വിജ്ഞാന ഗോപുരങ്ങൾ പണിതുയർത്തിയത്. അതു മനസ്സിലാക്കിയതുകൊണ്ടാണ് ശ്രീശങ്കരാചാര്യർ അമ്മയുടെ നിര്യാണ വേളയിൽ കാലടിയിൽ തിരിച്ചെത്തിയത്. സർവ്വജ്ഞപീഠമേറിയ ഭാരതത്തിന്റെ ഏറ്റവും വലിയ ദാർശനികപുത്രൻ. അപ്പോൾ അമ്മ മകനോട് ചോദിക്കുന്നുണ്ട്, മോനേ നിന്നെ പെറ്റതിനും നിന്നെ പോറ്റിയതിനും നിന്നെ ഗർഭത്തിൽ ചുമന്നതിനും നീ എനിക്ക് എന്ത് പകരം നല്കും. ആര്യാംബയുടെ അവസാനത്തെ മോഹമായിരുന്നു. അപ്പോഴാണ് ശങ്കരൻ ചോദിച്ചത്,

"ആസ്താം താവതീയം പ്രസൂതിസമയേ

ദുർവാരശൂലവ്യഥ

നൈരുച്യം തനു ശോഷണം

മലമയീ ശയ്യാ ച സംവത്സരേ".

പ്രസൂതിസമയേ- ഗർഭകാലത്ത് അമ്മ അനുഭവിച്ച കഷ്ടപ്പാടുകൾ; നൈരുച്യം- എന്നെ ഗർഭം ചുമന്നപ്പോൾ അമ്മയ്ക്ക് ഭക്ഷണത്തോട് അരുചിയുണ്ടായിരുന്നോ;

തനശോഷണം- എന്നിട്ട് അമ്മ മെലിഞ്ഞിരുന്നോ; മലമയീ ശയ്യാച സംവത്സരേ- എന്റെ മലമൂത്രത്തെ അമ്മ എത്ര വർഷം കിടക്കയാക്കി അതിൽ അമ്മ കിടന്നു. കേരളത്തിൽ ഒരു മകനും മകളും കൂടി അമ്മയെ കൊന്നു. കഴിഞ്ഞ മാസം ഒരു മകൻ അമ്മയെ അടിച്ചുകൊന്നു. പാശ്ചാത്യസമൂഹത്തെ കണ്ടതിനൊക്കെ കുറ്റപ്പെടുത്തുന്ന ഒരു സ്വഭാവമുണ്ട് നമുക്ക്. എനിക്ക് തോന്നുന്നില്ല; ഏതെങ്കിലും പാശ്ചാത്യരാജ്യത്ത് മാതാപിതാക്കൾക്ക് ഇത്രയും കഷ്ടപ്പാടുണ്ടെന്ന്. നമ്മൾ പൗരസ്ത്യ സംസ്കാരത്തിന്റെ വലിയ വർത്തമാനങ്ങളൊക്കെ പറയും. പൗരസ്ത്യ സംസ്കാരത്തിന്റെ ശോഭ നഷ്ടപ്പെട്ടതാണ് നമ്മുടെ പ്രശ്നം. എന്നാൽ നമ്മൾ ഇല്ലത്തുനിന്നു പുറപ്പെട്ടു അമ്മാത്ത് എത്തിയതുമില്ല. പഴയ പൗരസ്ത്യ സംസ്കാരത്തിന്റെ ഗുണങ്ങളൊക്കെ നഷ്ടപ്പെടുത്തി. എന്നാൽ പടിഞ്ഞാറൻ സംസ്കാരത്തിന് ഒരുപാട് നന്മകളുണ്ട്. ഞാൻ ഇവിടെ സൂചിപ്പിച്ചു, അവർ വയോജന സംരക്ഷണത്തിലൊക്കെ വളരെ മുന്നോട്ടുപോയിരിക്കുന്നു. നമ്മൾ ഇപ്പോഴും പെരുവഴിയിലാണ്; ഈ പോക്ക് എവിടെയെത്തും; വളരെ വലിയ നാശം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ആ നാശത്തെ തിരുത്താനായി നടപടികളുണ്ടാവണം. ആ നടപടികൾ സർക്കാർ ചെയ്യുന്നു എന്നത് വളരെ ആശ്വാസത്തോടെയല്ലാതെ കാണാൻ സാധിക്കുകയില്ല. അമ്മ ക്ലേശമാണ്. ശ്രീ. എം. ടി. വാസുദേവൻ നായരെ അദ്ദേഹത്തിന്റെ അമ്മ

ഗർഭം ചുമന്ന സമയത്ത് അവർക്ക് കൂടുതൽ അസുഖങ്ങളുള്ള കാലമായിരുന്നു. അതുകൊണ്ട് ആ കുഞ്ഞിനെ ഉപേക്ഷിക്കാൻ വീട്ടുകാർ നിർബന്ധിച്ചു. എന്നാൽ കുഞ്ഞിനെ കളയാൻ ആ അമ്മ തയ്യാറായില്ല. ഒരു അമ്മയുടെ തീരുമാനമാണത്. അങ്ങനെയാണ് ശ്രീ. എം. ടി. വാസുദേവൻ നായർ പിറക്കുന്നത്. നമ്മളോരോരുത്തരും പിറന്നത് അങ്ങനെയൊക്കെയാണ്. കുഞ്ഞിന് എന്തെങ്കിലും സംഭവിക്കുമെന്നുള്ളതുകൊണ്ട് അമ്മയ്ക്ക് കമിഴ്ന്ന് കിടക്കാനോ തിരിഞ്ഞുകിടക്കാനോ മലർന്നുകിടക്കാനോ ചരിഞ്ഞുകിടക്കാനോ കഴിയുന്നില്ല. കേരളത്തിൽ ഒരു മകനും മകളുംകൂടി അമ്മയെ കൊന്നു. അതിന്റെ കാരണം അറിഞ്ഞാൽ കേരളം എവിടെ എത്തിനിൽക്കുന്നുവെന്ന് അറിയാൻ സാധിക്കും. പറയാൻ നാണമുള്ള കാര്യമാണ്. ആങ്ങളയും പെങ്ങളും തമ്മിലുള്ള രഹസ്യമായ ശാരീരികബന്ധം അമ്മ അറിഞ്ഞതായിരുന്നു കൊലപാതകത്തിന് കാരണം. അവർ അമ്മയെ ഭൂമിയിൽനിന്നും അവസാനിപ്പിക്കാൻ തീരുമാനിച്ചു. ഇതാണോ 'ഗോഡ്സ് ഓൺ കൺട്രി'? ദൈവത്തിന്റെ നാടാണ് ഇതെന്ന് എഴുതി ഒട്ടിക്കാൻ മാത്രം കൊള്ളാം. ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കുന്ന നടപടികൾക്കെല്ലാം ശക്തമായ പിന്തുണ നൽകിക്കൊണ്ടും ആ നടപടികൾ മുന്നോട്ട് കൊണ്ടുപോകണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും പൊക്കിൾക്കൊടിയോട് നീതി പുലർത്താനുള്ള

നടപടികളിലേയ്ക്ക് കേരളീയ സംസ്കാരം വളരട്ടെ. ഒമ്പതരമാസം മാതാവിന്റെ ഗർഭത്തിൽ കിടന്നപ്പോൾ ദൈവം മനുഷ്യന് ഒരു കേബിൾ വയർ ഇട്ടുകൊടുത്തു. അതിലൂടെയാണ് ഓക്സിജനും ആഹാരവുമൊക്കെ സ്വീകരിച്ചത്. അമ്മയെ ചവിട്ടാൻ കാലോങ്ങുമ്പോൾ അവന്റെ നാഭിയിലിരുന്ന് ഇപ്പോഴും പൊക്കിൾക്കൊടിമുദ്ര തേങ്ങുന്നുണ്ട്. ശരീരത്തിലെ ഒരു അവയവമാണ് പൊക്കിൾക്കൊടി അടയാളം. അത് അമ്മയെക്കുറിച്ചും സംസ്കാരത്തെക്കുറിച്ചും ഓർമ്മിപ്പിക്കാനാണ്. നമ്മുടെ നിയമ മന്ദിരങ്ങൾക്കും സ്ഥാപനങ്ങൾക്കും പൊതുസമൂഹത്തിനും അമ്മയെ നോക്കേണ്ട ബാധ്യതയുണ്ട്. അതിനുവേണ്ട നടപടികൾ സ്വീകരിച്ച ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിച്ചുകൊണ്ടും ഈ നടപടികൾ തുടർന്നുകൊണ്ടുപോകുന്നതിന് ദിശാബോധത്തോടെയുള്ള നടപടികൾ ഉണ്ടാകണമെന്ന് പ്രത്യാശിച്ചുകൊണ്ടും എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. സമൂഹത്തിലെ അഗതികൾ, വൃദ്ധർ, സ്ത്രീകൾ, കുട്ടികൾ, വികലാംഗർ, കിടപ്പുരോഗികൾ തുടങ്ങി അവശതയനുഭവിക്കുന്ന എല്ലാ ജനവിഭാഗങ്ങൾക്കും ക്ഷേമവും സുരക്ഷയും ഉറപ്പുവരുത്തുന്നതിന് ഈ സർക്കാർ കൈക്കൊണ്ട നടപടികളാണ് ഏറ്റവും അഭിനന്ദനമർഹിക്കുന്നത്.

സഹാനുഭൂതിയുടേയും കാരുണ്യത്തിന്റെയും വിവിധ പദ്ധതികൾ സമയബന്ധിതമായി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ ബഹുമാനപ്പെട്ട മന്ത്രി ഡോ. എം. കെ. മുനീറിനെ പ്രത്യേകം അഭിനന്ദിക്കുന്നു. ആശ്വാസ കിരണം, ക്യാൻസർ സുരക്ഷ, വയോമിത്രം, ശ്രുതി തരംഗം, സ്നേഹപൂർവ്വം തുടങ്ങിയ പദ്ധതികൾ കേരളീയർക്ക് ഒരു പുതിയ അനുഭവമായി മാറി. സാന്ത്വനം വേണ്ട വ്യക്തിക്ക് എപ്പോഴും ഒരു കൈത്താങ്ങാവാൻ യു.ഡി.എഫ്. സർക്കാരിന് കഴിഞ്ഞിട്ടുണ്ട് എന്നത് ശ്രദ്ധേയമായ കാര്യമാണ്. ഇത്തരം പദ്ധതികളിലൂടെ നാല് ചുവരുകളുടെ ഇരുട്ടറയിൽ നിരാലംബരായി കഴിഞ്ഞിരുന്ന ഒട്ടേറെ ജനവിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കാൻ സാധിച്ചത് കേരള സാമൂഹ്യ സുരക്ഷാ മിഷൻ പോലുള്ള പദ്ധതികളുമായി സാമൂഹ്യക്ഷേമ വകുപ്പ് മുന്നോട്ട് പോയതുകൊണ്ടാണ്. അത് നമുക്ക് നിഷേധിക്കാൻ കഴിയില്ല. ബധിര-മൂക കുഞ്ഞുങ്ങൾക്കായുള്ള സൗജന്യ കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതിയിലൂടെ ഒട്ടേറെ കുഞ്ഞുങ്ങളെ സാധാരണ ജീവിതത്തിലേയ്ക്ക് കൊണ്ടുവരുവാൻ സാധിച്ചിട്ടുണ്ട്. 18 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾക്കുണ്ടാകുന്ന ഹൃദയസംബന്ധമായ രോഗങ്ങൾ, നാഡീരോഗങ്ങൾ, സെറിബ്രൽ പാൾസി, ഓട്ടിസം, അസ്ഥിവൈകല്യങ്ങൾ, എൻഡോസൾഫാൻ രോഗബാധിതരുടെ രോഗങ്ങൾ, ഡയാലിസിസ് എന്നിവയ്ക്ക് സർക്കാർ ധനസഹായം

നൽകുന്നതോടൊപ്പം കൂടുതൽ വിദഗ്ധ ചികിത്സയ്ക്കായി വരുന്ന ചെലവുകൾ പരിധിയേർപ്പെടുത്താതെ നൽകുന്നതിന് സമൂഹത്തോട് സർക്കാർ കാണിക്കുന്ന അർപ്പണ മനോഭാവം ഈ സന്ദർഭത്തിൽ കക്ഷിരാഷ്ട്രീയത്തിനപ്പുറത്ത് ഒരുപോലെ സമ്മതിക്കേണ്ട യാഥാർത്ഥ്യമാണ്. ക്ഷേമപെൻഷനുകൾ വർദ്ധിപ്പിച്ചു കൊണ്ടായിരുന്നു ഈ സർക്കാരിന്റെ ആദ്യ ബഡ്ജറ്റ്. വിവിധ വിഭാഗങ്ങളിലെ കുറഞ്ഞ പെൻഷൻ തുക 800 രൂപയായി വർദ്ധിപ്പിച്ചതും ഏറെ ശ്രദ്ധേയമാണ്. അത് അശരണർക്ക് വലിയൊരു കൈത്താങ്ങായി മാറി. മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി സംസ്ഥാനത്ത് 59 ബഡ്സ് സ്കൂളുകൾ ആരംഭിച്ചു. മാനസിക വെല്ലുവിളികൾ നേരിടുന്ന 18 വയസ്സിനുമേൽ പ്രായമുള്ള കുട്ടികൾക്കായുള്ള പുനരധിവാസത്തിന് 117 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 117 ബഡ്സ് പുനരധിവാസ കേന്ദ്രങ്ങൾ ആരംഭിക്കാൻ/പുന:സ്ഥാപിക്കുവാൻ ധനസഹായം നൽകിയതും 34 ബഡ്സ് സ്കൂളുകൾക്ക് പുതിയ വാഹനം അനുവദിച്ചതും ഈ സർക്കാർ പ്രത്യേക പരിഗണന നൽകുന്നവർക്ക് കൊടുത്ത കൈത്താങ്ങായിത്തന്നെ കരുതാൻ കഴിയണം. പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കുടുംബശ്രീയുടെ പ്രവർത്തനം കൂടുതൽ മികവുറ്റതാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇന്ന് ഏറ്റവും കൂടുതൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ

കഴിഞ്ഞ ഒരു മേഖലയായി അത് മാറി. വിധവകൾ, അവിവാഹിതരായ അമ്മമാർ, ഭർത്താവ് ഉപേക്ഷിച്ചവർ, ഗാർഹിക പീഡനം നേരിടുന്ന സ്ത്രീകൾ, മനുഷ്യക്കടത്തിനിരയായവർ എന്നിങ്ങനെ അശരണരും പാർശ്വവത്ക്കരിക്കപ്പെട്ടവരുമായ സ്ത്രീകൾക്ക് പുനർജനി എന്ന പേരിൽ ഒരു തൊഴിൽ പദ്ധതി ആരംഭിച്ചതോടെ നിരവധി സ്ത്രീകൾക്ക് തൊഴിൽ കൊടുക്കാൻ കഴിഞ്ഞിരിക്കുന്നു. കാർഷിക മേഖലയിലുള്ളവരുടെ ഉന്നമനത്തിനായി സംഘകൃഷി ഗ്രൂപ്പുകൾക്ക് ആവശ്യമായ പിന്തുണ നൽകുവാൻ 972 ഫാർമേഴ്സ് ഫെസിലിറ്റേഷൻ സെന്റർ ആരംഭിച്ചു. സംസ്ഥാനത്തെ ഓരോ ബ്ലോക്കിനുമായി 152 ബ്ലോക്ക് കോ-ഓർഡിനേറ്റേഴ്സിനെ നിയമിച്ച് സംഘകൃഷി ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി പ്രാദേശിക തലത്തിൽ വിപണന കേന്ദ്രങ്ങൾ ആരംഭിക്കാൻ കഴിഞ്ഞതും വിസ്മരിക്കാൻ കഴിയില്ല. പഴം, പച്ചക്കറി ഉല്പന്നങ്ങൾ ലഭ്യമാക്കുന്നതിന് സഹായകമായി സംസ്ഥാനത്ത് 50153 സംഘ കൃഷി ഗ്രൂപ്പുകളിലൂടെ 223434 അംഗങ്ങൾക്ക് നേരിട്ട് തൊഴിൽ നൽകി വരുമാനം ലഭിക്കാൻ അവസരമൊരുക്കിക്കൊടുത്തു എന്നുള്ളത് ഈ അവസരത്തിൽ പ്രത്യേകം ഓർക്കേണ്ടതായിട്ടുണ്ട്. അയൽക്കൂട്ടങ്ങൾ മുഖേന സംസ്ഥാനത്തെ വിവിധ ബാങ്കുകളിലായി 2,407 കോടി രൂപയുടെ നിക്ഷേപമുണ്ട്. കുടുംബാംഗങ്ങളിൽ

കൈവന്ന സാമ്പത്തിക ഭദ്രതയാണ് ഇത് വ്യക്തമാക്കുന്നത്. അയൽക്കൂട്ടങ്ങളിലെ ആന്തരിക വായ്പ 50,853.43 കോടി രൂപയാണ്. അത്യാവശ്യ ഘട്ടങ്ങളിൽ അമിത പലിശക്കാരെയും ധനകാര്യ സ്ഥാപനങ്ങളെയും ആശ്രയിച്ചുപോകുന്ന നിരവധി കുടുംബങ്ങൾക്ക് തങ്ങളുടെ ചെറിയ ചെറിയ നിക്ഷേപങ്ങൾ ഉപയോഗപ്രദമാക്കുന്നതിന് ഇതിലൂടെ സാധിച്ചു. ആദിവാസി മേഖലയുടെ ശാക്തീകരണത്തിന് പങ്കാളിത്ത സൂക്ഷ്മതല ആസൂത്രണ പദ്ധതി നടപ്പിലാക്കി. ആദിവാസി മേഖലയിൽ 147 സൂക്ഷ്മഗ്രൂപ്പ് സംഘങ്ങളും 25 വ്യക്തിഗത സംഘങ്ങളും ഇതോടൊപ്പം തന്നെ പ്രവർത്തിച്ചുവരുന്നു. കാലഘട്ടത്തിന്റെ വളർച്ചയ്ക്ക് അനുസൃതമായി വകുപ്പിനുകീഴിലുള്ള ഓഫീസുകളിൽ ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ ഫലപ്രദമാക്കി. 1970 മുതലുള്ള ജനന-മരണ രജിസ്ട്രേഷനുകൾ പൂർണ്ണമായും ഓൺലൈനാക്കിയ ആദ്യ സംസ്ഥാനമെന്ന ബഹുമതിയും കേരളത്തിന് നേടാൻ സാധിച്ചു. ഇതെല്ലാം വകുപ്പിന്റെ പ്രവർത്തനങ്ങളുടെ മികവിനെയാണ് എടുത്തുകാണിക്കുന്നത്. പഞ്ചായത്തുകളിലെ ജീവനക്കാരുടെ അഭാവം നേരിട്ട് മനസ്സിലാക്കി 864 അസിസ്റ്റന്റ് തസ്തികകളും 990 ക്ലറിക്കൽ തസ്തികകളും സൃഷ്ടിച്ചതിലൂടെ പഞ്ചായത്തുതലത്തിലുള്ള പ്രവർത്തനങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനുള്ള മാർഗ്ഗമായിരിക്കുന്നു. ഗ്രാമപഞ്ചായത്തുകളിൽ 10

വർഷത്തിലധികമായി വാഹനമോടിക്കുന്ന ഡ്രൈവർമാരെ സംബന്ധിച്ചിടത്തോളം ആ തൊഴിൽ അവരുടെ ജീവിതമാർഗ്ഗമായി മാറിയിരിക്കുന്നു. അതിനാൽ അവർക്ക് ഒരു പ്രത്യേക പരിഗണന നൽകണമെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. ക്ഷീരമേഖലയെ സംബന്ധിച്ചിടത്തോളം വളരെ കരുത്തുറ്റ നേതൃത്വമാണ് ബഹുമാനപ്പെട്ട മന്ത്രി കെ. സി. ജോസഫിന്റെ നേതൃത്വത്തിൽ ഇവിടെ നടത്തുന്നത്. ക്ഷീരമേഖലയിൽ ഗവൺമെന്റ് സ്വീകരിച്ച നടപടികളുടെ ഭാഗമായി പാലിന്റെ ആഭ്യന്തര ഉല്പാദനത്തിന്റെ 80.08 ശതമാനം പാൽ ഉല്പാദനം വർദ്ധിപ്പിക്കാൻ കഴിഞ്ഞു. നാല് വർഷം മുമ്പ് ആഭ്യന്തര ഉല്പാദനം ഉപഭോഗത്തിന്റെ 67 ശതമാനമായിരുന്നു. ക്ഷീരകർഷകർക്ക് ന്യായവില കിട്ടുമെന്ന് ഉറപ്പാക്കാനും തീറ്റ വില പിടിച്ചുനിർത്താനും കാലിത്തീറ്റയ്ക്ക് സബ്സിഡി ഏർപ്പെടുത്താനും സാധിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി മിൽക്ക് ഷെഡ് വികസന പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കി. പുതിയ തലമുറയെ ക്ഷീരമേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനുവേണ്ടി 39 സ്കൂൾ ഡയറി ക്ലബ്ബുകൾ ആരംഭിച്ചു എന്നുള്ളത് ഏറ്റവും ശ്രദ്ധേയമായ മാറ്റമാണ്. 61 ക്ഷീര സംഘങ്ങൾ ആരംഭിക്കുകയും 41 സംഘങ്ങളുടെ പ്രവർത്തനം പുനരാരംഭിക്കുകയുമുണ്ടായി. 1135 ക്ഷീരസംഘങ്ങൾക്ക് ആധുനികവത്ക്കരണത്തിനായി ധനസഹായം നൽകാൻ

സാധിച്ചു. ക്ഷീരസംഘങ്ങളിൽ 5 വർഷം പാൽ അളന്ന കർഷകർക്ക് പെൻഷൻ നൽകാൻ കഴിഞ്ഞു എന്നുള്ളതും ഏറ്റവും ശ്രദ്ധേയമായ കാര്യമാണ്. ക്ഷീരമേഖലയ്ക്ക് അധിക പ്രാധാന്യം നൽകിവരുന്ന പ്രദേശമാണ് ഇടുക്കി. അവിടത്തെ സാധാരണക്കാരുടെ ജീവിതമാർഗ്ഗവും ധനാഗമനവും അതുതന്നെയാണ്. നാണ്യവിളകളുടെ വിലയിടിവുമൂലം ദുരിതം ഉണ്ടാകുമ്പോഴും പ്രകൃതിക്ഷോഭംമൂലം ഏറെ ബുദ്ധിമുട്ടും ദുരിതവും അനുഭവിക്കുമ്പോഴും ക്ഷീരമേഖലയെ ആശ്രയിച്ചു ജീവിക്കുന്ന ധാരാളം കുടുംബങ്ങൾ ഇടുക്കിയിൽ ഉണ്ട്. അവരുടെ സുരക്ഷയ്ക്ക് പ്രത്യേകമായൊരു പദ്ധതി കരുതലോടുകൂടി രൂപപ്പെടുത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. തൊഴിലുറപ്പ് പദ്ധതി ഇന്ന് ഏറെ ശ്രദ്ധേയമായി മാറി ക്കഴിഞ്ഞിരിക്കുന്നു. ഇവിടെ എല്ലാവരും അതുസംബന്ധിച്ച് സംസാരിക്കുകയുണ്ടായി. ആ പദ്ധതിയുമായി ബന്ധപ്പെട്ട് ഇന്ന് അനുദിന ജീവിതത്തിന്റെ ഭാഗമായി ജീവിക്കുന്നവർക്ക് കൂടുതൽ കരുതൽ നൽകാൻ ക്ഷീരമേഖലയെക്കൂടി തൊഴിലുറപ്പുപദ്ധതിയുടെ ഭാഗമായി മാറ്റുന്നതിന് ഗവൺമെന്റ് ഏറെ മുൻപിൽ തന്നെ ശ്രദ്ധിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തിയിട്ടുമുണ്ട്. എങ്കിലും നമുക്ക് അത് നേടിയെടുക്കാൻ കഴിഞ്ഞിട്ടില്ല. അതിശക്തമായ രീതിയിൽ സംസ്ഥാനത്തിന്റെ ഷെയർകൂടി ഉൾപ്പെടുത്തിക്കൊണ്ടാണെങ്കിൽപ്പോലും ക്ഷീര

മേഖലയ്ക്ക് ഒരു താങ്ങായി തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെടുത്തി ക്ഷീരകർഷകരെ ഉൾപ്പെടുത്തുന്നതിനുവേണ്ടിയുള്ള ശക്തമായ നടപടികളും കരുതലും ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. അതോടൊപ്പം തന്നെ ഒരു കാര്യം സൂചിപ്പിക്കാനുള്ളത്, ക്ഷീര ഉൽപ്പാദന രംഗത്ത്, പ്രത്യേകിച്ച് പാലിന്റെ ആഭ്യന്തര ഉൽപ്പാദന വർദ്ധനവിൽ വലിയ മികവ് കാണിക്കാൻ കഴിഞ്ഞിട്ടുള്ള ജില്ലയായി ഇടുക്കി മാറിയിരിക്കുന്നു. ആ നിലയിലുള്ള പ്രവർത്തനങ്ങൾ മുന്നോട്ട് വരികയാണ്. ക്ഷീര ജില്ലയായി പ്രഖ്യാപിക്കാൻപോലും തയ്യാറായിരിക്കുന്ന സാഹചര്യത്തിൽ അവിടെ ജീവനക്കാരുടെയും ഓഫീസുകളുടെയും അഭാവം ഏറേ ശ്രദ്ധേയമാണ്. വിസ്തൃതിയേറിയ പ്രദേശത്ത് അവിടത്തെ ആളുകൾക്ക് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ഇടുക്കി ജില്ലയിലെ വാത്തുക്കുടി ഗ്രാമപഞ്ചായത്ത് തോപ്രാംകുടിയിൽ ക്ഷീര വികസന യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിരുന്നു. ബഹുമാനപ്പെട്ട മന്ത്രി തന്നെയാണ് അക്കാര്യത്തിൽ താൽപ്പര്യമെടുത്തിരുന്നത്. ഈ സാമ്പത്തിക വർഷംതന്നെ അത് ആരംഭിക്കുന്നതിനുള്ള നടപടി ഉണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. വളരെ വ്യക്തമായ അനുഭവത്തിലൂടെയും ധാർമ്മികതയുടെ അടിസ്ഥാനത്തിലും ഇരുവകുപ്പുകളെയും വളരെ ഭംഗിയായി മുന്നോട്ട് നയിക്കുന്ന ഈ മന്ത്രിമാർ ഇവിടെ

അവതരിപ്പിച്ച ധനാഭ്യർഥനകളെ പിന്തുണയ്ക്കുകയാണ്.

ശ്രീമതി ജമീലാ പ്രകാശം: സർ, അംഗനവാടികളെ ശക്തിപ്പെടുത്താനുള്ള സമഗ്രമായ ഒരു പദ്ധതി തയ്യാറാക്കി നടപ്പിലാക്കണമെന്നാണ് എനിക്ക് ആദ്യമായി നിർദ്ദേശിക്കാനുള്ളത്. എല്ലാ അംഗനവാടികൾക്കും സ്വന്തമായി കെട്ടിടങ്ങൾ നിർമ്മിക്കണമെന്നുമാത്രമല്ല കുട്ടികൾക്ക് ഭക്ഷണം കഴിക്കുന്നതിനും ഉറങ്ങുന്നതിനും കളിക്കുന്നതിനുമുള്ള സൗകര്യങ്ങളും അവിടെ ഉണ്ടായേ പറ്റൂ. അംഗനവാടികൾക്കുള്ള ഭക്ഷണവസ്തുക്കൾ പലതും കരിഞ്ചന്തയിലേയ്ക്ക് പോകുന്നുവെന്ന് വ്യാപകമായി ആക്ഷേപം ഉയർന്നുവരികയാണ്. ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം കർശനമായി ഉറപ്പുവരുത്താനുള്ള ഒരു പരിശോധനാ സംവിധാനം ഗ്രാസ് റൂട്ട് ലെവലിൽ തന്നെ നമുക്ക് നടത്തിയേ മതിയാവൂ. കുട്ടികളുടെ മാനസിക വളർച്ചയെ ദോഷകരമായി ബാധിക്കുന്ന തരത്തിലുള്ള ഭൗതിക സാഹചര്യങ്ങൾ ഒരു അംഗനവാടിയിലും ഒരിക്കലും ഉണ്ടാകാൻ പാടില്ല. സമൂഹത്തിന്റെ ഏറ്റവും അടിത്തട്ടിലുള്ള കുടുംബങ്ങൾക്ക്, പ്രത്യേകിച്ച് കൂലിപ്പണിയെടുക്കുന്ന മാതാക്കൾക്ക് ഒഴിച്ചുകൂടാനാവാത്ത സേവനമാണ് അംഗനവാടികളിൽനിന്നും ലഭിക്കുന്നത്. പക്ഷേ ഈ സ്ഥാപനങ്ങളിലെ വർക്കർമാരുടെയും ഹെൽപ്പർമാരുടെയും സേവന-വേതന വ്യവസ്ഥകൾ അടിയന്തരമായി പരിഷ്ക്കരിക്കേണ്ടിയിരിക്കുന്നു. ഇവരുടെ ജോലി

സമയം രാവിലെ 9 മണി മുതൽ വൈകിട്ട് 3.30 വരെയാണ്. 3.30-നശേഷം ഒരു മണിക്കൂർ സമയമെങ്കിലും ഇവർ ഭവന സന്ദർശനം നടത്തണം. ഒരു വർക്കർക്ക് 5,000 രൂപയും ഒരു ഹെൽപ്പർക്ക് 3,500 രൂപയുമാണ് ഇപ്പോൾ പ്രതിമാസം വേതനമായി നൽകികൊണ്ടിരിക്കുന്നത്. സാമൂഹ്യനീതി വകുപ്പ് വിവിധ കാര്യങ്ങൾക്കുള്ള സർവ്വേ ജോലികളും ഇവരെ ഏൽപ്പിക്കുന്നു. പക്ഷേ തക്കതായ പ്രതിഫലം നൽകുന്നില്ലായെന്നതാണ് ദയനീയമായ യാഥാർത്ഥ്യം. ബൂത്ത് ലെവൽ ഓഫീസർമാർ ഒരു വർഷം ചെയ്ത ജോലിയുടെ പ്രതിഫലം ഇന്നുവരെ ലഭിച്ചിട്ടില്ലെന്നാണ് പറയുന്നത്. ഇത് മേയ് മാസം കൊടുക്കുന്ന പതിവുണ്ടായിരുന്നു, ഇപ്പോൾ ജൂലൈ മാസം ആയിട്ടും അത് നൽകിയിട്ടില്ല. ഭിന്നശേഷിയുള്ള പൗരന്മാരെ/വ്യക്തികളെ ഐഡന്റിഫൈ ചെയ്യുന്നതിനുള്ള ഒരു സർവ്വേ ഇക്കൂട്ടരെ ഏൽപ്പിക്കുകയുണ്ടായി. നൂറ് വീട് കയറി ഇറങ്ങിയാൽ പത്തോ പതിനഞ്ചോ അംഗപരിമിതർ ഒരുപക്ഷേ ഉണ്ടായേക്കാം. പ്രസ്തുത സർവ്വേ നടത്തുമ്പോൾ ഒരു വീടിന് അഞ്ച് രൂപ വീതമാണ് ഇവർക്ക് പ്രതിഫലമായി കൊടുക്കുന്നത്. ഭിന്നശേഷിയുള്ള വ്യക്തികളെ കണ്ടെത്തിയതിനുശേഷം അത് സൂപ്പർവൈസ് ചെയ്യാനായി വരുന്ന ഹെൽത്ത് വകുപ്പിലെ ഉദ്യോഗസ്ഥന് ഒരു വീട് സന്ദർശിക്കുമ്പോൾ കിട്ടുന്നത് പതിനഞ്ചു രൂപയാണ്. പ്രതിമാസം ഒരു വർക്കർക്ക്

മുപ്പതു രൂപയും ഒരു ഹെൽപ്പർക്ക് പതിനഞ്ച് രൂപയും ക്ഷേമനിധിയിലേയ്ക്ക് കൊടുക്കാനുണ്ട്. അവർ വിരമിക്കുമ്പോൾ കിട്ടുന്ന ക്ഷേമനിധി പെൻഷൻ പ്രതിമാസം യഥാക്രമം അഞ്ഞൂറ് രൂപയും മുന്നൂറ് രൂപയുമാണ്. ഇവർക്ക് രണ്ടായിരം രൂപയെങ്കിലും മിനിമം പെൻഷൻ നൽകുന്നതിനുള്ള ഏർപ്പാട് ഉണ്ടാക്കണമെന്നാണ് എനിക്ക് ബോധിപ്പിക്കാനുള്ളത്. 2014-15 ബഡ്ജറ്റിൽ ഇവർക്ക് രണ്ടായിരം രൂപ ഓണറേറിയം പ്രഖ്യാപിക്കുകയും അത് കൊടുക്കുകയും ചെയ്തിട്ടുണ്ട്. 2015-16-ൽ നിയമസഭയിൽ അവതരിപ്പിക്കാതെ അവതരിപ്പിച്ചുവെന്ന് അവകാശപ്പെടുന്ന ബഡ്ജറ്റ് രേഖകളിൽ ഈ പ്രഖ്യാപനം അതേപടി ആവർത്തിച്ചിരിക്കുകയാണ്. യാതൊരു ശ്രദ്ധയും താൽപ്പര്യമില്ലാതെ കുറെ ഉദ്യോഗസ്ഥപ്രമുഖർ ഇതൊക്കെ കൈകാര്യം ചെയ്തുവരുന്നതിന്റെ ഒന്നാന്തരം ദൃഷ്ടാന്തമാണ് ഈ കാണുന്നത്. തെലുങ്കാന സംസ്ഥാനത്ത് നിലവിൽ വന്ന ആദ്യത്തെ സർക്കാർ ഉടനടി തന്നെ ചെയ്ത കാര്യങ്ങളിൽ ഒന്ന്, അംഗനവാടി ജീവനക്കാർക്ക് വേതന വർദ്ധനവാണ്. ഒരു വർക്കർക്ക് 4,500 രൂപയും ഒരു ഹെൽപ്പർക്ക് 3,000 രൂപയും വച്ച് സംസ്ഥാന വിഹിതം വർദ്ധിപ്പിച്ചുകഴിഞ്ഞു. അതായത് ഇപ്പോൾ അവർക്ക് 7,500 രൂപയും 4,500 രൂപയും യഥാക്രമം ലഭിച്ചുകൊണ്ടിരിക്കുകയാണ്. കുരുന്നുകളുടെ കാര്യത്തിൽ അതീവ ജാഗ്രത പുലർത്തിക്കൊണ്ട് ഉത്തമമായ ദൃഷ്ടാന്തം നമ്മുടെ മുൻപിൽ

കാണിക്കുന്ന സംസ്ഥാന സർക്കാരുകളും ഉണ്ടെന്ന് മനസ്സിലാക്കണം. കേരളത്തിൽ ആകെ 33500-ഓളം അംഗൻവാടികളും 67000-ൽപ്പരം ജീവനക്കാരും പണിയെടുക്കുന്ന അടിസ്ഥാനവർഗ്ഗങ്ങൾക്ക് ഏറ്റവും കൂടുതൽ പ്രയോജനം ലഭിക്കുന്ന ഒരു കൂട്ടം ജീവനക്കാരുടെ കാര്യമാണ് ഞാൻ പറയുന്നത്. കേരളത്തിലെ ജീവിത നിലവാരവും ദൈനംദിന അത്യാവശ്യ ചെലവുകൾക്ക് വേണ്ടിവരുന്ന തുകയും തെലുങ്കാന സംസ്ഥാനത്തേക്കാൾ എത്രയോ കൂടുതലാണ്. 102 സൂപ്പർവൈസർമാരുടെയും 68 ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർമാരുടെയും ഒഴിവുകളുണ്ട്. സി.ഡി.പി.ഒ.-മാരുടെ പ്രൊമോഷൻ തക്ക സമയത്ത് നടക്കുന്നില്ല. ആ പ്രൊമോഷൻ വർക്ക് അട്ടിമറിക്കാനുള്ള സാമൂഹ്യനീതി വകുപ്പിന്റെ ഉന്നതങ്ങളെ ചുറ്റിപ്പറ്റി ഒരു ഉപചാപക സംഘം പ്രവർത്തിക്കുന്നതായിട്ടും ഇപ്പോൾ ആക്ഷേപം ഉണ്ട്. അംഗനവാടികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തേണ്ട പഞ്ചായത്ത് കോ-ഓർഡിനേഷൻ കമ്മിറ്റികളും ജാഗ്രതാ സമിതികളും പല പഞ്ചായത്തുകളിലും ഇന്ന് യോഗംപോലും ചേരുന്നില്ല. ഇതിനെക്കുറിച്ച് ആരും ചോദിക്കാനുമില്ല. 1400-ൽപ്പരം അംഗനവാടികൾ ഇന്ന് കുടിയൊഴിപ്പിക്കൽ ഭീഷണി നേരിടുകയാണ്. 16 ലക്ഷത്തിലധികം രൂപ വാടകയിനത്തിൽ കുടിശ്ശികയാണ്. അംഗനവാടികളിലേയ്ക്ക് കുട്ടികളെ കൂടുതൽ അയയ്ക്കുന്നതിനും

അവിടത്തെ സംവിധാനങ്ങൾ കുറ്റമറ്റതാക്കുന്നതിനും അതാത് പ്രദേശങ്ങളിലെ ത്രിതല പഞ്ചായത്ത് പ്രതിനിധികളും അധ്യാപക സംഘടനാ പ്രവർത്തകരും തൊഴിലാളി സംഘടനാ പ്രവർത്തകരും ഒത്തൊരുമിച്ച് പ്രവർത്തിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. പഞ്ചായത്തും സാമൂഹ്യ നീതി വകുപ്പും ഒരേ മന്ത്രിക്കുകീഴിലായതിനാൽ ഇരു വകുപ്പുകളിലെയും ഉയർന്ന ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും ഒരു കോൺഫറൻസ് വിളിച്ച് അംഗനവാടികളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ മന്ത്രി ഉടനെതന്നെ നടപടി സ്വീകരിക്കണം. ഒടുവിൽ കിട്ടിയിട്ടുള്ള വിവരം അനുസരിച്ച് ശുചിത്വം, വ്യക്തി സുരക്ഷ, അവസര ലഭ്യത, ആരോഗ്യം, കുടിവെള്ളം, വ്യക്തിസ്വാതന്ത്ര്യം എന്നിവ മാനദണ്ഡങ്ങളായി സ്വീകരിച്ചുകൊണ്ട് തയ്യാറാക്കപ്പെടുന്ന സാമൂഹ്യക്ഷേമ പട്ടികയിൽ ലോകത്ത് ഇന്ത്യ 101-ാം സ്ഥാനത്താണ്. നേപ്പാളും ബംഗ്ലാദേശും കേരളത്തെക്കാൾ മുൻപിലാണ്. ഒരിക്കലും ഒരിടത്തും ഒട്ടും ഭൂഷണമാകുന്നില്ല ഈ ചിത്രം. 'അച്ചാ ദിൻ' അതായത് നല്ല ദിനങ്ങൾ വാഗ്ദാനം ചെയ്യുമെന്ന് പറഞ്ഞുകൊണ്ടാണ് നരേന്ദ്രമോദി സർക്കാർ അധികാരത്തിൽ വന്നത്. നല്ല കാലം അദ്ദേഹം നിമിഷംപ്രതി ഉറപ്പുവരുത്തിക്കൊണ്ടിരിക്കുകയാണ്. കോർപ്പറേറ്റുകൾക്കുവേണ്ടി കോർപ്പറേറ്റുകളാൽ സൃഷ്ടിക്കപ്പെടുന്ന കോർപ്പറേറ്റുകളുടെ ഭരണം, അദാനി ഗ്രൂപ്പ് അതിൽ വരുമോയെന്ന്

കണ്ടറിയേണ്ടിയിരിക്കുന്നു. നമ്മുടെ സംസ്ഥാനത്ത് 21000-ൽപ്പരം അന്തേവാസികൾ വൃദ്ധസദനങ്ങളിലുണ്ട്. ഈ സംഖ്യ വർദ്ധിച്ചുവരികയാണ്. ഏറ്റവും കൂടുതൽ അന്തേവാസികളുള്ളത് തിരുവനന്തപുരത്തെ കെയർ ഹോമിലാണെന്ന് പറയപ്പെടുന്നു. 25/- രൂപയാണ് ഒരു ദിവസത്തെ ഭക്ഷണ ചെലവ്. ഇത് മിനിമം 100/- രൂപയെങ്കിലുമാക്കണം. എത്രയോ പാടുപെട്ട് ഇന്നുകാണുന്ന തലമുറകളെ തീറ്റിപോറ്റിയവർക്കാണ്, ഉണ്ണാതെ നമുക്ക് ആഹാരവും ഉടുക്കാതെ വസ്ത്രവുമൊക്കെ തന്നവർക്കാണ് ഈ 25 രൂപ എന്നുള്ള ദയനീയമായിട്ടുള്ള തുക വച്ചുനീട്ടുന്നത്. ആഭ്യന്തര ഉപയോഗത്തിനാവശ്യമായ പാലിന്റെ 80 ശതമാനം ഇവിടെ ഉൽപ്പാദിപ്പിക്കപ്പെടുന്നുവെന്ന് പറയുന്നു. എങ്ങനെ വിശ്വസിക്കും? കർണ്ണാടകയിലും തമിഴ്നാട്ടിലും നിന്നുമായി ആഭ്യന്തര ഉപഭോഗത്തിന്റെ 30 ശതമാനത്തിനുവേണ്ടിയുള്ള പാൽ വാങ്ങിക്കൊണ്ടിരിക്കുകയാണ്. കേരളത്തിലെ ക്ഷീരോല്പാദനം വർദ്ധിപ്പിക്കാനായി വൻപദ്ധതികൾ പ്രഖ്യാപിക്കപ്പെടുന്നുണ്ട്. പക്ഷേ അതൊക്കെ കടലാസ്സിൽ ഉറങ്ങുന്നതായി പലപ്പോഴും കാണുന്നുണ്ട്. കേരളത്തിലെ ചെറുകിടക്കാരായ ക്ഷീര കർഷകരാണ് ഏറ്റവും കൂടുതൽ പ്രതിസന്ധി നേരിടുന്നത്. കുളമ്പുരോഗമോ അകിടുവീക്കമോ വന്നുകഴിഞ്ഞാൽ ഇവരുടെ ജീവിതത്തിന്റെ തന്നെ സാമ്പത്തിക സ്ഥിതി അട്ടിമറിക്കപ്പെടുകയാണ്. വെറ്ററിനറി മരുന്നുകൾക്ക്

പത്തുശതമാനം വില വർദ്ധിച്ചിട്ടുണ്ട്. യഥാസമയം മരുന്ന് വാങ്ങി കുത്തിവച്ചിട്ടും രോഗം പിടിപെടുന്നുണ്ട്. പശുക്കളുടെ വില വർദ്ധിക്കുന്നുണ്ട്. പക്ഷെ ഇൻഷ്വറൻസ് തുകയായി വെറും ഇരുപതിനായിരം രൂപയാണ് കുളമ്പുരോഗം വന്ന് കാലികൾ മൃതിയടഞ്ഞപ്പോൾ കിട്ടിയത്. സങ്കരയിനം പശുക്കൾക്ക് അൻപതിനായിരം മുതൽ ഒരു ലക്ഷം രൂപ വരെയാണ് വില. കമ്പോളവൽക്കരണ സംസ്കാരം ക്ഷീരമേഖലയിലേയ്ക്ക് കടന്നുകയറുകയാണ്. പാൽ ഉൽപ്പാദന സഹകരണ സംഘങ്ങളിൽ പല സ്ഥലത്തും വ്യാജ കവർ പാലുകൾ വ്യാപകമായി എത്തുന്നതായി പത്ര റിപ്പോർട്ടുകൾ വന്നിട്ടുണ്ട്. ചാനലുകളിൽ അത് കാണുന്നുണ്ട്. രാസവസ്തുക്കളിൽ പാൽപ്പൊടി കലർത്തി പാൽ എന്ന ലേബൽ എഴുതി മറ്റു സംസ്ഥാനങ്ങളിൽനിന്നും എത്തിക്കുന്നതായാണ് പറയുന്നത്. അധികൃതർ ഇന്ന് തന്ത്രപരമായ മൗനത്തിലാണ്. കേരളത്തിലെ കാലാവസ്ഥ കാലിവളർത്തലിന് അനുകൂലമായിട്ടും യുവാക്കളെ കൂടുതലായി ആകർഷിക്കാൻ കഴിയുന്നില്ല. അത്തരത്തിലുള്ള പദ്ധതികളാണ് ധാരാളം കൊണ്ടുവരേണ്ടത്. അംഗീകൃത സംഘങ്ങളിൽ പാൽ കൊടുക്കുന്ന കർഷകർക്ക് കമ്പോള വിലയിലും വളരെ താഴ്ത്തി കാലിത്തീറ്റ നൽകുന്നതിന് നിർദ്ദേശം നൽകണം. കാരണം നാട്ടിൻപുറത്തുപോലും പുല്ല് ചെത്തിയെടുക്കാൻ സ്ഥലം ബാക്കി കിടപ്പില്ല. പാലിന്റെ വില വർദ്ധിപ്പിക്കുമ്പോൾ അതിന്റെ പരമാവധി

പ്രയോജനം കർഷകന് ഹാന്റ് ഓവർ ചെയ്യാൻ ശ്രമിക്കുകയും വേണം. മിൽമയുടെ പ്രവർത്തനം കൂടുതൽ ജനകീയമാക്കണം. ഒരു വർഷത്തിലേറെയായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന എല്ലാ ക്ഷീര സംഘങ്ങൾക്കും മിൽമയിൽ അഫിലിയേഷൻ നൽകിയേ മതിയാകൂ. മിൽമയുടെ പ്രവർത്തനങ്ങളെക്കുറിച്ച് ചില അഴിമതി ആരോപണങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. ഇതിനെപ്പറ്റി സമയബന്ധിതമായി അന്വേഷിച്ച് നടപടി സ്വീകരിക്കണം. തമിഴ്നാട്ടിൽ കാമരാജ് മുഖ്യമന്ത്രി ആയിരുന്നപ്പോഴാണ് അധികാര വികേന്ദ്രീകരണത്തിന് ഗാന്ധിജി സ്വപ്നം കണ്ടിരുന്നതുപോലെ വളരെ ദൂരം മുന്നോട്ട്പോകുന്ന രീതിയിൽ നടപടികൾ ഉണ്ടായത്. മറ്റിടങ്ങളിൽ അത്രയൊന്നും അന്ന് നടന്നില്ല. 1977-ൽ ജനതാ ഗവൺമെന്റ് പഞ്ചായത്ത് രാജ് നടപ്പിലാക്കാനായി അശോക് മേത്താ കമ്മിറ്റിയെ നിയോഗിച്ചു, റിപ്പോർട്ടും സമർപ്പിച്ചു. അപ്പോഴേയ്ക്കും ഭരണം മാറി വന്നു. പിന്നീട് കോൺഗ്രസ്സ് ഗവൺമെന്റ് നടപടി എടുത്തില്ല. 1983-ൽ കർണ്ണാടകയിൽ ജനതാസർക്കാർ അധികാരത്തിൽ വന്നപ്പോൾ അവിടെ അധികാര വികേന്ദ്രീകരണ പ്രക്രിയ അക്ഷരാർത്ഥത്തിൽ നടപ്പിലാക്കി. അന്ന് അവിടെ ആ വകുപ്പിന്റെ മന്ത്രിയായിരുന്ന അസീസ് സേട്ടിന്റെ ഇക്കാര്യത്തിലുള്ള കോൺട്രിബ്യൂഷൻ രാജ്യമൊട്ടാകെ പ്രകീർത്തിക്കപ്പെട്ടിട്ടുള്ളതാണ്. 1987-91 കാലഘട്ടത്തിലെ

എൽ.ഡി.എഫ്. സർക്കാർ 1988-ൽ പഞ്ചായത്ത് തെരഞ്ഞെടുപ്പും 1990-ൽ ജില്ലാ കൗൺസിൽ തെരഞ്ഞെടുപ്പും നടത്തി. കർണ്ണാടകയിലും പശ്ചിമബംഗാളിലും നേരത്തെ തമിഴ്നാട്ടിലും നടന്ന വികേന്ദ്രീകരണ പ്രക്രിയയിൽ നിന്നുമുണ്ടായ അനുഭവവും പൊതുജനങ്ങൾക്ക് അതിനോടുണ്ടായ അഭിപ്രായ സമന്വയവുമാണ് ഭരണഘടനയുടെ 73, 74 ഭേദഗതികൾക്ക് പിന്നീട് വഴിയൊരിക്കിയത്. 1995-ൽ ത്രിതലപഞ്ചായത്ത് തെരഞ്ഞെടുപ്പ് നടന്നു, ഭരണസമിതികൾ നിലവിൽ വന്നു. തുടർന്ന് 1996-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ എത്തിയപ്പോൾ അതുല്യനായ ഇ.എം.എസ്.- ന്റെ നേതൃത്വത്തിൽ ഒരു കമ്മിറ്റിയെ നിയോഗിച്ചു. അദ്ദേഹം അവസാനമായി അദ്ദേഹത്തിന്റെ ഗ്രാമം സന്ദർശിച്ച് അവിടെ നടത്തിയ പ്രസംഗത്തിൽ പറഞ്ഞൊരു വാചകം ഞാൻ ഇവിടെ പറയുകയാണ്. "സ്വയം സമ്പൂർണ്ണമായിട്ടുള്ള ഗ്രാമ റിപ്പബ്ലിക്കുകളുടെ ഒരു കോൺഫെഡറേഷൻ ആയി ഇന്ത്യ മാറണമെന്നാണ് ഗാന്ധിജി ആഗ്രഹിച്ചിരുന്നത്. ആ ആഗ്രഹം സഫലീകരിക്കപ്പെടണം"- ഇത് ഇ.എം.എസ്. അവസാനമായി സ്വന്തം ഗ്രാമത്തിൽ നടത്തിയ പ്രസംഗത്തിൽ നിന്നുള്ള ഉദ്ധരണിയാണ്. ഗ്രാമപഞ്ചായത്തുകൾക്ക് 125-ഓളം വികസന ചുമതലകളും ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾക്ക് 100-ഓളം ചുമതലകളും കൈമാറിയിട്ടുണ്ട്. അധികാര വികേന്ദ്രീകരണം നടപ്പിലാക്കിയിട്ട് മൂന്ന്

പഞ്ചവൽസരപദ്ധതികൾ കഴിഞ്ഞു.

മി. ചെയർമാൻ: യെസ്.. പ്ലീസ് കൺക്ലൂഡ്... പ്ലീസ്...

ശ്രീമതി ജമീലാ പ്രകാശം: സർ, ഇരുപത്തിഒന്നായിരത്തി ഇരുന്നൂറ്റി ചില്ല്വാനം കോടി രൂപ ലഭിച്ചിട്ടുമുണ്ട്. എന്തുമാത്രം പ്രയോജനമുണ്ടാക്കിയിട്ടുണ്ടെന്നും ഈ തുക എങ്ങനെയൊക്കെ ചെലവഴിക്കപ്പെട്ടുവെന്നും പരിശോധിപ്പിക്കപ്പെടണം. പഞ്ചായത്തുകൾ വഴി നടപ്പിലാക്കിയ തൊഴിൽ സംരംഭങ്ങൾ അധികവും പരാജയപ്പെട്ടുവെന്നാണ് റിപ്പോർട്ട്. പരമ്പരാഗത വ്യവസായങ്ങളെ പരിരക്ഷിക്കാൻ പോലും അവർക്ക് കഴിഞ്ഞിട്ടില്ലായെന്ന പരാതിയുണ്ട്. ഈ ഗവൺമെന്റ് അയൽക്കൂട്ടങ്ങൾക്ക് 7 ശതമാനം പലിശ സബ്സിഡി പ്രഖ്യാപിച്ചു. പക്ഷെ അതു നൽകാൻ തുടങ്ങിയിട്ടില്ല. കുടുംബശ്രീ ഇൻഷ്വറൻസ് പദ്ധതിയുടെ പ്രീമിയം കുടുംബശ്രീ പ്രവർത്തകർ പിരിച്ച് അടച്ചിട്ടുണ്ട്. പക്ഷെ അതിന്റെ ഇൻഷ്വറൻസ് തുക എപ്പോഴാണോ കൊടുക്കേണ്ടത്, അത് ഇപ്പോൾ കൊടുക്കുന്നില്ലായെന്നുള്ളതാണ് റിപ്പോർട്ട്. പ്രധാനമന്ത്രിയുടെ സൻസദ് ആദർശ് ഗ്രാമപദ്ധതിക്ക് ഫണ്ട് അനുവദിച്ചിട്ടില്ല, ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. 2016-ൽ മാതൃകാഗ്രാമങ്ങൾ... (മൈക്ക് ഓഫ്)....... സൻസദ് ആദർശ് ഗ്രാമപദ്ധതി തട്ടിപ്പാണ്. ഒരു തെരഞ്ഞെടുപ്പ് കൂടി നമ്മുടെ പടിവാതിൽക്കൽ

എത്തിയിരിക്കുന്നു.

<u>മി. ചെയർമാൻ</u>: യെസ് പ്ലീസ് കൺക്ലൂഡ്... പ്ലീസ്...

<u>ശ്രീമതി ജമീലാ പ്രകാശം</u>: സർ, ബ്ലോക്ക് പഞ്ചായത്തുകളുടെ പുനഃസംഘടനയെപറ്റി ഒരു കാര്യം സൂചിപ്പിക്കാനുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ ഏഴ് പഞ്ചായത്തുകൾ കൊണ്ടുവന്നു. പക്ഷെ ആ ബ്ലോക്ക് ഓഫീസും മറ്റു കെട്ടിടങ്ങളും എവിടെയാണോ സ്ഥിതി ചെയ്യുന്നത്,.... ആ അതിയന്നൂർ പഞ്ചായത്ത് ഇപ്പോൾ പാറശ്ശാല ബ്ലോക്കിലേയ്ക്ക് മാറ്റിയിരിക്കുകയാണ്. ......(മൈക്ക് ഓഫ്)... ആ അതിയന്നൂർ പഞ്ചായത്ത് കൂടി അതിയന്നൂർ ബ്ലോക്കിന്റെ കീഴിൽ നിലനിർത്തുന്നതിനുള്ള നടപടി സ്വീകരിക്കണം.

<u>മി. ചെയർമാൻ</u>: അനുവദിക്കപ്പെട്ട സമയവും കൂടുതൽ സമയവും ആയിട്ടുണ്ട്. പ്ലീസ് കോ-ഓപ്പറേറ്റ്.... പ്ലീസ്....

<u>ശ്രീമതി ജമീലാ പ്രകാശം</u>: ......(മൈക്ക് ഓഫ്)..... പക്ഷെ നമ്മുടെ സർക്കാർ ഇവിടെ ചെയ്തത്, തൊഴിലുറപ്പ് പദ്ധതിയുടെ ഡയറക്ടറായിരുന്ന ശ്രീ. കൗശികനെ മാറ്റി. അതിനുശേഷം ഏഴുമാസമായി ഇവിടെ തൊഴിലുറപ്പ് പ്രസ്ഥാനത്തിന് ഭരണക്കാരില്ല എന്നുകൂടി ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. ബി. ഡി. ദേവസ്സി: സർ, കേരളം പല മേഖലകളിലും ലോകത്തിന് തന്നെ മാതൃകയാണ്. കേരളത്തിലാണ് പഞ്ചായത്ത് രാജ് സംവിധാനം പരിപോഷിപ്പിച്ച് ഏറ്റവും ശക്തമായ അധികാരവികേന്ദ്രീകരണവും വികേന്ദ്രീകൃതാസൂത്രണവും നടപ്പാക്കിയിട്ടുള്ളത്. കേരളത്തിലെ പഞ്ചായത്തിന്റെ ചരിത്രം പരിശോധിച്ചാൽ പതിനഞ്ച് വർഷക്കാലം പഞ്ചായത്തിലേയ്ക്ക് തെരഞ്ഞെടുപ്പ് നടക്കാത്തൊരു കാലമുണ്ടായിരുന്നു. പിന്നീട് 1979-ൽ പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടത്തി. 1984-ൽ അഞ്ച് വർഷം പൂർത്തിയായപ്പോൾ അന്നത്തെ യു.ഡി.എഫ്. സർക്കാർ പഞ്ചായത്തുകളെ പിരിച്ചുവിട്ടു. പിന്നെ മൂന്ന് കൊല്ലത്തേയ്ക്ക് പഞ്ചായത്തുകളിലേയ്ക്ക് തെരഞ്ഞെടുപ്പ് നടന്നിട്ടില്ല. 1988-ൽ സഖാവ് ഇ. കെ. നയനാരുടെ ഭരണകാലത്ത് എൽ.ഡി.എഫ്. വന്നാണ് പഞ്ചായത്തുകളിലേയ്ക്ക് തെരഞ്ഞെടുപ്പ് നടത്തിയത്. തൊണ്ണൂറുകളിലാണ് ജില്ലാ കൗൺസിലുകൾ രൂപീകരിച്ച് തെരഞ്ഞെടുപ്പ് നടത്തിയത്. പക്ഷെ പിന്നീട് വന്ന യു.ഡി.എഫ്. സർക്കാർ നാല് വർഷം ആദ്യം സാമ്പത്തികം നൽകാതെ അധികാരങ്ങൾ പിൻവലിച്ച് തകർക്കാൻ നോക്കി. അവസാനം പിരിച്ചുവിട്ട അനുഭവം കേരളത്തിൽ ഉണ്ടായിട്ടുണ്ട്. പഞ്ചായത്ത് രാജ് സംവിധാനം പരിപോഷിപ്പിച്ച് പ്ലാൻ ഫണ്ടിന്റെ 40 ശതമാനം പഞ്ചായത്തുകൾക്ക് നൽകിയിട്ടുള്ളത് കേരളത്തിൽ മാത്രമാണ്.

കോൺഗ്രസ് ഭരിക്കുന്ന ഏത് സംസ്ഥാനത്താണ് അങ്ങനെ നൽകിയിട്ടുള്ളത്; ഇന്ത്യയിൽ വേറെ ഏത് സംസ്ഥാനത്താണ് പഞ്ചായത്ത് രാജ് സംവിധാനത്തെ ഇത്രയും പരിപോഷിപ്പിച്ചിട്ടുള്ളത്? കുടുംബശ്രീ പ്രസ്ഥാനം, സ്ത്രീശാക്തീകരണം എന്നിവയ്ക്ക് രൂപം നൽകിയിട്ടുള്ളത് കേരളത്തിലാണ്. ഇന്ത്യയിൽ എവിടെയാണ് ഇങ്ങനെ കുടുംബശ്രീ പ്രസ്ഥാനമുള്ളത്? കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ സ്ത്രീകൾക്ക് 50 ശതമാനം റിസർവ്വേഷൻ ഏർപ്പെടുത്തിയത് കേരളത്തിലാണ്. അധികാരം വികേന്ദ്രീകരിച്ച് വികേന്ദ്രീകൃതാസൂത്രണം നടപ്പാക്കി പഞ്ചായത്ത് രംഗത്ത് ജനാധിപത്യം ശക്തമാക്കാനുള്ള നടപടികളാണ് എൽ.ഡി.എഫ്. സ്വീകരിച്ചിട്ടുള്ളത്. നിർഭാഗ്യത്തിന് അതിനെയെല്ലാം തകർക്കുന്ന സമീപനങ്ങളാണ് മാറിമാറി വന്ന യു.ഡി.എഫ്. സർക്കാർ സ്വീകരിച്ചിട്ടുള്ളത്. സാക്ഷരത, ആരോഗ്യം, വികസനം, അതുപോലെ തന്നെ വിശ്വപ്രസിദ്ധമാണ് നമ്മുടെ പ്രാദേശിക ആസൂത്രണവും. കേന്ദ്രീകരിക്കപ്പെട്ട് നടന്നിരുന്ന ആസൂത്രണ രീതിയെ വികേന്ദ്രീകരിക്കാൻ ആദ്യമായി ലോകത്തിന് സന്ദേശം നൽകിയതിലൂടെയാണ് നാം ശ്രദ്ധിക്കപ്പെട്ടത്. ആസൂത്രണം വികേന്ദ്രീകരിക്കുന്നതിലൂടെ ജനപങ്കാളിത്തം വർദ്ധിക്കുന്നുവെന്നതാണ് പ്രധാനകാര്യം. ജനകീയാസൂത്രണത്തിലൂടെ നാം ഈ ആശയം വിജയിപ്പിച്ച

കാണിച്ചു. പക്ഷെ യു.ഡി.എഫ്. ഇതിനെ പൂർണ്ണമായും തകർത്തുകളയുകയാണ് ചെയ്തത്. ആസൂത്രണ വികേന്ദ്രീകരണത്തിലെ ജനകീയത തകർത്ത സർക്കാർ എന്ന യു.ഡി.എഫ്.-നെതിരായ ആരോപണം പൂർണ്ണമായും അർത്ഥവത്താണ്. കേരളത്തിന്റെ വികേന്ദ്രീകരണാസൂത്രണ പ്രക്രിയ കേവലമായ കേന്ദ്രീകൃതാസൂത്രണ പ്രക്രിയയായി ചുരുങ്ങിപ്പോയെന്നത് ഏറെ ഗൗരവമുള്ള പ്രശ്നമാണ്. ഇന്ത്യയിലെ ഏക സ്റ്റാറ്റ്യൂട്ടറി ബോഡിയായ ഡി.പി.സി.-യുടെ ജനകീയത നശിപ്പിച്ച്, പഞ്ചായത്തിന്റെ പദ്ധതിക്ക് കേവല അംഗീകാരം നൽകുന്ന ഒരധികാരവും ഇല്ലാത്തതുമായ സഭയാക്കി മാറ്റി അലങ്കാരകമ്മിറ്റി മാത്രമാണ് ഇപ്പോൾ ഡി.പി.സി. നാട്ടിലെ വൈദഗ്ദ്ധ്യത്തെ ഉപയോഗിക്കുക എന്ന വികേന്ദ്രീകൃതാസൂത്രണത്തിന്റെ സാധ്യതയായിരുന്ന സാങ്കേതിക സമിതിയെ ഒഴിവാക്കി. അതോടെ വൈദഗ്ദ്ധ്യവും നഷ്ടപ്പെട്ടു. ജനകീയതയും വൈദഗ്ദ്ധ്യവും നഷ്ടപ്പെട്ടുവെന്നുള്ളതാണ് ഈ രംഗത്ത് ഈ സർക്കാർ ചെയ്ത സംഭാവന. മാർച്ച് 31-നുമുമ്പ് പദ്ധതി വിഹിതം ചെലവഴിക്കണമെന്നുണ്ടായിരുന്ന വാർഷിക പദ്ധതി സങ്കല്പം അട്ടിമറിച്ച് പദ്ധതി കാലയളവ് നീട്ടിക്കൊടുത്ത് പ്രാദേശിക ആസൂത്രണ സങ്കൽപ്പത്തെ തകർക്കുകയാണ് ചെയ്തിട്ടുള്ളത്. കാർഷിക മേഖലയ്ക്ക് നീക്കിവച്ചിരുന്ന തുക ഈ വർഷം ഗണ്യമായി കുറഞ്ഞുവെന്ന് വാർഷിക കണക്കുകൾ സൂചിപ്പിക്കുന്നു. ദേശീയതലത്തിലും

സംസ്ഥാനതലത്തിലും കാർഷിക മേഖല വൻ തിരിച്ചടി നേരിട്ടുകൊണ്ടിരിക്കുന്ന സാഹചര്യമാണ്. കേന്ദ്രസംസ്ഥാന ഗവൺമെന്റുകൾ കാർഷിക മേഖലയെ തകർത്ത് കൃഷിക്കാരെ ആത്മഹത്യയിലേയ്ക്ക് നയിക്കുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. പഞ്ചായത്തുകളിലെ നിക്ഷേപം കുറഞ്ഞത് വളരെ അപകടകരമായ പ്രവണതയാണ് കാർഷിക മേഖലയിൽ ഉണ്ടാക്കിയിട്ടുള്ളത്. ഇതിന് ഉത്തരവാദി സംസ്ഥാന സർക്കാർ തന്നെയാണ്. മേഖലതിരിച്ച് തുക ഉൽപ്പാദനമേഖലയ്ക്ക് നീക്കിവയ്ക്കണമെന്നുണ്ടായിരുന്ന നിബന്ധന എടുത്തുകളഞ്ഞു. അതോടെ ഉൽപ്പാദനമേഖലയ്ക്കുള്ള വിഹിതം കുറയുകയാണ് ഉണ്ടായത്. മുമ്പ് 40 ശതമാനംവരെ ഉൽപ്പാദനമേഖലയ്ക്ക് നീക്കിവച്ചപ്പോൾ പല പഞ്ചായത്തുകളിലും അതുവഴി ഉൽപ്പാദന ബോണസ്, അടിസ്ഥാനസൗകര്യങ്ങൾ കാർഷിക മേഖലയ്ക്ക് ഒരുക്കിക്കൊടുക്കാൻ വളത്തിനും, വിത്തിനുമൊക്കെ സബ്സിഡി, ജലസേചനപദ്ധതികളെല്ലാം ആവിഷ്കരിച്ചിരുന്നു. എന്നാൽ അതൊക്കെ ഇന്ന് ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്.

ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകൾ ഇവ മൂന്ന് മന്ത്രിമാരുടെ കീഴിലാക്കിയതിനാൽ ഈ മൂന്ന് തട്ടുകൾ തമ്മിലുള്ള ഉദ്ഗ്രഥനം നഷ്ടപ്പെട്ടു. പ്രശ്നങ്ങൾ തീർക്കുവാൻ ഒരു കോ-ഓർഡിനേഷൻ കമ്മിറ്റിയുണ്ടെന്നാണ്

പറയുന്നത്. ഉണ്ടാക്കിയ പ്രശ്നങ്ങൾ തീർക്കാൻ വേണ്ടിയാണ് കോ-ഓർഡിനേഷൻ കമ്മിറ്റി വച്ചിരിക്കുന്നത്. പ്രശ്നങ്ങൾ തീർക്കുകയല്ല പ്രധാനമായും വേണ്ടത്, സാദ്ധ്യതകളെ ഉപയോഗിക്കലാണ്. അതിന് ഒരു മന്ത്രിയുടേയും ഒരൊറ്റ ഔദ്യോഗിക സംവിധാനത്തിന്റെയും കീഴിൽ മൂന്ന് സ്ഥാപനങ്ങളും വരേണ്ടതുണ്ട്. മുമ്പ് അങ്ങനെ പ്രവർത്തിച്ചതുകൊണ്ട് കോർഡിനേഷനുണ്ടായിരുന്നു. അതിന്റെ ഫലമായി വളരെയേറെ പ്രയോജനമുണ്ടായിട്ടുണ്ടെന്ന് നമ്മുടെ അനുഭവത്തിൽ നിന്നും ബോദ്ധ്യമായിട്ടുള്ളതാണ്. മൂന്നായിട്ടുള്ള വിഭജനത്തിലൂടെ യു.ഡി.എഫ് ചരിത്രപരമായ തെറ്റാണ് ചെയ്തത്. അധികാരവികേന്ദ്രീകരണമെന്ന ചരിത്രത്തെ നിങ്ങൾ വെല്ലുവിളിക്കുകയാണ് ചെയ്തത്. പ്രാദേശിക ആസൂത്രണത്തെ നിങ്ങൾ അടിമുടി തകർത്തെറിഞ്ഞു. ഏതെങ്കിലുമൊരു പഞ്ചായത്തിൽ ഒരടിസ്ഥാനപ്രശ്നം പരിഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ? ഇല്ല എന്നതാണ് ഉത്തരം. ഇപ്പോൾ ഇതാ അശാസ്ത്രീയമായ ബ്ലോക്ക് വിഭജനവും, മണ്ഡലവും ബ്ലോക്കും ഒന്നാക്കുമെന്ന് പറഞ്ഞ് പല ബ്ലോക്കുകളേയും അകാരണമായി വിഭജിച്ചിരിക്കുകയാണ്. അധികാരംപിടിക്കുക എന്നതാണ് ലക്ഷ്യം. ജനങ്ങൾ ഇതിന് മറുപടി നൽകും. തൃശ്ശൂർ ജില്ലയിൽ പതിനാറ് ബ്ലോക്ക് പഞ്ചായത്തുകളാണുണ്ടായിരുന്നത്. ഇപ്പോഴത് പതിനാലായി ചുരുക്കി. എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ്?

നിയോജകമണ്ഡലത്തിന്റെ അടിസ്ഥാനത്തിലല്ല. അവിടെ ഗ്രാമ പഞ്ചായത്തുകളുടെ എണ്ണം എൺപത്തിയെട്ടിൽ നിന്ന് തൊണ്ണൂറാക്കി വർദ്ധിപ്പിച്ചു. പക്ഷേ ബ്ലോക്ക് പഞ്ചായത്തിന്റെ എണ്ണം പതിനാലായി വെട്ടിച്ചുരുക്കിയിരിക്കുകയാണ്. അശാസ്ത്രീയമായ, ഭൂപരമായി യാതൊരു സാമ്യതയുമില്ലാത്ത, ഇന്ന് കുറച്ചുദൂരം യാത്ര ചെയ്ത് ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്ഥാനത്ത് എത്തിച്ചേരുന്ന ആളുകളെ കിലോമീറ്ററോളം യാത്രചെയ്യിക്കേണ്ട അവസ്ഥയാണ് ഇപ്പോൾ വന്നിട്ടുള്ളത്. ഒരു ബ്ലോക്ക് പഞ്ചായത്തിൽ കൂടി കടന്നുവേണം മറ്റൊരു ബ്ലോക്ക്പഞ്ചായത്തിലേയ്ക്ക് എത്തിച്ചേരാൻ. ബ്ലോക്ക് പഞ്ചായത്തുകൾ വഴി ജനങ്ങൾക്ക് കിട്ടിയിരുന്ന വികസനവും ഭരണപരമായ സൗകര്യങ്ങളുമെല്ലാം ഇല്ലാതാക്കുകയാണ് തൃശ്ശൂർ ജില്ലയിൽ ബ്ലോക്ക് പഞ്ചായത്തുകളെ വിഭജിച്ചതിന്റെ ഫലമായി ഉണ്ടായിട്ടുള്ളതെന്ന് അത് പരിശോധിച്ചാൽ കാണാൻ കഴിയും. 'കരുതലും വികസനവും' 'അതിവേഗം ബഹുദൂരം' തുടങ്ങിയ പല വാക്കുകളും നിങ്ങൾ പ്രയോഗിക്കുകയുണ്ടായി. ചരിത്രത്തിലാദ്യമായി സംസ്ഥാനത്തെ വൃദ്ധസദനങ്ങളിൽ ഇരുപത്തൊന്നായിരത്തിലേറെ അന്തേവാസികൾ, നിരാലംബർ. നിരാലംബരുടെ എണ്ണം വർദ്ധനവാണോ വികസനം. പൂജപ്പുര മഹിളാമന്ദിരത്തിൽ യുവജന കമ്മീഷന്റെ മിന്നൽ പരിശോധന നടന്നപ്പോൾ അന്തേവാസികളെ

പാർപ്പിച്ചിരിക്കുന്നത് ജയിൽ സമാനമായ അന്തരീക്ഷത്തിലാണെന്ന് കണ്ടെത്തുകയുണ്ടായി. ഇരുനിലകെട്ടിടത്തിൽ അടച്ചുപൂട്ടിയ നിലയിലാണ് അന്തേവാസികളെ കണ്ടത്. പീഢനമാണിത്. പാവം നിരാലംബരുടെ ജീവിതം എത്ര കഠോരമാണെന്ന് ഓർക്കണം. എല്ലാ ക്ഷേമപദ്ധതികളും നിങ്ങൾ അട്ടിമറിച്ചു. എല്ലാ പെൻഷനുകളും കുടിശ്ശികയാണ്. കോടിക്കണക്കിന് രൂപ കുടിശ്ശിക. നിയമസഭയിൽ നൽകിയ മറുപടിയിൽ വർദ്ധക്യകാലപെൻഷന് 450.05 കോടി രൂപയും വിധവാപെൻഷന് 197.77 കോടി രൂപയും വികലാംഗപെൻഷന് 68.99 കോടി രൂപയും കർഷകത്തൊഴിലാളി പെൻഷൻ 151.18 കോടി രൂപയും തൊഴിൽരഹിത വേതനത്തിന് 29.75 കോടി രൂപയും ഇതിനുപുറമേ ക്ഷേമനിധി ബോർഡുകൾ വഴി നൽകിയിരുന്ന പെൻഷന് 44.69 കോടി രൂപയും കുടിശ്ശികയാണ്. ആകെ 942.36 കോടി രൂപ കുടിശ്ശികയാണ്. ഇതാണോ പാവപ്പെട്ടവർക്കുവേണ്ടി നടത്തുന്ന സാമൂഹ്യനീതിയെന്ന് ഓർക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എൽ.ഡി.എഫ്. സർക്കാർ കിടപ്പുരോഗികളെ നോക്കുന്നവർക്ക് 525 രൂപ വച്ച് കൊടുക്കാൻ തീരുമാനിച്ചിരുന്നു. ഈ ഗവൺമെന്റ് ആ രൂപ പോലും കൊടുക്കാതെ പലർക്കും കുടിശ്ശികയായി നിൽക്കുകയാണ്.

ക്ഷീരമേഖല വലിയ പ്രതിസന്ധിയിലാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ലക്ഷ്യബോധവും ജനഹിതവുമില്ലാത്ത അവസ്ഥയിൽ തകരുന്ന മേഖലകളാണ് കൃഷി-ക്ഷീരം-മൃഗസംരക്ഷണം തുടങ്ങിയവ. നഷ്ടം കറന്നെടുത്ത് നട്ടം തിരിയുകയാണ് ക്ഷീരമേഖലയിലെ കർഷകർ. ഈ മേഖലകൾക്കാവശ്യമായ കാലിത്തീറ്റ തുടങ്ങിയവ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ കീഴിലാണ്. അവയെല്ലാം തകർച്ചയുടെ വക്കിലാണ്. എല്ലാ ഉല്പന്നങ്ങൾക്കും അമിതമായ വിലയാണ്, കർഷകർക്കാണെങ്കിൽ സബ്സിഡിയുമില്ല. അതുകൊണ്ട് കാലിത്തീറ്റ നൽകി ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിൽ വലിയ പ്രതിസന്ധിയുണ്ട്. ഇവിടെ ക്ഷീരവികസനം ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകുകയും അനുബന്ധ ഘടകങ്ങളിൽ സർക്കാർ ശ്രദ്ധിക്കാതിരുന്നതിനാലും ക്ഷീരമേഖല തകർന്നു. ക്ഷീരകർഷകന് ജീവിക്കാൻ പറ്റാത്ത അവസ്ഥയുണ്ടായി. തെറ്റായ വികസനനയം മൂലമാണ് ഇന്നും കേരളത്തിന്റെ ക്ഷീരമേഖല തമിഴ്നാടിന്റെ പാലിനെ ആശ്രയിക്കുന്നത്. മിൽമ വിൽക്കുന്ന പാലിൽ നല്ലൊരു ഭാഗം തമിഴ്നാടിൽ നിന്നും വാങ്ങുന്ന പാലാണ്. മിൽമ അവരുടെ ബ്രാൻഡ് ഉപയോഗിച്ച് നൽകുന്ന കാലിത്തീറ്റയും തമിഴ്നാട്ടിൽ ഉല്പാദിപ്പിക്കുന്ന കാലിത്തീറ്റയാണ്, ഇവിടെ കൊണ്ടുവന്ന് മിൽമയുടെ പേരിൽ വിറ്റഴിക്കുകയാണ്. കാലികൾക്കാവശ്യമായ

മരുന്നിന്റെ വിലവർദ്ധനവ്, പ്രതിരോധ കുത്തിവയ്പ്പുകളുടെ അപര്യാപ്തത എന്നിവയെല്ലാം ക്ഷീരകർഷകനെ വലയ്ക്കുകയാണ്. ക്ഷീരമേഖലവിട്ട് കർഷകർ പോകുന്ന കാഴ്ചയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. ഇതിന്റെ ഫലമായി വ്യാജപ്പാൽ വിപണിയിൽ വ്യാപകമാവുകയാണ്. ആന്റിബയോട്ടിക് ചേർന്നതും കൊഴുപ്പ് ചേർന്നതുമായ പാൽ വിപണി കീഴടക്കുകയാണ്. ഇതിന്റെ ഫലമോ? പല രോഗങ്ങളും പുതിയതായി വന്നുകൊണ്ടിരിക്കുന്നു. പാൽവിപണിയിൽ കടന്നു കയറാൻ ശ്രമിക്കുന്ന വ്യാജപ്പാൽ ഉല്പാദകർ ക്ഷീരമേഖലയെ തകർക്കുവാൻ ശ്രമിക്കുമ്പോൾ സർക്കാർ പകച്ചുനിൽക്കുകയാണ്. പാൽ തെല്ലുപോലുമില്ലാതെ രാസവസ്തുക്കൾ കൊണ്ടുമാത്രം പാൽ ഉല്പാദിപ്പിക്കുന്ന വ്യവസായങ്ങളും വളരുന്നുണ്ടെന്ന വാർത്തകൾ നമ്മെ ഭയപ്പെടുത്തുകയാണ്.

ഇവിടെ സാമൂഹ്യനീതിവകുപ്പ്, സാമൂഹിക സുരക്ഷിതത്വവും ക്ഷേമവും രംഗത്ത് സുരക്ഷിതത്വവുമില്ല, ക്ഷേമവുമില്ല, നീതിയുമില്ല എന്നുള്ള അവസ്ഥയാണ്. ഇതിനുമുമ്പ് പല കാര്യങ്ങളും ഇവിടെ സൂചിപ്പിച്ചതാണ്. എന്തുപണിയും ചെയ്യാമെന്ന വ്യവസ്ഥയിലാണ് അംഗൻവാടി വർക്കർമാരെ ജോലിക്കെടുക്കുന്നത്. സ്ത്രീകൾ മാത്രം പണിയെടുക്കുന്ന ഒരു മേഖലയാണിത്. അവർ വലിയ ചൂഷണത്തിന് വിധേയരാകുകയാണ്. തീവണ്ടി തടയൽ ഉൾപ്പെടെ നിരവധി സമരങ്ങൾ അവർ

ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അംഗൻവാടി ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കണം, അവരുടെ ജോലിഭാരം കുറയ്ക്കണം. വോട്ടർ പട്ടികയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, സർവ്വേകൾ തുടങ്ങിയ എല്ലാ ജോലികളും ഇന്ന് ചെയ്യിക്കുന്നത് അംഗൻവാടി ടീച്ചർമാരെക്കൊണ്ടാണ്. അതിനനുസൃതമായ പ്രതിഫലം അവർക്ക് കൊടുക്കുന്നില്ല, വളരെ തുച്ഛമായ പ്രതിഫലമാണ് അവരുടേത്. അവർ ചെയ്യുന്ന തൊഴിലിന്റെ സമയത്തിനോ അദ്ധ്വാനത്തിനോ അനുസൃതമായ പ്രതിഫലം അവർക്ക് കൊടുക്കുന്നില്ല, അവർക്ക് തൊട്ടടുത്ത സ്ഥലങ്ങളിൽ ജോലിചെയ്യുന്നതിന് ന്യായമായ ഒരു സ്ഥലമാറ്റം നൽകുന്നില്ല, പ്രൊമോഷൻ നൽകുന്നില്ല. റിട്ടയർ ചെയ്തുകഴിഞ്ഞാൽ നാമമാത്രമായ പെൻഷൻ കൊടുക്കുമെന്ന് പറഞ്ഞെങ്കിലും അതുപോലും കൊടുക്കുന്നില്ല. അവരുടെ ക്ഷേമനിധി തകർക്കുകയാണ്. അവരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കണം, അതുപോലെ അവരുടെ ശമ്പളം വർദ്ധിപ്പിക്കണം എന്നുള്ള ആവശ്യങ്ങളും ഉയർന്നുകൊണ്ടിരിക്കുകയാണ്.

പഞ്ചായത്തുമായി ബന്ധപ്പെട്ട് പറയുകയാണെങ്കിൽ, നാല് മാസമായി പഞ്ചായത്തുകൾക്ക് പൈസ നൽകുന്നില്ല. പട്ടികജാതി വിധവാ വീട്, മെയിന്റനൻസ് തുടങ്ങിയ ആനുകൂല്യങ്ങൾ, സ്പിൽ ഓവറായ വർക്കുകൾക്ക് പൈസ

തരുന്നില്ല. ട്രഷറിയിൽ പോയിട്ട് ഒരു കാര്യവുമില്ലാത്ത അവസ്ഥയാണ്. പണം വന്നിട്ടില്ലെന്ന പല്ലവിയാണ് ട്രഷറി ഉദ്യോഗസ്ഥന്മാർ പറയുന്നത്. ഐ.എ.വൈ. വീടുകൾക്ക് എഗ്രിമെന്റ് വച്ച വീട് പൊളിച്ചോ? ബാക്കി പൈസ കിട്ടാത്തതിന്റെ ഫലമായി ഈ മഴക്കാലത്ത് മാനം നോക്കി കഷ്ടപ്പെട്ടിരിക്കുകയാണ് അവർ. അതിന് സംസ്ഥാന സർക്കാർ കൊടുക്കേണ്ട വിഹിതം സാമ്പത്തിക പ്രതിസന്ധിമൂലം കൊടുക്കാത്ത ഒരു അവസ്ഥയാണ്. ഇതിന് പുറമേയാണ് പഞ്ചായത്തുകളുടെ സ്ട്രീറ്റ് ലൈറ്റുകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ. സ്ട്രീറ്റ് ലൈറ്റുകൾ ക്രോസ് എന്ന ഒരു ഏജൻസിവഴി വാങ്ങണമെന്നാണ് ഗവൺമെന്റ് നിർബന്ധിക്കുന്നത്. തിരുവനന്തപുരത്തും കാസർഗോഡും രണ്ട് ഓഫീസേയുള്ളൂ. ആയിരം പഞ്ചായത്തുകളിലെ മെയിന്റനൻസ് ഇവർക്കാണ്. ഇത് അവതാളത്തിലായി. ഗവൺമെന്റ് ഓർഡർ അനുസരിച്ച് വാങ്ങണം. അവരാണെങ്കിൽ മറ്റ് ഏജൻസികളിൽ നിന്നും വാങ്ങിയാണ് അധികവില ഈടാക്കിക്കൊണ്ടിരിക്കുന്നത്. യഥേഷ്ടം ക്വട്ടേഷൻ വാങ്ങി കൊടുക്കാനുള്ള സാഹചര്യം ഇപ്പോൾ ഇല്ലാതിരിക്കുകയാണ്. പല പഞ്ചായത്തുകളിലും സെക്രട്ടറിമാരില്ല. ഒഴിവുകൾ നികത്തിയിട്ടില്ല. എല്ലാ പെൻഷനുകളും കുടിശ്ശികയാണ്. മൂന്ന് ലക്ഷം വരുമാനമുള്ളവർക്കുവരെ പെൻഷൻ കൊടുക്കുമെന്ന്

പറഞ്ഞത് ഓർക്കുന്നുണ്ടാകും, കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിന് മുമ്പ് യു.ഡി.എഫ്. സർക്കാർ പ്രഖ്യാപിക്കുകയും കുറേ അപേക്ഷകൾ ക്ഷണിക്കുകയും കുറേപേർക്ക് പെൻഷൻ കൊടുക്കുകയുമൊക്കെ ചെയ്തതാണ്. പക്ഷേ പിന്നീട് പാർലമെന്റ് തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ വരുമാനപരിധി ഒരു ലക്ഷമായി ചുരുക്കി. കിട്ടിയവർക്കില്ല. പഞ്ചായത്ത് മെമ്പർമാരെ വഴിനടക്കാൻ അനുവദിക്കാത്ത സ്ഥിതിയാണ്. ഈ സർക്കാർ തന്നെയാണ് മൂന്ന് ലക്ഷം പരിധിയാക്കി ഉയർത്തിയത്. അങ്ങനെ കുറേ അപേക്ഷകൾ ക്ഷണിച്ചു. കുറേപേർക്ക് പെൻഷൻ കൊടുത്തു. പലരും കിട്ടുമെന്ന് പ്രതീക്ഷിച്ചിരുന്നു. കിട്ടിയവരേയും കിട്ടാത്തവരേയും നിരാശരാക്കിക്കൊണ്ട്, പഞ്ചായത്ത് മെമ്പർമാരെ ബുദ്ധിമുട്ടിലാക്കിക്കൊണ്ടാണ് ഈ പെൻഷൻ അവസാനിച്ചതെന്ന് നമുക്ക് കാണാൻ കഴിയും.

കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ മൽസരിച്ച് ജനങ്ങളെ കൊള്ളയടിക്കുകയാണ്. അതിന്റെ ഭാഗമായി അഴിമതിയുടെ കാര്യത്തിലും കേന്ദ്രവും സംസ്ഥാനവും മൽസരിക്കുകയാണ്. നയങ്ങളുടെ കാര്യത്തിൽ ഒരേ തൂവൽ പക്ഷികളാണ്. ബി.ജെ.പി.-യുടെ നേതൃത്വത്തിലുള്ള കേന്ദ്രഗവൺമെന്റ് ആയാലും യു.ഡി.എഫ്.-ന്റെ നേതൃത്വത്തിലുള്ള സംസ്ഥാനഗവൺമെന്റ് ആയാലും

അഴിമതിയുടെ കാര്യത്തിലും ജനദ്രോഹനയങ്ങളുടെ കാര്യത്തിലും തൊഴിലാളി വിരുദ്ധനയങ്ങളുടെ കാര്യത്തിലും ഒരേ തൂവൽ പക്ഷികളാണ്. കോൺഗ്രസ്-ന്റെ അഴിമതിയുടെയും ജനദ്രോഹനയങ്ങളുടെയും ഭാഗമായാണ് കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ജനങ്ങൾ അവർക്ക് ചുട്ട മറുപടി നൽകിയത്. പക്ഷേ അവർ പാഠം പഠിക്കാനല്ല, അതേ നയങ്ങളാണ് തുടരുന്നത് എന്ന് നമുക്ക് കാണാൻ കഴിയും. പകരം വന്ന ബി.ജെ.പി. ഗവൺമെന്റും അതേ നയങ്ങൾ തുടരുന്നു. രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും മതേതരത്വവും തകർക്കുന്ന മതന്യൂനപക്ഷങ്ങൾ ഭയവിഹ്വലരായി കഴിയേണ്ട ഒരു സാഹചര്യം അവരും ഇവിടെ സൃഷ്ടിച്ചിരിക്കുകയാണ്. പഞ്ചായത്ത് പോലുള്ള സ്ഥാപനങ്ങൾ അധികാരവികേന്ദ്രീകരണവും വികേന്ദ്രീകൃത ആസൂത്രണവും ശക്തിപ്പെടുത്തി മുന്നോട്ട് കൊണ്ടുപോകണം. കേരളത്തിൽ വലിയ ജനമുന്നേറ്റം ഉണ്ടായ പ്രസ്ഥാനങ്ങളാണ് സമ്പൂർണ്ണ സാക്ഷരതാ യജ്ഞപരിപാടി. കേരളത്തിൽ വലിയ ജനമുന്നേറ്റം ഉണ്ടായ പ്രസ്ഥാനമാണ് ജനകീയാസൂത്രണ പ്രസ്ഥാനം. കേരളത്തിൽ ഇതിനെല്ലാം നേതൃത്വം കൊടുത്തത് ഇടതുപക്ഷ പ്രസ്ഥാനമാണ്. പാവപ്പെട്ടവർക്കുവേണ്ടി കേരളത്തിൽ വന്നിട്ടുള്ള ക്ഷേമനിധികളും ക്ഷേമപദ്ധതികളും നിയമനിർമ്മാണങ്ങളും ആനുകൂല്യങ്ങളും പെൻഷനുകളും ഇടതുപക്ഷ പ്രസ്ഥാനത്തിന് സ്വാധീനമില്ലാത്ത

ഏത് സംസ്ഥാനങ്ങളിലാണ് ഉള്ളതെന്ന് വ്യക്തമാക്കിയാൽ കൊള്ളാം. അതിനുകാരണം കേരളത്തിലെ വികസനത്തിന്റെ ചാലകശക്തി ഇടതുപക്ഷപ്രസ്ഥാനം ഭൂപരിഷ്കരണം മുതൽ ഇവിടെ തുടങ്ങിവച്ച നാനാപ്രവർത്തനങ്ങളുടെ ഭാഗമായിട്ടാണ്. അതുകൊണ്ട് ഈ സംസ്ഥാന സർക്കാർ ഗ്രാമവികസനത്തെ തകർക്കുന്നു. അധികാരവികേന്ദ്രീകരണത്തെ തകർക്കുന്നു. സാമൂഹ്യ സുരക്ഷാ പദ്ധതികളെയെല്ലാം തകർക്കുന്നു. അതിൽ ശക്തിയായി പ്രതിഷേധിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. വി. റ്റി. ബൽറാം</u>: സർ, വികസനവും കരുതലും എന്ന ഈ ഗവൺമെന്റിന്റെ പ്രഖ്യാപിത മുദ്രാവാക്യത്തെ ഏറ്റവും ശരിയായ രീതിയിൽ ഉൾക്കൊണ്ട് ആ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്ന ചില വകുപ്പുകളെ സംബന്ധിച്ചുള്ള ധനാഭ്യർത്ഥനകളാണ് ഇന്ന് ഉയർന്നുവന്നിരിക്കുന്നത് എന്നുള്ളതുകൊണ്ടുതന്നെ വളരെ സന്തോഷത്തോടെയും അഭിമാനത്തോടെയും ഞാൻ അതിനെ പൂർണ്ണമായി പിന്തുണയ്ക്കുകയാണ്. ഒരു വർഷം മുമ്പാണ് കേന്ദ്രത്തിലേക്ക് ഒരു തെരഞ്ഞെടുപ്പ് നടന്നത്. ഞങ്ങൾ അധികാരത്തിൽ വന്നോട്ടെ, അച്ഛേ ദിൻ കൊണ്ടുവരുമെന്നാണ് ആ തെരഞ്ഞെടുപ്പ് ഘട്ടത്തിൽ ഭാരതീയ ജനതാപാർട്ടിയും ശ്രീ. നരേന്ദ്രമോദിയും മുന്നോട്ടുവച്ച വാഗ്ദാനം. ഇന്ന് ആ പാർട്ടിയുടെ

അഖിലേന്ത്യാദ്ധ്യക്ഷൻ അമിത്ഷാ ജി പറയുന്നത് അച്ഛാ ദിൻ വരണമെങ്കിൽ 25 വർഷമെങ്കിലും എടുക്കും എന്നാണ്. ഈ നിലയിലാണ് കേന്ദ്രസർക്കാർ മുന്നോട്ട് പോകുന്നതെങ്കിൽ 25 അല്ല 250 വർഷമെടുത്താലും അച്ഛാ ദിൻ വരാൻ പോകുന്നില്ല എന്നുമാത്രമല്ല ഒരുപക്ഷേ രണ്ടോ മൂന്നോ വർഷത്തിനകത്ത് നമ്മുടെ സാമൂഹ്യ സേവനരംഗങ്ങൾ മുഴുവൻ കുളം തോണ്ടുന്ന അവസ്ഥയിലേക്കാണ് കാര്യങ്ങൾ പോകുന്നത്. അത്രമാത്രം വലിയ ഒരു എക്സ്പെൻഡിച്ചർ കട്ടാണ് സോഷ്യൽ സെക്ടറിന്റെ കാര്യത്തിൽ കേന്ദ്രസർക്കാർ വരുത്തിക്കൊണ്ടിരിക്കുന്നത്. നേരത്തേ 1.92 ശതമാനമായിരുന്നു ജി.ഡി.പി. എങ്കിൽ ഇപ്പോൾ 1.68 ശതമാനത്തിലേക്ക് വെട്ടിക്കുറച്ചിരിക്കുകയാണ്. എല്ലാ മേഖലകളും അതുമായി ബന്ധപ്പെട്ട് അഫക്റ്റഡ് ആവുകയാണ്. വിദ്യാഭ്യാസത്തിന് 17,000 കോടിരൂപയാണ് ഒറ്റയടിക്ക് കുറച്ചിരിക്കുന്നത്. നമ്മുടെയൊക്കെ പ്രാഥമിക വിദ്യാഭ്യാസം ശക്തിപ്പെടുത്തുന്ന എസ്.എസ്.എ. പദ്ധതിക്ക് 27,758 കോടിരൂപ നേരത്തേ യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് അനുവദിച്ചിരുന്നുവെങ്കിൽ അത് 22,000 കോടിരൂപയാക്കി കുറച്ചിരിക്കുന്നു. കൊച്ചുകുട്ടികൾക്ക് സ്കൂളുകളിൽ ഉച്ചഭക്ഷണം കൊടുക്കുന്ന 'മിഡ്ഡേ മീൽ സ്കീം'-ന് 13,215 കോടിരൂപയായിരുന്നു നേരത്തേ എങ്കിൽ 9235 കോടിരൂപയാക്കി കുറച്ചിരിക്കുന്നു. ആരോഗ്യരംഗത്ത്

ലോകത്തുതന്നെ ഏറ്റവും കുറവ് സ്പെൻഡിംഗ് ഉള്ള ഒരു രാജ്യമാണ് ഇന്ത്യ. സ്വകാര്യ മേഖലയ്ക്ക് ആരോഗ്യരംഗത്ത് വലിയ രീതിയിൽ പ്രാധാന്യം ഉള്ള അമേരിക്കയിൽ ജി.ഡി.പി.-യുടെ ഏതാണ്ട് 8.3 ശതമാനം ആരോഗ്യമേഖലയിൽ നീക്കിവച്ചിരിക്കുന്നുവെങ്കിൽ ഇന്ത്യയിൽ ഇപ്പോഴും അത് ഒരു ശതമാനത്തിന് മുകളിലാണ്. യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് 10 വർഷവും ക്രമാനുഗതമായി വളരെയധികം കൂട്ടിവന്നതിനുശേഷവും എൻ.ആർ.എച്ച്.എം. പോലുള്ള പല പദ്ധതികളും ആവിഷ്കരിച്ചതിനു ശേഷമാണ് ഈ രീതിയിൽ ഹെൽത്ത് എക്സ്പെൻഡിച്ചർ വർദ്ധിച്ചുവന്നത്. അങ്ങനെയുള്ള ആരോഗ്യമേഖലയ്ക്ക് 7000 കോടിരൂപ ഒറ്റയടിക്ക് കുറച്ചിരിക്കുകയാണ്. എച്ച്.ഐ.വി. എയ്ഡ്സ്-ന്റെ പ്രതിരോധ പ്രവർത്തനങ്ങൾ ഇതുമായി ബന്ധപ്പെട്ട് അഫക്റ്റഡ് ആവുകയാണ്. കൃഷിയിൽ 19,852 കോടിരൂപയിൽ നിന്ന് 17,000 കോടിരൂപയായി കുറച്ചിരിക്കുന്നു. ആർ.കെ.വി.വൈ. എന്നു പറയുന്ന പദ്ധതി (രാഷ്ട്രീയ കൃഷി വികാസ് യോജന) 9864 -ൽ നിന്ന് വെറും 4500 കോടിരൂപയാക്കി, പകുതിയായി വെട്ടിക്കുറച്ചിരിക്കുന്നു. പഞ്ചായത്തീ രാജ് മന്ത്രാലയം, ഇന്ന് നമ്മൾ ധനാഭ്യർത്ഥനയുമായി ബന്ധപ്പെട്ട് കേരളത്തിലെ സാഹചര്യം ചർച്ച ചെയ്യുകയാണെങ്കിലും കേന്ദ്രത്തിലെ പഞ്ചായത്തീരാജ് മന്ത്രാലയത്തിന് 3400

കോടിരൂപ നേരത്തേ അനുവദിച്ചിരുന്നത് വെറും 94 കോടിരൂപയായി അലോക്കേഷൻ ഇല്ലാതാക്കിയിരിക്കുന്നു. എത്രശതമാനമാണെന്ന് പറയാൻ പറ്റില്ല. വനിതാ ശിശുക്ഷേമ മന്ത്രാലയം 13.8 ശതമാനമാണ് കുറച്ചിരിക്കുന്നത്. 18,588 കോടിരൂപയില 10,382 കോടിരൂപയായി കുറച്ചിരിക്കുന്നു. ഐ.സി.ഡി.എസ്. പദ്ധതി മാതൃകാപരമാണ്. ഇന്ന് കേന്ദ്രസർക്കാർ യോഗ നടത്തി ആളുകളുടെ ആരോഗ്യം വർദ്ധിപ്പിക്കാനാണ് പറയുന്നത്. യോഗ നടത്തിയാൽ ആരോഗ്യം വർദ്ധിക്കുമോ ഇല്ലയോ എന്നത് ശാസ്ത്രജ്ഞൻമാരും മെഡിക്കൽ പ്രാക്ടീഷണേഴ്സും വിലയിരുത്തട്ടെ. പക്ഷേ ഗ്രാമീണ മേഖലയിലെ പോഷകാഹാരക്കുറവിനെ അഡ്രസ്സ് ചെയ്യുന്ന ഏറ്റവും പ്രധാനപ്പെട്ട ഐ.സി.ഡി.എസ്. പദ്ധതിയുടെ വിഹിതം 18,195 കോടിരൂപയിൽ നിന്നും പകുതിയിൽ താഴെയായി 8335 കോടിരൂപയായി വെട്ടിക്കുറച്ചതിനുശേഷമാണ് യോഗ പ്രചരണവുമായി കേന്ദ്രസർക്കാർ മുന്നോട്ടുപോകുന്നത്. കേന്ദ്രമന്ത്രി ശ്രീമതി മേനക ഗാന്ധി തന്നെ ഇതിനെതിരെ വ്യക്തമായ പ്രതിഷേധവുമായി രംഗത്ത് വന്നു. ഡ്രിങ്കിംഗ് വാട്ടർ ആന്റ് സാനിട്ടേഷൻ - നമ്മുടെ ഗ്രാമീണ മേഖലയിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. നമ്മുടെ പ്രധാനമന്ത്രിയുടെ ഏറ്റവും ഫ്ലാഗ്ഷിപ്പ് പ്രോഗ്രാമായി അദ്ദേഹം ഉയർത്തിക്കാണിക്കുന്നത് 'സ്വച്ഛ് ഭാരത്' ആണ്. 12,000 കോടിരൂപയാണ് ഈ

മന്ത്രാലയത്തിന് കഴിഞ്ഞ വർഷങ്ങളിൽ അനുവദിച്ചിരുന്നതെങ്കിൽ അതും പകുതിയായി, 6243 കോടിരൂപയായി വെട്ടിക്കുറച്ചിരിക്കുന്നു. ചൂലെടുത്ത് അടിച്ചുവാരിയാൽ മാത്രം ഇവിടെ സ്വച്ഛ് ഭാരത് ഉണ്ടാകുമെന്നുള്ള ഒരു തെറ്റിദ്ധാരണയിൽ ഒരു പുകമറ സൃഷ്ടിച്ചുകൊണ്ട് കേന്ദ്രസർക്കാർ മുന്നോട്ടുപോകുമ്പോൾ കേരളസർക്കാരിന് വലിയ ഉത്തരവാദിത്വം വർദ്ധിച്ചിരിക്കുകയാണ്. എല്ലാമേഖലയിലും ഈ കട്ട് ഉണ്ട്. എസ്.സി. സബ് പ്ലാൻ 33 ശതമാനമാണ്. മൂന്നിലൊന്ന് ശതമാനമായി വെട്ടിക്കുറച്ചിരിക്കുന്നു. 43,000 കോടിരൂപയിൽ നിന്ന് വെറും 30,000 കോടിരൂപയായി കുറയ്ക്കുന്നു. ട്രൈബൽ സബ്പ്ലാൻ 26,000 കോടിരൂപയിൽ 19,000 കോടിരൂപയായി വെട്ടിക്കുറയ്ക്കുന്നു. എല്ലാ മേഖലയിലും ഇത്തരത്തിലുള്ള, ജനങ്ങൾക്ക് നേരിട്ട് ഉപകാരം കിട്ടുന്ന എല്ലാക്കാര്യങ്ങളിൽ നിന്നും പിൻവാങ്ങുകയും വൻകിടക്കാരെയും കോർപ്പറേറ്റുകളെയും സഹായിക്കുന്ന സമീപനത്തിലേക്ക് കേന്ദ്രസർക്കാർ മുമ്പോട്ട് പോകുമ്പോൾ കേരളത്തിൽ അതുകൂടി മറികടക്കുന്ന തരത്തിലുള്ള അധിക ഉത്തരവാദിത്തം ഏറ്റെടുക്കാൻ ഈ ഗവൺമെന്റിന് സാധിക്കേണ്ടതുണ്ട് എന്നാണ് എനിക്ക് തോന്നുന്നത്. അതുകൊണ്ട് പ്രതിപക്ഷത്തുള്ള എന്റെ ബഹുമാന്യരായ സുഹൃത്തുക്കൾവരെ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങണമെന്നാണ് എനിക്ക്

അഭ്യർത്ഥിക്കാനുള്ളത്. അധികാരവികേന്ദ്രീകരണത്തിന്റെ 20 വർഷങ്ങൾ പൂർത്തീകരിക്കാൻ പോകുകയാണ്. 1995-ലാണ് കേരളത്തിൽ പുതിയ പഞ്ചായത്തീരാജ് നഗരപാലിക നിയമങ്ങളുടെ അടിസ്ഥാനത്തിലുള്ള തെരഞ്ഞെടുപ്പ് നടന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം കൈമാറിയത്. അന്ന് ശ്രീ. എ. കെ. ആന്റണി സർക്കാർ കൈമാറിയ അധികാരങ്ങളാണ് നമ്മുടെ പഞ്ചായത്തീരാജ് സംവിധാനത്തിന് അടിത്തറയൊരുക്കിയത്. ഒരുപാട് അധികാരങ്ങൾ കൈമാറി അതിനനുസൃതമായി ഒരു ഹ്യൂമൻ ഇൻഫ്രാസ്ട്രക്ചർ ഉണ്ടാക്കിക്കൊടുക്കാൻ കഴിഞ്ഞ കുറേക്കാലങ്ങളായി നമുക്ക് കഴിഞ്ഞിട്ടില്ല. അതുകൊണ്ടുതന്നെ പദ്ധതിനിർവ്വഹണകാര്യത്തിൽ ഉദ്യോഗസ്ഥരുടെ അഭാവം കാരണം വലിയ ബുദ്ധിമുട്ടുകൾ നേരിടേണ്ടിവന്നിരുന്നു. ഈ ഗവൺമെന്റ് വളരെ മാതൃകാപരമായി അക്കാര്യത്തിൽ ഇടപെട്ടു. 978 ക്ലറിക്കൽ തസ്തികകൾ ഈ ഗവൺമെന്റ് പുതിയതായി സൃഷ്ടിച്ചു. ഓരോ പഞ്ചായത്തിലും പുതിയ തസ്തികകൾ സൃഷ്ടിച്ചു. 864 അസിസ്റ്റന്റ് സെക്രട്ടറിമാരെ പുതിയതായി നിയമിച്ചു. ഇതിന്റെയൊക്കെ ഭാഗമായി പദ്ധതി നിർവ്വഹണം വലിയ രീതിയിൽ മുമ്പോട്ട് പോയി. എഞ്ചിനീയറിംഗ് വിഭാഗത്തെ ശക്തിപ്പെടുത്താൻ തീരുമാനിച്ചു. പഞ്ചായത്തുതലത്തിൽ നേരത്തേ എ.ഇ.-മാർ ഉണ്ടായിരുന്നില്ല. ഇപ്പോഴും

എല്ലാ പഞ്ചായത്തിലും എ.ഇ.-മാർ ആയിട്ടില്ല എങ്കിൽപ്പോലും പഞ്ചായത്തിലും ബ്ലോക്കിലുമായി എഞ്ചിനീയർമാരുടെ 420 പുതിയ തസ്തികകൾ സൃഷ്ടിച്ച് ആ പ്രവർത്തനങ്ങളെ മുന്നോട്ട് കൊണ്ടുപോകുന്നതിന് സാധിച്ചിട്ടുണ്ട്. ഇതിന്റെയൊക്കെ ഭാഗമായി പഞ്ചായത്തുകളുടെ പദ്ധതിനിർവ്വഹണം വലിയ രീതിയിൽ മെച്ചപ്പെടുത്താൻ നമുക്ക് സാധിച്ചിട്ടുണ്ട്. 80-85 ശതമാനം വരെ പദ്ധതി നിർവ്വഹണം സമയബന്ധിതമായി പൂർത്തീകരിക്കാൻ നമുക്ക് സാധിക്കുന്നുവെന്നുള്ളത് തീർച്ചയായും അഭിമാനാർഹമായിട്ടുള്ള ഒരു കാര്യമാണ്. ബഹുമാന്യനായ വകുപ്പുമന്ത്രിയെ ഞാൻ അക്കാര്യത്തിൽ പ്രത്യേകമായി അഭിനന്ദിക്കാൻ കൂടി ആഗ്രഹിക്കുകയാണ്. ഇതിന്റെ അക്കൗണ്ടിംഗ് സമ്പ്രദായം സാംഖ്യ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് കൂടുതൽ കൃത്യമാക്കി. മൂന്ന് വർഷത്തേയ്ക്കുള്ള പദ്ധതികൾ തയ്യാറാക്കുന്ന കാര്യത്തിൽ കുറേക്കൂടി പുരോഗതി കൈവരിക്കാൻ നമുക്ക് സാധിച്ചു. ജൂലൈ മാസത്തിനകം തന്നെ പദ്ധതി രൂപീകരണപ്രക്രിയ പൂർത്തീകരിക്കാനും ബാക്കിയുള്ള അഞ്ചെട്ട് മാസങ്ങൾ ഇതിന്റെ നിർവ്വഹണത്തിനുവേണ്ടി നീക്കിവയ്ക്കാനും നമുക്ക് സാധിക്കുന്നുവെന്നുള്ളത് വലിയ നേട്ടങ്ങൾ ഈ രംഗത്ത് ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. അതോടൊപ്പം ക്ഷേമപദ്ധതികൾ നല്ലരീതിയിൽ ഏറ്റെടുത്തുകൊണ്ടുപോകാൻ നമ്മുടെ

പഞ്ചായത്തുകൾക്ക് സാധിക്കുന്നു. ഈ ഗവൺമെന്റ് പ്രത്യേകമായ താൽപ്പര്യമെടുത്ത് നടപ്പാക്കിയ നിരവധി പദ്ധതികൾ പഞ്ചായത്ത് വകുപ്പുമായും സാമൂഹ്യക്ഷേമ വകുപ്പുമായും ബന്ധപ്പെട്ടതാണ് എന്നുള്ളത് നമുക്ക് വളരെ സന്തോഷം നൽകുന്ന കാര്യമാണ്. ബഹുമാന്യനായ മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി - ഒരുപക്ഷേ ഈ രാജ്യം മാത്രമല്ല വിദേശരാജ്യങ്ങൾവരെ വളരെ സാകൂതം വീക്ഷിച്ച ഒരു ജനസമ്പർക്കപരിപാടിയാണ് കഴിഞ്ഞ മൂന്നുവർഷമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിവരുന്നത്. നേരത്തേ ഫയലുകളിൽ ഉറങ്ങുകയായിരുന്ന ജീവിതങ്ങൾ. ഉദ്യോഗസ്ഥ മനോഭാവം എന്നുപറയുന്ന ഒരു മൈൻഡ്സെറ്റ് തന്നെ നിരവധി പരാമർശ വിധേയമാക്കിയിട്ടുണ്ട്. ആ മനോഭാവത്തിന്റെ മാറ്റമായിട്ടാണ് പല ഫയലുകളിലും തീരുമാനമുണ്ടാകാറുണ്ടായിരുന്നത്. പക്ഷേ ഇന്ന് അതിൽനിന്നും വ്യത്യസ്തമായി സാധാരണക്കാരന്റെ പ്രയാസങ്ങളുടെ, സങ്കടക്കണ്ണീരിന്റെ ഉപ്പുകലർന്ന സർക്കാർ ഉത്തരവുകൾ ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് പുറത്തിറങ്ങുന്നുവെന്നുള്ളത് ജനസമ്പർക്കപരിപാടിയിൽ നിന്ന് നേരിട്ട് ഒരു ഭരണാധികാരിക്ക് ലഭിക്കുന്ന, നേരിട്ടുള്ള ഫസ്റ്റ് ഹാന്റ് എക്സ്പീരിയൻസിന്റെ ഭാഗമായി നമുക്ക് കാണാൻ സാധിക്കും. ബഹുമാന്യരായ മുഖ്യമന്ത്രിയും പഞ്ചായത്ത് സാമൂഹ്യക്ഷേമവകുപ്പുമന്ത്രിയും ഒരു നല്ല ടീമായി തന്നെ പ്രവർത്തിക്കുന്നു

എന്നുള്ളതുകൊണ്ടുതന്നെയാണ് ഇത്തരത്തിലുള്ള പല പദ്ധതികളും നമുക്ക് ആവിഷ്കരിക്കാൻ സാധിച്ചത്. ഒരു ഭാഗത്ത് കേന്ദ്രസർക്കാർ കാൻസറിന്റെ മരുന്ന് വില പത്തിരട്ടിയും പതിനഞ്ചിരട്ടിയും വർദ്ധിപ്പിക്കുന്ന നയസമീപനങ്ങളിലേക്ക് പോകുമ്പോൾ, അമേരിക്കൻ കുത്തകകളുടെ താൽപ്പര്യാനുസരണം നമ്മുടെ ഐ.പി.ആർ. നിയമങ്ങൾവരെ അവർക്കുവേണ്ടി പൊളിച്ചെഴുതുന്ന സാഹചര്യത്തിലേക്ക് കാര്യങ്ങൾ പോകുമ്പോൾ, ആദ്യമായി കാൻസർ ചികിൽസ സമ്പൂർണ്ണമായി സൗജന്യമാക്കുന്ന ഇന്ത്യയിലെ ഏക സംസ്ഥാനമായി കേരളം മാറുന്നുവെന്നുള്ളത് നമുക്ക് അഭിമാനിക്കാൻ കഴിയുന്ന കാര്യമാണ്. നിരവധി പദ്ധതികൾ - ഞാൻ പേര് മാത്രം പരാമർശിക്കുകയാണ്. താലോലം പദ്ധതി, സ്നേഹസാന്ത്വനം പദ്ധതി, സ്നേഹസ്പർശം, സ്നേഹപൂർവ്വം, ശ്രുതിതരംഗം, ആശ്വാസകിരണം, വയോമിത്രം പരിപാടി തുടങ്ങിയ നിരവധിയായ അത്തരം പദ്ധതികളിലൂടെ ഇന്നാട്ടിലെ സാധാരണക്കാർക്ക് ആശ്വാസമേകുന്ന ഒരു ഭരണകൂടം ഇവിടെയുണ്ട് എന്ന തോന്നൽ ജനിപ്പിക്കാൻ നമുക്ക് സാധിക്കുകയാണ്. ക്ഷീരവികസനത്തിന്റെ കാര്യത്തിൽ നമുക്ക് നല്ല നേട്ടം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. നാല് വർഷം മുൻപ് നമ്മുടെ ആഭ്യന്തര ഉപഭോഗത്തിന്റെ 67 ശതമാനം മാത്രമായിരുന്ന ഉത്പാദനമെങ്കിൽ ഇന്ന് കേരളത്തിന് ആവശ്യമായ

പാലിന്റെ 80 ശതമാനം ഉത്പാദിപ്പിക്കാൻ കഴിയുകയെന്ന അവസ്ഥയിലേയ്ക്ക് നമ്മൾ മുന്നോട്ടുപോകുകയാണ്. 39 സ്കൂൾ ഡയറി ക്ലബ്ബുകൾ നമ്മൾ ഉണ്ടാക്കി. പൂട്ടിക്കിടന്ന 41 സംഘങ്ങളെ പുനരുജ്ജീവിപ്പിക്കാൻ സാധിച്ചു. 1200-ലേറെ സംഘങ്ങൾ ആധുനികവൽക്കരിക്കാൻ നമുക്ക് സാധിച്ചു. ഈ നിലയിൽ മുന്നോട്ടുപോകുകയാണെങ്കിൽ കേരളം ക്ഷീരസ്വയംപര്യാപ്തതയിലേയ്ക്ക് അനധിവിദൂരമായ ഭാവിയിൽ പോകുമെന്ന് നമുക്ക് ആത്മവിശ്വാസം പ്രകടിപ്പിക്കുവാൻ കഴിയുന്ന തരത്തിലുള്ള മാതൃകാ പ്രവർത്തനങ്ങളുമായി ഈ വകുപ്പ് മുന്നോട്ടുപോകുകയാണ്. തൊഴിലുറപ്പ് പദ്ധതിയിൽ 2010-11 കാലഘട്ടത്തിൽ 100 ദിവസത്തിൽ 42 ദിവസമായിരുന്നു ആവറേജ് തൊഴിൽ ദിനങ്ങൾ. ഇപ്പോൾ അത് 57-ഉം 60-ഉം തൊഴിൽദിനങ്ങളാക്കി മാറ്റാൻ നമുക്ക് സാധിക്കുകയാണ്. 100 ദിവസം പൂർണ്ണമായും തൊഴിൽ ലഭിക്കുന്ന നാല് ലക്ഷത്തിലേറെ കുടുംബങ്ങൾ കേരളത്തിലുണ്ടെന്ന് പറയുമ്പോൾ ഈ പദ്ധതി എത്രത്തോളം ജനഹൃദയങ്ങളിലേയ്ക്കും ഗ്രാമീണമേഖലയിലേയ്ക്കും ആഴ്ന്നിറങ്ങിയെന്ന കാര്യം നമുക്കെല്ലാം അറിയാൻ പറ്റുന്നതാണ്. ഈ രീതിയിലൊക്കെയുള്ള മാതൃകാപരമായ പ്രവർത്തനങ്ങളുമായി ഈ ഗവൺമെന്റും അതിലെ വിവിധ വകുപ്പുകളും മുന്നോട്ടുപോകുമ്പോൾ പ്രതിപക്ഷം കുറച്ചുകൂടി അവരുടെ ഉത്തരവാദിത്തം സൃഷ്ടിപരമായി വിനിയോഗിക്കണമെന്നാണ്

എനിക്ക് സൂചിപ്പിക്കാനുള്ളത്. ഡീ-ലിമിറ്റേഷനെക്കുറിച്ച് ഡോ. ടി. എം. തോമസ് ഐസക് ഇന്ന് അടിയന്തരപ്രമേയ അവതരണത്തിൽ ഒരുപാട് കാര്യങ്ങൾ പറഞ്ഞു. മുൻകാലങ്ങളിലും ഡീ-ലിമിറ്റേഷൻ ഉണ്ടായിട്ടുണ്ട്. പലതരത്തിലുള്ള ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട സൃഷ്ടിപരമായ നിർദ്ദേശങ്ങൾ ഇനിയും വരാൻ ഇടയുണ്ട്. ന്യായമായ പരാതികളുണ്ടെങ്കിൽ അത് പരിഹരിക്കാനുള്ള വ്യവസ്ഥാപിതമായ മാർഗ്ഗങ്ങളുണ്ട്. പക്ഷെ ഇതിന്റെ പേരിൽപോലും കേരളത്തിലെ പൊതുവായ സൗഹാർദ്ദപരമായ അന്തരീക്ഷത്തെ കലക്കാൻ വേണ്ടി, പ്രത്യേകിച്ചും ഡോ. ടി. എം. തോമസ് ഐസക്കിനെപ്പോലുള്ള കക്ഷിരാഷ്ട്രീയത്തി നതീതമായി കേരളത്തിലെ പൊതുസമൂഹം ശ്രദ്ധിക്കുന്ന ആളുകൾ ഇത്തരത്തിലുള്ള നീക്കങ്ങളിലേയ്ക്ക് പോകരുതെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ കേട്ട ഒരു വാചകം അത്ഭുതപ്പെടുത്തുകയാണ്. ഈ ഗവൺമെന്റ് ഹിന്ദു പഞ്ചായത്തുകളും മുസ്ലീം പഞ്ചായത്തുകളും ഉണ്ടാക്കുന്നുവെന്ന് ബഹുമാന്യനായ ഡോ. ടി. എം. തോമസ് ഐസക് പറയുമ്പോൾ അത് അദ്ദേഹത്തിന്റെ വാക്കുകളാണോ കുമ്മനം രാജശേഖരന്റെ വാക്കുകളാണോ എന്ന് സംശയം തോന്നിപ്പോകുകയാണ്. കുമ്മനം രാജശേഖരന്മാരെയും തൊഗാഡിയമാരെയും നമ്മൾ ഈ ഹാളിനകത്തേയ്ക്ക് ഇതുവരെ പ്രവേശിപ്പിച്ചിട്ടില്ല.

അവർ പാസ്സെടുത്ത് സന്ദർശക ഗ്യാലറിയിൽ എപ്പോഴെങ്കിലും വന്നിട്ടുണ്ടോയെന്നറിയില്ല. പക്ഷെ ഇവിടെ പ്രവേശിക്കാൻ കേരളത്തിലെ ജനങ്ങൾ അവസരം നൽകാത്ത അവരുടെ ഭാഷ, അവരുടെ വാക്കുകൾ, അവരുടെ വാദഗതികൾ ഡോ. ടി. എം. തോമസ് ഐസക് സാറിനെപ്പോലുള്ളവർ ഈ സഭാ വേദിയിൽ അവതരിപ്പിക്കരുതായിരുന്നു എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. നിങ്ങളൊക്കെ പഴയകാലത്ത് വിളിച്ചൊരു മുദ്രാവാക്യമുണ്ട്, 'നമ്മൾ കൊയ്യും വയലെല്ലാം നമ്മുടേതാകും പൈങ്കിളിയെ' എന്ന്. അത് ഒരു കാലഘട്ടത്തെയാണ് സൂചിപ്പിച്ചിരുന്നത്. ആ കാലഘട്ടത്തിൽ നിന്ന് നിങ്ങളുടെ ഇടതുപക്ഷ പ്രസ്ഥാനങ്ങളടക്കമുള്ള ആളുകളുടെ അക്കാര്യത്തിലുള്ള പങ്കാളിത്തം ഞാൻ നിഷേധിക്കുന്നില്ല. എല്ലാവരും ചേർന്ന് നടത്തിയ പ്രവർത്തനങ്ങളുടെ ഭാഗമായാണ് നമ്മൾ കൊയ്യുന്ന വയലുകളെല്ലാം നമ്മുടേതായി മാറുന്ന ഒരു സാഹചര്യം കേരളത്തിലുണ്ടായത്. വിതയ്ക്കുന്നവൻ കൊയ്യുന്ന സാഹചര്യം കേരളത്തിലുണ്ടായെങ്കിൽ ഇന്ന് നിങ്ങൾ വിതച്ചുകൊണ്ടിരിക്കുന്ന ഈ വർഗ്ഗീയതയുടെ, വിഷ വിത്തിന്റെ കൊയ്ത്തൽ നടത്താൻ പോകുന്നത്, ഇതിന്റെ ഗുണഭോക്താക്കളാകാൻ പോകുന്നത് ഇവിടുത്തെ സംഘപരിവാറും ഹിന്ദുത്വവർഗ്ഗീയ പ്രസ്ഥാനങ്ങളുമാണെന്നുള്ള ഒരു തിരിച്ചറിവിലേയ്ക്ക് സി.പി.ഐ.(എം.)

ഇനിയെങ്കിലും വരണം. അരുവിക്കര എല്ലാത്തിനും ഒരു അവസാനമൊന്നുമല്ല. അരുവിക്കരയിൽ നിങ്ങൾ തോറ്റു. പതിനായിരം വോട്ടിന്റെ ഭൂരിപക്ഷം ഞങ്ങൾക്ക് ലഭിച്ചു. നിങ്ങളുടെ അടിത്തറ ഇളകി. നിങ്ങളിൽ നിന്ന് വലിയ വോട്ടുചോർച്ച സംഘപരിവാർ സംഘടനകളിലേയ്ക്ക് ഉണ്ടാകുന്നു. നിങ്ങളെ അത് ഭീതിപ്പെടുത്തുന്നുണ്ടെന്നത് ശരിയാണ്. പക്ഷെ അതിന്റെ പരിഹാരമായി നിങ്ങൾ മുന്നോട്ടുവയ്ക്കുന്നത് ഇവിടുത്തെ ഏതെങ്കിലും സമുദായങ്ങളെയോ ജാതികളെയോ മതങ്ങളെയോ അനർഹമായി പ്രീണിപ്പിച്ചുകൊണ്ട് സംഘപരിവാറിന്റെ അജണ്ട അവരെക്കാൾ നന്നായി ഞങ്ങൾ ഏറ്റെടുക്കാം എന്നുള്ള തരത്തിലാണ് മുന്നോട്ടുപോകുന്നതെങ്കിൽ നിങ്ങൾക്ക് ഇപ്പോഴുള്ള മതേതര അടിത്തറപോലും ഇല്ലാതായെന്ന് കേരളത്തിലെ പൊതുസമൂഹം വിലയിരുത്തും. അത്തരത്തിലുള്ള ഒരു അപകടത്തിലേയ്ക്ക് കേരളത്തിലെ ഇടതുപക്ഷം പോകരുതെന്ന് മാത്രം നിങ്ങളോട് വിനീതമായി അഭ്യർത്ഥിച്ചുകൊണ്ട് ഈ ഗവൺമെന്റിന്റെ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. നമസ്കാരം.

<u>ഡോ. എൻ. ജയരാജ്:</u> സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. സാമൂഹിക ക്ഷേമ വകുപ്പിനെ സാമൂഹ്യ നീതിയുടെ വകുപ്പാക്കി മാറ്റിയ ഒരു കാലഘട്ടമാണ് കടന്നുപോയത്. പേര് മാറ്റംകൊണ്ട് എന്ത് എന്ന

ചോദ്യത്തിന് ഈ വകുപ്പിന്റെ കഴിഞ്ഞകാല പ്രവർത്തനങ്ങളെ വിലയിരുത്തുമ്പോൾ പ്രശസ്ത സാമൂഹിക ചിന്തകൻ കൂടിയായ മാത്യു റോബിൻസണിന്റെ വാക്കുകൾ വളരെ പ്രസക്തമാണ്, Social justice is defined as promoting a just society by challenging injustice and valuing the diversity. വികസ്വരതകളുടെ മൂല്യങ്ങളെ തിരിച്ചറിഞ്ഞുകൊണ്ടുപോയ ഒരു കാലഘട്ടമാണ് യഥാർത്ഥത്തിൽ കഴിഞ്ഞ നാല് വർഷക്കാലമായി കടന്നുപോയത്. വളരെ കൃത്യമായ ഒരു വിഷനോടുകൂടിയാണ് സാമൂഹ്യനീതി വകുപ്പിന്റെ പ്രവർത്തനങ്ങൾ എന്നുപറയാൻ ഞാനാഗ്രഹിക്കുകയാണ്. ഓൾഡ് ഏജ് പോളിസി, ന്യൂട്രീഷൻ പോളിസി, ജെന്റർ പോളിസി, ഡിസ്-എബിലിറ്റി പോളിസി, ട്രാൻസ്ജെന്റർ പോളിസി, നിർഭയ പോളിസി ഉൾപ്പെടെ വളരെ കൃത്യമായ ഒരു നയരൂപീകരണവും ആ നയരൂപീകരണങ്ങൾക്ക് കൃത്യമായ ഒരു ആക്ഷൻ പ്ലാനും നൽകിക്കൊണ്ട് അതിന്റെ അടിസ്ഥാനത്തിൽ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന നടപടിയാണ് കഴിഞ്ഞ നാല് വർഷക്കാലമായി ഈ വകുപ്പിൽ കടന്നുപോയതെന്ന കാര്യത്തിൽ സംശയമില്ല. ആശ്വാസ കിരണം, ക്യാൻസർ സുരക്ഷ, വയോമിത്രം ഉൾപ്പെടെ ഒട്ടനവധി പദ്ധതികളെക്കുറിച്ച് എനിക്കുമുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഈ പദ്ധതികൾ വെറുതെ പ്രഖ്യാപിക്കുന്നതിനപ്പുറത്ത്

വളരെ കൃത്യമായ ഒരു വിഷൻ ഇക്കാര്യത്തിലുണ്ടെന്നുള്ളതാണ് വളരെ പ്രധാനപ്പെട്ട കാര്യം. നമ്മുടെ കേരള സമൂഹം നേരിടുന്ന ഒട്ടേറെ സാമൂഹിക പ്രശ്നങ്ങൾക്ക് ക്രിയാത്മകമായ ഒരു കാഴ്ചപ്പാടിലൂടെ, അതിന് പരിഹാരം കാണാൻ വേണ്ടിയുള്ള വളരെ ദീർഘദർശനത്തോടെയുള്ള ഒരു കാഴ്ചപ്പാടാണ് സാമൂഹ്യനീതി വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. ഞാൻ അതുകൊണ്ടാണ് പറഞ്ഞത്, ബഹുസ്വരതയുടെ മൂല്യങ്ങളെ തിരിച്ചറിഞ്ഞുകൊണ്ട് സമൂഹത്തിലെ എല്ലാ ആളുകൾക്കും അതിന്റേതായ പ്രയോജനം സിദ്ധിക്കാൻ കഴിയുകയും പ്രത്യേകിച്ച് ഏറ്റവും ദുർബ്ബലവിഭാഗത്തിൽപ്പെട്ട ആളുകളുടെ ജീവിതത്തിന്റെ സ്പന്ദനങ്ങൾ തിരിച്ചറിഞ്ഞുകൊണ്ട് മുന്നോട്ടുപോകുവാൻ ഈ വകുപ്പിന് കഴിഞ്ഞ കാലഘട്ടങ്ങളിൽ കഴിഞ്ഞുവെന്ന കാര്യത്തിൽ സംശയമില്ല. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ വളരെ പ്രധാനപ്പെട്ട ഒരു വിഷൻ ഇവിടെയുണ്ട്. ക്ഷേമം എന്നതിൽ നിന്ന് നീതിയിലേയ്ക്ക് മാറുമ്പോൾ ക്ഷേമം ആരുടെയും ഔദാര്യമാകാം, പക്ഷെ നീതിയെന്ന് പറയുന്നത് തീർച്ചയായും അതൊരു അവകാശമാണെന്നും അവിടെ ഒരു പേഴ്സണൽ റെസ്പോൺസിബിലിറ്റി ബന്ധപ്പെട്ടവർക്ക് ഉണ്ടെന്നുള്ള ഒരു തിരിച്ചറിവാണ് ഈ ക്ഷേമത്തിൽ നിന്ന് നീതിയിലേയ്ക്ക് പോകുമ്പോൾ ഈ വകുപ്പുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മന്ത്രിയും അതോടൊപ്പംതന്നെ അദ്ദേഹത്തിന്റെ വകുപ്പും ഈ

കാര്യത്തിലെടുത്ത നിലപാടുകൾ എന്ന് ഞാൻ വളരെ ആത്മാർത്ഥമായി വിശ്വസിക്കുകയാണ്. മാത്രമല്ല ശ്രീനാരായണ ഗുരുദേവന്റെ ജീവചരിത്രം ഈ അടുത്തകാലത്ത് അദ്ദേഹം എഴുതുകയുണ്ടായി. സാമൂഹിക ദർശനത്തിന് വളരെ കൃത്യമായ മാനം നൽകിയ, കേരളീയ നവോത്ഥാനത്തിന് വളരെയേറെ പങ്കുവഹിച്ച ശ്രീനാരായണ ഗുരുദേവന്റെ കാഴ്ചപ്പാടുകൾ എഴുതിച്ചേർക്കുമ്പോൾ അദ്ദേഹം പറഞ്ഞ വളരെ പ്രധാനപ്പെട്ട ഒരു കാര്യമുണ്ട്, ആ സാമൂഹ്യനീതി തന്റെ എഴുത്തുകളിൽ മാത്രമല്ല താൻ കൈകാര്യംചെയ്യുന്ന വകുപ്പുകളിൽക്കൂടി വളരെ പ്രായോഗികമായി നടപ്പാക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞുവെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ടുതന്നെ വളരെ ക്രിയാത്മകമായ ഒരു ദർശനത്തോടുകൂടിയുള്ള ഈ സമീപനത്തെ വളരെ ആത്മാർത്ഥമായി ഞാൻ ഇവിടെ പിന്താങ്ങുകയാണ്. അതോടൊപ്പംതന്നെ വകുപ്പുമായി ബന്ധപ്പെട്ട് രണ്ട് കാര്യങ്ങൾ കൂടി സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ ദിവസമുണ്ടായ കോന്നിയിലെ പെൺകുട്ടികളുടെ ആത്മഹത്യ കേരളം വളരെയേറെ ശ്രദ്ധിക്കപ്പെട്ട, വളരെ ദു:ഖകരമായ ഒരു സാഹചര്യമാണ്. 2008-ൽ ഇതിന് സമാനമായ ഒരു സംഭവം അമ്പലപ്പുഴയിൽ മൂന്ന് പെൺകുട്ടികൾ ആത്മഹത്യ ചെയ്തത് അങ്ങേയ്ക്ക് ഓർമ്മയുണ്ടായിരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. അന്നാണ് യഥാർത്ഥത്തിൽ

കേരളത്തിലെ വിദ്യാലയങ്ങളിൽ സൈക്കോ സോഷ്യൽ കൗൺസിലേഴ്സിനെ നിയമിക്കണമെന്ന തീരുമാനം ഉണ്ടായത്. 2008-നുശേഷം 545-ഓളം ആളുകൾ സൈക്കോ സോഷ്യൽ കൗൺസിലേഴ്സായി പ്രവർത്തിക്കുന്നുണ്ട്. അവരെ ഇതുവരെ സ്ഥിരപ്പെടുത്തിയിട്ടില്ലെന്ന് മാത്രമല്ല, 12,500/- രൂപയാണ് കൺസോളിഡേറ്റഡ് പേയ്മെന്റായി എം.എസ്.ഡബ്ല്യു. ഉൾപ്പടെയുള്ള വളരെ ഉയർന്ന ഡിഗ്രിയുള്ള അവർക്ക് ലഭിക്കുന്നത്. അതോടൊപ്പംതന്നെ ഈ അടുത്തകാലത്ത് അതേ ഡിപ്പാർട്ടുമെന്റിൽ ഐ.സി.പി.എസ്. (Integrated Child Protection Scheme) എന്ന പുതിയ പദ്ധതിയിൽ പുതിയതായി എടുക്കുന്ന കൗൺസിലേഴ്സിന് 17,500/- രൂപയാണ് ഇപ്പോൾ നിലവിലുള്ളത്. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് സൂചിപ്പിക്കാനുള്ളത്, സൈക്കോ സോഷ്യൽ കൗൺസിലേഴ്സായി പ്രവർത്തിക്കുന്ന ആളുകൾ, പ്രത്യേകിച്ച് ഈ കോന്നിയിലൊക്കെ ഉണ്ടായ സംഭവത്തിന്റെ പശ്ചാത്തലം യഥാർത്ഥത്തിൽ നമുക്കറിയാം. കുട്ടികളെ സംബന്ധിച്ച് അവരുടെ അഡോളസൻസ് ഏജിൽ അവർ ഒരു വലിയ ഇൻഡിവിജ്വാലിറ്റി ക്രൈസിസുള്ള ഒരു കാലഘട്ടമാണ്. വ്യക്തിത്വപരമായി ഒരു വലിയ ക്രൈസിസിനെ നേരിടുന്ന ഒരു കാലഘട്ടമാണ്. കൃത്യമായ കൗൺസിലിംഗുകൾ സ്കൂളുകളിൽ നൽകുകയും,.... എല്ലാ സ്കൂളുകളിലും കൗൺസിലേഴ്സ് വേണമെന്ന അഭിപ്രായക്കാരനാണ് ഞാൻ. കാരണം,

വിദ്യാഭ്യാസ രംഗത്ത് ആ കാര്യത്തിൽ കുറെക്കൂടി ഗൗരവമായ ഇടപെടൽ കേരളീയ സമൂഹത്തിൽ ഉണ്ടായില്ലെങ്കിൽ ഇത്തരം ദുരന്തങ്ങൾ വീണ്ടും ആവർത്തിക്കപ്പെടാനുള്ള സാഹചര്യമുള്ളതിനാൽ തീർച്ചയായും ഇതുപോലുള്ള കൗൺസിലേഴ്സിനെ സ്ഥിരപ്പെടുത്തുവാനും ന്യായമായ വേതനം അവർക്ക് ഉറപ്പുവരുത്തുവാനുമുള്ള നടപടികൾ ഉണ്ടാകണമെന്ന് വളരെ വിനയപൂർവ്വം ഈ സന്ദർഭത്തിൽ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. അതോടൊപ്പംതന്നെ കേന്ദ്ര സർക്കാരിന്റെ ഐ.സി.ഡി.എസ്.-ന്റെ മൂന്നാംഘട്ട വികസനത്തിന്റെ ഭാഗമായി 95 ഐ.സി.ഡി.എസ്. പ്രോജക്ടുകളിലായി 73 മാനേജർമാരെ നിയമിക്കുവാനുള്ള തീരുമാനം ഉണ്ടായിട്ടുണ്ട്. ആ കാര്യത്തിലും അടിയന്തരമായ തീരുമാനം ഉണ്ടാകണമെന്ന് സൂചിപ്പിക്കുന്നു. ഒരുപക്ഷേ ക്ഷീരമേഖലയിൽ കഴിഞ്ഞ നാലുവർഷക്കാലങ്ങളിലുണ്ടായത്ര ക്രിയാത്മകമായൊരു മാറ്റം മുൻ കാലഘട്ടങ്ങളിലൊന്നുമുണ്ടായതായി എനിക്ക് തോന്നുന്നില്ല. 2010-11-ൽ നമ്മുടെ സംസ്ഥാനത്ത് 32 ലക്ഷം ലിറ്ററായിരുന്നു പാലിന്റെ ഉൽപ്പാദനം. ഇന്നത് ഏതാണ്ട് 38 ലക്ഷമായി വർദ്ധിപ്പിക്കാൻ കഴിഞ്ഞു. ഞാൻ താമസിക്കുന്ന കോട്ടയം ജില്ല ഉൾപ്പെടുന്ന എറണാകുളം റീജിയണിൽ പാൽ പുറത്തുനിന്ന് വാങ്ങേണ്ട സാഹചര്യം നിലവിലില്ല. മലബാർ റീജിയണിലെ എക്സസ് ആയിട്ടുള്ള പാലാണ് യഥാർത്ഥത്തിൽ

ഇന്ന് മറ്റ് പ്രദേശത്തേയ്ക്ക് എത്തുന്നത്. വർഷങ്ങളായി 8 ലക്ഷം ലിറ്ററോളം പാൽ മറ്റ് സംസ്ഥാനങ്ങളിൽനിന്ന് കൊണ്ടുവന്നിരുന്നുവെങ്കിൽ അത് ഒരു ലക്ഷം ലിറ്ററാക്കി കുറയ്ക്കാൻ കഴിഞ്ഞുവെന്നുള്ളത് വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ്. ഇത് ഒരു ദിവസംകൊണ്ട് ഉണ്ടായൊരു മാറ്റമല്ല. വളരെ കൃത്യമായൊരു ആസൂത്രണം ഇതിന്റെ പിന്നിലുണ്ടെന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. പ്രത്യേകിച്ച് കൃഷിക്കാരുമായി സൗഹൃദപരമായ ഒരന്തരീക്ഷം സൃഷ്ടിച്ചെടുക്കുവാനും നയപരമായ മാറ്റമുണ്ടാക്കാനും കഴിഞ്ഞു എന്നുള്ളതാണ്.

ഏനിക്കുമുൻപ് ഇവിടെ സംസാരിച്ച നമ്മുടെ പ്രിയപ്പെട്ട പ്രതിപക്ഷ അംഗങ്ങൾ ഒരുകാര്യം സൂചിപ്പിച്ചു. ഞാനോർക്കുന്നു, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് മിൽമയിൽ പാലിന്റെ വില വർദ്ധിപ്പിക്കാനുള്ള തീരുമാനമെടുത്തത്. ആ തീരുമാനം അന്ന് ഗവൺമെന്റ് സ്റ്റേ ചെയ്യുകയാണുണ്ടായത്. കൃഷിക്കാർക്ക് യഥാർത്ഥത്തിൽ ലഭിക്കേണ്ടതായ ആനുകൂല്യം അന്ന് ലഭിക്കാതെ പോയെങ്കിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ക്ഷീരകർഷകർക്ക് മൂന്നുതവണയായി 13 രൂപ കൂട്ടുതലായി എത്തിക്കാൻ കഴിഞ്ഞു. യഥാർത്ഥത്തിൽ ഇന്ന് ശരാശരി 30 രൂപയോളം ക്ഷീരകർഷകർക്ക് ലഭ്യമാക്കാൻ കഴിയുന്നുണ്ട്. കഴിഞ്ഞ ദിവസം ഹിന്ദു ദിനപ്പത്രത്തിൽ ഒരു ലേഖനം വരാനിടയായി. എന്തുകൊണ്ടാണ് മറ്റുമേഖലകളിൽ

വിലത്തകർച്ച നേരിടുമ്പോൾ ക്ഷീരമേഖലയിൽ ആളുകൾ കൂടുതലായി കടന്നുവരുന്നത്? നമുക്കറിയാം ഈ മേഖലയിൽ ഡെയിലി ഇൻകമുണ്ട്. അതോടൊപ്പംതന്നെ മാർക്കറ്റ് അഷ്വറൻസുണ്ട്. വിലയുടെ കാര്യത്തിൽ ഒരു അഷ്വറൻസ് ഇപ്പോൾ ലഭിക്കുന്നു. അതുകൊണ്ട് പുതിയ ആളുകൾ ഈ രംഗത്തേയ്ക്ക് കടന്നുവരുന്നു.

ഈ ഗവൺമെന്റ് വന്നതിനുശേഷം സ്റ്റേറ്റ് പ്ലാനിൽനിന്ന് ക്ഷീരമേഖലയ്ക്ക് ഉണ്ടായിട്ടുള്ള വലിയൊരു മാറ്റം, പെൻഷൻ 300-ൽ നിന്ന് 500 രൂപയായിട്ട് ഉയർത്താൻ കഴിഞ്ഞു. ക്ഷീരകർഷകർക്കുള്ള സബ്സിഡി ലിറ്ററിന് 40 പൈസയായിരുന്നത് ഇന്ന് ഒരു രൂപയാക്കി എന്നുമാത്രമല്ല കൃഷിക്കാരുടെ അക്കൗണ്ടിലേയ്ക്ക് അത് മാറ്റാൻ കഴിഞ്ഞു എന്നുള്ള കാര്യത്തിലും യാതൊരു സംശയവുമില്ല. ഇങ്ങനെ പല പ്രവർത്തനങ്ങളായിട്ട് കഴിഞ്ഞ കാലഘട്ടങ്ങളിൽ കേരളത്തിലെ ക്ഷീര മേഖലയുടെ ഏറ്റവും നല്ല വസന്തകാലത്തിലേയ്ക്ക് കടന്നുവരാൻ കഴിഞ്ഞു എന്നുള്ള കാര്യത്തിൽ സംശയമില്ല. എനിക്കൊരു നിർദ്ദേശംമാത്രം മുമ്പോട്ടു വയ്ക്കാനുള്ളത്, മാർക്കറ്റ് പ്രൈസിന്റെ 80 ശതമാനത്തോളം ക്ഷീരകർഷകർക്ക് വിലയായി ലഭിക്കാനുള്ള നടപടികൾ കാലാകാലങ്ങളിൽ ഉണ്ടാകണം. അതോടൊപ്പംതന്നെ ക്ഷീരകർഷക സംഘങ്ങളിലെ ജീവനക്കാരുടെ

സേവന/വേതന വ്യവസ്ഥകളിൽ കാലോചിതമായ മാറ്റം ഉണ്ടാക്കാൻകൂടി കഴിയണം. എം.എൽ.എ. ഫണ്ടിൽനിന്ന് എന്റെ നിയോജകമണ്ഡലത്തിലെ മുഴുവൻ ക്ഷീരസംഘങ്ങൾക്കും എ.എം.സി.യൂണിറ്റ് കൊടുത്ത ഒരു ജനപ്രതിനിധി എന്ന നിലയിൽ, ക്ഷീര വകുപ്പിന്റെ കഴിഞ്ഞകാല പ്രവർത്തനങ്ങളെ ഒരിക്കൽകൂടി വളരെ ആത്മാർത്ഥമായി അഭിനന്ദിച്ചുകൊണ്ട്, ഏറെ ക്രിയാത്മകമായ ഒട്ടേറെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ഈ രണ്ട് പ്രധാനപ്പെട്ട വകുപ്പുകളുടെ ധനാഭ്യർത്ഥനയെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ ഡൊമിനിക് പ്രസന്റേഷൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. ക്ഷീരവികസന രംഗത്ത് വളരെയേറെ മുന്നേറിയ സംസ്ഥാനമാണ് കേരളം. ഡോ. വർഗ്ഗീസ് കുര്യൻ എന്ന മലയാളി തെളിച്ച ധവള വിപ്ലവത്തിന്റെ കൈത്തിരി ഏറ്റുവാങ്ങിയ സംസ്ഥാനങ്ങളിൽ ഏറ്റവും മുൻപന്തിയിലാണ് കേരളം. ഒന്നോരണ്ടോ പശുവിനെ വളർത്തിയാൽ ഒരു കുടുംബത്തിന് ജീവിച്ചുപോകാൻ കഴിയുന്ന തരത്തിൽ വരുമാനമുണ്ടാക്കാൻ കഴിയുമെന്ന് ഇന്ന് തെളിയിക്കപ്പെട്ടിരിക്കുകയാണ്. നല്ലയിനം പശുക്കുട്ടികളെയും കന്നുകുട്ടികളെയും വളർത്തിയെടുത്ത് പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ നമുക്കിന്ന്

കഴിഞ്ഞിട്ടുണ്ട്. കന്നുകാലി വളർത്തൽ ആദായകരമായി നടന്നാൽ മാത്രമേ ഈ രംഗത്ത് കർഷകർ ഉറച്ചുനിൽക്കുകയുള്ളൂ. അതുകൊണ്ടുതന്നെ ക്ഷീരകർഷകന് പെൻഷൻ അനുവദിക്കാൻ കഴിഞ്ഞു, അവൻ ഉൽപ്പാദിപ്പിക്കുന്ന പാലിന് നല്ല വില ലഭിക്കുന്നു. അതുപോലെ പാൽ ഉൽപ്പാദനം കഴിഞ്ഞ പശുക്കളേയും കന്നുകാലികളെയും അവന് വിൽക്കാൻ കഴിയുന്ന ഒരു സംസ്ഥാനമായി കേരളം മാറിയിട്ടുണ്ട്. പക്ഷേ കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ ചില സമീപനങ്ങൾ, ഗോവധ നിരോധനം പോലെയുള്ള സമീപനങ്ങൾ ഇന്ന് മഹാരാഷ്ട്ര പേലെയുള്ള സംസ്ഥാനത്ത് പാൽ ഉൽപ്പാദിപ്പിക്കുന്ന അല്ലെങ്കിൽ കന്നുകാലികളെ വളർത്തുന്ന കർഷകരെ പ്രതിസന്ധിയിലാക്കിയിട്ടുണ്ടെന്ന കാര്യവും നാം മറക്കുന്നില്ല.

ഗ്രാമവികസന രംഗത്ത് ഏറെ മാറ്റമുണ്ടാക്കാൻ കഴിഞ്ഞൊരു സംസ്ഥാനമാണ് കേരളം. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി അനുസരിച്ച് കേരളസംസ്ഥാനത്ത് മികവിന്റെ നാല് വർഷങ്ങളാണ് കടന്നുപോയത്. ശരാശരി 57-60 വരെ തൊഴിൽ ദിനങ്ങൾ നമുക്ക് പ്രദാനം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. വരുമാനം 150 രൂപയിൽ നിന്ന് 277 ആയി വർദ്ധിച്ചു. ഏകദേശം 17 ലക്ഷം കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം കിട്ടുന്നുണ്ട്. എന്നാൽ ചില പദ്ധതികൾകൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തണം എന്നൊരു സജഷൻ എനിക്കുണ്ട്. പശുവളർത്തലിന് തൊഴിലുറപ്പ്

പദ്ധതിയുടെ ഭാഗമായി അംഗീകാരം കിട്ടണം. അതിനുവേണ്ടി ഗവൺമെന്റ് ശ്രമിക്കേണ്ടതാണ്. കടൽക്ഷോഭമുള്ളപ്പോൾ കടൽത്തീരത്ത് മണൽച്ചാക്കുകൾ വയ്ക്കുന്ന ജോലി ഏതാനും വർഷങ്ങൾക്കുമുൻപുവരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. കേന്ദ്രം ഇപ്പോഴത് മാറ്റി. അത് ഉൾപ്പെടുത്താൻ കഴിഞ്ഞാൽ പ്രകൃതിക്ഷോഭത്തെ തടയാനും ഗ്രാമീണരെ ശക്തമാക്കാനും കഴിയും.

നഗരവൽക്കരണം നിയന്ത്രിക്കണമെങ്കിൽ ഗ്രാമങ്ങളിൽ തൊഴിലും അടിസ്ഥാന സൗകര്യങ്ങളും ഉണ്ടായേ മതിയാകൂ. അതിനുള്ള ശ്രമങ്ങൾ നമ്മൾ നടത്തേണ്ടിയിരിക്കുന്നു. കേരളം ഇന്നൊരു എക്സ്റ്റന്റഡ് സിറ്റിയായി മാറിക്കൊണ്ടിരിക്കുകയാണ്. ഗ്രാമീണ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങളും വിദ്യാഭ്യാസവും തൊഴിലുമൊക്കെ പ്രദാനം ചെയ്യാൻ കഴിഞ്ഞാൽ നഗരങ്ങളിലെ തിരക്ക് ഒഴിവാക്കാനും നഗരങ്ങളിലേയ്ക്ക് വരുന്ന ഗ്രാമീണരുടെ എണ്ണം കുറയ്ക്കാനും കഴിയും. നഗരങ്ങളിലേയ്ക്ക് തൊഴിൽതേടി എത്തുന്നവർക്കുണ്ടാകുന്ന പ്രശ്നങ്ങൾ നിരവധിയാണ്. അതുകൊണ്ടുതന്നെ ഗ്രാമീണ മേഖലയെ സുസ്ഥിരമായൊരു വികസനത്തിന്റെ പാതയിൽ നിലനിർത്താൻ കഴിയണം.

പഞ്ചായത്ത് വകുപ്പിൽ ഇന്ന് ധാരാളം മാറ്റങ്ങൾ വരുത്താൻ കഴിഞ്ഞിട്ടുണ്ട്. ഡോ. എം. കെ. മുനീറിന്റെ ഈ രംഗത്തുള്ള ശ്രമങ്ങളെ ഞാൻ അഭിനന്ദിക്കുകയാണ്.

പദ്ധതിവിഹിതം കൊടുത്താൽ അത് യഥാസമയം ചെലവഴിക്കാൻ കഴിയുന്ന തരത്തിലേയ്ക്ക് പഞ്ചായത്ത് വകുപ്പ് കുറേയേറെ മാറിയിട്ടുണ്ട്. എന്നാലും ഇനിയും മാറ്റങ്ങൾ ഉണ്ടാകണം. മുഴുവൻ പഞ്ചായത്തുകളിലും അസിസ്റ്റന്റ് എഞ്ചിനീയർമാരെവച്ചെങ്കിലും പല പഞ്ചായത്തുകളിലും ഇന്ന് രണ്ട് പഞ്ചായത്തുകൾക്ക് വേണ്ടി ഒരു അസിസ്റ്റന്റ് എഞ്ചിനീയറാണുള്ളത്. ആ രംഗത്ത് കൂടുതൽ ശ്രദ്ധിക്കാൻ കഴിയണം.

ഗ്രാമസഭകൾ പലപ്പോഴും ആനുകൂല്യങ്ങൾ കിട്ടുന്നതിനുവേണ്ടിയുള്ള ഉപാധിയായി മാറി. 1995-ൽ നിയമം പാസ്സാക്കി ഇലക്ഷൻ നടത്തി പുതിയ സമിതി അധികാരമെടുത്തു. അതിനുശേഷം ഗ്രാമസഭകൾ കേവലം എന്തെങ്കിലും ആനുകൂല്യം കിട്ടുന്നതിനുവേണ്ടിയുള്ള സഭകളായി മാറി. പലപ്പോഴും ഗ്രാമസഭ വിളിച്ചാൽ ജനങ്ങൾ വരുന്നില്ല. ഗ്രാമസഭകൾ ആനുകൂല്യങ്ങൾ വാങ്ങാൻ വേണ്ടി തീരുമാനമെടുക്കാൻ മാത്രമുള്ള ഒരു കമ്മിറ്റിയല്ല, മറിച്ച് ഒരു വാർഡിൽ ഏന്തൊക്കെ വികസനം വേണമെന്നതിനെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടുകൾ ഉണ്ടാക്കാൻ കഴിയുന്ന ഒന്നായി ഗ്രാമസഭകൾ മാറണം.

ബ്ലോക്ക് പഞ്ചായത്തുകളുടെ പ്രവർത്തനത്തെക്കുറിച്ച് പറഞ്ഞാൽ, ബ്ലോക്കുകളുടെ ബെനഫിഷറിയെ തെരഞ്ഞെടുക്കുന്നത് ഗ്രാമസഭകൾ തന്നെയാണ്.

അവർ തമ്മിലുള്ളൊരു ഏകോപനം ഇതിൽ ആവശ്യമാണ്. പലപ്പോഴും നമ്മുടെ ബ്ലോക്ക് പഞ്ചായത്തുകൾ ഒരു കാര്യം തീരുമാനിക്കും, ഗ്രാമസഭ വേറൊന്ന് തീരുമാനിക്കും. ഗ്രാമസഭകളെക്കുറിച്ചുള്ള നമ്മുടെ നിയമം ചർച്ച ചെയ്ത അവസരത്തിൽ അന്ന് പ്രതിപക്ഷ നേതാവായിരുന്ന ഇ. കെ. നായനാർ പറഞ്ഞത് ഞാൻ ഓർക്കുകയാണ്. അദ്ദേഹം നമ്മുടെ ബ്ലോക്ക് പഞ്ചായത്തിനെക്കുറിച്ച് പറഞ്ഞത് 'പുട്ടടി കമ്മിറ്റി' അല്ലെങ്കിൽ 'ടി.എ./ഡി.എ. കമ്മിറ്റി' എന്നാണ്. ഇത് കേരളത്തിന് ആവശ്യമാണോ എന്നൊരു സംശയം അന്നദ്ദേഹം പറയുകയുണ്ടായി. പലകാര്യങ്ങളിലും അത് ശരിയാണെന്ന് തോന്നിക്കുന്ന രീതിയിലാണ് പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നത്. ഏതായാലും ഭരണഘടനാപരമായി ബ്ലോക്ക് പഞ്ചായത്ത് നിലവിലുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ പ്രവർത്തനം പഞ്ചായത്തുകളുടെ പ്രവർത്തനവുമായി ഏകോപിപ്പിക്കാൻ പുതിയ ഒരു കാഴ്ചപ്പാടുണ്ടാകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

പഞ്ചായത്തുകളിൽ കൂടുതൽ സ്ലോട്ടർ ഹൗസുകൾ ഉണ്ടാകണം. തോന്നുന്ന സ്ഥലത്തൊക്കെ ഇന്ന് ഇറച്ചിവെട്ടുകയാണ്. എല്ലാ പഞ്ചായത്തുകളിലും പൊതു ശ്മശാനങ്ങൾ അത്യാവശ്യമാണ്. അക്കാര്യത്തിൽ ഗവൺമെന്റ് ഒരു പുതിയ കാഴ്ചപ്പാടോടു കൂടി, ശ്മശാനങ്ങൾക്ക് സ്ഥലം വാങ്ങാൻ വേണ്ടി എം.എൽ.എ ഫണ്ട്

കൊടുക്കാമെന്ന് തീരുമാനമെടുത്തിട്ടുണ്ട്, അത് നല്ല കാര്യമാണ്. പക്ഷെ, പൊതു ശ്മശാനങ്ങൾ ഉണ്ടാക്കാനും അത് നിലനിർത്താനുമുള്ള സംവിധാനങ്ങൾ നമ്മുടെ ഗ്രാമപഞ്ചായത്തുകളിൽ ഉണ്ടാകണം, അതിനുള്ള സംവിധാനം വേണം. നഗരങ്ങളിലെപ്പോലെതന്നെ പഞ്ചായത്തുകളിൽ ഗാർബേജ് ഡിസ്പോസൽ വലിയ പ്രശ്നമാണ്. പുതിയ ഫാസ്റ്റ് ഫുഡ് സംസ്കാരം കാരണം ഭക്ഷണം പുറത്തുനിന്നും വാങ്ങുകയും അത് കൊണ്ടുവരുന്ന കണ്ടെയിനറുകളും കപ്പുകളുമൊക്കെ വലിച്ചെറിയുകയും ചെയ്യുന്നതുമൂലം ഗ്രാമങ്ങൾ പലതും മാലിന്യക്കൂമ്പാരങ്ങളായി മാറുന്നുണ്ട്. തീർച്ചയായിട്ടും അതിനുകൂടി ഒരു റെമഡി കണ്ടെത്താൻ കഴിയണം. ഒരു പഞ്ചായത്തിൽ മാത്രമായി ഗാർബേജ് ഡിസ്പോസൽ നടക്കുകയില്ല. നാലോ അഞ്ചോ പഞ്ചായത്തുകൾ ഒരുമിച്ചുചേർത്ത് ഒരു ക്ലസ്റ്റർ ഓഫ് പഞ്ചായത്ത്സ് ഉണ്ടാക്കി ഗാർബേജ് ഡിസ്പോസലിനെക്കുറിച്ചുള്ള പുതിയ ആശയങ്ങൾ അവർക്ക് കൊടുക്കാൻ കഴിയണം.

ഓർഫനേജുമായി ബന്ധപ്പെട്ട് ഹൈക്കോടതിയുടെ ഒരു വിധി വന്നു. 1200 സ്ഥാപനങ്ങളിലായി 80,000 കുട്ടികളെ സംരക്ഷിക്കുന്ന സംവിധാനമാണ് ഓർഫനേജ്. ഇതിന്റെ പരിധിയിൽ വരുന്ന Child in need of care and protection വിഭാഗത്തിൽ 9 കാറ്റഗറികളാണുള്ളത്. കുട്ടികളുടെ അല്ലാത്ത എല്ലാ

സ്ഥാപനങ്ങളും ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യേണ്ടതില്ല എന്ന മുൻ സർക്കാരിന്റെ ഉത്തരവ് തന്നെയാണ് ഇപ്പോഴും നടപ്പിലാക്കുന്നത്. ഹൈക്കോടതിയുടെ ഒരു വിധി ഇതിന് വിരുദ്ധമായി വന്നിരിക്കുകയാണ്. സ്വാഭാവികമായും ഗുരുതരമായ ചില പ്രശ്നങ്ങൾ ഈ സ്ഥാപനങ്ങളുടെ നടത്തിപ്പിൽ ഉണ്ടാകുമെന്ന് ഞാൻ സംശയിക്കുകയാണ്. ഓർഫനേജുപോലുള്ള സ്ഥാപനങ്ങളിൽ കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന വരുമാന പരിധിയുടെ അടിസ്ഥാനത്തിലാണ് പ്രവേശനം നൽകുന്നത്. ഇപ്പോൾ ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവരുടെ കുട്ടികളെ അവിടെ ചേർക്കാം. ഈ കുട്ടികളെ ജെ.ജെ. ആക്ടിൽ ഉൾപ്പെടുത്തിയാൽ അതുപ്രകാരമുള്ള സംരക്ഷണത്തിന് 640 കോടി രൂപ ചെലവിടേണ്ടി വരും. ഇതിനായി കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്ന ബഡ്ജറ്റ് തുകയെക്കാൾ ഇത് കൂടുതലായി വരും.

<u>ശ്രീ. ബെന്നി ബെഹനാൻ</u>: സർ, അങ്ങ് ഓർഫനേജ് ബോർഡ് മെമ്പറാണ്. ഓർഫനേജ് ബോർഡ് മെമ്പേഴ്സ് നമ്മുടെ സംസ്ഥാനത്തുള്ള ഓർഫനേജുകൾ സന്ദർശിക്കാറുണ്ടോ; അവിടുത്തെ പ്രായോഗികമായ പ്രശ്നങ്ങൾ മനസ്സിലാക്കി എന്തെങ്കിലും പ്രതിവിധി ബോർഡ് നിർദ്ദേശിച്ചിട്ടുണ്ടോ; അത് നടപ്പിലാക്കുന്നതിനുള്ള തീരുമാനം എടുത്തിട്ടുണ്ടോ?

ശ്രീ.ഡൊമിനിക് പ്രസന്റേഷൻ: സർ, ഓർഫനേജ് കൺട്രോൾ ബോർഡിൽ ഓരോ അംഗത്തിനും ഒരോ ജില്ലയുടെ ചാർജ് ആണ്. എനിക്ക് ചാർജ്ജുള്ള ജില്ല തിരുവനന്തപുരമാണ്. ഞാൻ കഴിഞ്ഞ മൂന്ന് വർഷംകൊണ്ട് ഏകദേശം ഇരുന്നൂറിലധികം സ്ഥാപനങ്ങളിൽ പോയിട്ടുണ്ട്. സർക്കാർ സ്ഥാപനങ്ങൾ വളരെക്കുറവാണ്. ഈ സ്ഥാപനങ്ങൾ മുഴുവൻ നടത്തുന്നത് എൻ.ജി.ഒ. മാരാണ്. ജെ.ജെ. ആക്ടുപ്രകാരം അവർ രജിസ്റ്റർ ചെയ്തുകഴിഞ്ഞാൽ അവർക്ക് ഈ സ്ഥാപനങ്ങൾ നടത്തിക്കൊണ്ടുപോകാൻ പ്രായോഗികമായ ബുദ്ധിമുട്ടുകളുണ്ടാകും. ഞാൻ കോടതി ഉത്തരവിനെ എതിർക്കുകയല്ല, മറിച്ച് ഇതുമൂലമുണ്ടാകുന്ന ചില പ്രശ്നങ്ങൾ പരിഹരിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കണമെന്നു പറയുകയാണ്. ഈ വിധിയിലുള്ള ഒരു പ്രശ്നം എന്നുപറയുന്നത്, ഒരു ചാരിറ്റി കെയർ ഹോമിൽ മാതാപിതാക്കൾ കുട്ടിയെ ഏൽപ്പിച്ചാൽ ജെ.ജെ. ആക്ട് പ്രകാരം ആ മാതാപിതാക്കളെ അൺഫിറ്റ് ആക്കാം. ഈ മാതാപിതാക്കൾ കഴിവില്ലാത്തവരാണെന്ന് പ്രഖ്യാപിക്കാം എന്നു പറയുന്നത് ഒരു വ്യക്തിയുടെ റൈറ്റിനെ ക്വസ്റ്റ്യൻ ചെയ്യുന്നതാണ്. ഒരു കുട്ടിയെ ഓർഫനേജിൽ ഏൽപ്പിച്ചു കഴിഞ്ഞാൽ ആ മാതാപിതാക്കൾ അൺഫിറ്റ് ആണെന്ന് പ്രഖ്യാപിക്കുന്ന തരത്തിലുള്ള പരാമർശം ഈ വിധിക്കകത്തുണ്ട്. പാവപ്പെട്ടവർ ചാരിറ്റിഹോമിന്റെ

സൗകര്യമുപയോഗിച്ചാൽ അത് അപകടകരമാണെന്ന തരത്തിലുള്ള വ്യാഖ്യാനം മോശമാണ്. പണക്കാർക്ക് എവിടെ വേണമെങ്കിലും കുട്ടികളെ അയയ്ക്കാം, അവർക്ക് പണമുണ്ട്. പക്ഷേ പാവപ്പെട്ടവർ അവരുടെ കുട്ടികൾക്ക് നല്ല സംരക്ഷണം കിട്ടുന്ന ജുവനൈൽ ഹോമുകളിൽ അല്ലെങ്കിൽ കുട്ടികളുടെ സ്ഥാപനങ്ങളിൽ അയക്കുന്നത് എന്തോ അപരാധമാണെന്ന രീതിയിൽ ഹൈക്കോടതി എങ്ങനെ പരാമർശിച്ചുവെന്ന് എനിക്ക് അറിയില്ല. സി.ബി.ഐ. അന്വേഷണം എന്ന ആവശ്യം സുപ്രീം കോടതി നിരാകരിച്ചതാണ്. എന്തുകൊണ്ടാണ് ഈ കേസിൽ സുപ്രീംകോടതി നിരാകരിച്ച ഒരു ആവശ്യം വീണ്ടും ഉയർന്നുവന്നത് എന്നത് സംബന്ധിച്ച് ഗവൺമെന്റ് അന്വേഷിക്കണം. ഈ മൂന്ന് വകുപ്പുകളെയും നയിക്കുന്ന മന്ത്രിമാരായ ശ്രീ. കെ. സി. ജോസഫിനേയും, ഡോ. എം. കെ. മുനീറിനേയും ഞാൻ പ്രത്യേകം അനുമോദിക്കുന്നു. ഈ രംഗത്ത് വലിയ മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിയുമെന്ന് കഴിഞ്ഞ നാലുവർഷക്കാലംകൊണ്ട് തെളിയിച്ച ഈ മന്ത്രിമാർ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുന്നു.

<u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u>: സർ, കഴിഞ്ഞ നാലുവർഷങ്ങൾകൊണ്ട് കേരളത്തിന്റെ എല്ലാ മേഖലകളേയും തകർത്ത്, തരിപ്പണമാക്കി, ദീവാളി കുളിച്ച ഒരു ഗവൺമെന്റാണ് ഇവിടെയുള്ളത്. ഈ ഗവൺമെന്റ് ഒരു രംഗത്തും ഒരു

പുരോഗതി കൈവരിച്ചുവെന്ന് പറയാൻ കഴിയുകയില്ല. മാലിന്യ സംസ്കരണം ഈ സംസ്ഥാനത്തെയാകെ ബാധിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. ഇപ്പോൾ പരിഹരിക്കുമെന്ന നിലയിൽ ഇറങ്ങിത്തിരിച്ചുവെങ്കിലും മാലിന്യം സംസ്കരിക്കുവാൻ കഴിഞ്ഞില്ലെന്നു മാത്രമല്ല ഇപ്പോൾ കേരളം മാലിന്യക്കൂമ്പാരമായി മാറിക്കഴിഞ്ഞിരിക്കുകയാണ്. അതിന്റെ ഭാഗമായി പുതിയ രോഗങ്ങളും പ്രശ്നങ്ങളും കേരളം അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റിന്റെ ഭരണത്തിന്റെ ഫലമായി കോർപ്പറേഷനുകളുടേയും മുനിസിപ്പാലിറ്റികളുടേയും സാമ്പത്തിക സ്ഥിതി അങ്ങേയറ്റം തകർന്ന് മുന്നോട്ടുപോകാൻ കഴിയാത്ത ഒരവസ്ഥയുണ്ടായിരിക്കുകയാണ്. പാവപ്പെട്ടവർക്ക് നികുതി സൗജന്യമാക്കുകയും, ബഹുനിലകെട്ടിടങ്ങൾക്ക് അധിക നികുതി ഏർപ്പെടുത്തുകയും ചെയ്യുന്ന ഒരു സമ്പ്രദായമാണ് എൽ.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് ആവിഷ്കരിച്ചിരുന്നത്. എന്നാൽ ഈ ഗവൺമെന്റ് അത് നിർത്തലാക്കുകയും ബഹുനിലകെട്ടിടങ്ങളുടെ നികുതി കുറച്ചുകൊടുക്കുകയും ചെയ്യുന്ന നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. അതുപോലെ നഗരപ്രദേശങ്ങളിലേയ്ക്കുംകൂടി തൊഴിലുറപ്പ് പദ്ധതി വികസിപ്പിക്കുന്നതിനുള്ള പദ്ധതിയാണ് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഇവിടെ ആവിഷ്കരിച്ചിരുന്നത്. എന്നാൽ ഈ ഗവൺമെന്റ് ആ പദ്ധതിയെ

(അയ്യൻകാളി പദ്ധതി) അട്ടിമറിക്കുകയാണ് ചെയ്തത്. തൊഴിലുറപ്പ് പദ്ധതി വിജയകരമായി നടത്തിയെന്നാണ് ഇവിടെ ഭരണപക്ഷത്തുള്ളവർ പറയുന്നത്. ഏതായാലും ഈ പദ്ധതിയെ തകർക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് ഒരു സംഭാവന നൽകുന്നുണ്ട്. അതിനോടൊപ്പംതന്നെ സംസ്ഥാന ഗവൺമെന്റും ഈ പദ്ധതി നടത്തിപ്പിൽ അങ്ങേയറ്റത്തെ വീഴ്ചയാണ് വരുത്തിക്കൊണ്ടിരിക്കുന്നത്. ഇവിടെ ആകെ 29 ലക്ഷം തൊഴിലാളികളാണ് തൊഴിലന്വേഷകരായി ഗ്രാമപഞ്ചായത്തുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളത്. എന്നാൽ ഇതിൽ 15 ലക്ഷത്തിൽതാഴെ കുടുംബങ്ങൾക്കുമാത്രമാണ് 2014-15 -ൽ ജോലി ലഭിച്ചിട്ടുള്ളത്. ഇവിടെ ശ്രീ. വി. ടി. ബൽറാം പറഞ്ഞ കണക്കുകൾ അതിനു മുൻപുള്ള കണക്കുകളാണ്. ജോലി ലഭിച്ചവർക്കുതന്നെ ശരാശരി 36 ദിവസത്തെ ജോലിയാണ് ലഭിച്ചിട്ടുള്ളത്. കഴിഞ്ഞ വർഷം ശരാശരി 53 ദിവസത്തെ ജോലി കിട്ടി, 4 ലക്ഷം കുടുംബങ്ങൾക്ക് 100 ദിവസത്തെ ജോലി ലഭിച്ചിരുന്നു. ഈ വർഷം 25,000 കുടുംബങ്ങൾക്ക് മാത്രമാണ് 100 ദിവസത്തെ ജോലി ലഭിച്ചിട്ടുള്ളത്. വേതന വർദ്ധനവിന്റെ കാര്യത്തിൽ ചില പുരോഗതിയുണ്ടായി എന്നുപറയുമ്പോൾത്തന്നെ, വേതനം വൻതോതിൽ കുടിശ്ശികയാണ്. യഥാസമയം ജോലിയും കൂലിയും നൽകുന്നതിൽ ഗുരുതരമായ വീഴ്ചയാണ് ഗവൺമെന്റ് ഈ

രംഗത്ത് വരുത്തിയിരിക്കുന്നത്. കേന്ദ്ര സർക്കാർ 2014 ജൂലൈ 21 നം സെപ്റ്റംബർ 17 നം ഇറക്കിയ ഉത്തരവുകൾ പ്രകാരം രാജ്യത്തെ പിന്നോക്കം നിൽക്കുന്ന 2500 ബ്ലോക്കുകളിൽ മാത്രമേ ഈ പദ്ധതി നടപ്പാക്കാൻ നിർദ്ദേശിച്ചിട്ടുള്ളൂ. അങ്ങനെ വരുമ്പോൾ കേരളത്തിലെ 22 ബ്ലോക്കുകളിൽ മാത്രമായി ഈ പദ്ധതി ചുരുക്കാൻ പോവുകയാണ്. പത്തനംതിട്ട, കോട്ടയം, ആലപ്പുഴ ജില്ലകളിൽ ഒരു ബ്ലോക്കിൽ പോലും പദ്ധതി നടപ്പിലാക്കാൻ കഴിയുകയില്ല. ഈ പ്രശ്നം പരിഹരിക്കുവാൻ കേന്ദ്രത്തിൽ ഏതു നിലയിലുള്ള ഇടപെടലാണ് സംസ്ഥാന ഗവൺമെന്റ് നടത്തിയിട്ടുള്ളതെന്ന് ഇതുവരെ വ്യക്തമാക്കിയിട്ടില്ല. പദ്ധതിയുടെ ധനവിനിയോഗത്തിലും കേന്ദ്രം മാറ്റം വരുത്തിയിട്ടുണ്ട്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): അങ്ങനെയുള്ള നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല. Intensive ആയിട്ടുള്ള കാമ്പയിൻ മാത്രമാണ് ലിമിറ്റ് ചെയ്തിരിക്കുന്നത്. കേരളത്തിലെ എല്ലാ ബ്ലോക്കുകളിലും പദ്ധതി നടപ്പിലാക്കുന്നുണ്ട്.

ശ്രീ. കെ. കെ. ജയചന്ദ്രൻ : ഞാൻ കേന്ദ്ര ഗവൺമെന്റിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഇത് പറഞ്ഞത്. അത് പരിഹരിക്കാൻ നിങ്ങൾ ഇടപെടൽ നടത്തിയിട്ടുണ്ടെങ്കിൽ വളരെ നല്ലത്. എങ്കിലും ഇവിടെ 22 ബ്ലോക്കുകളിൽ മാത്രമേ

തൊഴിലുറപ്പ് പദ്ധതിയുടെ പ്രയോജനം ലഭിക്കുകയുള്ളൂ. അതിനാൽത്തന്നെ നിലവിലുണ്ടായിരുന്ന ജോലി കൊടുക്കാൻ ഒരു കാരണവശാലും കഴിയില്ലെന്നത് യാഥാർത്ഥ്യമാണ്. അത് പരിഹരിക്കാനുള്ള ഒരു നടപടിയും സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. ഇത് അക്ഷരാർത്ഥത്തിൽ കേരളത്തിൽ ഭാഗികമായി മാത്രം നടക്കുന്ന ഒരു പദ്ധതിയായി തീരാൻ പോകുകയാണ്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): അങ്ങനെയുള്ള യാതൊരു നിയന്ത്രണവും കേന്ദ്രം ഏർപ്പെടുത്തിയിട്ടില്ല. നിലവിലുള്ളതുപോലെ 152 ബ്ലോക്കുകളിലും പദ്ധതി തുടരും. Intensive ആയിട്ടുള്ള ആയിട്ടുള്ള കാമ്പയിൻ മാത്രമാണ് ലിമിറ്റ് ചെയ്തിരിക്കുന്നത്. ബാക്കിയെല്ലാ ബ്ലോക്കിലും അതുണ്ടാകും.

ശ്രീ. കെ. കെ. ജയചന്ദ്രൻ : നാൽപ്പത് ശതമാനം മാത്രമായിരുന്ന പണിയായുധങ്ങൾ വാങ്ങിക്കുന്നതിനുവേണ്ടി നേരത്തെയുണ്ടായിരുന്ന ഓർഡർ. അതിപ്പോൾ 49% ശതമാനമായി ഉയർത്തിയിട്ടുണ്ട്. അങ്ങനെ ഉയർത്തുന്നത് ഈ രംഗത്തെ കാര്യക്ഷമത കൂടുതൽ തകർക്കാൻ മാത്രമെ സഹായിക്കുള്ളൂ, അഴിമതി വളർന്നുവരാനും സാധ്യതയുണ്ട്. അത്തരത്തിലുള്ള കാര്യങ്ങളാണ് അതുമായി

ബന്ധപ്പെട്ടുള്ളത്.

കെട്ടിട നിർമ്മാണ രംഗത്ത് അഴിമതിക്കാരായ ഒരുപറ്റം ഉദ്യോഗസ്ഥന്മാരുടെ സഹായത്തോടെ അനധികൃത കെട്ടിടങ്ങൾ പണിയുന്നതിനുള്ള പ്രവർത്തനങ്ങൾ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അഴിമതിക്കാരായ ഉദ്യോഗസ്ഥന്മാരുടെയും ഫ്ലാറ്റു ലോബികളുടെയും വൻവിജയമാണ് ചട്ടവിരുദ്ധമായ നിർമ്മാണങ്ങൾ നിയമാനുസൃതമാക്കാനുള്ള സർക്കാർ തീരുമാനത്തിലൂടെ ഉണ്ടായിട്ടുള്ളത്. പ്രധാന മുനിസിപ്പാലിറ്റികളിലേയും കോർപ്പറേഷനുകളിലേയും ടൗൺ പ്ലാനർമാരുടെ നിയമനത്തിൽ കോടികളുടെ കോഴയാണ് നടന്നുകൊണ്ടിരിക്കുന്നത്. ഫ്ലാറ്റ് സമുച്ചയങ്ങളുടെ അനധികൃത നിർമ്മാണത്തിന് കണ്ണടയ്ക്കുന്നതിനുള്ള പാരിതോഷികം ഒരു ഫ്ലാറ്റ് സമുച്ചയത്തിന് ഒരു ഫ്ലാറ്റെന്ന നിലയിലാണ്. നിരവധി ഫ്ലാറ്റുകൾ സ്വന്തമാക്കിയ ടൗൺ പ്ലാനർമാർ ഇപ്പോൾത്തന്നെ നമ്മുടെ സംസ്ഥാനത്തുണ്ട്. വാണിജ്യ സമുച്ചയങ്ങളാണ് നിയമലംഘനത്തിന്റെ മുൻനിരയിൽ. തറവിസ്തൃതി അനുപാത ലംഘനം, പാർക്കിംഗ് സ്ഥലം കെട്ടിയടക്കൽ, വശങ്ങളിൽ സ്ഥലമിടാതെയുള്ള നിർമ്മാണം, അപ്രോച്ച് റോഡ് വീതിയ്ക്ക് അനുമതിയില്ലാതെയുള്ള നിർമ്മാണം - ഇത്തരം കാര്യങ്ങളെല്ലാം യഥേഷ്ടം കേരളത്തിൽ നടന്നുകൊണ്ടിരിക്കുകയാണ്. പ്രത്യേകിച്ച് ഇത്തരം കാര്യങ്ങൾ നടക്കുന്നതിൽ

ഒന്നാം സ്ഥാനം എറണാകുളം കോർപ്പറേഷനാണ്. പാവപ്പെട്ടവൻ അറിവില്ലായ്മകൊണ്ട് ഒരു കുടിൽ കെട്ടിയാൽ ആ കുടിൽ പൊളിച്ച് നീക്കൽ മണിക്കൂറുകൾക്കുള്ളിൽ സമയബന്ധിതമായി നടക്കും. എന്നാൽ ഈ പ്രമാണിമാരുടെ സമുച്ചയത്തിൽ ഒന്ന് തൊടാൻപോലും കഴിയുന്നില്ലെന്നുമാത്രമല്ല അവയൊക്കെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള നിയമനിർമ്മാണമാണ് ഗവൺമെന്റ് നടത്തിയിരിക്കുന്നത്. അതുപോലെതന്നെ ഗാർഹിക ആവശ്യത്തിനെന്ന പേരിൽ പെർമിറ്റ് എടുത്തശേഷം വാണിജ്യ സമുച്ചയങ്ങൾ നിർമ്മിക്കുന്നതും സോൺ നിബന്ധനകൾ ലംഘിച്ച് കെട്ടിടങ്ങൾ നിർമ്മിക്കുന്നതും നമ്മുടെ സംസ്ഥാനത്ത് വളരെ വ്യാപകമാണ്. അവരുടെയെല്ലാം ഏജന്റായിട്ടാണ് ഇവിടെ ഗവൺമെന്റ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. അതുപോലെതന്നെ പ്ലാനിൽ വർക്കിംഗ് ഏരിയ എന്ന് രേഖപ്പെടുത്തി പണിതശേഷം അത് കെട്ടിയടച്ച് വാണിജ്യ സമുച്ചയത്തിന് തുറന്ന് കൊടുക്കുന്നത് സാധാരണ സംഭവമായി കേരളത്തിൽ മാറിയിട്ടുണ്ട്. നഗരാസൂത്രണ വകുപ്പിൽ ചീഫ് പ്ലാനർമാരുടെ അടക്കം പതിമൂന്ന് തസ്തികകൾ സൃഷ്ടിച്ച് അനധികൃത കെട്ടിട നിർമ്മാണങ്ങൾക്ക് അനുമതി നൽകാൻ സർക്കാർ നടത്തുന്ന ശ്രമം ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധിയുടെ ലംഘനമാണെന്ന് ഈ സന്ദർഭത്തിൽ ഞാൻ ചൂണ്ടിക്കാണിക്കുകയാണ്.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) : സർ, അഡീഷണൽ സി.റ്റി.പി.മാരുടെ തസ്തിക സൃഷ്ടിച്ചത് unauthorized construction റെഗുലറൈസ് ചെയ്ത് കൊടുക്കാനല്ല.Unauthorized Construction എവിടെയുണ്ടെന്ന് പോയി പരിശോധിച്ച് റിപ്പോർട്ട് ചെയ്യാനാണ്. അതിനുവേണ്ടി വിജിലൻസ് വിംഗിലാണ് ഇത്രയും അധികം ഉദ്യോഗസ്ഥരെ നിയമിച്ചത്. അത് വളരെ കൃത്യമായി നടക്കുന്നുണ്ട്. പഴയകാലത്ത് മുനിസിപ്പാലിറ്റികളും പഞ്ചായത്തുകളും കോർപറേഷനുകളുമൊക്കെ Unauthorised Construction എന്ന നിലയിൽ UA നമ്പറുകൾ കൊടുത്തിരുന്നു. ഏകദേശം ഒരു ലക്ഷത്തോളം വരുന്ന യു.എ. നമ്പരുകൾ കേരളത്തിൽ ഉണ്ട്. ഒരു വർഷമോ രണ്ട് വർഷമോ കഴിയുമ്പോൾ യു.എ. മാറി വെറും നമ്പർ മാത്രമാകും. അപ്പോൾ കിട്ടേണ്ട ഫൈൻ നമുക്ക് കിട്ടുന്നില്ല. അത് മനസ്സിലാക്കിക്കൊണ്ടാണ് ഈ ഉദ്യോഗസ്ഥരെ നിയമിച്ചത്. അല്ലാതെ unauthorized construction റെഗുലറൈസ് ചെയ്യാനല്ല.

ശ്രീ. കെ. കെ. ജയചന്ദ്രൻ : അങ്ങയുടെ വിശദീകരണം നല്ലതാണ്. എന്നാൽ ആ നിലയിൽ ഏതെങ്കിലുമൊരു നീക്കം നടത്തുകയോ ആ രംഗത്ത് എന്തെങ്കിലും പുരോഗതിയുണ്ടായതായോ ഇതുവരെ യാതൊരു രേഖയും നമ്മുടെ മുന്നിലില്ല.

കുടുംബശ്രീ പ്രസ്ഥാനത്തെ തകർക്കുന്ന സമീപനമാണ് ഈ ഗവൺമെന്റ്

സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. എങ്കിലും വലിയ കാര്യങ്ങൾ ഈ രംഗത്ത് ചെയ്തുവെന്നാണ് അവകാശപ്പെടുന്നത്. കുടുംബശ്രീയുടെ കീഴിൽ ആദ്യം തുടങ്ങുന്ന പദ്ധതികൾക്ക് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് റിവോൾവിംഗ് ഫണ്ട് നൽകാറുണ്ടായിരുന്നു. ഈ ഗവൺമെന്റ് അത് നിർത്തലാക്കിയിരിക്കുകയാണ്. കുടുംബശ്രീ സംരംഭങ്ങൾക്ക് നാല് ശതമാനം പലിശ നിരക്കിലാണ് പണം നൽകിയിരുന്നത്. ഇപ്പോൾ ആ പലിശ സബ്സിഡി നിർത്തലാക്കിയിരിക്കുകയാണ്. കുടുംബശ്രീ സി.ഡി.എസ്സുകളുടെ ഓൺ ഫണ്ടിൽ നിന്നും ജീവനക്കാർക്ക് ശമ്പളം കൊടുക്കുന്ന അവസ്ഥയുണ്ടായിരിക്കുകയാണ്. കുടുംബശ്രീ ജില്ലാ കോ-ഓഡിനേറ്റർമാരുടെ ഓഫീസിൽ നിരവധി പുതിയ തസ്തികകൾ സൃഷ്ടിച്ചിരിക്കുകയാണ്. അവിടെയെല്ലാം കസേരയിട്ട് ആളുകൾ വന്നിരിക്കുന്ന സ്ഥിതിയാണ്. ഇന്ന് പദ്ധതികൾക്ക് പകരം ആഴ്ചയിൽ പതിനഞ്ച് ദിവസം ഇവിടെ ക്ലാസ്സ് നടത്തുന്ന പരിപാടിയാണ് പ്രധാനമായും നടക്കുന്നത്. ഇങ്ങനെ ഫലത്തിൽ കുടുംബശ്രീ പ്രസ്ഥാനത്തെ തകർക്കുകയും സ്വകാര്യ സ്ഥാപനങ്ങൾക്ക് വലിയ പ്രോത്സാഹനം നൽകുകയും ചെയ്യുന്ന സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. മാത്രമല്ല ഭവന നിർമ്മാണ പദ്ധതി മുഴുവൻ തകർത്ത് തരിപ്പണമാക്കുകയാണ് ചെയ്തത്. ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിയുടെ

പേര് തന്നെ നിങ്ങൾക്ക് ഇഷ്ടപ്പെട്ടില്ല. നിങ്ങൾ അത് മാറ്റി മറ്റൊരു പേരുകൊടുത്തു. ആ പദ്ധതിയിലേയ്ക്കുള്ള തുക നിങ്ങൾ രണ്ട് ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. എത്ര വീടുകൾ ഈ കഴിഞ്ഞ നാലുവർഷക്കാലത്തിനിടയിൽ ഇവിടെ പുതിയതായി നിർമ്മിച്ച് പാവപ്പെട്ടവർക്ക് നൽകുവാൻ കഴിഞ്ഞു? കാര്യമായി നിങ്ങൾക്ക് ഒരു സംഭാവനയും ചെയ്യാൻ കഴിഞ്ഞില്ല.

ശ്രീ. എ. കെ. ബാലൻ : ഇവിടെ ഇന്ദിരാ ആവാസ് യോജന പ്രകാരം 64,000 വീടുകളാണ് പൂർത്തീകരിക്കാൻ ബാക്കിയുള്ളത്. അതിന് 685 കോടി രൂപ NABARD - ൽ നിന്ന് കടമെടുക്കാമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഈ സഭയ്ക്ക് ഉറപ്പ് നൽകിയിരുന്നത്. ഇന്നേവരെ പത്തുപൈസ ഇന്ദിരാ ആവാസ് യോജന പദ്ധതിപ്രകാരം അപേക്ഷ കൊടുത്ത ആളുകൾക്ക് കിട്ടിയിട്ടില്ലെന്നുള്ളത് അറിയാമോ?

ശ്രീ. കെ. കെ. ജയചന്ദ്രൻ : മെമ്പർ ചൂണ്ടിക്കാണിച്ച കാര്യം വളരെ പ്രസക്തമാണ്. ഒന്നാം ഗഡു കിട്ടിയതുകൊണ്ട് തറകെട്ടാനും രണ്ടാം ഗഡു കൊണ്ട് ഭിത്തികെട്ടിയുണ്ടാക്കാനും മാത്രമേ കഴിഞ്ഞിട്ടുള്ളൂ. ഏകദേശം 64,000 കുടുംബങ്ങൾ ഈ മഴക്കാലത്ത് ആകാശത്ത് നോക്കി വളരെ ദയനീയമായികഴിയേണ്ട ഒരവസ്ഥയാണുണ്ടായിട്ടുള്ളത്. ഈ അവസ്ഥയ്ക്ക് പരിഹാരം കാണാൻ കഴിഞ്ഞിട്ടില്ല.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി, (ശ്രീ. കെ. സി. ജോസഫ്) : ശ്രീ. എ. കെ. ബാലനും അങ്ങും ഇവിടെ ഉന്നയിച്ച ആശങ്കയെപ്പറ്റി പറയുകയാണ്. സംസ്ഥാന ഗവൺമെന്റിന്റെ വിഹിതമെന്ന് പറയുന്നത് ഒരു വീടിന് 50,000 രൂപയാണ്. അതിനുവേണ്ടി 650 കോടി രൂപ HUDCO യുടെ വായ്പ ലഭിച്ചിട്ടുണ്ട്. ഈ ആഴ്ച വായ്പ റിലീസ് ചെയ്ത് കിട്ടും. രണ്ടാഴ്ചകൊണ്ട് മുഴുവൻ കുടിശ്ശികയും കൊടുത്തുതീർക്കാൻ സാധിക്കും ഒരു സംശയവും വേണ്ട.

ശ്രീ. കെ. കെ. ജയചന്ദ്രൻ : സർ, അങ്ങനെയെങ്കിൽ അത് വളരെ നല്ല കാര്യമാണ്. ഞാൻ ഇപ്പോഴത്തെ അവസ്ഥയാണ് പറഞ്ഞത്. അതായത് ഭവന വായ്പയുടെ മൂന്നാംഗഡു കിട്ടാത്തതിന്റെ ഫലമായി 64,000 കുടുംബങ്ങളാണ് വീട് പൂർത്തിയാക്കാനാവാതെ കഴിഞ്ഞ രണ്ട് വർഷമായി കാത്തിരിക്കുന്നത്. തറകെട്ടിയവരും അതുപോലെതന്നെ ഭിത്തികെട്ടിയവരുമുണ്ട്. ഇത്തരം പ്രശ്നങ്ങൾക്കൊന്നും പരിഹാരം കാണാൻ കഴിയുന്നില്ലെന്നാണ് ഞാൻ പറഞ്ഞത്. പരിഹാരം കാണാൻ കഴിയുമെങ്കിൽ വളരെ നല്ലത്.

ഒരു കാര്യം കൂടി, അരുവിക്കര ഇലക്ഷനിൽ ഞങ്ങൾക്ക് എന്തോ സംഭവിച്ച എന്നമട്ടിൽ നിങ്ങൾ എല്ലാവരും പറഞ്ഞുകൊണ്ടിരിക്കുന്നു. ഞാൻ ഒരു കാര്യം

ചോദിക്കട്ടെ, അരുവിക്കരയിൽ യു.ഡി.എഫ്.-ന് 9.5 ശതമാനം വോട്ട് ചോർന്നിട്ടുണ്ട്. എൽ.ഡി.എഫ്.-ന്റെ വോട്ട് 7.5 ശതമാനവും ചോർന്നിട്ടുണ്ട്. ഞങ്ങളേക്കാൾ രണ്ട് ശതമാനം വോട്ട് യു.ഡി.എഫ്.-ന് ചോർന്നു. എന്നിട്ടെന്താണ് നിങ്ങൾക്ക് ഒരു വിഷമവും ഇല്ലാത്തത്? നിങ്ങൾക്ക് വിഷമം ഇല്ലാത്തതിന്റെ പ്രധാനപ്പെട്ട കാരണം നിങ്ങൾ ബി.ജെ.പി.യെ നിങ്ങളുടെ 'ബി' ടീമാക്കി അവിടെ നിർത്തിയിട്ടാണ് ബി.ജെ.പി.യും നിങ്ങളും തമ്മിലാണ് പ്രധാനമത്സരമെന്ന് പറഞ്ഞത്. അതുകൊണ്ട് അവിടെ വോട്ടുകുറഞ്ഞു. ഞങ്ങളുടെ കുറച്ച് വോട്ടുകൾകൂടി പിടിക്കാൻ കഴിഞ്ഞതുകൊണ്ട് അരുവിക്കരയിൽ നിങ്ങൾക്ക് ജയിക്കാൻ കഴിഞ്ഞു..

<u>മി.സ്പീക്കർ</u>: പ്ലീസ് കൺക്ലൂഡ്...

<u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> : നിങ്ങൾ ഒരു കാര്യം മനസ്സിലാക്കണം. നിങ്ങൾക്ക് ലഭിക്കേണ്ട 10%വോട്ട് കുറഞ്ഞതുകൊണ്ട് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കിട്ടിയതിനേക്കാൾ 480 വോട്ട് കുറവാണ് നിങ്ങൾക്ക് ലഭിച്ചത്. ഇതൊരു യാഥാർത്ഥ്യമാണ്. നിങ്ങൾക്ക് അവിടെ ജയിക്കുന്നതിനുവേണ്ടി ബി.ജെ.പി.യ്ക്ക് വോട്ട് മറിച്ച് കൊടുക്കാൻ വേണ്ടി പ്രേരിപ്പിക്കുന്ന തരത്തിലുള്ള പ്രചാരവേല നടത്തിയത്; നിങ്ങൾക്ക് വോട്ട് നൽകിയില്ലെങ്കിലും ബി.ജെ.പി. ക്ക് വോട്ട് നൽകണമെന്ന് യു.ഡി.എഫിന്റെ മുഖ്യമന്ത്രിയടക്കമുള്ള നേതാക്കന്മാർ

അരുവിക്കരയിൽ പോയി പറഞ്ഞില്ലേ?

മി.സ്പീക്കർ : ബഹുമാനപ്പെട്ട ജയചന്ദ്രൻ, പ്ലീസ് കൺക്ലൂഡ്...

ശ്രീ. കെ. കെ.ജയചന്ദ്രൻ : സർ, ഞാൻ ഉടനെ അവസാനിപ്പിക്കാം. സാറിനും വിഷമം തോന്നുന്ന കാര്യമൊന്നുമല്ല. നല്ലകാര്യമല്ലേ പറയുന്നത് ?

മി.സ്പീക്കർ : അതുകൊണ്ടല്ല. സമയമായതുകൊണ്ടാണ്.

ശ്രീ. കെ. കെ. ജയചന്ദ്രൻ : അതുകൊണ്ട് ഈ കാര്യത്തിൽ നിങ്ങൾ എടുത്ത നിലപാട് കേരളം ഒരിക്കലും പൊറുക്കുന്നതല്ല. നിങ്ങളാണ് ഇവിടെ വർഗ്ഗീയ പ്രീണനം നടത്തുന്നത്. അതുകൊണ്ട് സി.പി.ഐ. (എം) നോ എൽ.ഡി.എഫ്. നോ ആത്യന്തികമായി ഒന്നും സംഭവിക്കാൻ പോകുന്നില്ലെന്ന കാര്യം ഞാൻ ഇവിടെ സൂചിപ്പിക്കുകയാണ്.

ശ്രീ. കെ. എം. ഷാജി : സർ, ഈ ധനാഭ്യർത്ഥനയെ ഞാൻ പിന്തുണയ്ക്കുകയാണ്. ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് മറ്റുള്ളവരിൽ നിന്നും വ്യത്യസ്തമാകുന്നത് കോടികളുടെ പ്രോജക്ടുകൾ നമ്മുടെ രാജ്യത്തുണ്ടാകുന്നതുകൊണ്ടാണ്. അദാനിയുമായി എഗ്രിമെന്റ് ചെയ്തുകഴിഞ്ഞു. അതുമാത്രമല്ല ഒരു ഗവൺമെന്റിന് മുഖമുദ്രയാകുന്നത് പാവപ്പെട്ടവരുടെ, അശരണരുടെ ദുരിതമനുഭവിക്കുന്നവന്റെകൂടെ നിൽക്കുന്നു എന്ന് തെളിയിക്കുമ്പോഴാണ്.

അരുവിക്കരയുടെ മേൽത്തട്ടിൽ വലിയ പ്രചാരണ കോലാഹലങ്ങൾ നടന്നപ്പോൾ താഴെത്തട്ടിലുള്ള പാവങ്ങളായ വോട്ടർമാർ ഐക്യജനാധിപത്യ മുന്നണിയെ തെരഞ്ഞെടുക്കുന്നതിന്റെ കാരണം അവന്റെ സങ്കടങ്ങൾ ഏറ്റെടുക്കാൻ ഒരു ഗവൺമെന്റുണ്ടെന്ന് അവർക്ക് ബോധ്യമായതുകൊണ്ടാണ്. കാരണം കണ്ണില്ലാത്ത വരുടെ കാഴ്ചയാകുകയാണിവിടെ ഗവൺമെന്റ്. കാതില്ലാത്തവന്റെ കേൾവിയും നാവില്ലാത്തവന്റെ ശബ്ദവും നടക്കാനാവാത്തവന്റെ ഊന്നുവടിയും ദുർബലരുടെ ബലവുമാണ് ഈ ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ്. സാമൂഹ്യനീതി വകുപ്പ് അതിലേറ്റവും ശ്രദ്ധേയമായിട്ടുള്ള ഇടപെടലുകളാണ് നടത്തുന്നത്. അതുകൊണ്ടുതന്നെ അഭിമാനത്തോടുകൂടി അത്തരമൊരു വകുപ്പിന്റെ ധനാഭ്യർത്ഥനയെ പിന്തുണയ്ക്കുന്നതിൽ അതിയായ സന്തോഷമുണ്ട്. കുറച്ച് രാഷ്ട്രീയകാര്യങ്ങൾ ഇവിടെ പറയേണ്ടതുണ്ട്. അത് പറയാൻ ഉദ്ദേശിച്ചതല്ല. കഴിഞ്ഞ സഭയിൽ ഞാൻ ഐക്യമുന്നണിയുടെ അല്ലെങ്കിൽ യു.ഡി.എഫ്. ന്റെ പ്രസംഗകരുടെ വായ അടപ്പിച്ചുകളഞ്ഞെന്ന് സ്വയം ഫെയ്സ് ബുക്കിൽ എഴുതി അതിൽ തന്നെ സ്വയം ലൈയ്ക്കടിച്ച് ഒരു ആത്മരതിയുടെ സുഖം ആസ്വദിക്കുന്ന ചിലർ ഈ സഭയ്ക്കകത്തുണ്ട്. അതിനെക്കുറിച്ച് പറയണം. അത് രേഖയിൽ കിടക്കേണ്ടതുണ്ട്. ഞാൻ സഭയ്ക്കകത്ത് കഴിഞ്ഞ ദിവസം പറഞ്ഞത് കൃത്യമായ വ്യക്തതയോടുകൂടി

യാണ്. അത് ഇടതുപക്ഷത്തെ അല്ലെങ്കിൽ സി.പി.ഐ.(എം)-നെ പ്രകോപിപ്പിക്കാവുന്ന ഒന്നും ഞാൻ പറഞ്ഞില്ല. വളരെ ആരോഗ്യകരമായ വിമർശനം നടത്തി. എന്നാൽ എന്റെ സുഹൃത്ത് ഡോ. കെ. ടി. ജലീൽ കൂടുതൽ പ്രകോപിതനായി. അതിനുകാരണം ഞാൻ ജമാഅത്തെ ഇസ്ലാമിയെക്കുറിച്ച് പറഞ്ഞിരുന്നു. ജമാഅത്തെ ഇസ്ലാമിയെക്കുറിച്ച് പറയുമ്പോൾ ഡോ. കെ. ടി. ജലീൽ പ്രകോപിതനാകണം. അതിന് ഒരുപാട് കാരണങ്ങളുണ്ട്. കുഞ്ഞാലിക്കുട്ടി സാഹിബ് മറുപടി പറയണമെന്നാണ് അദ്ദേഹം പറയുന്നത്. കുഞ്ഞാലിക്കുട്ടി സാഹിബിനോട് ശ്രീ. കോടിയേരി ബാലകൃഷ്ണനോ മറ്റാരെങ്കിലും ചോദിച്ചാൽ അദ്ദേഹം മറുപടി പറയും. ഡോ. കെ. ടി. ജലീലിന് മറുപടി പറയാൻ ഇവിടെ ശ്രീ. പി. കെ. ബഷീറും ഞാനുമുണ്ട്, അതിന് അത്രമാത്രമേ സ്കോപ്പുള്ളൂ. അതുകൊണ്ട് അവർ മറുപടി പറഞ്ഞിട്ടില്ല. എന്താണ് കുഞ്ഞാലിക്കുട്ടി സാഹിബ് പറയേണ്ടത്? ഇവിടെ മുസ്ലീംലീഗിന്റെ ഏതൊരു മെമ്പർ സംസാരിക്കുമ്പോഴും എത്ര തിരക്കുണ്ടായാലും അദ്ദേഹം സീറ്റിൽ വന്നിരിക്കും. ഞങ്ങളുടെ ആത്മ ധൈര്യത്തിനു വേണ്ടിയാണ് അങ്ങനെ ചെയ്യുന്നത്. ഞങ്ങൾ പറയുന്നത് എന്താണെന്ന് കേൾക്കാനും ഞങ്ങൾക്ക് ആവേശം നൽകാനുമാണ് അങ്ങനെ ചെയ്യുന്നത്. ഞാൻ പറയുന്നതിൽ പാർട്ടി വിരുദ്ധമായി ഒരു സമീപനമോ വാക്കോ ഉണ്ടെങ്കിൽ

കൈകൊണ്ട് കാണിക്കാതെ കണ്ണുകൊണ്ട് ഒരു ആജ്ഞ നൽകിയാൽ ഞങ്ങൾ ഇവിടെയിരിക്കും. പാർട്ടിവിരുദ്ധമായി പറഞ്ഞാൽ പുറത്തുപോകേണ്ടിവരുമെന്ന് മറ്റാരെക്കാളും ഡോ. കെ. ടി. ജലീലിനറിയാവുന്നതാണ്. എന്താണ് കുഞ്ഞാലിക്കുട്ടി സാഹിബിൽനിന്ന് നിങ്ങൾക്ക് അറിയേണ്ടത്? ജമാഅത്തെ ഇസ്ലാമിന്റെ വോട്ട് വേണമെന്നാണോ നിങ്ങൾ പറയുന്നത്. കഴിഞ്ഞ അസംബ്ലി തെരഞ്ഞെടുപ്പിൽ മതതീവ്രവാദികളുടെ വോട്ടുകൾ ഞങ്ങൾക്ക് വേണ്ടെന്ന് കുഞ്ഞാലിക്കുട്ടി സാഹിബ് പറഞ്ഞപ്പോൾ ജമാഅത്തിന്റെ വോട്ടാണോ ഉദ്ദേശിക്കുന്നതെന്നാണ് പത്രലേഖകൻ ചോദിച്ചത്. ജമാഅത്തെ ഇസ്ലാമിന്റെ വോട്ട് ഞങ്ങൾക്ക് വേണ്ടെന്നാണ് അസന്നിഗ്ദ്ധമായ ഭാഷയിൽ അദ്ദേഹം പറഞ്ഞത്. പത്രങ്ങളിൽ ഇതിനെക്കുറിച്ച് വന്നത് ഡോ.കെ. ടി. ജലീൽ കണ്ടുകാണുകയില്ല. കാരണം അപ്പോൾ ജമാഅത്തെ ഹൽക്കയിൽ വോട്ട് ചോദിച്ച് നടക്കുന്ന തിരക്കിലായിരിക്കും. കുഞ്ഞാലിക്കുട്ടി സാഹിബ് മാത്രമല്ല ഈ സഭയിൽ ഏറ്റവും ഭൂരിപക്ഷം നേടി വന്ന ശ്രീ. പി. ഉബൈദുള്ള മുതൽ മുസ്ലീംലിഗിന്റെ ഏറ്റവും കുറഞ്ഞ ഭൂരിപക്ഷം കിട്ടിയ ഞാനടക്കമുള്ള മുസ്ലീംലീഗിന്റെ 20 എം.എൽ.എ. മാരും ജമാഅത്തിന്റെയോ ആർ.എസ്.എസ്.ന്റെയോ എൻ.ഡി.എഫ്.-ന്റെയോ ഒരൊറ്റ വോട്ടിന്റെ പിൻബലമില്ലാതെയാണ് ഈ സഭയ്ക്കകത്തിരിക്കുന്നതെന്ന് നിങ്ങൾ

മനസ്സിലാക്കണം. കുഞ്ഞാലിക്കുട്ടി സാഹിബിനെതിരെ വേങ്ങരയിൽ ജമാഅത്ത് ഇസ്ലാമി മത്സരിച്ചു. എൽ.ഡി.എഫ്.-ന്റെ ഏറ്റവും ശക്തനായ സ്ഥാനാർത്ഥി കേരളത്തിൽ മത്സരിച്ചത് കുഞ്ഞാലിക്കുട്ടി സാഹിബിനെ തോൽപ്പിക്കാനാണ്. ഞങ്ങൾക്ക് മതതീവ്രവാദികളുടെ വോട്ടില്ല. ഞാൻ ചോദിക്കുന്നത് ജമാഅത്തെ ഇസ്ലാമിയെക്കുറിച്ച് ഡോ. കെ. ടി. ജലീലിന്റെ അഭിപ്രായമാണ്. കാരണം സഖാവ് പിണറായി വിജയൻ അവരെക്കുറിച്ച് പറഞ്ഞത് ആട്ടിൻ തോലണിഞ്ഞ ചെന്നായ് എന്നും ശാസ്ത്രീയ മതമൗലിക വാദികളെന്നുമാണ്. ഞാനിവിടെ ഇരിക്കാം, ഞാൻ മുസ്ലീംലീഗ് പാർട്ടിയുടെ അച്ചടക്കമുള്ള ഒരു പ്രവർത്തകനാണ്. ഞാൻ ഉറപ്പിച്ചു പറയട്ടെ, ഈ തെരഞ്ഞെടുപ്പിലല്ല എത്ര തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ പാർട്ടി എനിക്ക് സീറ്റ് തന്നാലും അത് എത്ര കാലമായാലും ഒരു മതതീവ്രവാദിയുടെയും ജമാഅത്തെ ഇസ്ലാമിയുടെയും, എസ്.ഡി.പി.യുടെയും ആർ.എസ്.എസ്. ന്റെയും വോട്ട് എനിക്ക് വേണ്ടെന്ന് അസന്നിദ്ധമായി പ്രഖ്യാപിക്കാനുള്ള നട്ടെല്ല് മുസ്ലീംലീഗിന്റെ പാർട്ടി അച്ചടക്കത്തിന്റെ കൂടെ നിൽക്കുമ്പോൾ എനിക്കുണ്ട്. മുകളിൽ ആകാശവും താഴെ ഭൂമിയും മാത്രമുള്ള ഏതെങ്കിലും പാർട്ടിയിൽ കയറാൻ പറ്റുമോ എന്ന് നോക്കി നടക്കുന്ന ഡോ. കെ.ടി. ജലീലിന് അങ്ങനെ ആദർശത്തോടുകൂടി നിലപാട് എടുക്കാൻ കഴിയാതിരിക്കുന്നത് എന്താണെന്ന്

അറിയാമോ? ഞങ്ങൾക്ക് പറയാൻ പറ്റും. കാരണം ഞങ്ങൾ ജമാഅത്തിന്റെ വോട്ട് വേണ്ടെന്ന് പറഞ്ഞാൽ കുടുംബത്തിനകത്ത് കയറാൻ പറ്റാത്ത പ്രശ്നം വരുന്നില്ല. കാരണം എന്റെ വാപ്പയും, ഉമ്മയും, ഭാര്യയുമൊന്നും ജമാഅത്ത് ആയിരുന്നില്ല. എന്നാൽ അങ്ങനെ കുടുംബ പശ്ചാത്തലമുള്ള ഒരാൾക്ക് ജമാഅത്തിന്റെ വോട്ട് വേണ്ടെന്ന് പറയാനുള്ള ധൈര്യമുണ്ടാവില്ല, അങ്ങനെയുള്ളവർക്ക് അതിനുകഴിയില്ല. ഞങ്ങൾ ജീവൻ പണയപ്പെടുത്തിയാണ് ഇവിടെയുള്ള മതവർഗ്ഗീയവാദികളോട് പൊരുതിയത്. മറ്റു സമുദായത്തിൽ നിന്ന് ജീവഭീഷണി ഉണ്ടാകുന്നത് അത്ഭുതമൊന്നുമല്ല. സ്വന്തംസമുദായത്തിലുള്ള തീവ്രവാദ സംഘടനകൾ ജീവന് ഭീഷണി ഉണ്ടാക്കുന്നുവെങ്കിൽ ഞങ്ങൾ പൊരുതിയത് മതേതരത്വത്തിനു വേണ്ടിയാണ്. ഞാൻ മുസ്ലീം യൂത്ത് ലീഗിന്റെ സംസ്ഥാന പ്രസിഡന്റായിരിക്കുന്ന സമയത്ത് ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണന്റെ ഓഫീസിൽ നിന്നും കോഴിക്കോട് പോലീസ് കമ്മീഷണറെ കാണണമെന്ന് എനിക്ക് ഒരു ഫോൺകോൾ വന്നു. ഞാൻ അവിടെ ചെന്നപ്പോൾ ഐ.ബി.യുടെ ഉദ്യോഗസ്ഥൻ അവിടെ ഇരിക്കുന്നുണ്ട്. നിങ്ങൾക്ക് ജീവന് ഭീഷണിയുണ്ടെന്നും പോലീസ് പ്രൊട്ടക്ഷൻ വേണമെന്നും അദ്ദേഹം എന്നോട് പറഞ്ഞു. ഗഫൂർ മൗലവി മരിച്ച ദിവസം കുഞ്ഞാലിക്കുട്ടി സാഹിബിനോട് ഞാൻ ഇക്കാര്യം പറഞ്ഞു. അങ്ങനെയുണ്ടെങ്കിൽ

സൂക്ഷിക്കണമെന്നും പോലീസ് പ്രൊട്ടക്ഷൻ വേണ്ടെന്ന് പറയേണ്ടെന്നും അദ്ദേഹം പറഞ്ഞു. പക്ഷേ ഞാനത് സ്വീകരിച്ചിട്ടുണ്ടായിരുന്നില്ല. അതിനുശേഷം രണ്ടു തവണ വയനാട് ചുരത്തിൽവച്ചും വടകരയിൽ വച്ചും ആക്രമണമുണ്ടായപ്പോൾ വാർത്തയാക്കരുതെന്നാണ് പോലീസ് പറഞ്ഞത്. അന്ന് കേരളത്തിൽ രമേശ് ചെന്നിത്തല ആഭ്യന്തര വകുപ്പുമന്ത്രിയോ ഉമ്മൻചാണ്ടി മുഖ്യമന്ത്രിയോ ആയിരുന്നില്ല. ഇടതുപക്ഷം ഭരിക്കുമ്പോൾ എൻ.ഡി.എഫ്.- ന്റെ ഭീഷണിയുടെ പേരിൽ എനിക്ക് പ്രൊട്ടക്ഷൻ നൽകിയത് ഞാൻ ജനപ്രതിനിധിയായിരുന്ന സമയത്തല്ല, മുസ്ലിം യൂത്ത് ലീഗ് പ്രസിഡന്റായിരുന്ന സമയത്താണ്. ഞങ്ങളുടെ പോരാട്ടത്തെ നിസ്സാരവൽക്കരിക്കരുത്. മുനീർ സാഹിബ് മുസ്ലീം യൂത്ത് ലീഗിന്റെ പ്രസിഡന്റും ഞാൻ ട്രഷററും ആയിരിക്കുമ്പോൾ കോഴിക്കോട് അസ്മ ടവറിൽ ഞങ്ങളുടെ റൂമിലേക്ക് എൻ.ഡി.എഫ്. നേതാക്കന്മാരായ പഴയ സിമി നേതാക്കന്മാരെ കൂട്ടിക്കൊണ്ടുവന്ന് ഞങ്ങളോട് പറയുകയാണ്, കുറച്ചുകൂടി മൈൽഡ് ആകണം, ഇങ്ങനെയൊന്നും എതിർക്കരുത്. നമ്മളെല്ലാവരും ഒരു ഉമ്മത്ത് അല്ലേ? ഏത് ഉമ്മത്ത്? മതതീവ്രവാദത്തിന്റെ പേരിൽ സമുദായത്തിനെ മുഴുവൻ കൂട്ടുപിടിക്കലാണോ ഉമ്മത്തെന്നു പറയുന്നത്. അങ്ങനെ പറഞ്ഞവർ ആദർശത്തിന്റെ കുപ്പായമിടുമ്പോൾ ചില പ്രയാസങ്ങളുണ്ടാകും. ഞാൻ ജമാഅത്തിനെ ഭയക്കുന്നില്ല.

കാരണം ജമാഅത്തിനെ ഭയക്കാതിരിക്കാൻ ചിലർക്ക് ഭയമുണ്ട്. അവരുടെ കയ്യിൽ മീഡിയയുണ്ട്. മീഡിയയോട് എനിക്ക് ബഹുമാനമുണ്ട്. 'മാധ്യമം' എന്ന പത്രമുണ്ടെന്ന് കരുതി 'മീഡിയ വൺ' എന്നുള്ള ചാനൽ ഉണ്ടെന്ന് കരുതി അത് മത തീവ്രവാദത്തിന്റെ മറവിൽ വന്നാൽ അവരെ നേരിടാൻ ഞങ്ങൾക്ക് കഴിയും. അങ്ങനെ മീഡിയ ഊതി വീർപ്പിച്ച, മാധ്യമം ഊതിവീർപ്പിച്ച ബലൂണൊന്നുമല്ല കെ. എം. ഷാജി. എന്നു പറയുന്നത്. അങ്ങനെ ഭയമൊന്നുമില്ല. ഞങ്ങളൊക്കെ ആദർശം തലയിലേറ്റി നടക്കുന്ന, അതിന്റെ പരിവേഷം കൊണ്ടുനടക്കുന്ന ആളൊന്നുമല്ല. തല കുലുക്കിയാൽ ആദർശം നിലത്തു വീഴുമെന്ന് ബേജാറായി നടക്കുന്നവരല്ല. ഞങ്ങൾ പച്ചയായ മനുഷ്യരാണ്. ഒരു മനുഷ്യന് വേണ്ട സ്വാഭാവിക ഗുണങ്ങളും ദോഷങ്ങളുമെല്ലാമുള്ള സാധാരണ മനുഷ്യരാണ്. അതുകൊണ്ട് ആവശ്യമില്ലാത്ത ആദർശ പരിവേഷമില്ലാത്തതുകൊണ്ട് കെട്ടിപ്പൊക്കിയ ഒരു ഇമേജിനെയും ഞങ്ങൾ ഭയപ്പെടുന്നില്ല. ഒരു കാര്യം മനസ്സിലാക്കണം, അസംബ്ലി പ്രവർത്തനങ്ങളുടെ ഭാഗമായി സ്പീക്കറുടെ ഡയസിൽ കയറി കമ്പ്യൂട്ടർ അടിച്ചുപൊളിക്കുകയും, കസേര അടിച്ചു തകർക്കുകയും ചെയ്യുന്നതുപോലെ എളുപ്പമല്ല നിലപാടുകൾ സ്വീകരിക്കുക എന്നുപറയുന്നത്. അത് ആൺകുട്ടികൾക്ക് പറഞ്ഞിട്ടുള്ളതാണ്. ഞങ്ങൾ നിലപാടുകൾ സ്വീകരിച്ചിട്ടുണ്ട്. ഞങ്ങൾക്ക് അണികളുണ്ട്, പരിപാടികളുണ്ട്,

പദ്ധതികളുണ്ട്, പാർട്ടിയുണ്ട്. ആരൊക്കെ മുസ്ലിം ലീഗിനെ ഉപദേശിക്കാൻ വന്നാലും പി.ടി.എ. റഹീം സാറിന് അവകാശമുണ്ടെന്ന് ഞാൻ കരുതുന്നു. ഒരു പാർട്ടി മാറുക എന്നുപറയുന്നത് അപരാധമല്ല. അവിടെയിരിക്കുന്നവർ ഇവിടേയ്ക്കു വന്നിട്ടുണ്ട്. ഇവിടെ ഇരിക്കുന്നവർ അങ്ങോട്ട് പോയിട്ടുണ്ട്. ചില തിരിച്ചറിവുകളും ഉണ്ടാവുന്നത് സ്വാഭാവികമാണ്. പക്ഷേ, ഇത് ഇങ്ങനെ മാറിക്കൊണ്ടിരിക്കുന്നത്, ജനിച്ചത് ജമാഅത്തെ ഇസ്ലാമിൽ, പണിയെടുത്തത് സിമിയിൽ, കൂലി വാങ്ങിയത് ലീഗിൽ, ഇപ്പോൾ നോക്കുകൂലിക്ക് പണിയെടുക്കുന്നത് സി.പി.ഐ.(എം.)-ൽ. അങ്ങനെയായാൽ എങ്ങനെയുണ്ടാകും? ആഴ്ചയ്ക്ക് ആഴ്ചയ്ക്ക് നിലപാട് മാറുന്നവർക്ക് അങ്ങനെ ചില പ്രശ്നങ്ങളുണ്ടാകും. ലീഗിനെ ഉപദേശിക്കാൻ വരുന്നവർ അങ്ങനെ സൂക്ഷിക്കണം എന്നുമാത്രമേ ഞാൻ പറയുന്നുള്ളൂ. സി.പി.ഐ.(എം) ഉള്ളിടത്ത് ബി.ജെ.പി. ഇല്ലെന്ന് ഞാൻ പറഞ്ഞു എന്നാണ് ഇവിടെ പറയുന്നത്. ഞാൻ അങ്ങനെ പറഞ്ഞില്ല. ഞാൻ പറഞ്ഞത് രാഷ്ട്രീയമായി സി.പി.ഐ.(എം) നോട് മത്സരിക്കാൻ ഇന്ത്യയിൽ ബി.ജെ.പി. വരുന്ന ഇടമില്ലെന്നാണ്. ഉള്ളിടത്ത് കോൺഗ്രസ്സാണ് ബി.ജെ.പി.യെ നേരിടുന്നതെന്നാണ് ഞാൻ പറഞ്ഞത്. കേരളത്തിൽ കണ്ണൂരിലും തിരുവനന്തപുരത്തും കാസർഗോഡുമാണ് ബി.ജെ.പി. ഉള്ളത്. എന്തുകൊണ്ടാണ് ബി.ജെ.പി. പത്തനംതിട്ടയിലും എറണാകുളത്തും

മലപ്പുറത്തും ശക്തമല്ലാത്തത്? സി.പി.ഐ.(എം)ന്റെ സ്വാധീനമുള്ള കേരളത്തിലെ മുഴവൻ പ്രദേശങ്ങളിലും എന്തുകൊണ്ടാണ് ബി.ജെ.പി. ഒരു മറുശക്തിയായി വളർന്നു വരുന്നത്? ഡോ. കെ. ടി. ജലീലിന്റെ ഉത്തരം എന്താണ്? ബി.ജെ.പി. ക്കാർ ഞങ്ങളെ കൊല്ലുന്നു. സി.പി.ഐ.(എം) ബി.ജെ.പി.യെ കൊല്ലുന്നു. എൻ.ഡി.എഫ്. ഞങ്ങളെ കൊല്ലുന്നു. കൊല്ലുന്നതിന്റെ കണക്കൊക്കെ ആദർശത്തിന്റെ ഖണ്ഡികയിൽ എങ്ങനെയാണ് വരുന്നതെന്നാണ് ഞാൻ ചോദിക്കുന്നത്. ടി.പി. ചന്ദ്രശേഖരനെ കൊന്നത് അയാൾ ആർ.എസ്.എസ്. ആയതുകൊണ്ടാണോ? നിങ്ങൾ ഷുക്കൂറിനെ കൊന്നത് അയാൾ എൻ.ഡി.എഫ്. ആയതുകൊണ്ടാണോ? അല്ലല്ലോ. നിങ്ങൾ കൊല്ലുകയും വെട്ടുകയും ചെയ്യുന്നതിനെ ആദർശത്തിന്റെ പരിവേഷംവച്ച് ന്യായീകരിക്കരുത്. ഡോ. കെ. ടി. ജലീലിന്റെ മറ്റൊരു തമാശ എന്താണ്? ബംഗാളിൽ മുസ്ലീങ്ങൾ വളരെ സേഫാണത്രേ. കേരളത്തിലെ ആകെ ജനസംഖ്യയെക്കാൾ കൂടുതൽ മുസ്ലീങ്ങൾ മാത്രം പാർക്കുന്ന ബംഗാളിൽ സച്ചാർ കമ്മീഷൻ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ മുഷീർ ഹസ്സൻ, ദില്ലി ഗസറ്റിൽ എഴുതിയത് ഇന്ത്യയിൽ ഏറ്റവും കൂടുതൽ വഖഫ് സ്വത്തുക്കൾ അന്യാധീനപ്പെട്ട് കിടക്കുന്നത് ബംഗാളിലാണ് എന്നാണ്. പാർട്ടി ഓഫീസുകളിൽ വഖഫ് സ്വത്തിന്റെ ഭൂമിയിലുണ്ടെന്ന് എഴുതിയത് മുഷീർ ഹസ്സൻ എന്ന ഇടതുപക്ഷക്കാരനാണ്. ശ്രീ.

എൻ. ഷംസുദ്ദീൻ യൂത്ത് ലീഗിന്റെ സെക്രട്ടറിയായിരിക്കുമ്പോൾ ഞങ്ങൾ ബംഗാളിൽ പോയി, നന്ദിഗ്രാമിന്റെ ഗ്രാമങ്ങളിൽക്കൂടി ഞങ്ങൾ സഞ്ചരിച്ചു. 1600 മുസ്ലീം കുടുംബങ്ങൾ പാർക്കുന്ന അവിടുത്തെ ഖുജ്ജൂർ വില്ലേജ് ഞങ്ങൾ കണ്ടു. പുഴുക്കളെപ്പോലെ മനുഷ്യൻമാർക്ക് ഒരു വിലയും കൽപ്പിക്കാത്ത മാർക്സിസ്റ്റ് പാർട്ടിയുടെ ക്രൂരമായ വിനോദങ്ങൾ കാണണമെങ്കിൽ ബംഗാൾവരെ പോകണം. അതുകൊണ്ട് വലിയ ന്യായവാദങ്ങൾ ഉന്നയിക്കരുത്.

അരുവിക്കര തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ ഇടതുപക്ഷത്തെ ശാക്തീകരിച്ചുകൊണ്ട് ഇവിടെ ബി.ജെ.പി. വരുന്നെന്ന് കണ്ടപ്പോൾ സ്വഭാവം മാറി. ഇന്ന് ബഹുമാന്യനായ ഡോ. ടി. എം. തോമസ് ഐസക് ഇവിടെ പറഞ്ഞത് എന്തുമാത്രം വർഗ്ഗീയപരമായ പരാമർശമാണ്. ഇവിടെ ചില തമാശകൾ പറയാറുണ്ട്, പുര കത്തുമ്പോൾ വാഴ വെട്ടരുത്, ആരാന്റെ പുര കത്തുമ്പോൾ നമ്മൾ പോയി വാഴ വെട്ടരുത്. ഇത് സ്വന്തം പുര തന്നെ കത്തിക്കൊണ്ടിരിക്കുമ്പോൾ വാഴ വെട്ടുന്ന ഒരാളെ ആദ്യമായാണ് ഞാൻ കാണുന്നത്. സി.പി.ഐ.(എം) വർഗ്ഗീയതകൊണ്ട് ഉയർന്നു നിൽക്കുകയാണ്. തകരാൻ നിൽക്കുകയാണ്. പാർട്ടി തകരുമ്പോൾ അതിനിടയിലും വാഴ വെട്ടുന്നവരെ സി.പി.ഐ.(എം)-ൽ അല്ലാതെ മറ്റൊരു സ്ഥലത്തും കാണാൻ കഴിയില്ല. ഞങ്ങൾ എടുത്തിട്ടുള്ള ഏത് നിലപാടുകളും

കൃത്യമാണ്, അത് വളരെ ശക്തമാണ്. വർഗ്ഗീയതക്കെതിരെയും മതമൗലിക വാദത്തിനെതിരെയും തീവ്രവാദത്തിനെതിരെയുമുള്ള പോരാട്ടങ്ങളിൽ നിന്ന് ഒരു തരത്തിലും പിന്നോട്ട് കൊണ്ടുപോകാമെന്ന് വിചാരിക്കേണ്ട. ഒ. അബ്ദുള്ള സാഹിബ് അദ്ദേഹത്തിന്റെ ഫേസ് ബുക്കിലെഴുതിയത് നിങ്ങൾ വായിക്കണം. അതിങ്ങനെയാണ്. ജമാഅത്തെ ഇസ്ലാമിയുടെ സ്ഥാപനത്തിൽ കെ. എം. ഷാജിയും കെ. ടി. ജലീലും എന്റെ ശിഷ്യന്മാരായിരുന്നു. ഞാനായിരുന്നു അവരെ പഠിപ്പിച്ചത്. കെ. എം. ഷാജി ഇടയ്ക്ക് പഠിപ്പ് നിർത്തി പിരിഞ്ഞുപോയി. അക്ഷരം കൂട്ടിവായിക്കാൻ തുടങ്ങിയപ്പോഴേയ്ക്കും കെ. എം. ഷാജി ജമാഅത്തിന്റെ ഏറ്റവും നല്ല വിമർശകനായി. എന്നാൽ കെ.ടി. ജലീൽ ഇസ്ലാമിക് പഠനം ഭംഗിയായി പൂർത്തീകരിച്ചു. നിരീശ്വര പ്രസ്ഥാനമായ സി.പി.ഐ.(എം)-നോട് ചേർന്നു നിൽക്കുമ്പോഴും പ്രാസ്ഥാനിക ബന്ധം വിടാതിരിക്കാൻ ഡോ. കെ. ടി. ജലീലിനെ സഹായിക്കുന്നത് അദ്ദേഹം പഠിച്ച ഇസ്ലാമിക ബോധമായിരിക്കാം. പഠിപ്പിച്ച ഗുരുനാഥനെ ഞാൻ നിന്ദിക്കുന്നില്ല. പക്ഷേ ഗുരുനാഥൻ വർഗ്ഗീയവാദത്തിന്റെ കൂടെ ചേർന്നുകൊണ്ട് കെ. എം. ഷാജിക്ക് ഒരു സർട്ടിഫിക്കറ്റും വേണ്ട, അതു മുഴുവൻ എടുത്ത് സൂക്ഷിച്ചോളൂ എന്നു മാത്രം പറഞ്ഞു കൊണ്ട് ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായി പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. കെ. രാജു</u>: സർ, 4 ഡിമാന്റുകളുമായി ബന്ധപ്പെട്ട ചർച്ചയാണ് ഇവിടെ നടന്നുവരുന്നത്. എന്നാൽ എന്റെ പ്രിയപ്പെട്ട സുഹൃത്ത് ശ്രീ. കെ. എം. ഷാജി ഈ ഡിമാന്റുകളുമായി ബന്ധപ്പെട്ട് അവസാനം ഒരു സെന്റൻസ് പറഞ്ഞതല്ലാതെ വേറൊരു കാര്യവും ഇവിടെ പറഞ്ഞില്ല. ബഹുമാനപ്പെട്ട സാമൂഹ്യനീതി വകുപ്പുമന്ത്രി തലകുനിച്ചിരിക്കുകയാണ്. കാരണം അദ്ദേഹത്തിന്റെ വകുപ്പിൽ നല്ല കാര്യങ്ങളെന്തെങ്കിലും നടന്നിട്ടുണ്ടെങ്കിൽ ശ്രീ. കെ. എം. ഷാജി തീർച്ചയായും ഈ സഭയിൽ പറയും എന്നദ്ദേഹം കരുതി. പക്ഷേ യാതൊന്നും കേട്ടില്ല. തൊട്ടടുത്തിരുന്ന കെ. സി. ജോസഫ് സാർ എഴുന്നേറ്റുപോയി. കാരണം, ശ്രീ. കെ. എം. ഷാജിയെപ്പോലെ വളരെ വാചാലമായി സംസാരിക്കാൻ കഴിയുന്ന, യുവജന സംഘടനകളുടെ പ്രധാനപ്പെട്ട നേതാവിന്റെ ഭാഗത്തുനിന്ന് ക്ഷീരവികസനം, സാമൂഹ്യനീതി, ഗ്രാമവികസനം എന്നീ വകുപ്പുകളിൽ എന്തെങ്കിലും നല്ല കാര്യങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ അതിനെക്കുറിച്ച് ഇവിടെ പ്രതിപാദിക്കും എന്നുകരുതിയെങ്കിലും അതുണ്ടായില്ല. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. മഞ്ഞളാംകുഴി അലി തുറിച്ചുനോക്കിയിരിക്കുകയാണ്. ഷാജിക്ക് എന്തുപറ്റി എന്നുള്ളതാണ്. ഡിമാന്റുമായി ബന്ധപ്പെട്ടുള്ള ഒരു കാര്യത്തിലേയ്ക്കും അദ്ദേഹം കടന്നില്ല. കഴിഞ്ഞ ദിവസങ്ങളിൽ ഡോ. കെ. ടി. ജലീൽ, അദ്ദേഹത്തിന്റെ സ്വതസിദ്ധമായ

ശൈലിയിൽ നടത്തിയ പ്രസംഗത്തിന്റെ പ്രതികരണം എന്നുള്ള രീതിയിൽ ചില കാര്യങ്ങളാണ് അദ്ദേഹം ഇവിടെ പറയാനുദ്ദേശിച്ചത് എന്നുതോന്നുന്നു. ഈ മൂന്നു മന്ത്രിമാരുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രത്യേകിച്ച് ഒന്നും പറയാനില്ലാ യെന്നുള്ളത് ശ്രീ. കെ. എം. ഷാജിക്ക് നന്നായിട്ടറിയാം. ഞാൻ ചോദിക്കട്ടെ, അധികാര വികേന്ദ്രീകരണം നടപ്പിലായതിനുശേഷം ഈ നാലുവർഷക്കാലത്തിനുള്ളിൽ എടുത്തുപറയത്തക്കരീതിയിൽ പഞ്ചായത്തിന്റെ പ്രവർത്തനങ്ങളിൽ വന്നിട്ടുള്ള നേട്ടം അല്ലെങ്കിൽ മാറ്റം എന്താണ്; എന്ത് പുതിയ പദ്ധതികളാണ് നടപ്പിലാക്കിയത് എന്നുള്ളത് വിശദീകരിക്കണ്ടേ; കഴിഞ്ഞ നാലുവർഷത്തിനുള്ളിൽ തദ്ദേശ ഭരണസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഇവിടെ കാര്യമായ ഒരു പുരോഗതിയും സൃഷ്ടിക്കാൻ കഴിഞ്ഞില്ല എന്നുള്ളത് ഒരു സത്യമാണ്. പ്രവർത്തനങ്ങളിൽ പുറകോട്ട് പോയിരിക്കുന്നു. ഗ്രാമസഭ മുതൽ മുകളിലോട്ടുള്ള കാര്യങ്ങൾ പരിശോധിച്ചാൽ ഗ്രാമസഭകളിലെ പങ്കാളിത്തമുൾപ്പെടെയുള്ള കാര്യങ്ങളിൽ ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ പുറകോട്ട് പോയിരിക്കുന്നു എന്നുള്ളത് വസ്തുതയാണ്. ഗ്രാമസഭകളിൽ കൂടുതൽ ആളുകളെ സംഘടിപ്പിക്കുക എന്നുള്ള ലക്ഷ്യംവച്ചുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഡോ. എം. കെ. മുനീർ വടക്കേ യറ്റത്തുനിന്നും തെക്കേയറ്റംവരെ ഒരു പര്യടനം നടത്തി. അതിനുശേഷമുള്ള

സ്ഥിതിയെന്താണ്; ആള് കൂടിയോ; ബഹുമാനപ്പെട്ട മന്ത്രി പോയിടത്ത് ആളുകൾ കൂടിക്കാണും. മന്ത്രിയല്ലേ വരുന്നത്. കാര്യമായ എന്തെങ്കിലും നേട്ടം പഞ്ചായത്ത് ഭരണവുമായി ബന്ധപ്പെട്ടുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് ഞാൻ ചോദിക്കുകയാണ്; അവസാനം അദ്ദേഹം ഒരു നല്ല പദ്ധതി പ്രഖ്യാപിച്ചു. എന്നാലത് ഇതുവരെ കേരളത്തിൽ നടപ്പായിട്ടുമില്ല. ഗ്രാമസഭയ്ക്ക് ഒരു കേന്ദ്രം വരുന്നത് നല്ല കാര്യമാണ്. കൊച്ചുകൊച്ചു കാര്യങ്ങൾക്കായി പഞ്ചായത്ത് ഓഫീസിൽ പോകേണ്ട എന്നുള്ളത് നല്ലതാണ്. വാർഡിൽത്തന്നെ ഒരു ഗ്രാമസഭാ കേന്ദ്രം തുടങ്ങുന്നത് നല്ല കാര്യമാണ്. എത്ര പഞ്ചായത്തിൽ അത് നടപ്പിലാക്കിയിട്ടുണ്ട്; കേരളത്തിലെ എത്ര വാർഡുകളിൽ ഗ്രാമസഭാകേന്ദ്രം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്; ഈ കേന്ദ്രങ്ങളുടെ പ്രവർത്തനം ആരംഭിക്കുന്നതിന് കൊടുക്കാമെന്നുപറഞ്ഞ ധനസഹായ ത്തിൽനിന്നും ഒരു ചില്ലിക്കാശെങ്കിലും ഇതുവരെ കൊടുത്തിട്ടുണ്ടോ? ബഹുമാനപ്പെട്ട മന്ത്രി കൊണ്ടുവന്ന ഗ്രാമസഭാകേന്ദ്രം എന്ന ആശയം ഇതുവരെ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്ത്-മുനിസിപ്പൽ തെരഞ്ഞെടുപ്പ് അട്ടിമറിക്കാനുള്ള ശ്രമമാണോ യു.ഡി.എഫ്. നടത്തുന്നത് എന്നും സംശയമുണ്ട്. കാരണം നീതിരഹിതമായിട്ടുള്ള വാർഡ് വിഭജനവും ബ്ലോക്ക് പഞ്ചായത്തിന്റെ അതിർത്തി വിഭജനവുമെല്ലാം വരുമ്പോൾ സ്വാഭാവികമായും

ആളുകൾ കോടതിയിൽ പോകാൻ സാധ്യതയുണ്ട്. അങ്ങനെ കോടതിയിൽ പോയാൽ ഒരുപക്ഷേ കോടതി തെരഞ്ഞെടുപ്പ് നിർത്തിവയ്ക്കാൻ തീരുമാനിക്കും. അങ്ങനെ നിർത്തിവയ്ക്കട്ടെ എന്നുള്ള ധാരണയാണോ ബഹുമാനപ്പെട്ട മന്ത്രിക്കും വകുപ്പിനും ഉള്ളത് എന്നുള്ള കാര്യത്തിൽ അതിയായ സംശയമുണ്ട്. സമൂഹത്തിൽ പട്ടിണിക്കാരില്ലായെന്ന് ഉറപ്പുവരുത്താനും വൃദ്ധരും അവശരുമായവർക്ക് രണ്ടുനേരത്തെ ഭക്ഷണമെങ്കിലും ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനും സാമൂഹ്യനീതി വകുപ്പിൽ നിലവിൽ പ്രത്യേക പദ്ധതികളില്ലായെന്ന് ഈ നിയമസഭ മുമ്പാകെ മറുപടി നൽകിയത് ബഹുമാനപ്പെട്ട മന്ത്രിതന്നെയാണ്. സമൂഹത്തിൽ പട്ടിണിക്കാരില്ലായെന്ന് ഉറപ്പു വരുത്താനും വൃദ്ധരും അവശരുമായവർക്ക് രണ്ടുനേരത്തെ ഭക്ഷണമെങ്കിലും ലഭിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്താനും സാമൂഹ്യ സുരക്ഷാവകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ എന്നുള്ള ചോദ്യം ചോദിച്ചത് മറ്റാരുമല്ല, ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ, ശ്രീ. കെ. എൻ. എ. ഖാദർ, ശ്രീ. കെ. എം. ഷാജി തുടങ്ങിയ അംഗങ്ങളാണ്. അവർ ചോദിച്ച ചോദ്യത്തിന് അദ്ദേഹംതന്നെ മറുപടി പറഞ്ഞത് സാമൂഹ്യനീതി വകുപ്പിൽ ഇതിന് യാതൊരുവിധ പദ്ധതിയുമില്ലായെന്നാണ്. വൃദ്ധരേയും അവശരേയും പട്ടിണിക്കാരേയും സംരക്ഷിക്കാൻ ഒരു പദ്ധതിയും ഇല്ലെങ്കിൽപ്പിന്നെ എന്തിനാണ്

വകുപ്പ്; എന്തിനാണ് മന്ത്രി; എന്തിനാണ് സമയം ചെലവഴിക്കുന്നത്; അദ്ദേഹം ഇപ്പോൾ അവകാശപ്പെടുന്ന പ്രധാനപ്പെട്ട സംഗതി സാമൂഹ്യക്ഷേമ വകുപ്പ് എന്നുള്ള പേരുമാറ്റി സാമൂഹ്യനീതി വകുപ്പാക്കി എന്നാണ്. നമ്മുടെ ഭരണഘടനയിൽ സാമൂഹ്യനീതി ഉറപ്പുവരുത്താൻവേണ്ടി പ്രത്യേക സംവരണവും എല്ലാവർക്കും തുല്യതയും വിദ്യാഭ്യാസാനുകൂല്യങ്ങളും ജോലി ചെയ്യാനുള്ള അവകാശവുമെല്ലാം ഉറപ്പുതരുന്നുണ്ട്. ഏറ്റവും പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്കും ആദിവാസികൾക്കും ഹരിജനങ്ങൾക്കും പട്ടിണിപ്പാവങ്ങൾക്കും സാമൂഹ്യനീതി ഉറപ്പാക്കണം. അതിനെയാണ് സാമൂഹ്യനീതി എന്നുപറയുന്നത്. വിധവകൾക്ക് പെൻഷൻ കൊടുക്കുന്നതും വൃദ്ധരായിട്ടുള്ളവർക്ക് പെൻഷൻ കൊടുക്കുന്നതും വികലാംഗർക്ക് പെൻഷൻ കൊടുക്കുന്നതും അവർക്ക് വീൽചെയർ കൊടുക്കുന്നതുമെല്ലാം ക്ഷേമ പ്രവർത്തനങ്ങളാണ്. അതുകൊണ്ട് സാമൂഹ്യനീതി വകുപ്പ് എന്നുപേരുമാറ്റിയതുകൊണ്ട് സംഗതികളെല്ലാം ക്ലിയറായി എന്ന് അദ്ദേഹം ധരിക്കുന്നെങ്കിൽ അത് ശരിയല്ല. ശരിയായ പേര് സാമൂഹ്യക്ഷേമം എന്നതന്നെയാണ് എന്നുകൂടി ചൂണ്ടിക്കാണിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്.

ക്ഷീരവികസന വകുപ്പുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ കൂടി

സൂചിപ്പിക്കാനാഗ്രഹിക്കുന്നു. ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ കാര്യമായിട്ടുള്ള ഒരു പുരോഗതിയും കൈവരിക്കാൻ ക്ഷീരകർഷകർക്ക് കഴിഞ്ഞിട്ടില്ല. കാരണം ഗവൺമെന്റ് ക്ഷീരകർഷകരെ ശ്രദ്ധിച്ചിട്ടില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മൂന്നുപ്രാവശ്യം പാലിന് വില കൂട്ടി എന്നുള്ളത് ശരിയാണെങ്കിലും യഥാർത്ഥത്തിൽ അതിന്റെ ആനുകൂല്യം ക്ഷീരകർഷകർക്ക് ലഭിച്ചിട്ടില്ലായെന്നുള്ളതാണ് സത്യം. നേരത്തെ ഇവിടെ പ്രതിപാദിച്ചിട്ടുള്ളതാണ്, മൃഗസംരക്ഷണ വകുപ്പും ക്ഷീരവികസന വകുപ്പും തമ്മിൽ ഒരു സംയോജനവുമില്ല. ക്ഷീരവകുപ്പിൽ 'മിൽക്ക്ഷെഡ്' എന്ന പദ്ധതി നടപ്പിലാക്കുന്നു എന്നാണ് പറയുന്നത്. യഥാർത്ഥത്തിൽ മൃഗസംരക്ഷണ വകുപ്പുമായി ബന്ധപ്പെട്ടുള്ള പദ്ധതിയാണിത്. ആ പദ്ധതി കേരളത്തിൽ കാര്യക്ഷമമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. ഞാൻ ചോദിക്കുന്നു, കാലികളുടെ ഉൽപ്പാദനവും വർദ്ധനവും ഈ കാലഘട്ടത്തിൽ കേരളത്തിൽ നടന്നിട്ടുണ്ടോ; പാലുൽപ്പാദനത്തിന്റെ കാര്യത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ; എത്രയോ വർഷങ്ങളായി 80 ശതമാനം പാൽ മാത്രമാണ് നമ്മൾ ഇവിടെ ഉൽപ്പാദിപ്പിക്കുന്നത്. ബാക്കി 20 ശതമാനം തമിഴ്നാട്, കർണ്ണാടക തുടങ്ങിയ മറ്റ് സംസ്ഥാനങ്ങളിൽനിന്നും ഇറക്കുമതി ചെയ്യുക യാണ്. ഇറക്കുമതി ചെയ്യുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കാ നാവശ്യമായ ലാബുകൾ നിർമ്മിക്കാൻ,

ചെക്ക്പോസ്റ്റുകളിലടക്കം അതിനുള്ള സംവിധാനങ്ങൾ ഒരുക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ലായെന്നുള്ളതല്ലേ പരമാർത്ഥം. അപ്പോൾ ക്ഷീരവികസന രംഗത്ത് കാര്യമായ നേട്ടങ്ങൾ വരുത്താൻ കഴിഞ്ഞില്ല. തൊഴിലുറപ്പു പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാൻ ബഹുമാനപ്പെട്ട ഗ്രാമവികസന........

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത്, അങ്ങയുടെ നേതാവ് മന്ത്രിയായിരുന്നപ്പോൾ പാലിന്റെ വില കൂട്ടണമെന്ന് മിൽമ ആവശ്യപ്പെട്ടപ്പോൾ പാൽവില വർദ്ധിപ്പിക്കാൻ അനുവാദം കൊടുത്തില്ല. ഞങ്ങൾ നാലുകൊല്ലംകൊണ്ട് പാലിന്റെ വിലയിൽ 13 രൂപയുടെ വർദ്ധനവ് വരുത്തി. അതിന്റെ ഫലമായി ഉൽപ്പാദനത്തിൽ ഗണ്യമായ വർദ്ധനവുണ്ടായി. അത് കാണാതെ പോകുന്നത് ശരിയാണോ?

മി. സ്പീക്കർ: ശ്രീ. കെ. രാജു അങ്ങേയ്ക്ക് അനുവദിച്ച സമയം കഴിഞ്ഞു.

ശ്രീ. കെ. രാജു: സർ, ഇല്ല. അഞ്ചുമിനിട്ട് ബഹുമാനപ്പെട്ട മിനിസ്റ്റർ സംസാരിക്കാനെടുത്തു. തൊഴിലുറപ്പ് പദ്ധതിയിൽ ക്ഷീരോൽപ്പാദനംകൂടി ഒരു തൊഴിലായി അംഗീകരിക്കണം എന്നുള്ള നിലയിൽ ഈ സഭയിൽ പലപ്രാവശ്യം

ചർച്ച വന്നതാണ്. കേന്ദ്ര ഗവൺമെന്റാണ് അംഗീകരി ക്കുന്നതെങ്കിലും അത് അംഗീകരിപ്പിക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. തൊഴിലുറപ്പുപദ്ധതി പടിപടിയായി ഇല്ലാതാക്കാനുള്ള ശ്രമമാണ് കേന്ദ്രഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്.

<u>മി. സ്പീക്കർ</u> : ശ്രീ. കെ. രാജു പ്ലീസ് കൺക്ലൂഡ്.........

<u>ശ്രീ. കെ. രാജു</u>: സർ, ആ ശ്രമത്തിനെതിരെ ജാഗ്രത പുലർത്തി കാര്യക്ഷമമായിട്ടുള്ള സമീപനങ്ങൾ സ്വീകരിക്കുന്ന കാര്യത്തിലും ഈ ഗവൺമെന്റ് ദയനീയമായി പരാജയപ്പെട്ടിരിക്കുകയാണ്. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ ഈ പദ്ധതി ചില ബ്ലോക്കുകളിലും ചില ജില്ലകളിലുമായി കുറയ്ക്കാൻ കേന്ദ്രഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി അങ്ങനെയൊന്നും ഉണ്ടാകില്ലായെന്ന് നേരത്തേയും പറഞ്ഞു. എവിടെ നിന്നുള്ള അറിവാണ് അദ്ദേഹം പറയുന്നത് എന്നറിയാൻ കഴിയുന്നില്ല. ......(മൈക്ക് ഓഫ്)........ ഈ മൂന്ന് വകുപ്പുകളും യഥാർത്ഥത്തിൽ ജനങ്ങൾക്ക് പ്രയോജനം ചെയ്യേണ്ട വകുപ്പുകളാണ്. എന്നാൽ കഴിഞ്ഞ നാലുവർഷംകൊണ്ട് ഒരു പ്രയോജനവും ..............(മൈക്ക് ഓഫ്)........ ദയനീയമായി പരാജയപ്പെട്ട വകുപ്പുകളാണ് എന്നുള്ളത് ഈ അവസരത്തിൽ പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ബെന്നി ബെഹനാൻ</u>: സർ, ക്ഷീരവികസനം, ഗ്രാമവികസനം, പഞ്ചായത്ത്, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മന്ത്രിമാർ അവതരിപ്പിച്ച ധനാഭ്യർത്ഥനയെ ഞാൻ പിന്തുണയ്ക്കുകയാണ്. എന്റെ നിയോജക മണ്ഡലത്തിൽ ബ്ലോക്ക് പഞ്ചായത്ത് ഇല്ല. ഒരു പട്ടണമായതുകൊണ്ട് അവിടെ വലിയ ക്ഷീരവികസനവുമില്ല. അതുകൊണ്ടല്ല ഞാൻ ആ വകുപ്പുകളെക്കുറിച്ച് സംസാരിക്കാതിരിക്കുന്നത്. സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന വകുപ്പിനെക്കുറിച്ച് അനുഭവത്തിന്റെ അടിസ്ഥാനത്തിൽ സംസാരിക്കുമ്പോഴുണ്ടാകുന്ന ആത്മസംതൃപ്തി ഈ വകുപ്പിന്റെ ചർച്ചയിൽ പങ്കെടുക്കുമ്പോൾ ഉണ്ടാകാറുണ്ട്. ഇന്ന് നമ്മുടെ നാട്ടിൽ ഒട്ടേറെ വികസനങ്ങൾ നടക്കുന്നുണ്ട്. വികസനത്തെക്കുറിച്ചുള്ള കാഴ്ചപ്പാടിൽ നമുക്ക് മാറ്റമുണ്ടാകണം. ഇന്നലെകളുടെ രാഷ്ട്രീയ ചർച്ചകളുടെയും സാമൂഹ്യ സംവാദനങ്ങളുടെയും കേന്ദ്രം വിശപ്പായിരുന്നു. വിശപ്പ് വികസനത്തിന് വഴിമാറിയ ഒരു കാലഘട്ടത്തിലാണ് നമ്മൾ ജീവിക്കുന്നത്. വികസനമെന്ന സംജ്ഞയെ, വികസനമെന്ന പരികൽപ്പനയെ, വികസനമെന്ന പ്രതിഭാസത്തെ വ്യത്യസ്ഥമായ വിശകലനപാഠവത്തോടെയാണ് രാഷ്ട്രീയ ചിന്തകരും സാമൂഹ്യശാസ്ത്രജ്ഞന്മാരും സാമ്പത്തിക വിദഗ്ദ്ധരും വിലയിരുത്തുന്നത്. പച്ചയും തണലും തണുപ്പും

നിറഞ്ഞുനിൽക്കുന്ന പാടശേഖരങ്ങളിൽ കോൺക്രീറ്റ് കാടുകൾ വളർത്തുന്നത് വികസനം മാത്രമല്ല; വികസനമെന്നാൽ വൻതോതിൽ വലിയ വ്യവസായങ്ങൾ മാത്രമാണ്. ചീറിപ്പായുന്ന അതിവേഗ വണ്ടികൾ മാത്രമല്ല വികസനം; ആണവനിലയങ്ങളും അണക്കെട്ടുകളും നിർമ്മിക്കുന്നത് മാത്രമല്ല വികസനം. ആകാശപരീക്ഷണങ്ങളും ആണവപരീക്ഷണങ്ങളും മാത്രമല്ല വികസനം; അതിർത്തികാക്കാൻ ആയുധങ്ങളും ആൾബലവും വാരിക്കൂട്ടുന്നതല്ല വികസനം. ഞാൻ ഒരു വികസന മൗലികവാദിയും ഒരു പാരിസ്ഥിതിക മൗലികവാദിയുമല്ല. ഞാൻ ജനപക്ഷത്തുനിന്ന് വികസനത്തെ കാണാൻ ആഗ്രഹിക്കുന്നു. ലോകം കണ്ട ഏറ്റവും വലിയ വികസന നായകനും പരിസ്ഥിതി സ്നേഹിയും മഹാത്മാഗാന്ധിയാണ്. ഞാൻ വികസനത്തെ വിലയിരുത്തുന്നതും ആ കാഴ്ചപ്പാടിലൂടെ ആയിരിക്കമെന്ന അഭിപ്രായക്കാരനാണ്. സാമൂഹ്യമായും സാമ്പത്തിക മായും പാർശ്വവൽക്കരിക്കപ്പെട്ട ഏറ്റവും ഒടുവിലത്തെ ഇന്ത്യാക്കാരനും വികസനത്തിന്റെ വെള്ളിവെളിച്ചം കണ്ണിൽപ്പതിയുമ്പോൾ മാത്രമേ ജനാധിപത്യ സങ്കൽപ്പത്തെപ്പോലെ വികസനവും അർത്ഥമാകൂ എന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഈ അടിസ്ഥാനത്തിലാണ് യു.ഡി.എഫ്. ഗവൺമെന്റ് വികസനത്തെ ഇന്ന് വിലയിരുത്തിക്കൊണ്ടിരിക്കുന്നത്.

നിരാശരും നിരാലമ്പരുമായ അഗതികൾ, വൃദ്ധർ, സ്ത്രീകൾ, കുട്ടികൾ, രോഗബാധിതർ തുടങ്ങിയ അവശതയനുഭവിക്കുന്ന അനേകം പേർ നമ്മുടെ സമൂഹത്തിലുണ്ട്. ഈ ജനവിഭാഗങ്ങളുടെ ക്ഷേമവും സുരക്ഷിതത്വവും ഉറപ്പാക്കുക എന്നാണ് യഥാർത്ഥ വികസനം. ജനങ്ങളുടെ ക്ഷേമം എന്നാൽ ആരോഗ്യ സുരക്ഷയും സാമൂഹ്യ സുരക്ഷയും സംരക്ഷണവുമാണ് എന്ന കർമ്മപഥത്തിലൂടെ കേരളത്തിന് അനുഭവവേദ്യമാക്കുന്ന പരിപാടികളാണ് ഐക്യ ജനാധിപത്യ മുന്നണി ആവിഷ്ക്കരിച്ചിരിക്കുന്നത്. സോഷ്യൽ വെൽഫയർ എന്നത് സോഷ്യൽ ജസ്റ്റിസ് ആക്കി മാറ്റിയതിനെ സംബന്ധിച്ച് ശ്രീ. കെ. രാജു പറയുകയുണ്ടായി. അതുതന്നെ ഈ ഗവൺമെന്റിന്റെ വലിയൊരു മാറ്റമാണ്. ഈ ഗവൺമെന്റ് സോഷ്യൽ വെൽഫയർ എന്നത് സോഷ്യൽ ജസ്റ്റിസ് ആക്കി മാറ്റി എന്ന് പറയുമ്പോൾ, സോഷ്യൽ വെൽഫയർ എന്ന് പറഞ്ഞാൽ തരിക, വാങ്ങുക എന്നാണ്. സോഷ്യൽ ജസ്റ്റിസിലൂടെ അവശതയനുഭവിക്കുന്ന രോഗികൾക്ക്, നിരാശർക്ക്, നിരാലംബർക്ക് അർഹതപ്പെട്ടത് അവരുടെ അവകാശമാക്കി മാറ്റുന്നതിനുവേണ്ടിയുള്ള നിയമനിർമ്മാണങ്ങളും കർമ്മപരിപാടികളും ആവിഷ്ക്കരിക്കാൻ ഈ ഗവൺമെന്റ് തയ്യാറാണ്. ഇവിടെ ഐ.സി.ഡി.എസ്. (ഇന്റഗ്രേറ്റഡ് ചൈൽഡ് ഡെവലപ്മെന്റ് സ്കീം) ഉണ്ടായിരുന്നു. പരിമിതമായ അംഗൻവാടികൾ നടത്തുന്നതിന്റെ

ഉത്തരവാദിത്വം മാത്രമേ പണ്ട് ഐ.സി.ഡി.എസ്.-ന് ഉണ്ടായിരുന്നുള്ളൂ. ഇന്ന് ഐ.സി.ഡി.എസ്.-നെ കൂടുതൽ ഫ്ലക്സിബിലിറ്റിയുള്ളൊരു സംവിധാനമാക്കി മാറ്റി. ഇന്ന് പ്രീ- സ്കൂൾ എഡ്യൂക്കേഷൻ, ഏർളിയർ ചൈൽഡ് ഹുഡ് എഡ്യൂക്കേഷൻ കെയർ, പ്രീ-സ്കൂൾ കരിക്കുലം ഡെവലപ്മെന്റ് തുടങ്ങിയ ഒട്ടേറെ കാര്യങ്ങൾ നടപ്പാക്കി.

ശിശുമരണം ഒഴിവാക്കാൻ അട്ടപ്പാടി പോലുള്ള സ്ഥലങ്ങളിൽ കുട്ടികളുടെ വളർച്ചാനിരക്ക് നിരീക്ഷിക്കുന്നതിനായി ഒരു സോഫ്ട്വെയർ ഡെവലപ് ചെയ്യുകയുണ്ടായി - 'ജാതക്', പട്ടികവർഗ്ഗ വിഭാഗത്തിലുള്ള ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ആരോഗ്യപരിരക്ഷ ഉറപ്പുവരുത്തുന്നതിനായി 'ജനനി ജന്മ രക്ഷ' പദ്ധതി, എല്ലാ കുട്ടികളുടെയും തൂക്കവും പൊക്കവും സോഫ്റ്റ്വെയറുകൾ റിക്കോർഡ് ചെയ്യും. സ്പെഷ്യൽ നീഡ് കുട്ടികളെ കണ്ടെത്തും. ഈ ഗവൺമെന്റിന്റെ, സോഷ്യൽ ജസ്റ്റിസ് വകുപ്പിന്റെ ഏറ്റവും പ്രധാനപ്പെട്ടൊരു കാര്യമായി വൈകല്യത്തെയാണ് ഞാൻ ചൂണ്ടിക്കാണിക്കുന്നത്. വൈകല്യത്തെ അംഗീകരിച്ചിരിക്കുന്നത് എങ്ങനെയാണ്? പണ്ടൊക്കെ വൈകല്യമുള്ള കുട്ടികളെ നമ്മൾ എവിടെയെങ്കിലും കൊണ്ടുപോയി തള്ളുകയാണ് ചെയ്യുന്നത്. ഇന്ന് അത് മാറി. വൈകല്യമുള്ള കുട്ടികളുടെ മനസ്സിൽ ആത്മധൈര്യമുണ്ടാക്കാൻ കഴിഞ്ഞാൽ

മാത്രമേ അവരുടെ വൈകല്യം മാറ്റിവയ്ക്കാൻ കഴിയുകയുള്ളൂ. ഈ അടുത്ത കാലത്ത് എനിക്കൊരു അനുഭവമുണ്ടായി. ബഹുമാനപ്പെട്ട എറണാകുളം ജില്ലാകളക്ടറും ഞാനും കൂടി അന്ധരായ കുട്ടികളുടെ ഒരു ഫുട്ബോൾ മാച്ചിൽ പങ്കെടുക്കുകയുണ്ടായി. ആ കളിയിൽ ഞങ്ങളുടെയൊക്കെ കണ്ണുകൾ കെട്ടി കളിക്കാൻ തുടങ്ങി. വൈറ്റ് ജേഴ്സിയാണ് ധരിച്ചിരിക്കുന്നതെന്ന് ഞങ്ങൾ ആ കുട്ടികളോട് പറഞ്ഞു. നാഷണൽ ഗെയിംസിൽ ഫുട്ബോൾ താരമായ ആ കുട്ടി വൈറ്റ് എന്നുപറഞ്ഞാൽ എനിക്ക് അറിയില്ലെന്നാണ് എന്നോട് പറഞ്ഞത്; ഫുട്ബോളിന്റെ ആകൃതിയും എനിക്കറിയില്ല; ഗോൾ പോസ്റ്റ് എവിടെയാണെന്നും എനിക്കറിയില്ല. പക്ഷേ ആ കുട്ടികൾ മനോഹരമായി ഫുട്ബോൾ കളിച്ച് ഗോൾ അടിക്കുന്നത് ഞങ്ങൾ കണ്ടു. കണ്ണുകെട്ടിയ, അന്ധരായ ഞങ്ങൾക്ക് ഫുട്ബോൾ കളിക്കാൻ സാധിച്ചില്ല. ഫുട്ബോളിന്റെ രൂപമറിയാത്ത, ഫുട്ബോളിന്റെ ആകൃതിയറിയാത്ത, തന്റെ കളിക്കാരെപ്പോലും തിരിച്ചറിയാൻ കഴിയാത്ത, നിറം പോലും തിരിച്ചറിയാൻ കഴിയാത്ത അന്ധരായ കുട്ടികൾക്ക് സുന്ദരമായി ഫുട്ബോൾ കളിച്ച് ഗോൾ പോസ്റ്റിൽ ഗോളടിക്കാൻ കാരണം അവനിലുണ്ടാക്കി യിരിക്കുന്ന ആത്മവിശ്വാസമാണ്. ആ ആത്മവിശ്വാസമുണ്ടാക്കാൻ ഈ ഗവൺമെന്റിന് സാധിച്ചുവെന്നതാണ് ഇവിടത്തെ സോഷ്യൽ ജസ്റ്റിസ് വകുപ്പിന്റെ നേട്ടമായി

കാണുന്നത്. എത്രയോ പദ്ധതികൾ ഈ ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുണ്ട്. അതിനൊന്നും ഒരുപക്ഷേ വേണ്ടത്ര രീതിയിൽ വാർത്താമാധ്യമങ്ങൾ പ്രാധാന്യം കൊടുത്തിട്ടുണ്ടാകില്ല. രാത്രി ഒൻപത് മണിക്കുള്ള ചാനൽ ചർച്ചകളിൽ ഈ ഗവൺമെന്റ് നടപ്പാക്കിയ സോഷ്യൽ ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ചയ്ക്ക് വിളിച്ചാൽ ചർച്ചയിൽ പങ്കെടുക്കാൻ ഒരു വ്യക്തിയും തയ്യാറാകില്ല.

18 വയസ്സിനുതാഴെയുള്ള കാൻസർ ബാധിതരായ കുട്ടികൾക്ക് ജീവൻ സംരക്ഷിക്കുന്നതിനുവേണ്ടി പൂർണ്ണമായും സൗജന്യചികിത്സാ പദ്ധതി പ്രകാരം 4018 പേർക്ക് ഇതിന്റെ ആനുകൂല്യം നടപ്പാക്കി.

താലോലം പദ്ധതി - 18 വയസ്സിനുതാഴെയുള്ള ഹൃദയസംബന്ധമായ രോഗങ്ങൾ, നാഡീരോഗങ്ങൾ, സെറിബ്രൽ പാൾസി, ഓട്ടിസം, അസ്ഥിവൈകല്യങ്ങൾ തുടങ്ങിയ രോഗങ്ങൾ സംഭവിച്ച കുട്ടികളെ സഹായിക്കുന്നതിനുവേണ്ടി ഈ ഗവൺമെന്റ് 18 കോടിരൂപ 'താലോലം' പദ്ധതിയിലൂടെ ചെലവാക്കി. ഒരുപക്ഷേ വാർത്താ മാധ്യമങ്ങളിൽ ഇത് സ്ഥാനം പിടിച്ചിട്ടുണ്ടാകില്ല. ഈ വിഷയം ചർച്ചചെയ്യാൻ സഭയിൽ ആരും തയ്യാറായിട്ടില്ല.

ആശാകിരണം പദ്ധതി-രോഗികളെ പരിചരിക്കുന്നവർക്ക് പലപ്പോഴും ആരും സഹായിക്കാനില്ല. അവർക്ക് സാമ്പത്തിക സഹായം നൽകാൻ തയ്യാറായ ശ്രീ.

ഉമ്മൻ ചാണ്ടിയുടെ, ഡോ. എം. കെ. മുനീറിന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റാണ് ഈ ഗവൺമെന്റ്. ഈ രംഗത്ത് 20 കോടിരൂപ ചെലവാക്കാൻ സാധിച്ചു.

സസ്നേഹം പദ്ധതി-അവിവാഹിതരായ സ്ത്രീകൾ അമ്മമാരാകുന്ന അവസ്ഥ നമ്മുടെ സമൂഹത്തിലുണ്ട്. നമ്മളാരും അവരെ കണ്ടുമുട്ടുന്നില്ലായിരിക്കും. അവിവാഹിതരായ അവസ്ഥയിൽ അമ്മമാരാകുന്ന അമ്മമാരെ സഹായിക്കുന്നതിനുവേണ്ടി 'സസ്നേഹം പദ്ധതി' രൂപീകരിക്കുകയും 1826 പേർക്ക് അതിന്റെ ആനുകൂല്യങ്ങൾ നൽകി 10 കോടിരൂപ ചെലവഴിച്ച ഒരു ഗവൺമെന്റാണ് ഇപ്പുറത്ത് നിൽക്കുന്നത്.

എൻഡോസൾഫാനുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെയൊരു സബ്മിഷൻ അവതരിപ്പിക്കുകയുണ്ടായി. നിങ്ങൾ അവർക്ക് ആനുകൂല്യം കൊടുക്കാതെ ഉപേക്ഷിച്ചുപോയി. ഈ ഗവൺമെന്റ് അധികാരത്തിൽവന്നപ്പോൾ അവർക്ക് ആനുകല്യങ്ങൾ കൊടുക്കുക യുണ്ടായി.

"വയോമിത്രം" പദ്ധതി-65 വയസ്സിൽ കൂടുതൽ പ്രായമുള്ള മുതിർന്ന പൗരന്മാരെ സഹായിക്കുന്നതിനായി 7 കോടിരൂപ ചെലവഴിച്ചു.

'വിശപ്പ് രഹിതം നഗരം' പദ്ധതി- വിശക്കുന്നവനെ സഹായിക്കുന്ന തിനുവേണ്ടിയുള്ള ഒരു പുതിയ പദ്ധതി പ്രകാരം പ്രതിദിനം 5500 പേർക്ക്

സൗജന്യഭക്ഷണം നൽകിവരുന്നു. 'ശ്രുതിതരംഗം' പദ്ധതിയിലേക്ക് ഞാൻ പിന്നീട് സംസാരിക്കാം. 'സ്നേഹപൂർവ്വം' പദ്ധതി-ബഹുമാന്യനായ ടി. എൻ. പ്രതാപൻ തുടങ്ങിവച്ചതാണ് ആ പദ്ധതി. ഇന്ന് അതിനെ ഈ ഗവൺമെന്റ് ഏറ്റെടുത്തിരിക്കുന്നു. മാതാപിതാക്കൾ രണ്ടുപേരും മരിച്ചുപോകുകയോ അല്ലെങ്കിൽ ഒരാൾ മരിച്ചുപോകുകയോ ചെയ്ത കുട്ടി ഒരു സ്കൂളിൽ പഠിക്കുന്നുണ്ടെങ്കിൽ, ആ സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് സാമ്പത്തിക സഹായം നൽകാൻ കഴിയുന്നൊരു പദ്ധതിയാണ് ഈ പദ്ധതി. ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം 1700 ലക്ഷം രൂപ ഇതിനുവേണ്ടി മാറ്റിവച്ചിരിക്കുന്നു.

റൂബെല്ല വാക്സിനേഷൻ - ഗർഭിണിയായ സ്ത്രീകൾക്ക് വൈറസ് ബാധയുണ്ടായാൽ, അവർക്ക് ജനിക്കാൻ പോകുന്ന കുട്ടികൾക്കും ആ രോഗം പിടിപെടുമെന്നുള്ളതുകൊണ്ട് 17 വയസ്സുള്ള, കൗമാര പ്രായത്തിലുള്ള മുഴുവൻ കുട്ടികൾക്കും റൂബെല്ല വാക്സിനേഷൻ എന്ന പദ്ധതിയുണ്ടാക്കി.

കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി- നമ്മുടെ നാട്ടിൽ അന്ധരും ബധിരരും മൂകരുമായിട്ടുള്ള ആളുകളുണ്ട്. ഞങ്ങളൊക്കെ ഇത് പറയുമ്പോൾ തെറ്റിദ്ധരിക്കരുത്. ബധിരരും മൂകരുമായിട്ടുള്ള കുട്ടികൾ കേൾക്കാൻ കഴിയാത്തവർ, സംസാരിക്കാൻ കഴിയാത്തവർ, സ്വന്തം മാതാപിതാക്ക ന്മാരെ അമ്മ എന്നുപോലും വിളിക്കാൻ

കഴിയാത്ത കുട്ടികൾ, ആ കുട്ടികൾക്കുവേണ്ടി ഇന്ന് കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതിയുണ്ടാക്കി. കോക്ലിയർ ഇംപ്ലാന്റേഷൻ എന്ന് പറയുന്ന ഒരു ഇലക്ട്രോണിക് എക്യുപ്മെന്റ് ചെവിയിൽ ഘടിപ്പിച്ചാൽ ശബ്ദം കേൾക്കും. ആ ശബ്ദം തിരിച്ചറിഞ്ഞാൽ അവർക്ക് സംസാരിക്കാനും കഴിയും. ഈ പദ്ധതി പ്രകാരം 475 പേർക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ നടത്തി. ആദ്യത്തെ 100 കുട്ടികളിൽ കോക്ലിയർ ഇംപ്ലാന്റേഷൻ നടത്തിയവരെ സെക്രട്ടേറിയറ്റിലെ ഡർബാർ ഹാളിൽ സ്വീകരണം നൽകുകയുണ്ടായി. അവിടെവന്ന് ശബ്ദം തിരിച്ചറിഞ്ഞ ഒരു കുട്ടിയാണ് ഈശ്വര പ്രാർത്ഥന പാടിയത്. 'തിരുനാമകീർത്തനം പാടുവാനല്ലെങ്കിൽ നാവെനിക്കെന്തിനുനാഥാ, അപദാനം എപ്പോഴും ആലപിച്ചില്ലെങ്കിൽ അധരങ്ങളെന്തിനു നാഥാ' ഈ പാട്ടുകേട്ട് അവിടെനിന്ന ആളുകൾ കണ്ണുനീർ തുടച്ചു. തെറ്റിദ്ധരിക്കരുത്, അവർ കരഞ്ഞത് സന്തോഷാശ്രുക്കൾ കൊണ്ടാണ്. സ്വന്തം പിതാവിനെയും മാതാവിനെയും അച്ഛനെന്നും അമ്മയെന്നും വിളിക്കാൻ കഴിയാത്ത ഒരു കുട്ടി സംസാരം തിരിച്ചറിഞ്ഞ് പാട്ടുപാടിയപ്പോൾ അവരുടെ മാതാപിതാക്കൾ ആനന്ദാശ്രുക്കൾ പൊഴിച്ചുവെങ്കിൽ, ആ ആനന്ദാശ്രുക്കൾ വീണ ഏക സംസ്ഥാനം ശ്രീ. ഉമ്മൻ ചാണ്ടി ഭരിക്കുന്ന കേരളമാണെന്ന് ഞാൻ അഭിമാനത്തോടുകൂടി പറയുന്നു. ഒരുപക്ഷെ നിങ്ങളെപ്പോലുള്ള ആളുകൾക്ക് ഇതിന് കഴിയില്ല. നമ്മുടെ

സമൂഹത്തിലുള്ള കുറ്റവാളികളെ നേരായ മാർഗ്ഗത്തിലേയ്ക്ക് നയിക്കുന്നതിനുള്ള 'നേർവഴി പദ്ധതി' ഈ ഗവൺമെന്റ് നടപ്പാക്കിയതാണ്. അതുപോലെ നാഷണൽ ട്രസ്റ്റ് ആക്ട് നടപ്പാക്കിയ സംസ്ഥാനമാണ് കേരളം. മറ്റൊരു സംസ്ഥാനവും ഇത് നടപ്പാക്കിയിട്ടില്ല. നാഷണൽ ട്രസ്റ്റ് ആക്ട് നടപ്പാക്കിയ മോഡൽ സംസ്ഥാനമായി ഇപ്പോൾ കേരളം മാറിയിരിക്കുന്നു. കേരളത്തിൽ നാഷണൽ ട്രസ്റ്റ് ആക്ട് നടപ്പാക്കിയപ്പോൾ മൂന്ന് നാല് ജില്ലകളിൽ മാത്രമേ കളക്ടർ ചെയർമാനായിട്ടുള്ള കമ്മിറ്റി രൂപീകരിച്ചിട്ടുള്ളൂ. എല്ലാ ജില്ലകളിലും കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ഓർമ്മകൾ നഷ്ടപ്പെടുന്ന  ഡിമെൻഷ്യ രോഗം ബാധിച്ചവർക്കായി ഡിമെൻഷ്യ കെയർ യൂണിറ്റുകളുണ്ടാക്കി. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഇത് പത്രവാർത്തകളിൽ സ്ഥാനം പിടിച്ചിട്ടുണ്ടാവില്ല. രോഗം ബാധിച്ചവരെ 24 മണിക്കൂറും പരിചരിക്കുന്ന കെയർ ഗിവേഴ്സുണ്ട്.  കെയർ ഗിവർ ബേൺ ഔട്ട് ആണെന്നാണ് പറയുന്നത്, അവർക്ക് ജീവിതമില്ല. ഡിമെൻഷ്യ രോഗം ബാധിച്ചവരെ പരിചരിക്കുന്ന ആളുകൾക്കുപോലും സംരക്ഷണം കൊടുക്കാൻ കഴിഞ്ഞ ഗവൺമെന്റാണ് ഇതെന്ന് ഞാൻ അഭിമാനത്തോടെ പറയുന്നു. അതുപോലെ ഇവിടെ ഡിസെബിലിറ്റി സെൻസസ് നടത്തി. ഇന്ന് ഇവിടെ രാഷ്ട്രീയമൊക്കെ പറഞ്ഞവരുണ്ട്, ഞാൻ രാഷ്ട്രീയത്തിലേയ്ക്ക് കടക്കുന്നില്ല. അരുവിക്കര തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ ആ

തെരഞ്ഞെടുപ്പിന്റെ വിജയം ഞങ്ങൾ ബി.ജെ.പി.യുമായി അഡ്ജസ്റ്റ് ചെയ്തു എന്ന് നിങ്ങൾ പറയുന്നു. ഇന്ന് അടിയന്തരപ്രമേയം അവതരിപ്പിച്ചുകൊണ്ട് ഡോ. ടി. എം. തോമസ് ഐസക് സംസാരിച്ചപ്പോൾ അദ്ദേഹത്തെപ്പോലെ മാന്യനായ രാഷ്ട്രീയപ്രവർത്തകനിൽനിന്ന് ഞങ്ങളെപ്പോലുള്ള ആളുകൾ പ്രതീക്ഷിക്കാത്ത ചില വാക്കുകൾ അദ്ദേഹം പറഞ്ഞു. ഒരുപക്ഷേ അത് നിങ്ങളുടെ പാർട്ടിയുടെ തീരുമാനമായിരിക്കാം. ഇവിടെ ഞങ്ങൾക്ക് ചൂണ്ടിക്കാണിക്കാൻ കഴിയുന്ന വികസന പ്രവർത്തനങ്ങളിൽ ഞങ്ങൾ ആദ്യം കൈചൂണ്ടുന്നത് മെട്രോ പദ്ധതിയിലേയ്ക്കോ ഇന്ന് ഒപ്പിട്ട വിഴിഞ്ഞം പദ്ധതിയിലേയ്ക്കോ അത്തരത്തിലുള്ള മറ്റേതെങ്കിലും വികസന പദ്ധതികളിലേയ്ക്കോ അല്ല. ഞങ്ങളുടെ വിജയത്തിന് കാരണമായി ഞങ്ങൾ കൈചൂണ്ടുന്നത് ഇവിടുത്തെ അശരണരായ ജനങ്ങൾക്കുനേരെയാണ്. കാരുണ്യത്തിന്റെ ഒരു കണികപോലും കണ്ടെത്താതെ ജീവിത യാഥാർത്ഥ്യങ്ങളുടെ കാർക്കശ്യം ഘനീഭവിച്ച പാതയിലൂടെ വേദനയോടെ മുന്നോട്ടുപോകുന്ന ആളുകളെ സഹായിക്കാൻ ഈ ഗവൺമെന്റ് പദ്ധതി ആവിഷ്കരിക്കുമ്പോഴാണ് ഗവൺമെന്റിന് വോട്ട് ലഭിക്കുന്നത്. വികസനവും കരുതലും എന്ന പ്രണവ മന്ത്രത്തിലൂടെ മഹായജ്ഞത്തിന്റെ വേദികളായി മാറിയ ജനസമ്പർക്ക പരിപാടിയിൽ പങ്കെടുത്ത വേദന ഘനീഭവിച്ച പതിനായിരങ്ങളുടെ മുഖങ്ങൾ നമ്മുടെ

മുന്നിലുണ്ട്. രോഗ പീഡകളാലും സാമ്പത്തിക ക്ലേശങ്ങളാലും നീതിനിഷേധങ്ങളാലും ക്ഷതമേറ്റ മുഖങ്ങളുമായി കരയുന്നവർ, വേദനയുടെ രോദനം പേറുന്ന നിത്യരോഗികൾ, ദു:ഖത്തിന്റെ കരിനിഴൽ വാർന്ന അമ്മമാർ, വേഗം ക്ഷയിച്ച് നിലച്ചുപോകുന്ന ചക്രം പോലെ ജീവിതഭാരം നിലച്ചുപോകുന്ന വൃദ്ധൻമാർ, കല്ലിൽ ഉറങ്ങുന്ന ദൈവത്തെപ്പോലെ ഫയലുകളിൽ ഉറങ്ങുന്ന ജീവനുമുമ്പിൽ നീതി കാത്തിരിക്കുന്ന പതിനായിരങ്ങൾ ഈ സംസ്ഥാനത്തുണ്ട്. ആ പതിനായിരങ്ങളെ തിരിച്ചറിയാൻ ഐക്യജനാധിപത്യ മുന്നണിക്ക് കഴിഞ്ഞു എന്നതാണ് ഈ ഗവൺമെന്റിന്റെ നേട്ടം. ഓരോ ജനസമ്പർക്ക പരിപാടിയിലും തിങ്ങിയും വിങ്ങിയും നിന്നത് വേദനകൾ മാത്രമായിരുന്നു. തിക്തമായ അനുഭവങ്ങളുടെയും നിത്യമായ അവഗണനകളുടെയും ചുമടുകൾ പേറുന്ന പതിനായിരങ്ങൾക്ക് മോക്ഷമേകിയ ജനസമ്പർക്ക പരിപാടി ഈ സർക്കാരിന്റെ ഏറ്റവും വലിയ നേട്ടമാണെന്ന് ഞാൻ വിശ്വസിക്കുന്നു. ആ നേട്ടത്തോടെയാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോയത്. യു.ഡി.എഫ്. സർക്കാരിന് തുണയായത് മനുഷ്യ മുഖമുള്ള ജനസമ്പർക്ക പരിപാടിയാണ്. പിറവത്തും നെയ്യാറ്റിൻകരയിലും അരുവിക്കരയിലും നിങ്ങൾ നടത്തിയ കള്ളപ്രചാരണങ്ങളെയും അപവാദങ്ങളെയും കാറ്റിനെയും തിരമാലകളെയുംപോലെ മറികടന്ന് താങ്ങാൻ വയ്യാത്ത കോളിന്റെ

അമരക്കാരനായിനിന്ന ഉമ്മൻ ചാണ്ടി എന്ന കപ്പിത്താൻ യു.ഡി.എഫ്.-നെ ഹൃദയശുദ്ധിയോടും കർമ്മശുദ്ധിയോടുംകൂടി മുന്നോട്ടുനയിച്ചപ്പോഴാണ് ഈ ഗവൺമെന്റിന് വിജയിക്കാൻ കഴിഞ്ഞത്. അരുവിക്കരയിൽ ഞങ്ങൾ വിജയിക്കാൻ കാരണം ആർ.എസ്.എസ്.-ന്റെ വോട്ട് ലഭിച്ചതുകൊണ്ടാണെന്നാണ് നിങ്ങൾ പറയുന്നത്, എന്നാൽ അവിടെ ഞങ്ങൾ വിജയിക്കാൻ കാരണം ആർ.എസ്.എസ്. അല്ല. ആയിരം സ്നേഹശലഭങ്ങൾ പറക്കുന്ന ചിരിയുമായി എല്ലാ കലഹങ്ങളെയും കലാപങ്ങളെയും കാലുഷ്യങ്ങളെയും അതിജീവിച്ച് 50 മാസക്കാലം യു.ഡി.എഫ്. പിന്നിട്ടത് നിയമസഭയിലെ എം.എൽ.എ.മാരുടെ പിന്തുണകൊണ്ട് മാത്രമല്ല, .......

ഡോ. ടി.എം. തോമസ് ഐസക്, ഞാൻ തിരുത്താൻ ആഗ്രഹിക്കുന്നു ........

ജീവിതം നിഷേധിക്കപ്പെട്ട ഇരുകാലി മനുഷ്യരായി ജനിച്ച്, നാൽക്കാലി മനുഷ്യനായി ജീവിച്ച്, നരകയാതന അനുഭവിച്ച് പാർശ്വവൽക്കരിക്കപ്പെട്ട സമൂഹത്തിന്റെ നെഞ്ചിൽ തട്ടിയുള്ള പ്രാർത്ഥനകൊണ്ടാണ് ഉമ്മൻചാണ്ടി ഗവൺമെന്റിന് വീണ്ടും അരുവിക്കരയിൽ വിജയിക്കാൻ കഴിഞ്ഞത്. ഞങ്ങൾ ഇനിയും മുന്നോട്ടുപോകും. ഞങ്ങൾക്ക് ആർ.എസ്.എസ്.-ന്റെ വോട്ട് വേണ്ട. നിങ്ങൾ ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിനെ വർഗ്ഗീയപാർട്ടിയായി കരുതുന്നു. നിങ്ങൾ പി.ഡി.പി.യെയും ജമാ-അത്തെയെയും എസ്.ഡി.പി.ഐ.യെയും

അംഗീകരിച്ചവരാണ്. ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിനെ വർഗ്ഗീയപാർട്ടിയായി ചിത്രീകരിച്ചുകൊണ്ട് പി.ഡി.പി.യുടെയും എസ്.ഡി.പി.ഐ.യുടെയും സഹായം തേടിയ നിങ്ങൾ ഉന്നയിക്കുന്ന ഓരോ ആക്ഷേപങ്ങളും, ഞങ്ങൾ വേദനയോടുകൂടി പറയുന്നു, വളർത്താൻ പോകുന്നത് ബി.ജെ.പി.യെയാണ്. ഞാൻ ബഹുമാനപ്പെട്ട മാർക്സിസ്റ്റ് പാർട്ടി സ്നേഹിതൻമാരോട് പറയുന്നു, വർഗ്ഗീയതയെ എതിർക്കാൻ നമ്മൾ ഒരുമിച്ച് നിൽക്കണം. പക്ഷേ സ്വന്തം കാലിൽനിന്നുകൊണ്ട് വർഗ്ഗീയതയെ എതിർക്കാൻ നിങ്ങൾക്ക് കഴിയുന്നില്ല. നിങ്ങളെടുത്തിരിക്കുന്ന പല തീരുമാനങ്ങളും ഈ രാജ്യത്ത് വർഗ്ഗീയശക്തികളെ വളർത്താൻ ആഗ്രഹിക്കുന്നു. കോൺഗ്രസിന് മതേതരത്വത്തിനുവേണ്ടി ശബ്ദിക്കാൻ, വർഗ്ഗീയതയെ എതിർക്കാൻ ശ്രീ. കോടിയേരി ബാലകൃഷ്ണന്റെയോ ശ്രീ. വി. എസ്. അച്ചുതാനന്ദന്റെയോ കാറൽ മാർക്സ് ജീവിച്ചിരുന്നാൽ അദ്ദേഹത്തിന്റെയോപോലും സർട്ടിഫിക്കറ്റ് ആവശ്യമില്ല. ഞങ്ങളുടെ ഏറ്റവും വലിയനേട്ടം മതേതരത്വമാണ്, ഇന്ത്യയിലെ കോടാനുകോടി ജനങ്ങൾ മതേതരത്വത്തിൽ വിശ്വസിക്കുന്നു, മതേതരത്വത്തിനുവേണ്ടിയാണ് ഞങ്ങൾ പോരാടിയത്. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ചരിത്രം ദേശീയ സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ടതാണ്. ദേശീയ സ്വാതന്ത്ര്യ സമരത്തിൽ വിദേശികളുടെ മുന്നിൽ വിരിമാറ് കാട്ടി വെടിയുണ്ടയേറ്റ് പിടഞ്ഞുവീണ് മരിച്ചപ്പോഴും

ഇന്ത്യയിലെ ജനകോടികളുടെ മനസ്സിന്റെ അടിത്തട്ടിൽ മതേതരത്വത്തിന്റെ മുദ്രാവാക്യം രൂഢമൂലമാക്കാനാണ് മഹാത്മാഗാന്ധി പഠിപ്പിച്ചത്. ഇപ്പോൾ 'മേക്ക് ഇൻ ഇന്ത്യ' എന്നുപറയുന്നുണ്ട്, ഇന്ത്യ ഇവിടെത്തന്നെ ഉണ്ട്. ലോകത്ത് ഏറ്റവും കൂടുതൽ ശാസ്ത്രസാങ്കേതിക വളർച്ച പ്രാപിച്ച രാജ്യവും ഏറ്റവും വലിയ കാർഷിക വികസനം നടന്ന രാജ്യവും ഏറ്റവും വലിയ വ്യവസായവളർച്ച പ്രാപിച്ച രാജ്യവും ഏറ്റവും വലിയ സാമ്പത്തിക ശക്തിയായി വളർന്ന രാജ്യവുമാണ് ഇന്ത്യ. എന്നാൽ ഇതല്ല ഇന്ത്യയുടെ നേട്ടം. ഇന്ത്യയുടെ നേട്ടം ഇന്ത്യയുടെ മതേതരത്വമാണെന്ന് ഞാൻ അഭിമാനത്തോടുകൂടി പറയുന്നു. കോടാനുകോടി ജനങ്ങൾ ജീവിക്കുന്ന ഇന്ത്യയിൽ ജാതിയും മതവും ആചാരങ്ങളും നോക്കാതെ ജനങ്ങൾക്ക് ഒരുമിച്ച് ജീവിക്കാൻ കഴിയുന്ന സാമൂഹ്യ രാഷ്ട്രീയ ചിന്താധാര ഈ രാജ്യത്തുണ്ടാക്കിയതാണ് ഇന്ത്യയുടെ നേട്ടമെങ്കിൽ ഞങ്ങൾ അഭിമാനത്തോടെ പറയുന്നു ആ സാഹചര്യമുണ്ടാക്കിയത് ഇന്ത്യൻ നാഷണൽ കോൺഗ്രസാണ്. ആ കോൺഗ്രസിന് വർഗ്ഗീയതയെയും ബി.ജെ.പി.യെയും ആർ.എസ്.എസ്.നെയും എതിർക്കാൻ മാർക്സിസ്റ്റ് പാർട്ടിയുടെ ഉപദേശമാകാം, പക്ഷേ നിങ്ങൾ കുറ്റപ്പെടുത്തരുത്. ആം ആദ്മി പാർട്ടി അധികാരത്തിൽ വന്നപ്പോൾ ആം ആദ്മി പാർട്ടിയാണ് കോൺഗ്രസിന് ബദൽ എന്നുപറഞ്ഞ് നിങ്ങൾ ആഘോഷിച്ചു. നൈമിഷികമായി ആ പാർട്ടി

തകർന്നുപോയി. ഇപ്പോൾ ബി.ജെ.പി.യോ ആം ആദ്മി പാർട്ടിയോ മറ്റേതെങ്കിലും രാഷ്ട്രീയപ്പാർട്ടികളോ കോൺഗ്രസിന് ബദലല്ല. മാർക്സിസ്റ്റ് പാർട്ടിക്കും 100 വർഷം കഴിഞ്ഞാലും കോൺഗ്രസിന് ബദലാകാൻ കഴിയില്ല. ഈ രാജ്യത്തെ നയിക്കാൻ കഴിയുന്ന ഏക രാഷ്ട്രീയപാർട്ടിയായ കോൺഗ്രസ്, രാജ്യത്തിന്റെ മതേതരത്വത്തിനും ജനാധിപത്യത്തിനുംവേണ്ടി നിലനിൽക്കാൻ, ഞങ്ങൾ വിചാരിച്ചതിനെക്കാൾ വേഗം ഇന്ത്യയിൽ തിരിച്ചുവരും. അതുകൊണ്ട് കോൺഗ്രസിനെ കുറ്റപ്പെടുത്താൻ നിങ്ങൾ തയ്യാറാകരുതെന്ന് അഭ്യർത്ഥിക്കുന്നു. ക്ഷീരവികസന രംഗത്തും പഞ്ചായത്ത് ഭരണസംവിധാനത്തിലുമുണ്ടാക്കിയ മാറ്റങ്ങളിൽ ശ്രീ. കെ.സി. ജോസഫിനെയും ഡോ. എം. കെ. മുനീറിനെയും അഭിനന്ദിക്കുന്നു. ഈ ധനാഭ്യർത്ഥനയെ അഭിമാനത്തോടുകൂടി പിന്തുണയ്ക്കുന്നു.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഞാൻ തദ്ദേശ സ്വയംഭരണ വകുപ്പിനെക്കുറിച്ച് സംസാരിക്കാനാണ് ഉദ്ദേശിച്ചത്. എന്നാൽ ഇന്ന് രാവിലെ ബഹുമാനപ്പെട്ട ക്ഷീരവികസന വകുപ്പുമന്ത്രി സംസാരിച്ചപ്പോൾ ക്ഷീരമേഖല വളർന്നുകൊണ്ടിരിക്കുകയാണെന്ന് സൂചിപ്പിക്കുകയുണ്ടായി. ഉല്പാദനം വർദ്ധിക്കുന്നുണ്ടോയെന്ന എന്റെ ചോദ്യത്തിന് വർദ്ധിക്കുന്നുണ്ടെന്ന് സംശയമില്ലാതെ അങ്ങ് മറുപടി പറയുകയും ചെയ്തു. അപ്പോൾ ഞാൻ വിചാരിച്ചത്

എന്റെ ധാരണ തെറ്റാണെന്നാണ്. 2014-ലെ ഇക്കണോമിക് റിവ്യൂവിന്റെ പേജ് 52-ൽ പാലുൽപ്പാദനത്തിന്റെ വാർഷിക വളർച്ചാ നിരക്കിനെക്കുറിച്ച് പറയുന്നുണ്ട്. 2002-03 മുതൽ 2006-07 വരെയുള്ള വർഷങ്ങളിൽ, അവസാനത്തെ ഒരു വർഷം ഒഴിച്ചാൽ നിങ്ങൾ ഭരിച്ചിരുന്ന കാലമാണ്, ഒരു  വർഷം 4.6 ശതമാനം വച്ച് പാലുല്പാദനം കുറഞ്ഞു. 2007-08 മുതൽ 2011-12 വരെയുള്ള വർഷങ്ങളിൽ പാലുൽപ്പാദനം 5.11 ശതമാനം വച്ച് വർദ്ധിച്ചു. 2012-13 ആയപ്പോൾ ആ വളർച്ച 2.76 ശതമാനമായി താഴ്ന്നു. 2013-14-ൽ വളർച്ചാനിരക്ക് -18 ശതമാനമായി. ഇത് സർക്കാരിന്റെ കണക്കാണ്. പാലുൽപ്പാദനം കേരളത്തിൽ ഓരോ വർഷവും വർദ്ധിച്ച് സ്വയം പര്യാപ്തതയിലേയ്ക്ക് എത്തുകയല്ല ചെയ്യുന്നത്. എന്തോ സാരമായ കുഴപ്പമുണ്ട്, അതുകൊണ്ട് എല്ലാം ഭംഗിയാണെന്ന് പറഞ്ഞിരിക്കാതെ എവിടെയാണ് കുഴപ്പമെന്ന് പരിശോധിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, എന്റെ കൈവശമുള്ള കണക്കനുസരിച്ച് 2010-11 വർഷത്തിൽ സംസ്ഥാനത്തെ ആകെ പാലുൽപ്പാദനം 26.43 ലക്ഷം മെട്രിക് ടണ്ണും 2014-15-ൽ 29.14 ലക്ഷം മെട്രിക് ടണ്ണുമാണ്. നാലുകൊല്ലംകൊണ്ട് ഉൽപ്പാദനം 12.48 ശതമാനം വർദ്ധിച്ചു.

ഡോ. ടി. എം. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ കൈവശമുള്ള കണക്ക് എത്രമാത്രം ശരിയാണെന്ന് പറയാൻ എനിക്ക് കഴിയില്ല. പ്ലാനിംഗ് ബോർഡ് അച്ചടിച്ച കണക്കാണ് എന്റെ കയ്യിലുള്ളത്. അതിലെ വളർച്ചാനിരക്ക് കഴിഞ്ഞ വർഷം മൈനസ്സും അതിനുമുമ്പുള്ള വർഷം മുൻകാലത്തുണ്ടായിരുന്നതിനേക്കാളും കുറവുമാണ്.

ശ്രീ. കെ. സി. ജോസഫ്: 2010-11-ൽ ഒരു ദിവസം കേരളം വാങ്ങിയിരുന്നത് 8 ലക്ഷം ലിറ്റർ പാൽ ആയിരുന്നെങ്കിൽ ഇന്ന് വാങ്ങുന്നത് 1.5 ലക്ഷം ലിറ്റർ പാലാണ്. പാലുൽപ്പാദനത്തിൽ വർദ്ധനവ് ഉണ്ടായി എന്നല്ലേ അത് ചൂണ്ടിക്കാണിക്കുന്നത്.

ഡോ. ടി. എം. തോമസ് ഐസക്: ഉപയോഗിക്കുന്ന പാലിന്റെ അളവും വാങ്ങുന്ന പാലിന്റെ അളവും തമ്മിൽ കുറയ്ക്കുമ്പോൾ ഉത്പാദിപ്പിച്ച പാലിന്റെ അളവ് ലഭിക്കുന്നുവെന്ന് പറയുന്നതെല്ലാം വെറും എസ്റ്റിമേറ്റാണ്. കണക്കിൽ എന്തെങ്കിലും പ്രശ്നമുണ്ടോയെന്ന് പരിശോധിക്കണം. അങ്ങനെയാണെങ്കിൽ പ്ലാനിംഗ് ബോർഡിനെക്കൊണ്ട് കണക്ക് തിരുത്തിക്കുകയും വേണം. തദ്ദേശ സ്വയംഭരണ വകുപ്പ് നടപ്പാക്കിയ കാര്യങ്ങളെ എന്റെ സുഹൃത്ത് ശ്രീ. ബെന്നി ബെഹനാൻ പ്രശംസിച്ചു. ധാരാളം സ്കീമുകൾ വിജയപ്രദമായി നടത്തിയതിന്റെ ലഘുവിവരണവും

അദ്ദേഹം നൽകി. ഞാൻ തദ്ദേശ സ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട് തകർന്ന സ്കീമുകളുടെ പേരുകൾ മാത്രം പറയാം. ഒന്നാമതായി, പാർപ്പിട പദ്ധതി - യു.ഡി.എഫ്. അധികാരത്തിൽ വന്നയുടൻ ഇ.എം.എസ്. പാർപ്പിട പദ്ധതിക്കുവേണ്ടി വായ്പ എടുക്കണ്ടായെന്ന് തീരുമാനിച്ചു. അതിന്റെ ഫലമായി പകുതി പൊളിഞ്ഞ വീടുകൾപോലും അവിടെക്കിടക്കുകയാണ്. ഹഡ്കോയിൽനിന്ന് പണം വാങ്ങി നൽകുമെന്ന് പിന്നീട് പറഞ്ഞെങ്കിലും ഒരു പൈസയും കൊടുത്തിട്ടില്ല. ഇതിന്റെ ക്ഷീണം തീർക്കാനായി പദ്ധതി പ്രകാരം അനുവദിക്കുന്ന തുക 2 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. അന്ന് ധനകാര്യ വകുപ്പുമന്ത്രി ഈ സഭയിൽ പറഞ്ഞത്, വീടൊന്നിന് 75,000 രൂപ അധികമായി കൊടുക്കുമെന്നാണ്. ഇതുവരെ 2 ലക്ഷം രൂപയിൽ അധികമായി എന്തെങ്കിലും തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ടോ? 24,000 രൂപ ഗ്രാമപഞ്ചായത്തും 36,000 രൂപ ബ്ലോക്ക് പഞ്ചായത്തും 20,000 രൂപ ജില്ലാ പഞ്ചായത്തും 50,000 രൂപ സർക്കാരും കൊടുക്കുമെന്നാണ് പറഞ്ഞത്. ഇതുവരെ ഒരു പൈസയും കൊടുത്തിട്ടില്ല. ഇതിന്റെ ഫലം എന്താണ്? അതുപോലെ 59000 വീടുകൾ ഐ.എ.വൈ. യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എത്ര വീടുകൾ കഴിഞ്ഞവർഷം പൂർത്തിയാക്കാൻ കഴിഞ്ഞു. ഐ.എ.വൈ. വീടുകൾപോലും വയ്ക്കാൻ പ്രാപ്തിയില്ലാത്ത സംവിധാനമായി

പഞ്ചായത്തുകളെ അധ:പ്പതിപ്പിച്ചു. രണ്ടാമതായി, ഭവനശ്രീ വായ്പ എഴുതിത്തള്ളുമെന്ന് ഈ സർക്കാർ വന്നതു മുതൽ പറയാൻ തുടങ്ങിയതാണ്. എന്നാൽ ഇപ്പോഴും തുക കൊടുക്കാത്തതുകൊണ്ട് സഹകരണ ബാങ്കുകളിൽനിന്ന് ആധാരങ്ങൾ തിരിച്ച് കിട്ടിയിട്ടില്ല. മൂന്നാമതായി, 4 ശതമാനം പലിശയ്ക്ക് ബാങ്കുകളിൽ നിന്നും വായ്പ ഉറപ്പാക്കുമെന്ന് പറഞ്ഞിരുന്നെങ്കിലും എവിടെയും കിട്ടുന്നില്ല. ബാങ്കിൽ നിന്നും വായ്പ എടുത്ത്, കൃത്യമായി തിരിച്ചടച്ചാൽ അക്കൗണ്ടിലേയ്ക്ക് നൽകുമെന്നാണ് പറഞ്ഞിരുന്നത്. ബാങ്കുകൾ ഇപ്പോൾ വായ്പ കൊടുക്കുന്നത് 14.5 ശതമാനം വരെ പലിശയ്ക്കാണ്. അതേസമയം ബാക്ക്‌വേർഡ് ക്ലാസ്സസ് ഡവലപ്മെന്റ് കോർപ്പറേഷനിൽനിന്നും അതുപോലുള്ള സംവിധാനങ്ങളിൽ നിന്നും വായ്പ എടുക്കുന്നത് രണ്ടും മൂന്നും ശതമാനം പലിശയ്ക്കാണ്. കുടുംബശ്രീ വായ്പാപദ്ധതി എങ്ങനെ നിലനിർത്തും? കുടുംബശ്രീക്ക് ഉണ്ടായിരുന്ന റിവോൾവിംഗ് ഫണ്ട് ഇന്നില്ല.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, കോ-ഓപ്പറേറ്റീവ് ബാങ്കിൽനിന്നും എടുത്ത പണം കുടുംബശ്രീ/ഭവനശ്രീ വായ്പയിൽ തിരിച്ചടയ്ക്കേണ്ടെന്ന തീരുമാനമാണ് കഴിഞ്ഞ ഗവൺമെന്റ് എടുത്തിരുന്നത്. അതിന്റെ ഉത്തരവ് എന്റെ കയ്യിലുണ്ട്. അതും കൊടുക്കാമെന്ന് തീരുമാനിച്ചത് ശ്രീ

കെ.എം. മാണി എന്ന ധനകാര്യ വകുപ്പുമന്ത്രിയാണ്. അതുകൊണ്ടാണ് ഭവനശ്രീ കോ-ഓപ്പറേറ്റീവ് ബാങ്കുമായി ബന്ധപ്പെട്ടുള്ള അനിശ്ചിതത്വം അവസാനിപ്പിച്ച ഗവൺമെന്റാണ് ഇതെന്ന് പറയുന്നത്. അതിനുള്ള പണം മാറ്റിവച്ചുകഴിഞ്ഞു. എം.ഒ.യു. ഒപ്പുവയ്ക്കുന്നതനുസരിച്ച് എല്ലാ പണവും തിരിച്ചുകൊടുക്കുന്നുണ്ട്.

ഡോ. ടി. എം. തോമസ് ഐസക്: എനിക്ക് അത്തരത്തിലുള്ള ഒരുത്തരവിനെക്കുറിച്ച് അറിയില്ല. ബഹുമാനപ്പെട്ട മന്ത്രി ആ ഉത്തരവ് സഭയുടെ മേശപ്പുറത്ത് വച്ചാൽ ഞങ്ങളെപ്പോലുള്ളവർക്ക് മനസ്സിലാക്കാൻ കഴിയും.

ഡോ. എം. കെ. മുനീർ: കോ-ഓപ്പറേറ്റീവ് ബാങ്കുകൾക്ക് പണം കൊടുക്കേണ്ടതില്ലെന്ന അങ്ങയുടെ കാലഘട്ടത്തിലെ ഉത്തരവ് ഞാൻ സഭയുടെ മേശപ്പുറത്ത് വയ്ക്കാൻ തയ്യാറാണ്.

ഡോ. ടി. എം. തോമസ് ഐസക്: നിങ്ങളുടെ ഇപ്പോഴത്തെ മിഷൻ എങ്ങനെയാണ്? സംസ്ഥാനത്തെക്കുറിച്ചല്ല, ജില്ലാതല മിഷനെക്കുറിച്ചാണ് പറയുന്നത്. ഇത്രയേറെ സ്ത്രീ വിരുദ്ധ നിലപാട് സ്വീകരിക്കുന്ന ആളുകളെ കണ്ടെത്താൻ പ്രയാസമാണ്. അങ്ങയുടെ വകുപ്പ് ആലപ്പുഴ ഡി.എം.സി. യെക്കുറിച്ച് രണ്ട് അന്വേഷണം നടത്തി. രണ്ടിലും അദ്ദേഹം അപമര്യാദയായി പെരുമാറിയെന്ന് കണ്ടെത്തിയിട്ടും അദ്ദേഹത്തെ തന്നെയല്ലേ ആ സ്ഥാനത്ത്

ഇരുത്തിയിരിക്കുന്നത്. ഏറ്റവും അവസാനമായി, ഇതുവരെ ഇല്ലാതിരുന്ന കാര്യത്തെക്കുറിച്ചാണ് പറയാനുള്ളത്. കുടുംബശ്രീയിൽ അഴിമതി കടന്നുവരുന്നു. കോഴിക്കോട് വാർഷികത്തെക്കുറിച്ചുള്ള ആക്ഷേപങ്ങൾ അറിയാമല്ലോ. ട്രെയിനിംഗിന്റെ ഭാഗമായി ഒരു സി.ഡി.എസ്. പ്രസിഡന്റ് ആവശ്യപ്പെട്ടത് ഒരു ലക്ഷം രൂപയുടെ വൗച്ചറാണ്. ട്രെയിനിംഗും കാര്യങ്ങളും വേണമെന്നില്ലെന്നാണ് പ്രസിഡന്റ് പറഞ്ഞത്. ഈ നിലയിലേയ്ക്ക് കുടുംബശ്രീയെ കൊണ്ടുപോകരുത്. അതുപോലെ ലോകം മുഴുവൻ ശ്രദ്ധിക്കുന്ന ഒന്നാണ് വനിതാഘടക പദ്ധതി. ഇന്ത്യാ രാജ്യത്ത് ജെൻഡർ ബഡ്ജറ്റിംഗ് എന്നുണ്ടെങ്കിൽ അത് വനിതാഘടക പദ്ധതിയാണ്. ഇപ്പോൾ എന്താണ് അതിന്റെ അവസ്ഥ. ഇന്നലെ വരെ ചർച്ച ചെയ്തത്, സ്ട്രാറ്റജിക് ജെൻഡർ നീഡ് വേണോ, പ്രാക്ടിക്കൽ ജെൻഡർ നീഡ് വേണോ തുടങ്ങിയ കാര്യങ്ങളാണ്. ഇപ്പോൾ ഭവന നിർമ്മാണ പദ്ധതിക്കുള്ള പണം ഇതിൽ നിന്നെടുക്കാൻ തുടങ്ങിയതോടുകൂടി ഇതൊരു പാർപ്പിട പദ്ധതിയായി മാറിയിരിക്കുകയാണ്. വിധവയുണ്ടായാൽ മതിയെന്നായിരുന്നു വ്യവസ്ഥ; കേരളത്തിലെ പകുതി വീടുകളിലും വിധവകളില്ലേ? എന്നിട്ടും വനിതാഘടക പദ്ധതി ഏതാണ്ട് അവസാനിപ്പിച്ചു. ഈ രീതിയിൽ തന്നെയാണ് മാലിന്യമുക്ത കേരളം പദ്ധതിയും. മിഷനും സബ്സിഡിയുമുണ്ടെന്ന കാര്യങ്ങളിൽ തർക്കമില്ല. എന്നാൽ

എത്രമാത്രം ചെലവാക്കാനും മുന്നോട്ട് പോകാനും കഴിഞ്ഞു. ഇതൊരു ജനകീയ പ്രസ്ഥാനമായി സംഘടിപ്പിക്കാതെ നടക്കില്ലെന്നുള്ളത് അറിയാമോ? ഉറവിട മാലിന്യ സംസ്കരണത്തെക്കുറിച്ച് പറയുമ്പോഴും ഈ നിയമസഭയിൽ തന്നെ പറഞ്ഞിട്ടുള്ളത് വൻകിട പദ്ധതികളെക്കുറിച്ചാണ്. ഇനിയിപ്പോൾ ശ്രീ. ബെന്നി ബെഹനാൻ പറഞ്ഞ വലിയ സ്കീമുകളെക്കുറിച്ച് പറയാം. ഇപ്പോൾ ഓരോന്നിനും ഓരോ സ്കീമാണ്. ഇൻഷ്വറൻസ് തന്നെ എത്രയെണ്ണമുണ്ട്? ഇതിനെല്ലാംകൂടി 1000 കോടി രൂപയാണ് ഒരു വർഷം ചെലവുവരുന്നത്. അതിലെ സിംഹപങ്കും സ്വകാര്യ ആശുപത്രികൾക്കും/മേഖലകൾക്കും കൊടുക്കുന്നു. അതേ സമയം ഇവിടെ ചിസ്, ചിസ്പ്ലസ് എന്നിവയുണ്ട്. ചിസ്പ്ലസ്സിന്റെ ഭാഗമായി ചേർത്ത് പൊതു ആരോഗ്യ സംവിധാനവുമായി ബന്ധിപ്പിക്കാൻ കഴിഞ്ഞാൽ വിസ്മയകരമായ മാറ്റം കൊണ്ടുവരാൻ കഴിയും. അതിനുപകരം നിങ്ങൾ ഓരോ സ്കീമുകൾ ഉണ്ടാക്കി, ആ സ്കീമുകൾ വഴി ആർബിട്രറി ആയി ഇഷ്ടമുള്ളവർക്ക് കൂടുതലും ഇഷ്ടമില്ലാത്തവർക്ക് കുറവും കൊടുത്തുകൊണ്ടിരിക്കുകയാണ്. ഇത് ശരിയല്ലെന്നുള്ളതാണ് എന്റെ അഭിപ്രായം. പഞ്ചായത്തിന് നൽകുന്ന പണത്തെക്കുറിച്ച് ബഹുമാനപ്പെട്ട പഞ്ചായത്ത് വകുപ്പുമന്ത്രിക്ക് എന്താണ് പറയാനുള്ളത്; ഈ ആസൂത്രണ പ്രക്രിയ കേരളത്തിലാരംഭിച്ചതിനുശേഷം ആദ്യമായി ബഡ്ജറ്റിൽ ഒരു പൈസപോലും

പഞ്ചായത്തിനുവേണ്ടി വർദ്ധിപ്പിക്കാത്ത വർഷം ഈ വർഷമാണ്. ഒരു ഫിനാൻസ് കമ്മീഷനുണ്ടല്ലോ, ആ ഫിനാൻസ് കമ്മീഷന്റെ അവാർഡ് പ്രകാരം 30 ശതമാനം പദ്ധതിവിഹിതം ഈ വർഷം കൊടുക്കേണ്ടതായിരുന്നില്ലേ? എന്നാൽ ഈ വർഷം 20% പദ്ധതി വിഹിതം മാത്രമാണ് നൽകിയത്. ഒരു ഫിനാൻസ് കമ്മീഷൻ അവാർഡ് നിങ്ങൾ ഒരു വിശദീകരണംപോലുമില്ലാതെ തള്ളിക്കളഞ്ഞുകഴിഞ്ഞാൽ നാളെ ഒരിക്കൽ പദ്ധതിവിഹിതം കൊടുക്കണ്ടായെന്ന് തീരുമാനിച്ചാലോ? അതിനൊക്കെ മകുടം ചാർത്തുന്ന അഞ്ചാം ധനകാര്യ കമ്മീഷൻ വന്നിട്ടുണ്ട്. സർക്കാരിന്റെ കയ്യിൽ ഇത്രയൊന്നും പണം നൽകാനുണ്ടാവുകയില്ല, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പണം കണ്ടെത്തണം എന്നാണ് അതിന്റെ ചെയർമാന്റെ പ്രസ്താവന. എന്നുവച്ചാൽ ഇന്ന് കൊടുത്തുകൊണ്ടിരിക്കുന്ന തുക വെട്ടികുറയ്ക്കണമെന്നുള്ള നിർദ്ദേശം അവരുടെ സമീപനരേഖയിൽതന്നെ ചർച്ചയ്ക്കുവേണ്ടി താഴെത്തട്ടിലേയ്ക്ക് കൊടുത്തിരിക്കുകയാണ്. എന്താണ് ഇതേക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിയുടെ അഭിപ്രായം? ധനവിന്യാസം- പഞ്ചായത്തുകൾക്ക് 12 ഗഡുക്കളായി അനുവദിക്കുന്ന തുക അവരുടെ അക്കൗണ്ടിൽ ലഭിക്കുകയും, ചെലവാക്കുന്ന മുറയ്ക്ക് ബില്ലെഴുതി അതാത് ഇംപ്ലിമെന്റേഷൻ ഓഫീസർ തുക വിത്ഡ്രോ ചെയ്യുകയുമായിരുന്നു ജനകീയാസൂത്രണം തുടങ്ങിയ കാലം മുതലുള്ള

രീതി. എന്നാൽ ഇപ്പോൾ അങ്ങനെയല്ല. മറ്റ് വകുപ്പുകൾ ചെയ്യുന്നതുപോലെ പണം ചെലവാക്കിയതിനു ശേഷം ബിൽ ട്രഷറിയിൽ ഹാജരാക്കി തുക അവിടെനിന്നെടുക്കണം. ട്രഷറിയിൽ പണമില്ലാതെ വരുമ്പോൾ ഈ വികസന പ്രവർത്തനങ്ങൾ നിലയ്ക്കും. ഇന്ന് പൊതുമരാമത്ത് വകുപ്പിന് ഒന്നരവർഷക്കാലത്തെ കുടിശ്ശിക നൽകാനുള്ളതുപോലെ പഞ്ചായത്തിന് ലഭിക്കേണ്ട പണവും കുടിശ്ശികയായിതന്നെ തീരും. ഇതല്ലേ ധനവിന്യാസത്തിന്റെ ഫലം? ആസൂത്രണത്തെക്കുറിച്ച് പരിശോധിച്ചാൽ, എവിടെയാണ് പഞ്ചവത്സരപദ്ധതികൾ; എവിടെയാണ് ജില്ലാ പദ്ധതികൾ? ഇതൊക്കെയാണല്ലോ ഇവിടെ പറഞ്ഞത്. ആ ജില്ലാ പദ്ധതി എവിടെയെത്തി? പഞ്ചായത്ത് വകുപ്പുപോലും എന്തെന്നറിയാതെ ഓർഡിനൻസ് വരെ ഇറക്കിയിരിക്കുകയാണ്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ ഏകോപിപിച്ച് ഡി.പി.സി.യാണ് ഉണ്ടാക്കേണ്ടതെന്നാണ് ഭരണഘടന പറയുന്നത്. ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഡിപ്പാർട്ട്മെന്റ്, പഞ്ചായത്തിന് പ്ലാനുണ്ടാക്കണമെന്ന ഓർഡിനൻസ് ഇറക്കിയിരിക്കുകയാണ്. ആരുടെയൊക്കെയോ എതിർപ്പുമൂലം ഇതുവരെ ഇക്കാര്യം നിയമസഭയിൽ വന്നിട്ടില്ല. ഇതല്ലേ ആസൂത്രണം?

<u>ശ്രീ. കെ. സി. ജോസഫ്:</u> സർ, 2014-ലെ എക്കണോമിക് റിവ്യൂ വോള്യം-2

-ലെ ടേബിൾ 2.24-ൽ പറഞ്ഞിരിക്കുന്നത് പാലിന്റെ സംഭരണം 2010-11-ൽ 8,39,974 ലിറ്ററും 2013-14-ൽ 9,41,506 ലിറ്റർ എന്നമാണ്. വർദ്ധനവുണ്ടോ ഇല്ലയോയെന്ന് അങ്ങ് തീരുമാനിച്ചാൽ മതി.

ഡോ. ടി. എം. തോമസ് ഐസക്: സർ, അതുതന്നെയാണ് ഞാനും പറഞ്ഞത്. സംഭരണമാണ് വർദ്ധിച്ചിരിക്കുന്നത് ഉൽപ്പാദനമല്ല. ഇവിടെ പാൽ ഉൽപ്പാദിപ്പിക്കുന്നതിൽ സംഭരിക്കുന്നതിന്റെ തോത് വർദ്ധിച്ചിട്ടുണ്ട്. അത് എന്താണെന്ന് നോക്കിയാൽ അങ്ങോട്ടുമിങ്ങോട്ടും മാറിക്കൊണ്ടിരിക്കുന്നതാണ്. ഞാൻ ആ കണക്ക് നോക്കി. ഇവിടെ ഞാൻ പറഞ്ഞ കണക്ക് ഉൽപ്പാദനത്തെക്കുറിച്ചാണ്. അവസാനമായി ഒരു കാര്യംകൂടി പറയാം. നമ്മുടെ ഈ നിയമസഭ ആരംഭിച്ചപ്പോൾ മൂന്ന് മന്ത്രിമാരെക്കുറിച്ചുള്ള ആരോപണങ്ങൾ വലിയ വിവാദമുണ്ടാക്കിയതാണല്ലോ; ഇപ്പോൾ അനുഭവമെന്താണ്, നിങ്ങൾതന്നെ ആലോചിച്ചാൽ മതി. അതുകൊണ്ടാണല്ലോ പഞ്ചായത്ത് വകുപ്പ് കാണാതെ ഓർഡിനൻസ് ഇറങ്ങിയതും മാലിന്യ വിമുക്ത കേരളം ഈ രീതിയിൽ കിടക്കുന്നതും. വകുപ്പുകൾതമ്മിൽ പ്രാഥമികമായ ഏകോപനംപോലുമില്ലാതെ മൂന്ന് തട്ടിലായി പോകുന്നു. അതേസമയം നിങ്ങളുടെ യു.പി.എ. സർക്കാർ നിയോഗിച്ച കമ്മിറ്റി ഒരു മന്ത്രി, ഒരു സെക്രട്ടറി, ഒരു കോമൺ കേഡർ എന്ന രീതിയിലാണ് വേണ്ടതെന്ന്

നിർദ്ദേശിച്ചിരിക്കുന്നു. എനിക്ക് അനുവദിച്ച സമയം തീർന്നുകൊണ്ടിരിക്കുന്നതിനാൽ രാഷ്ട്രീയത്തിലേയ്ക്ക് കടക്കാൻ ഞാനാഗ്രഹിക്കുന്നില്ല.

മി. സ്പീക്കർ: രണ്ടര മിനിട്ട് കൂടുതലായി.

ഡോ. ടി. എം. തോമസ് ഐസക്: സർ, രാഷ്ട്രീയ കാര്യങ്ങൾ പലരും ഇവിടെ ഉന്നയിച്ചു. ആദ്യം അരുവിക്കര തെരഞ്ഞെടുപ്പിന്റെ പാഠവത്തെക്കുറിച്ച് പറയാം. അരുവിക്കര തെരഞ്ഞെടുപ്പ് ജയിച്ചത് എന്തോ ഭയങ്കരമായ വികസനപരിപാടികൾ കണ്ട് ജനങ്ങൾ കൂടുതൽ വോട്ട് ചെയ്തിട്ടാണ് എന്ന രീതിയിലാണ് ശ്രീ. ബെന്നി ബെഹനാന്റെ അവതരണം. നിങ്ങൾക്ക് കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ ലഭിച്ചതിനെക്കാൾ കുറച്ച് വോട്ടല്ലേ ഈ തെരഞ്ഞെടുപ്പിൽ ലഭിച്ചുള്ളൂ, ശതമാനകണക്കെടുത്താൽ 8 ശതമാനം കുറവല്ലേ? അപ്പോൾ നിങ്ങൾക്ക് കൂടുതൽ പിന്തുണ ലഭിച്ചതിന്റെ ഫലമായിട്ടല്ല, ബി.ജെ.പി.യുടെ വോട്ടുശതമാനം കൂടിയതുകൊണ്ടും വോട്ട് കൂടിയതുകൊണ്ടുമാണ് നിങ്ങൾ ജയിച്ചത്. ബഹുമാനപ്പെട്ട മന്ത്രി ഇന്ന് രാവിലെ ബി.ജെ.പി.യുടെ 'ബി ടീം' എന്നൊക്കെ വിളിച്ചല്ലോ, ബി.ജെ.പി.യുമായി കൂട്ടുചേർന്ന് ഈ കേരളത്തിൽ കളിച്ചിട്ടുള്ളതിനും 'കോ-ലീ-ബി' സഖ്യത്തിനുപോലും പോയിട്ടുള്ളതിനും വ്യക്തമായ തെളിവില്ലേ? ഞങ്ങളെ സംബന്ധിച്ചിടത്തോളം ഒരു കാര്യം പറയാം. ഞങ്ങളുടെ പാർട്ടിയുടെ അതായത്

ഇടതുപക്ഷത്തിന്റെ പരിപാടിയിലെ മുഖ്യയിനം ന്യൂനപക്ഷ സംരക്ഷണം തന്നെയാണ്. അതുകൊണ്ടാണ് ഇന്ന് ഞങ്ങളുടെ എതിരാളി...

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബി.ജെ.പി.ക്കെതിരായി ഇന്ന് അങ്ങ് സംസാരിക്കുമ്പോൾ 1977-ൽ സഖ്യമുണ്ടാക്കിയതിനെക്കുറിച്ച് മറന്നുപോകരുത്. അന്ന് എവിടെയായിരുന്നു മാർക്സിസ്റ്റ് പാർട്ടി? സി.പി.ഐ.-യ്ക്ക് വേണമെങ്കിൽ ഇത്തരത്തിലൊക്കെ സംസാരിക്കാം. കാരണം അവരതിന് പോയിട്ടില്ല. നിങ്ങൾ എവിടെയായിരുന്നു? ഇ.എം.എസ്.-നവരെ ബി.ജെ.പി.യോടൊന്നിച്ചുനിന്ന് പ്രസംഗിക്കേണ്ട ഗതികേടുണ്ടായിട്ടില്ലേ? എന്നിട്ട് ഇന്നിപ്പോൾ ഇതൊക്കെ പറഞ്ഞിട്ടെന്താണ് കാര്യം?

ഡോ. ടി. എം. തോമസ് ഐസക്: സർ, 1977-ലെ അടിയന്തരാവസ്ഥ എന്ന ഏകാധിപത്യത്തെ തോൽപ്പിക്കുന്നതിനുവേണ്ടി ജനതാ പാർട്ടിയുമായി ഞങ്ങൾ സഖ്യമുണ്ടാക്കി. അതിൽ ഈ പറയുന്ന ബി.ജെ.പി.യുടെ ചില എലമെന്റ്സ് ഉണ്ടായിരുന്നുവെന്നത് ശരിയാണ്. പക്ഷേ ഈ ഇരട്ട അംഗത്വം പറ്റില്ലായെന്നുള്ള നിലപാടിൽ ഞങ്ങൾ ആ സർക്കാരിനുള്ള പിന്തുണ പിൻവലിച്ചു. ആ രാഷ്ട്രീയവും നിങ്ങൾ മറക്കണ്ട.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ശരി. അത് അടിയന്തരാവസ്ഥയുടെ കാര്യം.

എന്തുകൊണ്ടാണ് 1989-ൽ വി. പി. സിംഗിനെ പിന്താങ്ങാൻ ബി.ജെ.പി.യും മാർകിസിസ്റ്റ് പാർട്ടിയുംകൂടി ഒന്നിച്ചുനിന്നത്?

ഡോ. ടി. എം. തോമസ് ഐസക്: സർ, അന്ന് ബി.ജെ.പി.യല്ല, വി. പി. സിംഗാണ് അധികാരത്തിലിരുന്നത്. മാത്രമല്ല, ഞങ്ങൾ ഒരുമിച്ചല്ല, വെവ്വേറയാണ് പിന്താങ്ങിയിട്ടുള്ളത്. ഞങ്ങളുടെ സ്വതന്ത്രമായ നിലപാട് മാറ്റിയിട്ട് ഈ....

ശ്രീ. സി. കെ. നാണു: സർ, വി. പി. സിംഗിന്റെ ഗവൺമെന്റ് മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് ഇൻഡ്യയിൽ നടപ്പാക്കിയപ്പോൾ ബി.ജെ.പി.യോടൊപ്പം ചേർന്ന് ആ റിപ്പോർട്ടിനെതിരായി പ്രവർത്തിച്ചവരാണ് കോൺഗ്രസുകാർ എന്നത് താങ്കൾക്ക് അറിയാമോ, അത് നിഷേധിക്കാൻ സാധിക്കുമോ? മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിനെതിരായി നിന്നവർ, ഈ അടിയന്തരാവസ്ഥ ഇൻഡ്യയുടെ ജനാധിപത്യത്തെ തകർത്തപ്പോൾ.. ആ ജനാധിപത്യം തകർത്തത് മറ്റുള്ള കക്ഷികളല്ല, കോൺഗ്രസ് (ഐ) ആണ്, ഇന്ദിരാ ഗാന്ധിയും അവരുടെ മകനുമാണ്. അവർ ജനാധിപത്യം തകർത്തപ്പോൾ ഇൻഡ്യൻ ജനാധിപത്യത്തെ സംരക്ഷിക്കാൻ വേറെ മാർഗ്ഗമില്ലാതെ സഖ്യമുണ്ടാക്കാൻ സാധിക്കുന്ന എല്ലാ കക്ഷികളുമായി കൂട്ടുചേർന്നു. അതിന്റെ കാരണക്കാർ നിങ്ങളാണ്, ഞങ്ങളല്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ഡോ. ടി. എം. തോമസ് ഐസക്, 6 മിനിട്ട്

അധികമായി.

ഡോ. ടി. എം. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, കോൺഗ്രസ് ആണ് ഇവിടത്തെയും ബംഗാളിലെയും ത്രിപുരയിലെയും ഞങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട എതിരാളി. ഇങ്ങനെയുള്ള നിങ്ങളെ, അതായത് ആ യു.പി.എ. സർക്കാരിനെ ഞങ്ങൾ പിന്താങ്ങിയതെന്തിനാണ്, വല്ലതും വാങ്ങിയിട്ടാണോ; അല്ലല്ലോ, ന്യൂനപക്ഷ വിരുദ്ധരായ ബി.ജെ.പി. ഇൻഡ്യാ രാജ്യത്ത് അധികാരത്തിൽ വരാൻ പാടില്ലായെന്ന ഒറ്റ കാരണംകൊണ്ടാണ്. അത്രയ്ക്ക് കമിറ്റ്മെന്റുണ്ട്. അതുകൊണ്ട് ശ്രീ. കെ. എം. ഷാജി പറഞ്ഞതുപോലെതന്നെ ഇനി പ്രത്യേക സർട്ടിഫിക്കറ്റ് ആവശ്യമില്ല.

ശ്രീ. ബെന്നി ബെഹനാൻ: സർ, നിങ്ങൾ ഇത്രയൊക്കെ പറഞ്ഞല്ലോ, അവസാനം ആ ഗവൺമെന്റിനെ താഴെയിറക്കാൻ നിങ്ങളുടെ പാർട്ടി ബി.ജെ.പി.യുമായി രഹസ്യ ധാരണയുണ്ടാക്കിയവരാണ്. അത് മറന്നുപോകരുത്. അതിൽ പിന്നീട് നിങ്ങൾ പശ്ചാത്തപിച്ചിട്ടുമുണ്ട്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇവിടെ ശ്രീ. കെ. എം. ഷാജി, ഒരു വധഭീഷണിയെക്കുറിച്ച് പറഞ്ഞ് ഭയങ്കരമായി വികാരം കൊണ്ടല്ലോ, ആകാം. ഞാൻ തർക്കിക്കുകയില്ല. ഗൗരവമായിട്ടുള്ള കാര്യം തന്നെയാണ്. വധഭീഷണിയല്ല,

ഞങ്ങളുടെ 193 പ്രവർത്തകരെ ആർ.എസ്.എസ്. കൊന്നിട്ടുണ്ട്. ഒന്നും രണ്ടുമല്ല 193 പേരെയാണ് കൊന്നിട്ടുള്ളത്. എന്തുകൊണ്ടാണ് ഇൻഡ്യ മുഴുവൻ മുസ്ലീംവേട്ട നടത്തികൊണ്ടിരിക്കുന്ന ആർ.എസ്.എസ്.-നും ബി.ജെ.പി.ക്കും ഞങ്ങൾ കേരളത്തിൽ മുഖ്യ എതിരാളികളായി മാറുന്നത്? എന്തുകൊണ്ടാണെന്ന് നിങ്ങൾ ഒരു മിനിട്ട് ആലോചിക്കണം. നിങ്ങളുടെ സർക്കാർ വന്നതിനുശേഷം 16 പേർ മരിച്ചില്ലേ?

<u>മി. സ്പീക്കർ:</u> പ്ലീസ് കൺക്ലൂഡ്, 8 മിനിട്ട് അധികമായി.

<u>ഡോ. ടി. എം. തോമസ് ഐസക്:</u> സർ, കൺക്ലൂഡ് ചെയ്യാം. ഇനി ഒരു ക്ലാരിഫിക്കേഷൻ മാത്രമെയുള്ളൂ. പുതിയ ഗ്രാമപഞ്ചായത്ത് രൂപീകരണത്തെക്കുറിച്ച് ഞാനൊരു 12 instance പറയാം. അതെല്ലാംതന്നെ ലീഗിന് ഒരു പഞ്ചായത്തെങ്കിലും കിട്ടുന്നതിനുവേണ്ടിയുള്ള gerrymandering ആയിരുന്നു. ലീഗെന്നു പറയുന്നത് ഒരു സാമുദായിക പാർട്ടിയാണ്. അങ്ങനെയുള്ള പാർട്ടി രാഷ്ട്രീയ താല്പര്യത്തിനുവേണ്ടി നിലപാടെടുക്കുമ്പോൾ ഒരു സംശയവും വേണ്ട, അത് സാമുദായികമായിട്ടുള്ള ചേരിതിരിവായി മാറുന്നു. അതല്ലേ കണ്ടത്. അത് പറഞ്ഞതാണ് വർഗ്ഗീയത, ചെയ്തതല്ല എന്നുപറഞ്ഞാൽ അത് സമ്മതിച്ചുതരാൻ പ്രയാസമുണ്ട്. ആരാണ് ആർ.എസ്.എസ്.-നെ വളർത്തുന്നത്? ഇതുചൂണ്ടിക്കാണിച്ചിട്ടാണ് ഹിന്ദുവർഗ്ഗീയ

ധ്രുവീകരണമുണ്ടാക്കുന്നത്. നിങ്ങളെ സംബന്ധിച്ചിടത്തോളം അത് സന്തോഷമാണ്. അതിനുപിന്നിൽ ഖിന്നതയൊന്നുമില്ല. കാരണം, നിങ്ങളുടെ ചെലവിലല്ല, ഈ ഹിന്ദുവർഗ്ഗീയത വളർന്നാൽ മാത്രമേ അരുവിക്കരയിലെപ്പോലെ വോട്ടുപിടിച്ച് നിങ്ങൾക്കിനി അധികാരത്തിൽ വരാൻ കഴിയൂ എന്നുള്ള കാഴ്ചപ്പാടല്ലേ നിങ്ങൾക്കുള്ളത്. അതിന്റെ രാഷ്ട്രീയമാണ് നിങ്ങൾ കാണിക്കുന്നത്. അതുകൊണ്ട് എന്തുവേണമെങ്കിലും ചെയ്യാമെന്നൊരു ഹുങ്കല്ലേ നിങ്ങൾക്ക്. നാട്ടിലെന്തെല്ലാം പ്രത്യാഘാതങ്ങളുണ്ട്. ഇതൊന്നും പ്രശ്നമല്ല എന്ന രീതിയിലുള്ള പോക്ക് അതീവ അപകടകരമാണ്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, തീ കൊണ്ട് തല ചൊറിയരുത്, കാറ്റുവിതച്ച് കൊടുങ്കാറ്റ് കൊയ്യരുത് എന്ന്. നിങ്ങൾക്ക് വീണ്ടുവിചാരം വേണം, എന്നുപറഞ്ഞുകൊണ്ട് ഞങ്ങൾ  മറുപടി പ്രസംഗത്തിൽ പങ്കെടുക്കുന്നില്ല, ഇറങ്ങിപ്പോകുന്നു.

(ധനാഭ്യർത്ഥന ചർച്ചയുടെ മറുപടി പ്രസംഗം ബഹിഷ്കരിച്ച പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭവിട്ട് പുറത്തുപോയി.)

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ഇത്രയും സമയം വിമർശിച്ച പ്രതിപക്ഷം മറുപടി കേൾക്കാതെ പോകുന്നത് വളരെ നിർഭാഗ്യമാണ്. ബഹുമാന്യനായ ഡോ. ടി. എം.

തോമസ് ഐസക്, അങ്ങ് പറഞ്ഞ കാര്യങ്ങൾക്ക് മറുപടിയായി ഞങ്ങൾക്ക് എന്താണ് പറയാനുള്ളതെന്ന് കേൾക്കണ്ടേ? ഇതൊരു ശരിയായ നടപടിക്രമമല്ല. ഇവിടെ ഗ്രാമവികസനം, ക്ഷീരവികസനം എന്നീ രണ്ട് മേഖലകളിലും വളരെ ശ്രദ്ധേയമായ മാറ്റങ്ങളുണ്ടായ കാലഘട്ടമാണ് കഴിഞ്ഞ നാലുവർഷക്കാലം. കേന്ദ്രഗവൺമെന്റിന്റെ പദ്ധതികളിൽ ഇത്രയേറെ പുരോഗതിയുണ്ടായൊരു കാലം കേരളത്തിലുണ്ടായിട്ടില്ല. കേന്ദ്രപദ്ധതികളായ മഹാത്മാഗാന്ധി തൊഴിലുറപ്പുപദ്ധതി, പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജന, ഇന്ദിര ആവാസ് യോജന തുടങ്ങിയ പദ്ധതികളുടെയെല്ലാം കഴിഞ്ഞ നാലുകൊല്ലത്തെ പ്രവർത്തനം കേരളത്തിന്റെ ചരിത്രത്തിലെ ഒരു സർവ്വകാല റിക്കാർഡാണ്. ഇവിടെ പല വിമർശനങ്ങളും ചൂണ്ടിക്കാണിച്ചു. ഞാൻ അതിൽ ഓരോന്നായി പറയാം. ഒന്ന്, തൊഴിലുറപ്പുപദ്ധതി, യു.പി.എ. ഗവൺമെന്റിന്റെ ഫ്ലാഗ്ഷിപ്പ് പ്രോഗ്രാമാണത്. ഈ പദ്ധതി കൊണ്ടുവന്നത് യു.പി.എ ഗവൺമെന്റാണ്. 2010-11 - ൽ എൽ.ഡി.എഫ്.-ന്റെ ഭരണം അവസാനിക്കുന്ന വർഷം തൊഴിലുറപ്പിന് ആകെ ചെലവായത് 701.12 കോടി രൂപയാണ്. 2013-14 -ൽ അതായത് കഴിഞ്ഞവർഷം ചെലവായത് 1740 കോടി രൂപയാണ്. ഏതാണ്ട് മൂന്നിരട്ടിയോളം ചെലവുണ്ടായി. 2010-11-ൽ തൊഴിലുറപ്പിൽ ആകെ കൊടുത്ത തൊഴിൽദിനങ്ങൾ 493 ലക്ഷമാണ്.

കഴിഞ്ഞവർഷം കൊടുത്തത് 865 ലക്ഷമാണ്. മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിലൂടെ സ്ഥിരമായ അസറ്റുണ്ടാക്കാനുള്ള നടപടി സ്വീകരിച്ചു. അതിന്റെ ഫലമായി കേരളത്തിലെ ഗ്രാമീണ മേഖലയിൽ പല പുതിയ പദ്ധതികളും ആരംഭിക്കാൻ സാധിച്ചു. കേരള ഗവൺമെന്റ് ആവശ്യപ്പെട്ടപ്രകാരമാണ് തൊഴിലുറപ്പിൽ ജോലി സമയം കുറച്ചത്. ഇന്ത്യയിൽ മുഴുവൻ ജോലിസമയം രാവിലെ 8 മണിമുതൽ 5 മണിവരെയാണെങ്കിൽ കേരളത്തിൽ രാവിലെ 9 മണിമുതൽ 5 മണിവരെയാക്കി. അതുപോലെ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുന്ന ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ, എഞ്ചിനീയർമാർ എന്നിവരുടെ വേതനം ഗണ്യമായി വർദ്ധിപ്പിച്ചു. ഇവിടെ മെറ്റീരിയൽ കംപോണന്റ് ഉപയോഗിച്ചുകൊണ്ട് കേന്ദ്രഗവൺമെന്റ് പദ്ധതിപ്രകാരം എല്ലാ പഞ്ചായത്തുകളിലും തൊഴിലുറപ്പിലെ തൊഴിലാളികൾക്ക് വിശ്രമിക്കുന്നതിന് രാജീവ് ഗാന്ധി സേവാകേന്ദ്രം ഉണ്ടാക്കാൻവേണ്ടി കേന്ദ്രഗവൺമെന്റ് പൂർണ്ണമായും പത്തുലക്ഷം രൂപ അനുവദിച്ചിരുന്നു. 2010-11 വരെ ഈയിനത്തിൽ ഒരു പൈസപോലും ചെലവഴിച്ചില്ല. രാജീവ് ഗാന്ധി സേവാകേന്ദ്രത്തിന് പഞ്ചായത്തിന് പത്തുലക്ഷം രൂപയും ബ്ലോക്കിന് 25 ലക്ഷം രൂപയും കേന്ദ്ര സഹായമുണ്ടായിട്ടും കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഒരു പൈസ ചെലവഴിക്കുകയോ ഒരു പദ്ധതി ആരംഭിക്കുകയോ ചെയ്തില്ല. ഈ ഗവൺമെന്റ് ആ

പദ്ധതി ഏറ്റെടുത്തതിനുശേഷം ഏതാണ്ട് 46 എണ്ണത്തിന്റെ പണി ആരംഭിച്ചു, അതിൽ 31 എണ്ണത്തിന്റെ പണി പൂർത്തിയായി, ബാക്കിയുള്ളതിന്റെ പണി നടന്നുകൊണ്ടിരിക്കുന്നു. വേതന വിതരണം പൂർണ്ണമായും ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സിസ്റ്റമാക്കി. 977 പഞ്ചായത്തുകളിലും തൊഴിലാളികൾക്ക് അവരുടെ അക്കൗണ്ടുകളിലൂടെ വേതനം നൽകി വേതന വിതരണം സുതാര്യമാക്കി. ഇടുക്കി ജില്ലയിലെ എടമലക്കുടിയിൽ മാത്രമാണ് സഹകരണ ബാങ്കുവഴി വേതനം കൊടുക്കുന്നത്. ബാക്കി എല്ലാ സ്ഥലത്തും കാനറാ ബാങ്കുമുഖേനയും ഇ.എഫ്.എം.എസ്. മുഖേനയും തൊഴിലാളികളുടെ വേതനം അവരുടെ അക്കൗണ്ടിലേയ്ക്ക് വരുന്ന സമ്പ്രദായം നടപ്പിലാക്കി. 2010-11-ൽ കേരളത്തിലെ കൂലി 150 രൂപയായിരുന്നു. 2012-13-ൽ അത് 180 രൂപയായി. 2014-15-ൽ അത് 212 രൂപയായി. ഇപ്പോൾ കൂലി 229 രൂപയാണ്. ഇന്ത്യയിൽ മൂന്നുപ്രാവശ്യം കൂലി വർദ്ധിപ്പിച്ച ഏക സംസ്ഥാനം കേരളമാണ്. പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജന പദ്ധതി പ്രകാരം 2010-11-ൽ നിർമ്മാണം ആരംഭിക്കാതെ 303 റോഡുകളുടെ പണി മുടങ്ങിക്കിടക്കുകയായിരുന്നു. ബഹുമാന്യനായ ഡോ. ടി. എം. തോമസ് ഐസക് അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയാണ്. കേന്ദ്രം കൊടുത്ത ഫണ്ടുകൊണ്ട് ഈ പണി പൂർത്തിയാക്കാൻ സാധിക്കില്ല. ഞങ്ങൾ അന്ന്

അപ്പുറത്തിരിക്കുമ്പോൾ ബഹുമാന്യനായ ശ്രീ. ആര്യാടൻ മുഹമ്മദ് പലവട്ടം ശ്രദ്ധക്ഷണിക്കലിലൂടെയും സബ്മിഷനിലൂടെയും ഈ പ്രശ്നം ഉന്നയിച്ചതാണ്. കേന്ദ്രം നൽകുന്ന ഫണ്ട് മതിയാകുന്നില്ലെങ്കിൽ സംസ്ഥാന ഗവൺമെന്റ് വകമാറ്റിവയ്ക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടു. അന്ന് ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞു, അത് നടക്കില്ല, സംസ്ഥാന ഗവൺമെന്റ് ഒരു പൈസയും കൊടുക്കില്ലയെന്ന്. കേന്ദ്രഗവൺമെന്റ് സഹായിക്കാൻ തയ്യാറായിട്ടും 303 റോഡുകളുടെ പണി ആരംഭിക്കാൻ കഴിയാതെ മുടങ്ങിക്കിടന്നു. ഈ സർക്കാർ വന്നതിനുശേഷം 45 ശതമാനംവരെ ടെണ്ടർ എക്സസ് കൊടുക്കാൻ തീരുമാനിച്ചു. അതിന്റെ ഫലമായി ഏതാണ്ട് 155 റോഡുകളുടെ പണി ആരംഭിച്ചു. അതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് 169 കോടി രൂപ അധികമായി കൊടുത്തു. സംസ്ഥാനം ഫണ്ട് വകയിരുത്തിയതുകൊണ്ട് മുടങ്ങിക്കിടന്ന റോഡുകളുടെ പണി ആരംഭിക്കാനും പൂർത്തിയാക്കാനും സാധിച്ചു. അതുപോലെ എട്ടാമത്തെ ഫേസായി ലഭിച്ച 746 കി. മീ. റോഡുകളുടെയും പി.എം.ജി.എസ്.വൈ. പദ്ധതിപ്രകാരമുള്ള രണ്ടാം ഫേസിലെ 720 റോഡുകളുടെയും പണി ആരംഭിക്കാൻ സാധിച്ചു. അതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് 158 കോടി രൂപ അധികമായി അനുവദിച്ചു. യു.പി.എ. ഗവൺമെന്റിന്റെ അവസാന കാലഘട്ടത്തിൽ ശ്രീ. ചിദംബരം പി.എം.ജി.എസ്.വൈ. ഫേസ് ടു

പ്രഖ്യാപിച്ചു. ഇന്ത്യയിലാകെ 50,000 കി. മീ. റോഡ് എന്നതായിരുന്നു ആ പദ്ധതി. പക്ഷെ ആ പട്ടികയിൽ കേരളം ഉണ്ടായിരുന്നില്ല. മുഖ്യമന്ത്രി ഡൽഹിയിൽപ്പോയി ശ്രീ. ചിദംബരത്തെയും പ്രധാനമന്ത്രിയെയും കണ്ടു. അപ്പോൾ അദ്ദേഹം പറഞ്ഞത്, ഒന്നാമത്തെ ഫേസിൽ അനുവദിച്ച പണം കേരളം ചെലവഴിച്ചിട്ടില്ല, രണ്ടാം ഫേസിൽ പണം നൽകണമെങ്കിൽ ഒന്നാംഘട്ടം പൂർത്തിയാക്കണമെന്ന്. അങ്ങനെ നമുക്ക് അനുവാദം ലഭിച്ചില്ല. ഞങ്ങൾ മടങ്ങിവന്ന് സംസ്ഥാന ഗവൺമെന്റിന്റെ പ്രത്യേക താല്പര്യംമൂലം അധികമായ ഫണ്ട് വകയിരുത്തി ഒന്നാം ഫേസിലെ മുഴുവൻ പ്രവൃത്തിയും ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. ചില പ്രവൃത്തികൾ ഉപേക്ഷിച്ചു. അതിന്റെ ഫലമായി പി.എം.ജി.എസ്.വൈ.യുടെ ഫേസ് ടു പദ്ധതി പ്രകാരം അധികമായി ഇപ്പോൾ 720 കി.മീ. റോഡുകൾ ലഭിക്കുകയുണ്ടായി. ഇന്ദിരാ ആവാസ് യോജനാ പദ്ധതി, ഇന്ത്യയിലെ എല്ലാ സംസ്ഥാനത്തുമുള്ളതാണ്. എല്ലാ സംസ്ഥാനത്തും വീടൊന്നിന് 75,000 രൂപയാണ് കൊടുക്കുന്നത്. കേരളത്തിൽ മാത്രമാണ് പൊതുവിഭാഗത്തിനും എസ്.സി. വിഭാഗത്തിനും രണ്ടുലക്ഷം രൂപയും എസ്.റ്റി. വിഭാഗത്തിന് രണ്ടര ലക്ഷം രൂപയും കൊടുക്കുന്നത്. അതിനുവേണ്ടി ആദ്യം സംസ്ഥാന ഗവൺമെന്റ് ഫണ്ടിൽനിന്ന് മാറ്റിവച്ചത് വീടൊന്നിന് 75,000 രൂപയായിരുന്നു. പിന്നെ അത് 50,000 രൂപയാക്കി മാറ്റി.

അധികമായ തുക ഗ്രാമ പഞ്ചയാത്തും ബ്ലോക്ക് പഞ്ചായത്തും ജില്ലാ പഞ്ചായത്തും കൊടുക്കാൻ തീരുമാനിച്ചു. അതിന്റെ ഫലമായി ഇപ്പോൾ വീടൊന്നിന് എസ്.സി. വിഭാഗത്തിനും പൊതുവിഭാഗത്തിനും രണ്ടുലക്ഷം രൂപയും എസ്.റ്റി. വിഭാഗത്തിന് രണ്ടരലക്ഷം രൂപയുമാണ് കൊടുക്കുന്നത്. കുറച്ചുതുക കുടിശ്ശിക കൊടുക്കാനുണ്ടെന്ന് സമ്മതിച്ചു. കുടിശ്ശിക കൊടുക്കുന്നതിന് സംസ്ഥാന ഗവൺമെന്റിന് ഹഡ്കോയുടെ 650 കോടി രൂപ വായ്പയായി അനുവദിച്ചിട്ടുണ്ട്. ആ വായ്പ റിലീസ് ചെയ്തു കിട്ടിയാലുടൻ മുഴുവൻ കുടിശ്ശികയും കൊടുക്കും. ഒരു രൂപപോലും കുടിശ്ശിക വയ്ക്കില്ല.

ക്ഷീര മേഖലയെപ്പറ്റി ഡോ. തോമസ് ഐസക് ചില കണക്കുകളൊക്കെ പറഞ്ഞു. ക്ഷീര മേഖലയിൽ വലിയ മാറ്റം ഉണ്ടായ കാലഘട്ടമാണ് ഇത്. 2010-11 -ൽ മിൽമ സംഭരിച്ചത് 6.42 ലക്ഷം ലിറ്റർ പാൽ, 2014-15 -ൽ സംഭരിച്ചത് 11.21 ലക്ഷം ലിറ്റർ പാൽ. അദ്ദേഹം പറഞ്ഞ കണക്ക് ഉത്പ്പാദനമാണ് സംഭരണമല്ലെന്ന് പറഞ്ഞു. ഉത്പ്പാദിപ്പിക്കാതെ സംഭരിക്കാൻ സാധിക്കുമോ? കേരളത്തിൽ ഉത്പ്പാദനം വർദ്ധിച്ചു, സംഭരണവും വർദ്ധിച്ചു. അദ്ദേഹം പറയുന്ന കണക്ക് പൊരുത്തപ്പെടുന്നതല്ല. ഇവിടെ 74.6 ശതമാനം സംഭരണം വർദ്ധിച്ചു. ശ്രീ. സി. ദിവാകരൻ അന്ന് മന്ത്രിയായിരുന്നു, പാലിന്റെ വിലകൂട്ടണമെന്ന് മിൽമ അപേക്ഷിച്ചു. കായിക അദ്ധ്വാനം ആവശ്യമുള്ള ജോലിക്ക് ഇന്ന് മലയാളികൾ തയ്യാറല്ല. ഇവിടെ

പണി എടുക്കണമെങ്കിൽ അന്യസംസ്ഥാന തൊഴിലാളി വേണം. കന്നുകാലി വളർത്തൽ എളുപ്പമുള്ള ജോലിയല്ല. വെളുപ്പിന് എഴുന്നേൽക്കുകയും കന്നുകാലി കൂട്ടിൽ പോയി പശുവിനെ കുളിപ്പിക്കുകയും ചാണകം വാരുകയും പാൽ കറക്കുകയും പാൽ സംഘത്തിൽ കൊടുക്കുകയും വേണം. ഇന്നത്തെ കാലത്ത് ആരാണ് അതിന് തയ്യാറാകുന്നത്. അങ്ങനെ തയ്യാറാകുന്നവരെ സഹായിച്ചില്ലെങ്കിൽ കന്നുകാലി വളർത്തൽ ലാഭകരമായ ജോലിയായി മാറിയില്ലെങ്കിൽ ഈ രംഗത്ത് കൊഴിഞ്ഞുപോക്ക് ഉണ്ടാകും. ഉത്പ്പാദനം താഴേയ്ക്ക് പോകും. അന്ന് എൽ.ഡി.എഫ്. ഗവൺമെന്റ് വിലകൂട്ടാൻ സമ്മതിച്ചില്ല. മിൽമ ഹൈക്കോടതിയിൽ പോയി. പാലിന്റെ വില നിശ്ചയിക്കാനുള്ള അധികാരം സംസ്ഥാന ഗവൺമെന്റിനല്ല, മിൽമയ്ക്കാണെന്ന് ഹൈക്കോടതി പറഞ്ഞു. ഞങ്ങൾ അപ്പീൽ പോയില്ല. കഴിഞ്ഞ നാലുകൊല്ലം കൊണ്ട് പാലിന്റെ വില മൂന്നുതവണ വർദ്ധിപ്പിച്ചു, 13 രൂപ കൂട്ടി. വില വർദ്ധിപ്പിച്ചതുകൊണ്ട് ഗുണപരമായ മാറ്റം ആ രംഗത്തുണ്ടായി. ഉത്പാദനം വർദ്ധിച്ചു. ഇന്ന് മലബാർ മേഖലയിലെ ഉത്പാദനം അവിടത്തെ ആവശ്യത്തെക്കാളുമധികമാണ്. തിരുവനന്തപുരം, എറണാകുളം എന്നീ മേഖലകളിൽ ഉത്പാദനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഇങ്ങനെപോകാൻ സാധിച്ചാൽ ഒരു വർഷംകൊണ്ട് നമുക്കാവശ്യമായ പാൽ മുഴുവനും കേരളത്തിൽത്തന്നെ

ഉത്പാദിപ്പിക്കാൻ സാധിക്കും. അന്യസംസ്ഥാനത്ത് പോകേണ്ടതായി വരില്ല. തമിഴ്നാട്ടിലേയ്ക്കോ കർണ്ണാടകയിലേയ്ക്കോ പോകേണ്ടി വരില്ല. ആ മാറ്റം ഉണ്ടായത് മിൽമയുടേയും ക്ഷീര വികസന വകുപ്പിന്റെയും മൃഗസംരക്ഷണ വകുപ്പിന്റെയും പ്രാഥമികസംഘങ്ങളുടെയും സഹായം കൊണ്ടാണ്.

ശ്രീ. കെ. അച്ചുതൻ: സർ, അങ്ങ് ഈ സഭയിൽത്തന്നെ പറഞ്ഞ കാര്യമാണ് രണ്ടു പശുക്കളെ വളർത്തുന്നയാളിന് തൊഴിലുറപ്പുകൂലി കൊടുക്കുന്ന കാര്യം പരിഗണിക്കുമെന്ന്. അത് ഇതുവരെയും നടപ്പിലായിട്ടില്ല. അക്കാര്യം പരിഗണിക്കുമോ?

ശ്രീ. കെ. സി. ജോസഫ്: സർ, തൊഴിലുറപ്പ് പദ്ധതിയുടെ നിയന്ത്രണം ഇന്ത്യാ ഗവൺമെന്റിനാണ്. തൊഴിലുറപ്പിൽ ഏതെല്ലാം ജോലി ഉൾപ്പെടുത്തണമെന്നത് നിശ്ചയിക്കുന്നത് നമ്മുടെ അകാശമല്ല, ഇന്ത്യാ ഗവൺമെന്റാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ നാലു കൊല്ലം മുൻപുതന്നെ ഞങ്ങൾ ആവശ്യപ്പെട്ടതാണ് തൊഴിലുറപ്പു പദ്ധതിയുടെ ഷെഡ്യൂളിൽ മാറ്റം വരുത്തണമെന്ന്. കന്നുകാലി വളർത്തൽ, തൊണ്ടു സംഭരണം, ഖാദി മേഖല തുടങ്ങിയ പരമ്പരാഗത മേഖലകൂടി ഉൾപ്പെടുത്താൻ കേരളം ആവശ്യപ്പെട്ടു. പ്രധാനമന്ത്രിയെ കണ്ടു, എന്നാൽ അനുകൂലമായ നടപടി സ്വീകരിച്ചില്ല. പുതിയ ഗവൺമെന്റ് വന്നപ്പോൾ ഞങ്ങൾ

ഇക്കാര്യം ഉന്നയിച്ചു. അതിന്റെ അടിസ്ഥാനത്തിൽ കോവളത്തുവച്ച് ദക്ഷിണേന്ത്യയിലെ മന്ത്രിമാരുടെ യോഗം വിളിച്ചുകൂട്ടി, അവിടെ ഇക്കാര്യം ഉന്നയിച്ചു. അന്ന് ഇപ്പോഴത്തെ കേന്ദ്ര മന്ത്രി പറഞ്ഞത് നാലു മേഖലകളിലെയും യോഗം കഴിഞ്ഞശേഷം തീരുമാനിക്കാമെന്നാണ്, തീരുമാനമുണ്ടായിട്ടില്ല. കേരളത്തിന്റെ ശക്തമായ ആവശ്യമാണ് തൊഴിലുറപ്പ് പദ്ധതിയിൽ ക്ഷീര മേഖല, ഖാദി മേഖല, കയർ മേഖല ഈ മൂന്നു മേഖലയും ഉൾപ്പെടുത്താൻ സാധിക്കണമെന്നത്. ഞാൻ ദീർഘമായി പറഞ്ഞുപോകുന്നില്ല.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, അങ്ങ് പറയുകയുണ്ടായി ഈ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് ആവശ്യമായ പ്രോത്സാഹനവും സഹായവും കൊടുക്കണമെന്ന്. ഇത് ഗവൺമെന്റിന്റെ നല്ല നിലപാടാണ്. പ്രാദേശികമായി ക്ഷീര സംഘങ്ങൾ പ്രവർത്തിക്കുന്നത് വളരെയേറെ സാമ്പത്തിക ബുദ്ധിമുട്ടിലാണ്. ഗവൺമെന്റ് ഡിപ്പാർട്ടുമെന്റ് വഴി കൊടുക്കുന്ന ഫണ്ടുകൊണ്ട് കെട്ടിട നിർമ്മാണം ചെറിയ തോതിലാണ് നടത്താൻ കഴിയുന്നത്. എം.എൽ.എ. ഫണ്ടാണെങ്കിലും ചെറിയ തുകയാണ് കൊടുക്കാൻ കഴിയുന്നത്. എം.എൽ.എ അസറ്റ് ഫണ്ട് ക്ഷീരസംഘങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി കൊടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചാൽ, എം.എൽ.എ. മാർ പലരും പ്രൊപ്പോസൽ വച്ചിട്ടുണ്ട്. പല

ക്ഷീര സംഘങ്ങൾക്കും വലിയ സഹായകമായിരിക്കും, അക്കാര്യം ഗവൺമെന്റ് പരിഗണിക്കുമോ അത് നടപ്പാക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. സി. ജോസഫ്: സർ, അങ്ങയുടെ നല്ല നിർദ്ദേശത്തെ പൂർണ്ണമായും പിന്തുണയ്ക്കുന്നു. എന്റെ ഭാഗത്തുനിന്ന് എല്ലാ സഹകരണവുമുണ്ടാകും. അതുപോലെ ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് ജില്ലാ പഞ്ചായത്ത് എന്നീ മൂന്ന് സമിതികളുടെയും പ്ലാൻ ഫണ്ടിൽ ഗണ്യമായ സംഖ്യ ഈ മേഖലയിൽ മാറ്റിവയ്ക്കുന്നുണ്ട്. എല്ലാവരുടെയും കൂട്ടായ പ്രവർത്തനം കൊണ്ടാണ് ഈ രംഗത്ത് വലിയ പുരോഗതി ഉണ്ടായത്. അതുകൊണ്ടാണ് ക്ഷീര മേഖലയിൽ ഉത്പാദന രംഗത്ത് വർദ്ധനവ് ഉണ്ടായത്.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഇടുക്കിയിലെ തോപ്രാംകുടിയിൽ ക്ഷീര വികസന യൂണിറ്റ് ആരംഭിക്കുന്നതിനെക്കുറിച്ച് നേരത്തെ തന്നെ സംസാരിച്ചിരുന്നു. ഈ സാമ്പത്തിക വർഷം തന്നെ അതിന് അനുമതി നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. സി. ജോസഫ്: സർ, ഇടുക്കി ജില്ലയിലെ തോപ്രാംകുടിയിൽ ഒരു ക്ഷീര വികസന യൂണിറ്റ് ആരംഭിക്കുന്ന കാര്യം ബഹുമാനപ്പെട്ട എം.എൽ.എ. ഉന്നയിക്കുകയും അതിന് ക്ഷീര വികസന വകുപ്പ് തീരുമാനിക്കുകയും ചെയ്തു. അത്

ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. അനുവാദം ലഭിച്ചാൽ ഉടൻതന്നെ ഉത്തരവുണ്ടാകുന്നതാണ്. ഞാൻ അധികമായി ദീർഘിപ്പിക്കുന്നില്ല. ഈ കഴിഞ്ഞ നാലു വർഷംകൊണ്ട് ക്ഷീര മേഖലയിലും അതുപോലെ തന്നെ ഗ്രാമീണ വികസന മേഖലയിലും ഉണ്ടായ ശ്രദ്ധേയമായ പുരോഗതി ഗവൺമെന്റിന്റെ നേട്ടമായി ചൂണ്ടിക്കാണിക്കുകയാണ്. തീർച്ചയായും എല്ലാവരുടെയും കൂട്ടായ സഹകരണം കൊണ്ട് പഞ്ചായത്തുകളുടെയും ബന്ധപ്പെട്ട വകുപ്പുകളുടെയും സഹകരണം കൊണ്ട് ഉണ്ടായ വലിയ നേട്ടം തീർച്ചയായും മുന്നോട്ടുപോകുന്നതിനുള്ള ആത്മവിശ്വാസം ഗവൺമെന്റിന് പകരും. ഈ ഡിമാന്റ് അനുവദിക്കണമെന്ന് അപേക്ഷിക്കുന്നു.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (<u>ഡോ. എം. കെ. മുനീർ</u>): സർ, ഹിറ്റ്ലറുടെ പ്രചരണ വകുപ്പുമന്ത്രി പോൾ ജോസഫ് ഗീബെൽസ്, ഹിറ്റ്ലർക്ക് പറഞ്ഞുകൊടുത്തിട്ടുള്ളത് പ്രചരണത്തിൽ അല്ലെങ്കിൽ പ്രവർത്തനത്തിൽ നമ്മൾ ശ്രദ്ധിക്കേണ്ട കാര്യം നമ്മുക്ക് പറയാനുള്ളത് മുഴുവൻ പറയുക, അതേസമയം നമ്മുടെ എതിരാളികൾ പറയുന്നത് കേൾക്കാതിരിക്കാൻ ശ്രദ്ധിക്കുക, അതിൽനിന്ന് പിന്തിരിയുക എന്നതാണ്. ഗീബെൽസിന്റെ പ്രചരണവിദ്യ കരസ്ഥമാക്കിയ പ്രതിപക്ഷം അവർക്ക് പറയാനുള്ളത് മുഴുവൻ പറഞ്ഞു, എന്നാൽ അതിനുള്ള ഒരു മറുപടിയും കേൾക്കാൻ അവർ തയ്യാറാകുന്നില്ല. ഇത് ഗീബെൽസിനെപ്പോലും

നാണിപ്പിക്കുന്ന ഒരു നിലപാടായിപ്പോയി എന്ന് ഞാൻ ആദ്യമായി സൂചിപ്പിക്കുകയാണ്. ഇവിടെ പറഞ്ഞ രാഷ്ട്രീയ കാര്യങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. പക്ഷെ ചില കാര്യങ്ങൾ സാന്ദർഭികമായി പറയേണ്ടതുണ്ട് അല്ലെങ്കിൽ രേഖയിൽ ഇവിടെ സാമുദായിക അടിസ്ഥാനത്തിൽ വാർഡ് രൂപീകരിച്ചവരാണ് നമ്മൾ എന്ന തെറ്റായ ധാരണ വരും. ആദ്യമായി ഞാൻ പറയാൻ ആഗ്രഹിക്കുന്നു, സാമുദായിക പരിഗണന വച്ചുകൊണ്ട് കേരളത്തിൽ ഒരു വാർഡും ഒരു പഞ്ചായത്തും ഉണ്ടാക്കിയിട്ടില്ല. അത് പ്രാദേശികമായ, ഭൂമിശാസ്ത്രപരമായ പരിഗണനകൾ വച്ചുകൊണ്ടാണെന്ന് ഞാൻ ഒരു തവണ പറയുന്നു, രണ്ട് തവണ പറയുന്നു, മൂന്നു തവണ പറയുന്നു. അതുകൊണ്ട് പുകമറ സൃഷ്ടിച്ചുകൊണ്ട് രാജ്യത്ത് വർഗ്ഗീയമായി ഒരു തെരഞ്ഞെടുപ്പിനെ നേരിടാൻ ഇടതുപക്ഷം തയ്യാറെടുത്തുകഴിഞ്ഞുവെന്നതിന്റെ സൂചനയാണ് നമ്മൾ ഇവിടെ കണ്ടത്. ശ്രീ. കാനം രാജേന്ദ്രൻ നടത്തിയ പ്രസ്താവനയാണ് ഞാൻ ഇവിടെ വായിക്കുന്നത് " ഇടതുപക്ഷവും ഹൈന്ദവതയും തമ്മിലുള്ള അതിർവരമ്പ് ഇല്ലാതെയായിക്കൊണ്ടിരിക്കുന്നു. ഇതിനുള്ള മറുപടി ശ്രീ. കോടിയേരി ബാലകൃഷ്ണൻ കൊടുത്തിട്ടുണ്ട്. വളരെ ശക്തമായ ഭാഷയിൽ കാനം രാജേന്ദ്രൻ പറയുന്നുണ്ട് "ഇടതുപക്ഷത്തിന്റെ കാലിന്റെ അടിയിലുള്ള മണ്ണ് മുഴവൻ ചോർന്നുപോകുന്നു അത് വർഗ്ഗീയ പക്ഷത്തേയ്ക്കാണ് പോകുന്നതെന്നത് ഗൗരവമായ

ചർച്ചയ്ക്ക് വിധേയമാക്കണം" മാത്രമല്ല, ഒരു കാലത്ത് ശ്രീ. പിണറായി വിജയൻ പറയുകയുണ്ടായി "ഞങ്ങൾ കണക്കൊന്നും ഒരു കാലത്തേയ്ക്കും മാറ്റിവയ്ക്കാറില്ല. ഒരു പലിശയും ആർക്കും കൊടുക്കുന്നത് മാറ്റിവയ്ക്കാറില്ല. അതുകൊണ്ട് ഞങ്ങളോട് തൊട്ടുകളിച്ചാൽ തിരിച്ചുകൊടുക്കും" എന്ന് പറഞ്ഞ പിണറായി വിജയൻ അവരുടെ സഖാക്കളെ തന്നെ വെട്ടിക്കൊലപ്പെടുത്തിയിട്ടുള്ള അന്നത്തെ ബി.ജെ.പി.-ആർ.എസ്.എസ്. നേതാക്കളെ പൂമാലയിട്ട് സ്വീകരിക്കുന്നത് നമുക്ക് നാദാപുരം ഭാഗത്ത് കാണാൻ സാധിച്ചു. ഇത്രയും വർഗ്ഗീയതയെ നിസ്സാരവത്ക്കരിക്കുന്ന രീതിയിലേയ്ക്ക് ഇടതുപക്ഷം പോവുകയാണ്. വി. പി. സിംഗിന്റെ ഭരണകാലഘട്ടത്തിൽ അവർ എടുത്തിട്ടുള്ള നിലപാടിനെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു, അത് തൊട്ടു തൊട്ടില്ല എന്നുള്ള രീതിയിലായിരുന്നുവെന്നാണ് അവർ പറയുന്നത്. പക്ഷേ ശ്രീ. എൽ. കെ. അദ്വാനിയുടെ ബയോഗ്രഫിയിലെ ഒരു ചാപ്റ്ററിൽ പറയുന്നുണ്ട്, വി.പി. സിംഗിന്റെ കാലഘട്ടത്തിൽ ഞങ്ങൾ വാജ്പേയിയുടെ വീട്ടിൽ എല്ലാ മാസവും പ്രാതലിന് കൂടാറുണ്ടായിരുന്നു. ആ കൂട്ടത്തിൽ ഞങ്ങളുടെ പ്രധാനപ്പെട്ട അതിഥി പശ്ചിമബംഗാളിൽനിന്നുള്ള ജ്യോതി ബസുവായിരുന്നു. ഞങ്ങൾ ഇടപെട്ട് ജ്യോതിബസു ആവശ്യപ്പെട്ട ഗവർണറെ പശ്ചിമബംഗാളിൽ കൊടുക്കാൻ തയ്യാറായി എന്നു പറയുമ്പോൾ ഇവർ

പുറത്തുകാണിക്കുന്ന മതേതരത്വമല്ലാതെ ഉള്ളിന്റെയുള്ളിലെ വർഗ്ഗീയത തലപൊക്കി പുറത്തുവന്നിട്ടുണ്ട്. മാർക്സിസ്റ്റ് പാർട്ടി ഇല്ലാതാകുന്നതിനെ സന്തോഷത്തോടെ കാണുന്നവരല്ല ഞങ്ങൾ. ക്വിറ്റ് ഇന്ത്യാ സമരത്തിൽനിന്ന് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം മാറി നിന്നതിനെക്കുറിച്ച് ഇ.എം.എസ്. പറഞ്ഞത്, ഇവിടെ ബ്രിട്ടീഷുകാരോട് സമരം ചെയ്യുകയല്ല, ലോക ഫാസിസത്തെ നേരിടുകയാണ് പ്രധാനം എന്നാണ്. അതുകൊണ്ട് ഞങ്ങൾ പോപ്പുലർ ഫ്രണ്ടിൽ കയറിക്കൊണ്ട് അന്ന് ഫാസിസത്തെ നേരിട്ടു. പക്ഷേ ഇന്ത്യയിൽ നമ്മുടെ തിരുമുറ്റത്ത് ആ ഫാസിസം വന്നുനിൽക്കുമ്പോൾ അത് കണ്ടില്ലെന്ന് നടിക്കുകയും കോൺഗ്രസ് എന്ന മതേതരത്വം കാത്തുസൂക്ഷിക്കാൻ ശക്തിയുള്ള ഒരു പ്രസ്ഥാനത്തെ ക്ഷയിപ്പിക്കുന്നതിനുവേണ്ടിയുള്ള നിലപാട് സ്വീകരിക്കുകയും ചെയ്യുമ്പോൾ മുസ്ലീം ലീഗ് എന്ന പ്രസ്ഥാനത്തിന് മതേതരത്വം ഉയർത്തിപ്പിടിക്കുന്ന കോൺഗ്രസിന്റെ കൂടെ നിന്നുകൊണ്ട് അതിനെ ശക്തിപ്പെടുത്തേണ്ട ബാദ്ധ്യതയുണ്ടെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ആ ബാദ്ധ്യത മറന്നുകൊണ്ട് ഇവിടെ എത്ര പ്രസംഗങ്ങൾ നടന്നു. അതിൽ ഏതെങ്കിലുമൊരു പ്രസംഗത്തിൽ മോദി എന്ന വാക്ക് ഇവർ ഉച്ചരിച്ചിട്ടുണ്ടോ? മോദി എന്നു പറയുന്നയാളെ കണ്ണടച്ചിരുട്ടാക്കി, അദ്ദേഹത്തെ കണ്ടില്ല എന്നു നടിച്ചുകൊണ്ട് ഇവിടെ മതേതരത്വത്തിനുവേണ്ടി നിലകൊള്ളുന്ന ഒരു

ഗവൺമെന്റിനെ വർഗ്ഗീയവാദികൾ എന്ന് വിശദീകരിക്കുന്നതിലൂടെ വളരെ ഭയാനകരമായ ഒരു അവസ്ഥയാണ് ഇവിടെയുണ്ടാകാൻ പോകുന്നതെന്ന് മനസ്സിലാക്കണം. അതുകൊണ്ട് ഈ വിളവൊന്നും വരുന്ന തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിൽ മതേതരത്വത്തിൽ വിശ്വസിക്കുന്ന ജനങ്ങൾ സ്വീകരിക്കില്ല എന്നു മാത്രം സൂചിപ്പിക്കാൻ ഈയവസരം വിനിയോഗിക്കുകയാണ്.

സാമൂഹ്യനീതിയിൽ അതുപോലെ പഞ്ചായത്തിൽ വരുത്തിയിട്ടുള്ള പരിവർത്തനങ്ങൾ കണ്ടില്ല എന്ന് നടിച്ചുകൊണ്ടാണ് അദ്ദേഹം സംസാരിച്ചത്. നിങ്ങൾ എന്തു ചെയ്തുവെന്ന് ഇവർ ചോദിച്ചു. എന്തുകൊണ്ട് നിങ്ങൾ ആനുകൂല്യങ്ങൾ കൊടുക്കുന്നില്ല എന്ന് ചോദിച്ചു. ഉദാഹരണത്തിന് അംഗനവാടി ജീവനക്കാർക്ക് കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ എത്ര രൂപയാണ് ഓണറേറിയം കൊടുത്തിരുന്നത്? 2010 രൂപയാണ്. ഞങ്ങൾ ഓരോ വർഷവും വർദ്ധിപ്പിച്ചുകൊടുത്ത് ഇപ്പോൾ 5,000 രൂപയായി. 2,000-ൽ നിന്നും 5,000 രൂപയാക്കിയതിനെക്കുറിച്ച് സംസാരിക്കാതെ എന്തുകൊണ്ട് 10,000 ആക്കാത്തതെന്ന് ചോദിക്കുമ്പോൾ നിങ്ങൾ എന്താണ് 2,000 രൂപയിൽ നിർത്തിയതെന്ന മറുചോദ്യമാണ് ഞങ്ങൾക്ക് ചോദിക്കാനുള്ളത്. അംഗനവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും അവസ്ഥ ഞങ്ങൾക്കറിയാം. അവരെ

നിരാകരിച്ചുകൊണ്ട് ഒരിക്കലും ഈ ഗവൺമെന്റ് മുന്നോട്ടുപോകില്ല. മുഖ്യമന്ത്രിയുമായും ധനകാര്യ വകുപ്പുമന്ത്രിയുമായും സംസാരിച്ചിട്ടുണ്ട്. അവരുടെ വേദനകൾ, ഇപ്പോഴുള്ള പ്രയാസങ്ങൾ പരിഹരിക്കാൻ ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്, കാലാവധി പൂർത്തീകരിക്കുന്ന തിനുമുമ്പ് അത് പരിഹരിക്കാൻ തയ്യാറാകും എന്നുമാത്രമാണ് ഞങ്ങൾക്ക് പറയാനുള്ളത്. പഞ്ചായത്തുകളുമായി ബന്ധപ്പെട്ട് ഡോ. ടി. എം. തോമസ് ഐസക് ചില കാര്യങ്ങൾ പറയുകയുണ്ടായി. അദ്ദേഹം കണ്ണടച്ച് ഇരുട്ടാക്കുകയാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, അംഗനവാടി ജീവനക്കാർക്ക് ഓണത്തിനു കിട്ടുന്ന ഉത്സവബത്ത 500 രൂപയാണ്. അത് 1,000 രൂപയാക്കി കൊടുക്കണം. ഓണത്തിന് ഉപ്പേരിയോ ശർക്കരവരട്ടിയോ പച്ചക്കറികളോ വാങ്ങിക്കാനുള്ള കാശ് വേണ്ടേ. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായും ധനകാര്യ വകുപ്പുമന്ത്രിയുമായും ആലോചിച്ച് അത് 1,000 രൂപയാക്കി ഉയർത്താൻ തയ്യാറാകുമോ;

ഡോ. എം. കെ. മുനീർ: സർ, അംഗനവാടി ജീവനക്കാരുടെ ഓണ അലവൻസ് വർദ്ധിപ്പിച്ചുകൊടുത്തതാണ്. ക്യാബിനറ്റിൽ അങ്ങ് പറഞ്ഞ നിർദ്ദേശം തീർച്ചയായും അവതരിപ്പിക്കുകയും അത് വാങ്ങിയെടുക്കുന്നതിനുവേണ്ടി പരിശ്രമിക്കുകയും ചെയ്യുമെന്ന് അറിയിക്കുകയാണ്. അവരെ കൊണ്ട് കുറേ ജോലി ചെയ്യിക്കുന്നുവെന്ന്

പറഞ്ഞു. അവർക്കാവശ്യമുള്ള ജോലികളെ ചെയ്യിക്കുന്നുള്ളൂ. ഇപ്പോൾ ഡിസ്എബിലിറ്റി സെൻസസ് - അത് ചെയ്യേണ്ടത് അംഗനവാടി ജീവനക്കാരുടെ കടമയാണ്. ആരോഗ്യ വകുപ്പിൽ നിന്നുള്ള ഹെൽത്ത് ഓഫീസേഴ്സുമായി ബന്ധപ്പെട്ടുവരുന്നവർക്ക് 15 രൂപയും ഇവർക്ക് 5 രൂപയും എന്നുപറയുമ്പോൾ രണ്ടും രണ്ടുജോലിയാണ്. പ്രാഥമികമായി എത്ര വൈകല്യമുള്ളവരുണ്ട് എന്ന് കണ്ടെത്താനാണ് അംഗനവാടിക്കാരെ ഏല്പിച്ചിട്ടുള്ളത്. എന്നാൽ ഹെൽത്ത് ഡിപ്പാർട്ട്മെന്റിൽനിന്നും വരുന്ന ജീവനക്കാർ സ്പെഷ്യലൈസ്ഡായിട്ടുള്ള ജോലികളാണ് ചെയ്യുന്നത്. പതിനാറോ പതിനേഴോ വൈകല്യങ്ങൾ ഓരോന്നോരോന്നായി ചോദിച്ച് അത് കണ്ടെത്തി ക്ലാസിഫൈ ചെയ്യേണ്ട വളരെ ശാസ്ത്രീയമായി ചെയ്യേണ്ട ജോലിയാണ് അവർക്ക് കൊടുത്തിട്ടുള്ളത്. മറ്റുള്ളത് അംഗനവാടി ജീവനക്കാർ സ്വതവേ ഓരോ വീട്ടിൽ പോകുമ്പോഴും അവർ ചോദിച്ച് മനസ്സിലാക്കേണ്ട അവരിൽ നിക്ഷിപ്തമായിട്ടുള്ള ജോലിയാണ്. പക്ഷേ അതിനും 5 രൂപ കൊടുത്തുവെന്നുള്ളതാണ് അതിൽ എടുത്തുപറയുവാനുള്ളത്. ഏതായാലും കേരളത്തിലാദ്യമായി ഞങ്ങൾ ഡിസ്എബിലിറ്റിയുടെ ഒരു സെൻസസ് എടുക്കുകയാണ്. ഇന്ത്യയിലാദ്യമായി ഏതെല്ലാംതരം ഡിസ്എബിലിറ്റിയുണ്ടെന്ന് കണ്ടെത്താൻ ശ്രമിക്കുകയാണ്. സെപ്റ്റംബറോടുകൂടി അത് പൂർത്തീകരിക്കും.

സെപ്റ്റംബറിൽ ഇന്ത്യയിലാദ്യമായി ഡിസ് എബിലിറ്റിയുടെ സെൻസസ് റിപ്പോർട്ട് പ്രസിദ്ധീകരിക്കുമെന്ന് പറയാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. ടി. എൻ. പ്രതാപൻ: സർ, കഴിഞ്ഞ ബഡ്ജറ്റിൽ ഗ്രാമങ്ങളിലെ എല്ലാ തരത്തിലുമുള്ള കഴിവും പ്രാപ്തിയുമുള്ള കുട്ടികളെ ഉയർത്തികൊണ്ടുവരുന്നതിന് 'കുട്ടികളുടെ ഗ്രാമം' എന്ന പദ്ധതി പ്രഖ്യാപിക്കുകയും ഒരു കോടി രൂപ മാറ്റിവയ്ക്കുകയും ചെയ്തു. അത് ഇതുവരെ പ്രാവർത്തികമായിട്ടില്ല. കുട്ടികളുടെ ഗ്രാമം എന്നത് പുതിയ ആശയമാണ്. ഈ കാലയളവിലെങ്കിലും പൂർത്തിയാക്കുവാൻ ശ്രമിക്കുമോ?

ഡോ. എം. കെ. മുനീർ: സർ, അങ്ങയോട് ഞാൻ പറഞ്ഞിരുന്നു. അതിനനുസരിച്ച് ഭൂമി ലഭ്യമായാൽ ഫുൾ പ്രോജക്ട് വച്ചുകൊണ്ട് അതിന്റെ മീറ്റിംഗ് കൂടി ആദ്യത്തെ കുട്ടികളുടെ ഗ്രാമം എന്നത് അങ്ങ് പറഞ്ഞ സ്ഥലത്ത് ഈ ഗവൺമെന്റിന്റെ കാലാവധിക്കുമുമ്പ് തറക്കല്ലിടും എന്നുള്ളത് അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

അതുപോലെ ധാരാളം പോളിസികൾ ഞങ്ങൾ കൊണ്ടുവന്നു, ന്യൂട്രീഷൻ പോളിസി, നിർഭയ പോളിസി, ഡിസ്എബിലിറ്റി പോളിസി, ചൈൽഡ് പോളിസി........ പൈപ്പ് ലൈനിൽ ധാരാളം പോളിസികളുണ്ട്. ഓൾഡ് ഏജ് പോളിസി ഞങ്ങൾ മാറ്റിയുണ്ടാക്കി. പോളിസികൾ ഡിക്ലയർ ചെയ്യുക

എന്നുപറയുന്നത് ഒരു ജോലിയാക്കി മാറ്റുക എന്നതല്ല പോളിസികൾ എങ്ങനെ നടപ്പിലാക്കണമെന്നതിന് ആക്ഷൻ പ്ലാനുണ്ടാക്കുന്നതിനുവേണ്ടി തീരുമാനിച്ചു. അതിൽ ഓൾഡ് ഏജ് പോളിസി ആക്ഷൻ പ്ലാനിലേയ്ക്ക് പോയിക്കൊണ്ടിരിക്കുകയാണ്. വയോജനങ്ങൾക്കുവേണ്ടി പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, ഹൈപ്പർമാർക്കറ്റുകൾ തുടങ്ങിയവയുമായി ഡിസ്കസ് ചെയ്ത് ഒരു ഡിസ്കൗണ്ട് കാർഡ് ഇവർക്കുവേണ്ടി ഉണ്ടാക്കിക്കൊടുക്കാനുള്ള തീരുമാനമെടുക്കുകയാണ്. അതുവന്നുകഴിഞ്ഞാൽ അവർക്ക് ഒരു വില അവരുടെ വീട്ടിലുമുണ്ടാകും. കാരണം, എന്റെ അപ്പൂപ്പൻ വിചാരിച്ചുകഴിഞ്ഞാൽ ഡിസ്കൗണ്ടിൽ ഞങ്ങളുടെ വീട്ടിലേയ്ക്ക് സാധനങ്ങളെത്തും വൃദ്ധസദനത്തിൽ കൊണ്ടുപോയി ആക്കുന്നതിന് കുറച്ചെങ്കിലും മാറ്റമുണ്ടാകുമെന്ന് ഞങ്ങൾ വിശ്വസിക്കുകയാണ്. അതിനനുസരിച്ചാണ് ഞങ്ങൾ ചെയ്യുന്നത്. അതുപോലെ ട്രാൻസ് ജെൻഡർ. കഴിഞ്ഞ കാലങ്ങളിൽ മൂന്നാം ലിംഗം എന്നുപറയുന്ന വിഭാഗത്തെക്കുറിച്ച് ഇവിടെ ഒരു ഡിസ്കഷനുമുണ്ടായിട്ടില്ല. ഞങ്ങൾ കേന്ദ്രത്തിൽ പോയപ്പോൾ അവിടെ ഡിസ്കഷൻ വന്നു. ഇതു സംബന്ധിച്ച് സുപ്രീം കോടതിയുടെ വിധിയും വന്നിരിക്കുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ കേരളത്തിൽ ട്രാൻസ് ജെൻഡറുണ്ടോ എന്ന ചോദ്യത്തിന് ഇല്ല എന്നാണ് മറുപടി നൽകിയിട്ടുള്ളത്. പക്ഷേ ഇപ്പോൾ

ഞങ്ങൾ അതിനുവേണ്ടിയും സെൻസസുണ്ടാക്കി. കേരളത്തിൽ നാലായിരത്തോളം ട്രാൻസ് ജെൻഡറുകളുണ്ടെന്ന് കണ്ടെത്തിയിരിക്കുന്നു.

ശ്രീ. ഹൈബി ഈഡൻ: സർ, മറ്റു സംസ്ഥാനങ്ങളിൽ അവർക്ക് പ്രത്യേകമായി ഒരു ഐഡന്റിറ്റി കാർഡ് നൽകുന്നുണ്ട്. കേരളത്തിൽ നിലവിൽ അങ്ങനെയൊരു സംവിധാനമില്ല. ട്രാൻസ് ജെൻഡറെ സംബന്ധിച്ച് പല സ്ഥലങ്ങളിൽ പോകുമ്പോൾ മെയിൽ അല്ലെങ്കിൽ ഫീമെയിൽ എന്ന് മാർക്ക് ചെയ്യാനാണ് പറയുന്നത്. പലപ്പോഴും മറ്റൊന്നും മാർക്ക് ചെയ്യാനില്ലാത്തതുകൊണ്ട് അവർ അനുഭവിക്കുന്ന വലിയ പ്രയാസം പരിഹരിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ;

ഡോ. എം. കെ. മുനീർ: സർ, ഇനി മുതൽ മെയിൽ, ഫീമെയിൽ എന്നിവയ്ക്കു പുറമെ ട്രാൻസ് ജെൻഡറിനുവേണ്ടി എം.എക്സ് എന്ന ഓപ്ഷനുണ്ടാകും. ട്രാൻസ് ജൻഡറിന്റെ അവസ്ഥയെന്തെന്നു വച്ചാൽ, 24 ശതമാനമാണ് പത്താം ക്ലാസ് വരെ വിദ്യാഭ്യാസമുള്ളത്, 19 ശതമാനം പ്ലസ് ടുവും 10 ശതമാനം ഡിഗ്രിയും 2 ശതമാനം പി.ജി.യും 7 ശതമാനം നിരക്ഷരുമാണ്. ഇവർക്ക് ഒരിക്കലും സ്കൂളുകളിൽ പോകാൻ കഴിയുന്നില്ല. കാരണം വയലൻസും ഹരാസ്മെന്റും കാരണം സ്കൂൾ പഠനം നിർത്തുന്നു. 51 ശതമാനം ആളുകൾ വീട്ടിൽതന്നെ അവരുടെ sexuality

വെളിപ്പെടുത്തുന്നില്ല. ഇങ്ങനെയുള്ള വലിയ സങ്കീർണ്ണ പ്രശ്നം, ഇത് വളരെ ഗൗരവമായി എടുക്കണമെന്ന് സുപ്രീം കോടതി ആവശ്യപ്പെട്ടിരിക്കുന്നു. അതുകൊണ്ട് ഒരു ട്രാൻസ് ജെൻഡർ പോളിസി ഒരുമാസം കൊണ്ടിറക്കും. മാത്രമല്ല, ഇതിന്റെ ഭാഗമായി ഒരു ട്രാൻസ് ജെൻഡർ ബോർഡ് കേരളത്തിൽ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള നടപടി എടുക്കുമെന്ന് അറിയിക്കാൻ കൂടി ഈ സമയം വിനിയോഗിക്കുകയാണ്.

ശ്രീ. വി. റ്റി. ബൽറാം: സർ, വളരെ നല്ല പ്രഖ്യാപനമാണ് താങ്കൾ നടത്തിയത്. ഇപ്പോൾ രാജ്യസഭയിൽ ട്രാൻസ്ജെൻഡേഴ്സിനെ അവരുടെ റൈറ്റ്സ് പ്രൊട്ടക്ട് ചെയ്യുന്നതിനുവേണ്ടി ഒരു ബിൽ അവതരിപ്പിച്ചു. അത് ഈ മൺസൂൺ സെഷനിൽ ലോകസഭയിലും വരാനിരിക്കുകയാണ്. അതിന്റെ ചുവടുപിടിച്ച് ഇവർ നേരിടുന്ന വലിയ മനുഷ്യാവകാശ ലംഘനങ്ങളും ഇവിടെ സൂചിപ്പിച്ചതുപോലെ മറ്റ് പ്രശ്നങ്ങളുമുണ്ട്. ഇവരെ പൂർണ്ണമായും ഉൾക്കൊള്ളുന്ന തരത്തിൽ അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്ന തരത്തിൽ ഒരു നിയമനിർമ്മാണം കേരളത്തിൽ കൊണ്ടുവരികയാണെങ്കിൽ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് അതൊരു വലിയ മാതൃകയായിരിക്കും. അതിന് ഗവൺമെന്റ് മുൻകൈ എടുക്കുമോ?

ഡോ. എം. കെ. മുനീർ: സർ, ആദ്യമായി പോളിസി വരുന്നു. ഈ

പോളിസിയുടെ ഒരു പ്രധാനമായ ലക്ഷ്യം നിയമനിർമ്മാണമാണ്. നിയമനിർമ്മാണത്തോടൊപ്പം ഇവർക്കുവേണ്ടിയുള്ള...... ഒരു ബോർഡ് സ്ഥാപിക്കുന്ന എന്നുപറഞ്ഞാൽ അത് നിയമനിർമ്മാണത്തിലൂടെ മാത്രമെ സാധിക്കുകയുള്ളൂ. അതിവിടെ സ്ഥാപിക്കുന്നതിനുള്ള നടപടികൾ എടുക്കുകയാണ്.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, കേരളത്തിൽ, ഇവരുടെ ആദ്യത്തെ ഒരു കോൺഫറൻസ് പാലക്കാട് വച്ച് നടക്കുകയുണ്ടായി. ഞാൻ അതിൽ പങ്കെടുത്തിരുന്നു. അവർ പറഞ്ഞ ഒരു പ്രധാനപ്പെട്ട കാര്യം lively hood ആണ് അവരുടെ ഏറ്റവും പ്രധാനപ്പെട്ട വിഷയം എന്നാണ്. അവർക്ക് begging അല്ലാതെ വെറൊരു തരത്തിൽ earn ചെയ്യാൻ വലിയ പ്രയാസമാണ്. അതിൽനിന്നും മാറി ജീവിക്കണമെന്ന് അവർ ആഗ്രഹിക്കുന്നുണ്ട്. അതിന്റെ ഭാഗമായി അവർ അവിടെ ഒരു കാറ്ററിംഗ് യൂണിറ്റ് തുടങ്ങി. പക്ഷേ ആരും വർക്ക് കൊടുക്കാനൊന്നും തയ്യാറല്ല. അത്തരം കാര്യങ്ങളിൽ ഗവൺമെന്റ് എങ്ങനെ അവരെ പ്രൊമോട്ട് ചെയ്യും.

<u>ഡോ. എം. കെ. മുനീർ</u>: സർ, ഇവർക്കെതിരെയുള്ള സ്റ്റിഗ്മ പൂർണ്ണമായും മാറ്റുന്നതിനുവേണ്ടിയാണ് ഞങ്ങളുടെ നടപടി. ഉത്തരേന്ത്യയിലുള്ള ട്രാൻസ്ജെൻഡറിന് അവർ ചില റെസ്പെക്ട് കൊടുക്കുന്നുണ്ട്. ഉദാഹരണത്തിന് ഒരു വീട്ടിൽ കുട്ടി ജനിച്ചാൽ പേരിടുന്നതിനുവേണ്ടി ഇവരെ ഭാഗ്യ ലക്ഷണമായി

കാണുന്നു. കല്യാണത്തിന് ഇവർ വരികയാണെങ്കിൽ ഭാഗ്യലക്ഷണമായി കാണുന്നു. പക്ഷേ അത് ദക്ഷിണേന്ത്യയിൽ ഇല്ല. ഇവിടെ അതുകൊണ്ട് അവർ ഭിക്ഷ യാചിച്ചാണ് ജീവിക്കുന്നത്. ആ ഭിക്ഷ യാചിച്ചുകൊണ്ട് ജീവിക്കാൻ അവർക്ക് സാധിക്കുന്നില്ല. ഈ സാമൂഹിക പ്രശ്നം വച്ചുകൊണ്ട് ഇവിടത്തെ ട്രാൻസ്ജെൻഡറിന് പ്രത്യേകമായി ജോലി ലഭിക്കുന്നതിനും അവർക്ക് ജനങ്ങളുടെ ഇടയിൽ harassment-ഇല്ലാതെ ജീവിക്കുന്നതിനുവേണ്ടിയുള്ള നിലപാടുകൾ എടുക്കുന്നതിനും വേണ്ടിയാണ് ട്രാൻസ്ജെൻഡർ പോളിസി കൊണ്ടുവരുന്നത്.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, അഗതി മന്ദിരങ്ങളിലെ അന്തേവാസികൾക്ക് ഇപ്പോൾ ഗ്രാന്റ് വർദ്ധിപ്പിച്ചിട്ടുണ്ട്. പക്ഷേ വളരെയേറെ പ്രായം ചെന്ന അവിടെയുള്ള ആളുകൾക്ക് രോഗം കാരണം ചികിത്സക്ക് ആവശ്യമായി വരുന്ന തുക വളരെ കൂടുതലാണ്. ഗവൺമെന്റ് ഇക്കാര്യം ആലോചിച്ചുകൊണ്ട് ആവശ്യമുള്ള ആളുകൾക്ക് സൗജന്യമായി മെഡിസിൻ കൊടുക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഡോ. എം. കെ. മുനീർ: സർ, അഗതി മന്ദിരങ്ങളിലുള്ളവർക്ക് കൊടുക്കുന്ന ഗ്രാന്റ് 2000 രൂപയാക്കാൻ വേണ്ടിയുള്ള തീരുമാനം എടുത്തിട്ടുണ്ട്. അതിന് പുറമെ ഹെൽത്ത് മിനിസ്റ്ററുമായി ആലോചിച്ച് അത്തരം സ്ഥലങ്ങളിൽ സൗജന്യമായി മരുന്ന് കിട്ടുന്നതിനുവേണ്ടിയുള്ള നടപടി എടുക്കുന്നതാണെന്ന് അറിയിക്കാൻ

ആഗ്രഹിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, ഈ ഓർഫനേജുകൾക്ക് വലിയൊരു സംഖ്യ കുടിശ്ശികയുണ്ട്. അത് ഉടനെ കൊടുത്തുതീർക്കാൻ കഴിയുമോ?

ഡോ. എം. കെ. മുനീർ: സർ, ഓർഫണേജസിന്റെ മുഴുവൻ കുടിശ്ശിക കൊടുക്കാനുള്ള ഉത്തരവ് ഇറങ്ങിക്കഴിഞ്ഞു. ഓർഫണേജസിലുള്ള കഴിഞ്ഞ വർഷത്തെ മുഴുവൻ ഗ്രാന്റും കൊടുക്കാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. അടുത്ത ഫെബ്രുവരിയോടെ ബാക്കിയുള്ള കുടിശ്ശികയും തീർക്കുന്നതാണ്. അതിന്റെ ഉത്തരവ് എന്റെ കയ്യിൽ കിട്ടിയിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർക്ക് ഉത്തരവിന്റെ കോപ്പി നൽകുന്നതാണ്. അതുപോലതന്നെ പഞ്ചായത്തുമായി ബന്ധപ്പെട്ട് പറയാനുള്ളത്, ഗ്രാമസഭ ശക്തിപ്പെടാത്തത് എന്തുകൊണ്ടാണെന്ന് അവർ ചോദിക്കുന്നുണ്ട്. ഗ്രാമസഭ ശക്തിപ്പെടാത്തത് നമ്മുടെ കാലത്തു തുടങ്ങിയതല്ല. അവരുടെ കാലഘട്ടത്തിലും രജിസ്റ്റർ വീട്ടിൽ കൊണ്ടുപോയി ഒപ്പിട്ടാണ് ഗ്രാമസഭ കൂടുന്നത്. അതു മാറ്റാനാണ് ഗ്രാമയാത്ര നടത്തിയത്. എനിക്ക് എന്തെങ്കിലും ചെയ്യാൻ വേണ്ടിയല്ല, മറിച്ച് പ്രശ്നം എന്താണെന്ന് അറിയാൻ വേണ്ടിയാണ്. അതിന്റെയടിസ്ഥാനത്തിൽ ഒരു നിയമനിർമ്മാണം കൊണ്ടുവരും. ഞങ്ങൾ ഇപ്പോൾ ഗ്രാമ സേവ കേന്ദ്രങ്ങളും അയൽ സഭകളും ഉണ്ടാക്കാൻ തീരുമാനിച്ചിരിക്കുകയാണ്.

ഇതിൽ നിന്നുള്ള പ്രതിനിധികൾ ഗ്രാമ സഭയിലേക്ക് എത്തുന്നതിനുവേണ്ടി സ്റ്റാറ്റ്യൂട്ടറിയായി നിയമം നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിനുമുമ്പ് സ്ത്രീകളുടേത് മാത്രമായ ഗ്രാമസഭ, ഉപഗ്രാമസഭ രീതിയിലുള്ള യോഗം കൂടണം. സ്ത്രീകൾക്കു മാത്രമല്ല, പ്രായമായവർക്ക്, വൈകല്യമുള്ളവർക്ക്, കുട്ടികൾക്ക് ഇതെല്ലാം ചേർന്ന് അവരുടെ കൂടി അഭിപ്രായത്തോടു കൂടിയായിരിക്കണം ഇനി ഗ്രാമസഭ ചേരുന്നത്. ആ നിയമ നിർമ്മാണം അസംബ്ലി കഴിഞ്ഞാൽ ഓർഡിനൻസായി കൊണ്ടുവരാൻ ഞങ്ങൾ ഉദ്ദേശിക്കുന്നു. അത് വന്നുകഴിഞ്ഞാൽ ഗ്രാമസഭയിൽ ആളുണ്ടോ ഇല്ലയോയെന്നുള്ളത് അതിനുശേഷം നമുക്ക് ചർച്ച ചെയ്യാം. ഗ്രാമസഭയിലേയ്ക്ക് ആളെ തിരിച്ചുകൊണ്ടുവന്നിട്ടുള്ള ഖ്യാതി തീർച്ചയായും ശ്രീ. ഉമ്മൻചാണ്ടി സർക്കാരിനുള്ളതായിരിക്കും എന്ന് ധൈര്യത്തിൽ പറയാൻ ഞങ്ങൾക്ക് സാധിക്കും. അതുപോലെതന്നെ ഇവിടെ ജാഗ്രതാ സമിതികൾ കൂടണം. അതിലൂടെ മാത്രമെ സ്ത്രീകൾ ഗാർഹിക പീഡനം അനുഭവിക്കുന്നുണ്ടോയെന്നറിയാൻ സാധിക്കുകയുള്ളൂ. പക്ഷേ ആരും കൂടാറില്ല. ഒരു മെമ്പർക്കും അതിൽ താൽപര്യമില്ല. മെമ്പർമാർ ജാഗ്രതാ സമിതികൾ വിളിച്ചു കൂട്ടുന്നില്ലെങ്കിൽ മെമ്പറുടെ മെമ്പർഷിപ്പ് പോകുന്ന രീതിയിലേക്ക് സ്റ്റാറ്റ്യൂട്ടറി നിയമമാക്കി അതിനെ മാറ്റുന്നതിനുവേണ്ടി ഗവൺമെന്റ് തയ്യാറായിരിക്കുകയാണ്. സ്ത്രീകളോട്, കുട്ടികളോട് ഈ ഗവൺമെന്റിനുള്ള സമീപനം

അത്തരത്തിലുള്ളതാണെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. പ്രിയപ്പെട്ട ശ്രീ. ബെന്നി ബെഹനാൻ ഇവിടെ സൂചിപ്പിച്ചതുപോലെ അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലാണ് രണ്ട് ജെൻഡർ പാർക്കുകൾ ഉണ്ടാക്കുന്നത്. ആദ്യത്തേത് കോഴിക്കോട് തുടങ്ങി, രണ്ടാമത്തേത് കൊച്ചിയിൽ തുടങ്ങുന്നു, മൂന്നാമത്തേത് തിരുവനന്തപുരത്താണ് വരാൻ പോകുന്നത്. അതിൽ കൊച്ചിയിൽ തുടങ്ങുന്നത്, ഒരു ട്രേഡ് സെന്റർ കൂടിയായി വുമൺ ഡവലപ്മെന്റിനുവേണ്ടി വെർട്ടിക്കലായി ഉണ്ടാക്കുന്ന ഒരു ജെൻഡർ പാർക്കായിരിക്കും എന്നു സൂചിപ്പിക്കാൻ കൂടി ഈ അവസരം ഉപയോഗപ്പെടുത്തുകയാണ്. ശ്രീ. ജയരാജൻ ഇവിടെ സൂചിപ്പിച്ചിട്ടുള്ള സോഷ്യോ സൈക്കോളജിക്കൽ കൗൺസിലേഴ്സിന്റെ വിഷയം, ഞങ്ങൾ വന്നശേഷമാണ് അത് 12500 രൂപയാക്കിയത്. അത് ഇനിയും വർദ്ധിപ്പിക്കുന്നതിനുവേണ്ടിയിട്ടുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. അവരുടെ ജോലി സ്ഥിരപ്പെടുത്തുന്നതിവേണ്ടിയിട്ടുള്ള നടപടികൾ, മറ്റ് പേയ്മെന്റുമായി ബന്ധപ്പെട്ട വിഷയങ്ങൾ അതൊക്കെ പോസിറ്റീവായി ഈ ഗവൺമെന്റ് വീണ്ടും പരിഗണിക്കും. കാരണം ഐ.സി.പി.എസ്. വന്നതോടുകൂടി ഒരു അസന്തുലിതാവസ്ഥയുണ്ടായിട്ടുണ്ട്. ആ കൗൺസിലേഴ്സ് അനിവാര്യമാണെന്നുള്ളതുകൊണ്ട് ആ രീതിയിൽ കൊണ്ടുപോകുന്നതിന് ഞങ്ങൾ ശ്രമിക്കും. പഞ്ചായത്തുകളിൽ crematorium,

slaughter houses എന്നിവ ഇല്ലായിരുന്നു. പ്രിൻസിപ്പൽ സെക്രട്ടറിയടക്കമുള്ളവരെ നിരന്തരം കോടതിയിൽ വിളിച്ച് ശാസിച്ചുകൊണ്ടിരുന്നതാണ്. ഇപ്പോൾ പത്ത് slaughter houses-കൾ തുടങ്ങാൻ തീരുമാനിച്ചിരിക്കുന്നു. അതിൽ മൂന്നെണ്ണത്തിന്റെ പണി പൂർത്തീകരിച്ചുകഴിഞ്ഞു. ഏകദേശം പത്ത് crematorium പൂർത്തീകരിച്ചിരിക്കുന്നു. അതിനുവേണ്ടി രണ്ട് ഹെഡ്ഡിലും പത്തുകോടി രൂപവീതം അനുവദിച്ചിട്ടുണ്ട്. അതിന് എത്ര പണം ആവശ്യമുണ്ടെങ്കിലും അത് കൊടുക്കാൻ ഗവൺമെന്റ് തയ്യാറാണ്. ഇവിടെയിരുന്ന കുറെയാളുകൾ അതൊക്കെ വാങ്ങിക്കൊണ്ടുപോയിട്ട് അതിനെപ്പറ്റി ഒരു വാക്കുപോലും പറയാതെ അവർ ഇറങ്ങിപ്പോയത് അങ്ങേയറ്റം ദുഃഖകരമായിപ്പോയി. ഏതായാലും അതിന്റെ ഉദ്ഘാടനത്തിന് അവിടെവച്ച് കാണാമെന്നുമാത്രമാണ് എനിക്ക് പറയാനുള്ളത്. അവിടെ വച്ച് നമ്മളെപ്പറ്റി നല്ലതായിട്ട് പറയാറുണ്ട്. ഇവിടെ വന്ന് വിമർശിക്കുന്ന ആളുകൾപോലും ഉദ്ഘാടനത്തിനുള്ള ഡേറ്റിന് വന്നുകൊണ്ടിരിക്കുകയാണ്. ഇത്രയും കാര്യങ്ങൾ ഞങ്ങൾ ചെയ്തിട്ടുണ്ട്. മാത്രമല്ല, പഞ്ചായത്തിൽ ഈ പുതിയ സിസ്റ്റം വന്നതോടുകൂടി, അവരുടെതന്നെ പഞ്ചായത്ത് പ്രസിഡന്റിനോട് പറഞ്ഞാൽ അവർക്ക് അടി കിട്ടും. കാരണം പഞ്ചായത്ത് പ്രസിഡന്റുമാർ പറയുന്നത് ഞങ്ങളുടെ നേതാക്കൾ പലതും പറയും, പക്ഷേ നിങ്ങളിപ്പോൾ ഉണ്ടാക്കിയിട്ടുള്ള ഈ

പുരോഗമനപരമായിട്ടുള്ള നടപടികളിൽ നിന്നും ഒരിഞ്ചുപോലും പിന്നോട്ടു പോകരുതെന്നാണ് പറയുന്നത്. ഞങ്ങൾ പഞ്ചായത്ത് പ്രസിഡന്റുമാരെ ഇവിടെ കൊണ്ടുവന്ന് പറയിപ്പിക്കാം. അവരുടെ അസോസിയേഷനും പഞ്ചായത്ത് പ്രസിഡന്റുമാരും പറയുന്നത് ഈ ടാഗിൽ നിന്നൊക്കെ ഞങ്ങൾ രക്ഷപ്പെട്ടത് വലിയ ഭാഗ്യമാണെന്നാണ്. അതുപോലെ ജൂൺ മാസത്തിലേയ്ക്കുള്ള മുഴുവൻ പ്ലാനും അംഗീകരിച്ചുകഴിഞ്ഞു. മാത്രമല്ല പണം ഇവർക്ക് ലഭിക്കുന്നില്ലെന്നാണല്ലോ പറഞ്ഞത്. ഇപ്പോൾ ഓരോ മൂന്നു മാസം കൂടുമ്പോഴും പണം കൊടുക്കാൻ ധനകാര്യവകുപ്പ് തീരുമാനിച്ചു. മാർച്ച് മാസത്തിലുള്ളത് കൊടുത്തുകഴിഞ്ഞു. ജൂലൈ മാസത്തിലുള്ളത് ഇനി കൊടുക്കും. നവംബർ മാസത്തോടുകൂടി മുഴുവൻ തുകയും കൊടുക്കുകയാണ്. പണ്ട് മാർച്ച് മാസത്തിൽ ട്രഷറിയുടെ മുമ്പിൽ തിക്കുംതിരക്കും കൂട്ടി നിന്നിരുന്ന പഞ്ചായത്ത് പ്രസിഡന്റുമാർ നവംബർ മാസത്തിൽത്തന്നെ എല്ലാ തുകയും എടുത്ത് വിനിയോഗിക്കാൻ കഴിയുന്ന ഒരവസ്ഥയുണ്ടാക്കിയിട്ട് ഇതെന്താണെന്ന് ചോദിക്കുന്ന ഡോ. ടി. എം. തോമസ് ഐസകിനോട് എന്ത് മറുപടി പറയാനാണ്. നിങ്ങളുടെ കാലഘട്ടത്തിൽ ചെയ്യാൻ കഴിയാത്തത് ഞങ്ങൾ ചെയ്യുന്നതിന് ഞങ്ങളോട് ദേഷ്യം പിടിച്ചിട്ട് കാര്യമുണ്ടോ? അതുപോലെ ഫിനാൻസ് കമ്മീഷന്റെ പൈസ സെൻട്രൽ ഗവൺമെന്റിൽ നിന്നും വരാനിരിക്കുന്നു.

Carryover ചെയ്ത പൈസ വന്നിരിക്കുന്നു. ലോകബാങ്കിൽ നിന്ന് ഞങ്ങൾക്ക് 400 കോടി രൂപ കൂടി ലഭിച്ചിരിക്കുന്നു. കാരണം, ഡോളർ റേറ്റിൽ വ്യത്യാസം വന്നപ്പോൾ അത് ഈ ഗവൺമെന്റിന്റെ ഒരു ഭാഗ്യം കൂടിയാണ്. 400 കോടി രൂപ കൂടി വെറുതെ ലഭിച്ചിരിക്കുകയാണ്. ആ തുക ഉപയോഗിച്ച് ഈ പഞ്ചായത്തുകളെ എങ്ങനെ വികസിപ്പിക്കണമെന്നുള്ളതിനെക്കുറിച്ച് ഞങ്ങൾ ആലോചിച്ച് അതിന്റെ രൂപ രേഖ ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. അങ്ങനെ പണത്തിന്റെ കാര്യത്തിൽ പഞ്ചായത്തുകൾക്ക് പദ്ധതികൾ നടപ്പിലാക്കാൻ കഴിയുന്നില്ലെന്ന് പറയുന്നത് ഒരിക്കലും ശരിയല്ലെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഏതായാലും ദീർഘമായി പറയുന്നില്ല. എന്റെ മുമ്പിലിരിക്കുന്ന ഈ മുഴുവൻ കടലാസ്സുകളിൽ നിന്നും പറയാനുള്ളതാണ്. വേണമെങ്കിൽ ഒക്കെ മേശപ്പുറത്തു വയ്ക്കാം.

ശ്രീ. സി. പി. മുഹമ്മദ്: സർ, പഞ്ചായത്തിലായാലും മുനിസിപ്പാലിറ്റിയിലായാലും ജില്ലാ പഞ്ചായത്തിലായാലും പട്ടികജാതി വിഭാഗത്തിന് അനുവദിക്കുന്ന ഫണ്ട് ലാപ്സായിക്കൊണ്ടിരിക്കുകയാണെന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ?

ഡോ. എം. കെ. മുനീർ: സർ, പട്ടികജാതി -പട്ടികവർഗ്ഗ വിഭാഗത്തിന് ഇപ്പോൾ അനുവദിച്ചിട്ടുള്ള ഫണ്ട് ലാപ്സാകേണ്ട ആവശ്യമില്ല. പണ്ട് ഏത് റോഡു

കെട്ടുന്നതിനും ഈ പണം ഉപയോഗിക്കാമായിരുന്നു. ഇപ്പോൾ കോളനിക്കകത്തുള്ള റോഡുമാത്രം ചെയ്താൽ മതി. ബാക്കി പൈസ individual-ന് കൊടുക്കാം. പട്ടികജാതി-പട്ടികവർഗ്ഗത്തിലെ ഓരോ വ്യക്തികൾക്കും വീട്ടിനകത്തിരുന്ന് അവരുടെ പഠനത്തിനുവേണ്ടിയോ അവർക്ക് വിദേശ രാജ്യത്ത് പോകണമെങ്കിൽ അവരുടെ ഫ്ലൈറ്റ് ടിക്കറ്റിനോ ഉപയോഗിക്കാം. പക്ഷേ ചില പഞ്ചായത്തുകൾ അതിനനുസരിച്ച് പ്രവർത്തിക്കാത്തതിന് ഗവൺമെന്റിന് ഒന്നും ചെയ്യാൻ കഴിയില്ല. കുറച്ചുകൂടി അവബോധത്തോടെ ചെയ്താൽ പട്ടികജാതി-പട്ടികവർഗ്ഗത്തിന്റെ ഇഷ്യൂസ് പൂർണ്ണമായും പരിഹരിക്കാൻ സാധിക്കും. ഈ പണം വിനിയോഗിക്കാൻ നിങ്ങൾക്ക് എന്തെല്ലാം മാർഗ്ഗങ്ങൾ വേണമോ അത് മുഴുവനും ചെയ്യാൻ ഞങ്ങൾ തയ്യാറാണ്. ഇനി പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് വിദേശരാജ്യങ്ങളിൽ ജോലികിട്ടുന്നതിന് അവർ കഴിയുന്നത്ര സ്കിൽ ഡെവലപ് ചെയ്ത് പോകണം. എന്നിട്ട് അവരുടെ സാമ്പത്തികമായിട്ടുള്ള സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടണം. എന്നാൽ മാത്രമേ അസന്തുലിതാവസ്ഥ മാറ്റാൻ സാധിക്കുകയുള്ളൂ. അതിനുവേണ്ടി അവർക്ക് പഠിക്കാനുള്ള എല്ലാ സൗകര്യങ്ങളും വിദേശത്ത് പോകാനുള്ള സൗകര്യങ്ങളും ചെയ്തുകൊടുക്കാം. അതുപോലെ ഒഡെപെക് തുടങ്ങിയ സ്ഥാപനങ്ങളിൽ എസ്.സി./എസ്.ടി. വിഭാഗക്കാർക്ക് വിദേശത്ത് പോയി

പഠിക്കുന്നതിനുള്ള അല്ലെങ്കിൽ ജോലി ചെയ്യുന്നതിനുള്ള ചില തീരുമാനങ്ങൾ എടുക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകാൻ പഞ്ചായത്ത് വകുപ്പ് തയ്യാറാണ്. ഇത്രയും കാര്യങ്ങൾ സൂചിപ്പിച്ചുകൊണ്ട് ഇവിടെ വന്നിട്ടുള്ള എല്ലാത്തിനും മറുപടി പറയാനുള്ള സമയമില്ലാത്തതുകൊണ്ട് മറ്റേതെങ്കിലും ഘട്ടങ്ങളിൽ ഇത് വിവിധ അവസരങ്ങളിൽ ഇവിടെ അവതരിപ്പിക്കാമെന്നുമാത്രം പറഞ്ഞുകൊണ്ട് ഈ ഗവൺമെന്റിന്റെ സദുദ്ദേശത്തെ മാനിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2015-2016 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ......................

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2015-2016 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ........................

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2015-2016 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........................

പ്രതികൂലിക്കുന്നവർ..........................

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2015-2016 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ബാങ്ക്വറ്റ് ഹാളിലുള്ള പരിപാടിയെക്കുറിച്ച് ഒന്നുകൂടി ഓർമ്മപ്പെടുത്തുന്നു.

ഓർഡർ.......... ഓർഡർ....... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30- ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2015 ജൂലൈ മാസം 21-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 04.13 -ന് പിരിഞ്ഞു.)

**********